

Love, Unity, Fraternity

KIZHAKKEKARA

KUDUMBA YOGAM

Estd. 1911

Name of the Book

Kizhakkekara Kudumbacharithram
(History of Kizhakkekara Family)

Written
Malayalam K.T. Thomas, Mob: 9447139489
English K.C. Mani, Mob: 09542029226

Editorial Board
Chief Editor: K.T. Thomas
Sub Editors
Johney George
Dr. Jose Francis
K.V. Mammen
K.C. Mani

Published on: 08.10.2011

Published by:
The President & Secretary
Kizhakkekara Kudumbayogam
Kizhathadiyoor P. O.
Pala

D.T.P. & Lay Out & Printing
Printech Multi Color Press,
Thodupuzha
Ph: 227191

President : Prof. Jose Joseph
Secretary: K.T. Thomas

For Private Circulation only

Website : www.kizhakkekarakudumbayogam.com

സമർപ്പണം

രക്തം വിയർഷാക്കി രാപകലെന്യേ അദ്ധ്വാനിച്ച്,
നന്മയുടെ വിത്തുകൾ വിതച്ചുകൊയ്ത്,
കുടുംബത്തെ ശാഖോപശാഖകളാക്കി വളർത്തി
വാഗ്ദാനദേശത്തേയ്ക്ക് പോയ പൂർവ്വീകർക്ക്
ഈ കുടുംബചരിത്രം സമർഷിക്കുന്നു.



താളുകൾ മറിക്കുമ്പോൾ....

1	കിഴക്കേക്കര കുടുംബ പരിപാലനയോഗം	1
2	കിഴക്കേക്കര കുടുംബയോഗ നിബന്ധനകൾ	5
3	കിഴക്കേക്കര കുടുംബ പരിപാലന ഉടമ്പടി	9
4	*Kizhakkekaras of Palai (Kerala)*	14
5	കിഴക്കേക്കര കുടുംബചരിത്രം	40
6	**കിഴക്കേക്കര കുടുംബം**	51
7	തട്ടാൻപറമ്പിൽ ശാഖ	53
8	ഈന്തുങ്കൽ പകുതി ശാഖ	65
9	കിഴക്കേക്കര കൈതോലിൽ ശാഖ	91
10	**പുത്തൻപുരക്കൽ തറവാട്**	150
11	**പീടികയിൽ കുടുംബം**	185
12	പീടിക കൈതവയലിൽ	207
13	**ആലക്കൽ കുടുംബം**	243
14	കിഴക്കേ ആലക്കൽ വാകയാനിയിൽ ശാഖ	247
15	വാകാനിയിൽ കൂമ്പുക്കൽശാഖ	251
16	പടിഞ്ഞാറെ ആലക്കൽ വാകാനിയിൽ ശാഖ	263
17	വാകാനിയിൽ നെല്ലിമല ശാഖ	271
18	വാകാനിയിൽ കൊച്ചുമറ്റത്തിൽ ശാഖ	275
19	ആലക്കൽ ശാഖ	293
20	**കിഴക്കേക്കര കരോട്ടേവീട്ടിൽ കുടുംബം** ഇളംതോട്ടത്തിൽ വർക്കി	315
21	പുലിമലക്കുന്നേൽ താഴെ തൊമ്മൻ വൈദ്യൻ	327
22	കരോട്ടേവീട്ടിൽ ശാഖ	349
23	താഴത്തേവീട്ടിൽ ശാഖ	355
24	അഡ്രസ്സ്	398



കുടുംബപ്രാർത്ഥന

കുടുംബത്തേയും കുടുംബജീവിതത്തേയും സ്ഥാപിച്ചനുഗ്രഹിച്ച പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, അങ്ങേ തിരുമുമ്പിൽ ഒരുമിച്ചുകൂടിയിരിക്കുന്ന ഞങ്ങൾ അങ്ങയെ സ്തുതിക്കുകയും നന്ദിപറയുകയും ചെയ്യുന്നു. പൂർണ്ണമനസ്സോടുകൂടി തിരുമുമ്പിൽ നിൽക്കുന്ന ഈ കുടുംബത്തെ തൃക്കൺ പാർക്കണമേ. നസ്രായനായ ഞങ്ങളുടെ നായകാ, ദാവീദിന്റെ പുത്രാ, ഈ കുടുംബത്തേയും ഞങ്ങളെ ഓരോരുത്തരേയും ഞങ്ങൾ അങ്ങേയ്ക്കു സമർപ്പിക്കുന്നു. നസ്രത്തിലെ കൊച്ചു കുടുംബത്തിന്റെ ചൈതന്യം ഞങ്ങളുടെ ഈ കുടുംബത്തിലും നിറയ്ക്കണമേ.

ദയാപരനായ കർത്താവേ, പരസ്പരവിശ്വാസത്തോടും വിട്ടുവീഴ്ചാമനോഭാവത്തോടുംകൂടെ പ്രാർത്ഥനാരൂപിയിൽ ജീവിതം നയിക്കുവാൻ എന്നും ഞങ്ങൾകിടയാക്കണമേ. ഞങ്ങളുടെ വിചാരങ്ങളും വാക്കുകളും പ്രവൃത്തികളും അങ്ങുതന്നെ നിയന്ത്രിക്കണമേ. ഭിന്നതകളും കലഹങ്ങളും ഞങ്ങൾക്കിടയിൽ കടന്നുവരാതിരിക്കട്ടെ. ഇല്ലായ്മയിലും വല്ലായ്മയിലും നിരാശയിലും, സമ്പത്തിലും സമൃദ്ധിയിലും അഹന്ത കടന്നുകയറി ഞങ്ങളുടെ ഹൃദയങ്ങളിലെ സ്നേഹത്തിന്റെ ജ്വാല കെട്ടുപോകാതിരിക്കുവാൻ അങ്ങയുടെ അരൂപിയുടെ പ്രവാഹം എപ്പോഴും ഞങ്ങളിലുണ്ടാകണമേ.

ഞങ്ങളുടെ അനുദിനകുരിശുകളെ പ്രത്യാശയോടെ വഹിച്ചുകൊണ്ട് അങ്ങയെ അനുഗമിക്കുവാൻ കൃപതരേണമേ. ഞങ്ങളുടെ ഈ കുടുംബത്തെ ശാന്തിയുടെയും സമാധാനത്തിന്റെയും വിളനിലമാക്കണമേ.

കാരുണ്യവാനും സ്നേഹനിധിയുമായ കർത്താവേ, ദൗർഭാഗ്യങ്ങൾ ഞങ്ങളിൽ നിന്നകറ്റിക്കളയണമേ, ക്ലേശങ്ങളിൽ ഞങ്ങളെ താങ്ങേണമേ, പാപപരീക്ഷകളിൽ ഞങ്ങൾക്കു കരുത്തേകണമേ, ദുരദുഃഖങ്ങളിൽ ഞങ്ങളെ ആശ്വസിപ്പിക്കേണമേ.

ഈ കുടുംബത്തിലുള്ള ഞങ്ങൾ ഓരോരുത്തരേയും, വിശിഷ്യാ ഇപ്പോൾ ഞങ്ങളോടൊപ്പമില്ലാത്ത കുടുംബാംഗങ്ങളേയും സമൃദ്ധമായി അനുഗ്രഹിക്കണമേ. ഞങ്ങളിൽനിന്നും വേർപിരിഞ്ഞുപോയ ഞങ്ങളുടെ പ്രിയപ്പെട്ടവരെ നിത്യസൗഭാഗ്യത്തിനർഹരാക്കണമേ. ഞങ്ങളും ഞങ്ങളുടെ മാതാപിതാക്കളും, സഹോദരങ്ങളും, പൂർവ്വികരുംവഴി വന്നുപോയിട്ടുള്ള എല്ലാ അപരാധങ്ങളും കാരുണ്യപൂർവ്വം ക്ഷമിക്കേണമേ.

അങ്ങു ഞങ്ങൾക്കു തന്നിരിക്കുന്നവയൊക്കെയും, സമ്പത്തും ആരോഗ്യവും കഴിവുകളും മറ്റുള്ളവരുമായി പങ്കുവച്ച് അങ്ങയുടെ സാക്ഷികളായി ഉത്തമക്രൈസ്തവ കുടുംബജീവിതം നയിക്കുവാൻ അങ്ങയുടെ പരിശുദ്ധ റൂഹാ എപ്പോഴും ഞങ്ങളിൽ വസിക്കട്ടെ.

ഞങ്ങളുടെ പാപങ്ങൾക്കുവേണ്ടി രക്തം വിയർത്ത്, പീഡനങ്ങളേറ്റ് രക്തമൊഴുക്കി, നിന്ദിക്കപ്പെട്ട് മുൾമുടി ഏറ്റുവാങ്ങി, കുരിശുവഹിച്ചു കാൽവരി കയറി, നഗ്നനാക്കപ്പെട്ട് കുരിശിൽ തറയ്ക്കപ്പെട്ട്, സ്വയം ബലിയർപ്പിച്ച ഈശോനാഥാ, അങ്ങേയ്ക്കു ജന്മം തരുവാൻ പിതാവു തിരഞ്ഞെടുത്ത അങ്ങയുടെ പരിശുദ്ധ അമ്മയുടെ കരങ്ങളിലൂടെ ഞങ്ങൾ സമർപ്പിക്കുന്ന ഈ പ്രാർത്ഥന – കരുണാപൂർവ്വം സ്വീകരിക്കണമേ. ആമ്മേൻ






St. Alphonsa

THE SYRO-MALABAR MAJOR ARCHIEPISCOPAL CHURCH
ERNAKULAM - ANGAMALY

George Alenchery
Major Archbishop



Pro. No. 1183/2011

28 September 2011

സന്ദേശം

പാലാ കിഴക്കേക്കര കുടുംബയോഗം ഈ വർഷം ശതാബ്ദി ആഘോഷിക്കുന്നു എന്നറിയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഒരു നൂറ്റാണ്ട് മുൻപ് തന്നെ കുടുംബയോഗത്തിന്റെ ആവശ്യകതയും പ്രസക്തിയും മനസ്സിലാക്കി അതിന് നേതൃത്വം കൊടുത്തവരെ ഈ അവസരത്തിൽ നന്ദിയോടെ ഓർമ്മിക്കാം. അവർ തുടക്കമിട്ട പ്രവർത്തനങ്ങളാണ് ഇന്ന് പാലാ കിഴക്കേക്കര കുടുംബയോഗത്തിന് വളരെ അപൂർവ്വമായ ശതാബ്ദി ആഘോഷത്തിന് അവസരമൊരുക്കിയിരിക്കുന്നത്. കിഴക്കേക്കര കുടുംബങ്ങൾ നയിച്ച വിശ്വാസ ജീവിതത്തിന്റെ പ്രതിഫലനമായി ഇവയിൽ നിന്നും ധാരാളമായി ഉണ്ടായിട്ടുള്ള വൈദികരേയും, സന്യസ്തരേയും ആത്മായ പ്രമുഖരേയും കണക്കാക്കാവുന്നതാണ്. തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ട കുടുംബ മൂല്യങ്ങളെ നിലനിർത്താനും, കുടുംബങ്ങൾ തമ്മിലുള്ള ബന്ധങ്ങളെ വളർത്താനും ഈ ശതാബ്ദി ആഘോഷവും അതിനോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന കുടുംബ ചരിത്രവും ഇടവരുത്തട്ടെയെന്ന് ആശംസിക്കുന്നു. ദൈവം നിങ്ങളുടെ ഉദ്യമങ്ങളെ ആശിർവദിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

+ Geo Alencherry

+ ജോർജ് ആലഞ്ചേരി
സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ്

Mar Joseph Kallarangatt
Bishop of Palai



Bishop's House
P.B.No. 18, Palai - 686 575
Kerala, India
Phone: 04822 212216, 212217, 214338
Fax: 04822 211379
Email: aramanapala@sancharnet.in

ആശംസ!

സ്നേഹത്തിൽ വേരുറപ്പിക്കപ്പെട്ട നന്മകളുടെ വിളനിലമാണ് കുടുംബം. അപ്പനും അമ്മയും മക്കളുമെല്ലാം ഒന്നിച്ചു പ്രാർത്ഥിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന കുടുംബങ്ങളിലാണ് നല്ല വ്യക്തികൾ രൂപപ്പെടുന്നത്. അവരാണ് നല്ല സമൂഹത്തിന് അടിത്തറ പാകുന്നത്. ഇങ്ങനെയുള്ള കുടുംബങ്ങൾ ധാരാളം നല്ല ഫലങ്ങൾ പുറപ്പെടുവിക്കും. അവ മൂല്യങ്ങളുടെ കലവറയാണ്, സഭയ്ക്കും സമൂഹത്തിനും മുതൽക്കൂട്ടാണ്.

കിഴക്കേക്കര കുടുംബം തങ്ങളുടെ കുടുംബയോഗത്തിന്റെ 100-ാം വാർഷികം നടത്തുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. കുടുംബയോഗചരിത്രത്തിലെതന്നെ നിർണ്ണായക പ്രാധാന്യമുള്ള ഒരു സംഭവമായി നിങ്ങളുടെ കുടുംബയോഗം മാറിക്കഴിഞ്ഞിരിക്കുന്നു. ഒരു നൂറ്റാണ്ടിന്റെ കുടുംബയോഗപൈതൃകം വളരെ വിലപ്പെട്ട ഒന്നാണ്. കിഴക്കേക്കര കുടുംബത്തിന് ഏറെ വിഭവശേഷിയുണ്ട്. സംഖ്യാബലം, സാമ്പത്തികഭദ്രത, വൈദികജീവിതത്തിലേക്കും സമർപ്പിതജീവിതത്തിലേക്കുമുള്ള പ്രത്യേക ദൈവവിളി, വൈവാഹികം തുടങ്ങിയവ ഇതിൽപ്പെടുന്നു. അധ്യാപകരും മൂല്യാധിഷ്ഠിത ചിന്തകരും സർവ്വോപരി കൃഷിയേയും ഭൂമിയേയും സ്നേഹിക്കുന്ന കർഷകരും ഏറെയുള്ള ഒരു വലിയ കൂട്ടുകുടുംബമാണിത്. ദൈവവിചാരവും ദരിദ്രരോടുള്ള പരിഗണനയും ഉള്ള കുടുംബാംഗങ്ങളാണ് നിങ്ങളിൽ പലരും എന്ന് തിരിച്ചറിയാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. കുടുംബത്തിലെ അംഗങ്ങളെല്ലാവരും ഒരുമിച്ചു കൂടി ദൈവം തന്ന അനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞ് ഒരേ ഊട്ടുമേശയിൽ പങ്കുകാരാകുന്നത് തീർച്ചയായും വലിയ അനുഭവമാണ്. ഈ കൂട്ടായ്മ സന്തോഷത്തിന്റെ, പങ്കുവയ്ക്കലിന്റെ, ഓർമ്മ പുതുക്കലിന്റെ നല്ല നിമിഷങ്ങൾ സമ്മാനിക്കട്ടെ. നസ്രസ്സിലെ തിരുക്കുടുംബത്തിന്റെ മാതൃക നിങ്ങൾക്ക് പ്രചോദനമാകട്ടെ. എല്ലാവിധ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം

+ Jos Kallarangatt


മാർ ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതയുടെ മെത്രാൻ

മെത്രാസനമന്ദിരം, പാലാ
08.08.2011

Phone: 04822 - 212386 (Office)
216388 (Vicar)

ST. THOMAS CATHEDRAL

PALAI
PIN - 686 575, KERALA, INDIA



ആശംസ!

പാലായിലെ ആദ്യ ദേവാലയത്തിന്റെ ആരംഭകരായ എറകോന്നി, വയലക്കൊമ്പ്, തറയിൽ, കൂട്ടുങ്കൽ എന്നീ നാലു പ്രധാനകുടുംബങ്ങളിൽ പ്രഥമസ്ഥാനത്തുള്ള കുടുംബമാണല്ലോ എറകോന്നി കുടുംബം. എറ കോന്നി കിഴക്കേക്കര കുടുംബയോഗം ശതാബ്ദി ആഘോഷങ്ങൾ നടത്തു വാൻ തെരഞ്ഞെടുത്ത സ്ഥലം പൂർവ്വികരുടെ ആദ്യ ദേവാലയമായ ഈ കത്തീഡ്രൽ പള്ളിയായത് പിതാക്കന്മാരോട് പിൻതലമുറക്കുള്ള ആദര വിന്റെ അടയാളവും അടിയുറച്ച ക്രിസ്തീയ വിശ്വാസം പിൻതുടർന്നുപോരു ന്നതിന്റെ തെളിവുമായി ഞാൻ കാണുന്നു.

ഈ കുടുംബാംഗങ്ങൾ എല്ലാവരും പ്രാരംഭകാലത്ത് ഈ ഇടവക യിൽ ഉൾപ്പെട്ടവരായിരുന്നല്ലോ. സമൂഹത്തിലെ എല്ലാ മേഖലകളിലും നിറ ഞ്ഞുനിൽക്കുന്ന ഈ കുടുംബാംഗങ്ങൾ പിന്നീട് സൗകര്യപ്രദമായ സ്ഥല ങ്ങളിൽ പുതിയ ദേവാലയങ്ങളും ഇടവകകളും രൂപീകൃതമായപ്പോൾ അതാത് ഇടവകകൾക്കു കീഴിലായത് കാല ഘട്ടത്തിന്റെ ആവശ്യകതയായി രുന്നു.

1088 ചിങ്ങം 1 ന് (1912) ഈ പള്ളി മേടയിൽ വച്ചാണ് കിഴക്കേക്കര കുടുംബ പരിപാലനയോഗം ഉടമ്പടി രജിസ്റ്ററാക്കിയത് എന്ന വിവരം എന്നെ അത്ഭുതപ്പെടുത്തി. ഇടവക ദേവാലയങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ശതാബ്ദി ആഘോഷിക്കുന്നത് സാധാരണമാണ്. കുടുംബയോഗങ്ങൾക്ക് ശതാബ്ദി ആഘോഷിക്കുവാൻ സാധിക്കുന്നത് അപൂർവ്വ സൗഭാഗ്യവും കുടുംബാംഗങ്ങളും ഒരുമയുടെ നിദർശനവുമാണ്. ഈ കത്തീഡ്രൽ പള്ളി ഇടവകയിൽ നടക്കുന്ന ആദ്യ കുടുംബയോഗ ശതാബ്ദി ആഘോഷവു മാണ് ഇത്.


കിഴക്കേക്കര കുടുംബയോഗത്തിന്റെ ശതാബ്ദി ആഘോഷ ങ്ങൾക്കും കുടുംബ ചരിത്ര ഗ്രന്ഥത്തിനും നന്മനിറഞ്ഞവരായ കുടുംബാംഗ ങ്ങൾ ഓരോരുത്തർക്കും ആശംസകൾ നേരുന്നു.

സ്നേഹപൂർവ്വം


Fr. Alex Kozhikottu

റവ. ഫാ. അലക്സ് കോഴിക്കോട്ട്
സെന്റ് തോമ്മസ് കത്തീഡ്രൽ പാലാ

കുടുംബയോഗ സ്ഥാപക പിതാക്കന്മാർ




റവ. ഫാ. ഔസേപ്പ് കത്തനാർ
പീടികയിൽ



ഇട്ടി ഐപ്പ് ഇട്ടി ഐപ്പ്
പീടികയിൽ



ഉണിച്ചെറിയ ഈപ്പൻ
ഈന്തുങ്കൽ പകുതിയിൽ



വർക്കി തൊമ്മൻ
ഇളംതോട്ടത്തിൽ




ഇട്ടി ഐപ്പ് ഈപ്പൻ
കൈതോലിൽ



ഈപ്പൻ തൊമ്മൻ
തട്ടാംപറമ്പിൽ



ഇട്ടി ഐപ്പ് ഇട്ടിച്ചെറിയ
ആലക്കൽ




ചെറിയാൻ ചെറിയാൻ
കൊച്ചുമറ്റത്തിൽ




മത്തായി ഈപ്പൻ
പുത്തൻപുരയ്ക്കൽ

കിഴക്കേക്കര കുടുംബയോഗം രക്ഷാധികാരി



റവ. ഫാ. കെ.ജെ. ജോസഫ് കിഴക്കേക്കര

ബഹു. വൈദികരും സിസ്റ്റേഴ്സും



റവ. ഫാ. ഔസേപ്പ് കത്തനാർ
പീടികയിൽ



റവ. ഡോ. ജോർജ്ജ്
കൈതോലിൽ, ബോംബെ



Late സി. കൊളേറ്റ്
കൈതോലിൽ



Late സി. ഗുജിലിമിന
കൈതോലിൽ



സി. ജയിൻ കാർള
കൈതോലിൽ



സി. മെലാനി ഡി. എം.
പീടികയിൽ



സി. ജോൺ മേരി
പീടികയിൽ




സി. മെർലി
പീടികയിൽ



സി. കബറീന
കൊച്ചുമറ്റത്തിൽ



സി. ജസിലിൻ
കൈതോലിൽ



സി. പ്രീമ
ഇളംത്തോട്ടം

ബഹു. വൈദികരും സിസ്റ്റേഴ്സും



സി. സ്റ്റെല്ല മരിയ
ഇളംതോട്ടം




സി. ട്രീസ
ഇളംതോട്ടം




സി. ടെസ്സി
ഇളംതോട്ടം



സി. ജെസ്സീന
കൈതോലിൽ



സി. റോക്കി മരിയ
കൈതോലിൽ



സി. അന്റോണിറ്റ്
കൈതോലിൽ



സി. ബെന്നറ്റ്
പുത്തൻപുരയ്ക്കൽ




സി. ആൽമ
പുത്തൻപുരയ്ക്കൽ




സി. അന്നറ്റ് എം. എം. എസ്.
പുത്തൻപുരയ്ക്കൽ


സ്ഥാപക പിതാവ്

ആഗസ്തി കൂമ്പുക്കൽ



കിഴക്കേക്കര കുടുംബയോഗ കെട്ടിടം






കമ്മറ്റി അംഗങ്ങൾ



പ്രസിഡന്റ്
പ്രൊഫ. ജോസ് ജോസഫ്



സെക്രട്ടറി
കെ. റ്റി. തോമസ്



ട്രഷറർ
ജോണി ജോർജ്ജ്



ഓർഗനൈസിംഗ് കമ്മറ്റി ചെയർമാൻ
ഡോ. കെ.എം. ഇമ്മാനുവൽ




പ്രോഗ്രാം കമ്മറ്റി കൺവീനർ
സാബു ജോസഫ്



കമ്മറ്റി മെമ്പർ
ഡോ. ജോസ് ഫ്രാൻസീസ്




കമ്മറ്റി മെമ്പർ
സജി കെ. മാത്യൂസ്




കമ്മറ്റി മെമ്പർ
കെ. വി. മാമ്മൻ




കമ്മറ്റി മെമ്പർ
ഇട്ടി ഐപ്പ് ആഗസ്തി



കമ്മറ്റി മെമ്പർ
ഡോ. കെ.എസ്. ജോസ്




കമ്മറ്റി മെമ്പർ
കെ. റ്റി. ജോസഫ്



കമ്മറ്റി മെമ്പർ
ഈപ്പൻ തോമസ്

കമ്മറ്റി അംഗങ്ങൾ




കമ്മറ്റി മെമ്പർ
അഡ്വ. കെ.റ്റി. തോമസ്



കമ്മറ്റി മെമ്പർ
ജോണി തോമസ്



കമ്മറ്റി മെമ്പർ
കെ.വി. ഇമ്മാനുവൽ



കമ്മറ്റി മെമ്പർ
കെ.എം. ജോസഫ്



കമ്മറ്റി മെമ്പർ
പ്രൊഫ. സാബു ഐപ്പ്



കമ്മറ്റി മെമ്പർ
ജോഷി കെ. ജോസ്



കമ്മറ്റി മെമ്പർ
ജെയിംസ് മാത്യു



കമ്മറ്റി മെമ്പർ
ഡോ. ആനി ജോസ്




കമ്മറ്റി മെമ്പർ
സാലമ്മ ജോസഫ്

മൂലഗ്രന്ഥകർത്താവ്




ഇട്ടിഐപ്പ് ഇട്ടിഐപ്പ്
കിഴക്കേക്കരപീടികയിൽ



കെ.ഐ. തൊമ്മൻ
പീടികയിൽ
മുൻ പ്രസിഡന്റ്,
കെട്ടിടനിർമ്മാതാവ്



ഈപ്പൻ മത്തായി
പുത്തൻപുരയ്ക്കൽ
കുടുംബയോഗം സ്ഥലം
ദാനം ചെയ്ത ആൾ




കെ.ഐ. വർക്കി
പീടികയിൽ
എഡിറ്റർ 1970



കെ.റ്റി. തോമസ്
പീടികയിൽ
എഡിറ്റർ 2011

ആമുഖം



ശ്രീ.കെ.റ്റി.തോമസ്
സെക്രട്ടറി
കിഴക്കേക്കര കുടുംബയോഗം, പാല

'സ്മരണ അവശേഷിപ്പിക്കാതെ മറഞ്ഞുപോയവരുണ്ട്,
ജീവിക്കുകയോ ജനിക്കുകപോലുമോ ചെയ്തില്ലെന്ന്
തോന്നുമാറ് അവർ മൺമറഞ്ഞു,
എന്നാൽ അവർ കാരുണ്യമുള്ളവരായിരുന്നു,
അവരുടെ സത്പ്രവർത്തികൾ വിസ്മരിക്കപ്പെട്ടില്ല,
അവരുടെ ഐശ്വര്യം പിൻഗാമികളിലും
അവരുടെ അവകാശം മക്കളുടെ മക്കളിലും നിലനിൽക്കും,
അവരുടെ ഭാവിതലമുറകൾ എന്നേയ്ക്കും നിലനില്ക്കും.'

ഇവ വിശുദ്ധഗ്രന്ഥത്തിലെ പ്രഭാഷകന്റെ വാക്കുകളാണ്. നമ്മുടെ കുടുംബത്തിലും ഈ വാക്കുകൾക്ക് വളരെയധികം പ്രാധാന്യമുണ്ട്.

ആകാശത്തിലെ താരാഗണങ്ങളും ആഴിയിലെ മണൽത്തരികളുംപോലെ എണ്ണിയാൽ തീരാത്തവിധം ദിനരാത്രങ്ങൾ വന്നുപോകുന്നു. ഋതുക്കൾ മാറിവരുന്നതുപോലെ തലമുറകളും മാറുന്നു. സൂര്യചന്ദ്രന്മാർ വലിക്കുന്ന സമയരഥത്തിലെ സഹയാത്രികരായ നാം ഭൂമിയിലെ ഏറ്റവും വിശിഷ്ടമായ കുടുംബം എന്ന സ്നേഹപൊയ്കയിൽ നീരാടുന്ന അരയന്നങ്ങളാണ്.

2011 കിഴക്കേക്കര കുടുംബത്തിന്റെ ചരിത്രത്തിലെ നാഴികകല്ലാണ്. കുടുംബയോഗം അതിന്റെ ശതാബ്ദി ആഘോഷിക്കുന്ന ഈ വേളയിൽ നമ്മുടെ പൂർവ്വ പിതാമഹന്മാരെ ഓരോരുത്തരെയും ഏറ്റവും ആദരപൂർവ്വം കൃതജ്ഞതയോടെയും നിറഞ്ഞ സ്നേഹത്തോടെയും അനുസ്മരിക്കുന്നു.

പണ്ട് തീണ്ടലും തൊടീലും വളരെ ആഴത്തിൽ വേരോടി ജാതി വ്യവസ്ഥ നിലനിന്നിരുന്ന കാലത്ത് പാലാ മേവിട, മീനച്ചിൽ പ്രദേശത്തെ ഇടപ്രഭുക്കൾ കോട്ടയം മണർകാട് കല്ലുക്കടുമ്പ എന്ന കുടുംബത്തിലെ ഒരു അംഗത്തെ വ്യാപാരാവശ്യങ്ങൾക്കായി മേവിടയ്ക്ക് കൊണ്ടുവന്നതായി വാമൊഴിചരിത്രവും ലിഖിതചരിത്രവും പറയുന്നു. 10-ാം നൂറ്റാണ്ടിൽ പാലായിലെത്തിയ കിഴക്കേക്കര കുടുംബത്തിലെ പൂർവ്വ പിതാമഹനായ ഇദ്ദേഹം എറകോന്നി പുരയിടത്തിൽ താമസിച്ചതിനാൽ എറകോന്നി മാപ്പിള എന്നാണ് അറിയപ്പെട്ടത്.

നമ്മുടെ പൂർവ്വികർ ആയിരംവർഷങ്ങൾക്കപ്പുറവും കുലമഹിമയും കുടുംബമഹത്വവും കാത്തുസൂക്ഷിച്ചവരാണ്. പാലായിലെ ആദ്യ ദേവാലയമായ ഇപ്പോഴത്തെ കത്തീഡ്രൽപള്ളിയുടെ സ്ഥാപകരായ നാല് പ്രധാന കുടുംബങ്ങളിൽ പ്രഥമസ്ഥാനം നമ്മുടെ കുടുംബത്തിനായിരുന്നു എന്നത് ഇതിന്റെ തെളിവാണ്. കിഴക്കേക്കര കുടുംബത്തിന്റെ പേരും പ്രശസ്തിയും പ്രധാനമായും വ്യാപിച്ചത് പാലാ കിഴതടിയൂർ താമസിച്ച തൊമ്മപണിക്കർ പിതാമഹനിൽ നിന്നുമാണ്. എറകോന്നി വെട്ടിക്കാട്ട്പുരയിടത്തിൽ താമസിച്ച ഇട്ടിച്ചെറിയയുടെ ഏഴ് മക്കളിൽ ഇളയപുത്രനും കിഴതടിയൂരിലെ പ്രധാന വ്യാപാരിയും മനുഷ്യസ്നേഹിയുമായ തൊമ്മപണിക്കരുടെ ആറ് മക്കളിൽ രണ്ടാമത്തെ പുത്രനായ കൊച്ചിട്ടിഐപ്പിന്റെ പിന്മുറക്കാരാണ് കിഴക്കേക്കര കുടുംബത്തിലെ നാം ഓരോരുത്തരും. കൊച്ചിട്ടിഐപ്പിന്റെ എട്ട് മക്കളിൽ പുത്രന്മാരായ തൊമ്മൻ, കൊച്ചേപ്പ്, ഇട്ടിച്ചെറിയ എന്നിവരാണ് നമ്മുടെ പിതാക്കന്മാർ.

ഭൂമിയിലെ ഏറ്റവും വിശിഷ്ടവും സ്വർഗസമാനവുമായ കുടുംബത്തിന്റെ പ്രാധാന്യം നമ്മുടെ പിതാക്കന്മാർ മനസ്സിലാക്കിയിരുന്നു. കുടുംബാംഗങ്ങൾ ഒരുമിച്ചുനില്ക്കേണ്ടതിന്റെ ആവശ്യകത അറിയാമായിരുന്ന അവർ നൂറുവർഷങ്ങൾക്കപ്പുറം കുടുംബരിപാലനയോഗം ചേർന്ന് ഉടമ്പടി രജിസ്റ്റർ ചെയ്തത് അവരുടെ ഐക്യത്തിന്റെ ദൃഷ്ടാന്തമാണ്. കൂട്ടായ്മയിലും പങ്കുവയ്ക്കലിലും അവർ മറ്റുള്ളവർക്ക് മാതൃകയായിരുന്നു. ആദ്യയോഗത്തിൽ സന്നിഹിതരായിരുന്ന കുടുംബാംഗങ്ങളായ മൂന്ന് വൈദികശ്രേഷ്ഠരെയും 17 കുടുംബങ്ങളിലെ പിതാക്കന്മാരെയും കൃതജ്ഞതാപൂർവ്വം ഇവിടെ സ്മരിക്കുന്നു.

കിഴക്കേക്കരകുടുംബം ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി കുടുംബചരിത്രഗ്രന്ഥം പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം ഏറ്റവും ഉചിതമായി. ഒരുവർഷം നീണ്ടുനിന്ന വിവരശേഖരണത്തിനുശേഷമാണ് ഈ ഗ്രന്ഥം എഴുതി പൂർത്തിയാക്കാൻ സാധിച്ചത്. നമ്മുടെ കുടുംബത്തിന്റെ മൂലഗ്രന്ഥകർത്താവ് ശ്രീ.ഇട്ടിഐപ്പ് ഇട്ടിഐപ്പ് പീടികയിൽ എഴുതിയ ഗ്രന്ഥം ഇല്ലായിരുന്നെങ്കിൽ ആധികാരികമായ ഈ ഗ്രന്ഥം എഴുതുവാൻ നമുക്ക് ഇപ്പോൾ സാധിക്കുകയില്ല. വിജ്ഞാനദാഹിയും ആർജ്ജിച്ച അറിവ് വരുംതലമുറയ്ക്ക് പകർന്നുനല്കാനുള്ള സന്മനസ്സുമുണ്ടായിരുന്ന ആ ധന്യാത്മാവിനെ നന്ദിപൂർവ്വം സ്മരിക്കുന്നു. പ്രസ്തുത ഗ്രന്ഥത്തിന്റെ കൈയ്യെഴുത്തുപ്രതി നല്ല മലയാളത്തിലേക്ക് എഴുതിമാറ്റിയ ശ്രീ.കെ.ഐ.വർക്കി പീടികയിലിനെയും കിഴക്കേക്കര കുടുംബയോഗത്തിന്റെ ജീവാത്മായി പ്രവർത്തിച്ച് നിരവധിപ്രാവശ്യം കുടുംബയോഗത്തിന്റെ പ്രസിഡന്റായിരിക്കുകയും രണ്ട് കുടുംബയോഗകെട്ടിടങ്ങൾ നിർമ്മിക്കുകയുംചെയ്ത യഥാർത്ഥ കുടുംബസ്നേഹി ശ്രീ.കെ.ഐ.തൊമ്മൻ പീടികയിലിനെയും, കുടുംബയോഗകെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം സംഭാവന നല്കിയ ശ്രീ.ഈപ്പൻ മത്തായി പുത്തൻപുരയ്ക്കലിനെയും കൃതജ്ഞതാപൂർപ്പം സ്മരിക്കുന്നു.

ഈ കുടുംബചരിത്രഗ്രന്ഥത്തിന് സ്നേഹപൂർവ്വം സന്ദേശം നല്കിയ സീറോമലബാർസഭ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവിനും കുടുംബാംഗങ്ങളെ വ്യക്തിപരമായി അറിയുകയും വാത്സല്യപൂർവ്വം ആശംസ എഴുതി നല്കുകയും ചെയ്ത പാലാരൂപതാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട് പിതാവിനും നമ്മുടെ പ്രഥമ ദേവാലയമായ പാലാ കത്തീഡ്രൽ പള്ളി വികാരി റവ.ഫാ.അലക്സ് കോഴിക്കോട്ടിലിനും ഹൃദയപൂർവ്വം നന്ദിപറയുന്നു.

ഒരുവർഷം നീണ്ടുനിന്ന ഈ ഗ്രന്ഥത്തിന്റെ രചനാവേളയിൽ എന്നെ സഹായിച്ചവർ നിരവധിയാണ്. ധാരാളം കുടുംബങ്ങളുടെ ചരിത്രങ്ങൾ എഴുതിയിട്ടുള്ള ശ്രീ.സിജോ കലയന്താനി, കുടുംബയോഗം ലോഗോ വരച്ചു നല്കിയ ശ്രീ.സണ്ണി ചിലമ്പികുന്നേൽ, കുടുംബചരിത്രത്തിന്റെ ആദ്യഭാഗം ഇംഗ്ലീഷിൽ തയ്യാറാക്കിയ ശ്രീ.കെ.സി.മാണി ആലയ്ക്കൽ (ഹൈദ്രാബാദ്), സബ് എഡിറ്റേഴ്സായി എന്നെ സഹായിച്ച ശ്രീ.ജോണി ജോർജ്ജ് ഇളംതോട്ടം, ശ്രീ.ഡോ.ജോസ് ഫ്രാൻസീസ് കൈതോലിൽ, ശ്രീ.കെ.വി.മാമ്മൻ ഈന്തുങ്കൽ പകുതിയിൽ, ശ്രീ.ജോണി തോമസ് പീടിക കൈതോലിൽ, ശ്രീ.സാബു ജോസഫ് കൈതോലിൽ (പ്രോഗ്രാം കമ്മറ്റി കൺവീനർ), ഡോ.കെ.എം.എമ്മാനുവൽ (ഓർഗനൈസിംഗ് കമ്മറ്റി കൺവീനർ), ശതാബ്ദി ആഘോഷ കമ്മറ്റി അംഗങ്ങൾ, കുടുംബയോഗകമ്മറ്റി അംഗങ്ങൾ, എനിക്ക് എല്ലാവിധ പിന്തുണയും പ്രോത്സാഹനവും നൽകിയ ബഹു. പ്രസിഡന്റ് പ്രൊഫ. ജോസ് ജോസഫിനും ഈ ഗ്രന്ഥത്തിന്റെ ഡിടിപി, പ്രിന്റിംഗ് ജോലികൾ ഭംഗിയായി നിർവ്വഹിച്ച തൊടുപുഴ പ്രിൻടെക് പ്രസ് ജീവനക്കാർക്കും മാനേജ്മെന്റിനും നന്ദി പറയുന്നു.

വളരെ ശ്രമകരമായ ഈ ഉദ്യമത്തിൽ തെറ്റുകൾ വരാതിരിക്കാൻ കഴിവിന്റെ പരമാവധി ശ്രമിച്ചിട്ടുണ്ട്. പ്രിന്റിംഗിന് പോകുന്നതുവരെയും ശ്രദ്ധയിൽപെട്ട തെറ്റുകൾ തിരുത്തിയിട്ടുണ്ട്. ഇനിയും കണ്ടേക്കാവുന്ന തെറ്റുകൾ സഹോദരമനസ്സാൽ ക്ഷമിക്കണമെന്ന് അപേക്ഷിക്കുന്നു.


ഈ ചരിത്രഗ്രന്ഥം നമുക്ക് പരസ്പരം കൂടുതൽ അറിയുന്നതിനും തലമുറകളെ കൂട്ടിയിണക്കുന്നതിനും സഹായകമാകും എന്ന പ്രത്യാശയോടെ, ഈ സംരംഭത്തിൽ സഹകരിച്ച ഓരോ കുടുംബാംഗത്തിനും ഏറ്റവും സ്നേഹപൂർവ്വം നന്ദിപറയുന്നു.

'കടന്നുപോയ തലമുറകളോട് ആരായുക,
പിതാക്കന്മാരുടെ അനുഭവങ്ങൾ പരിഗണിക്കുക,
ഇന്നലെപ്പിറന്ന നമുക്ക് ഒന്നും അറിഞ്ഞുകൂടാ,
ഭൂമിയിലെ നമ്മുടെ ജീവിതം നിഴൽപോലെ മാഞ്ഞുപോകുന്നു.'
ബൈബിൾ.

സ്നേഹപൂർവ്വം,

കെ.റ്റി. തോമസ്
സെക്രട്ടറി

പൂർവ്വികരുടെ പുണ്യം



പ്രൊഫ. ജോസ് ജോസഫ്
പ്രസിഡന്റ്

വേദപുസ്തകത്തിൽ പഴയനിയമത്തിന്റെ ആരംഭത്തിൽ നമ്മുടെ ആദ്യപിതാവായ ആദം മുതൽ നോഹവരെയുള്ള പിതാക്കന്മാരുടെ വംശാവലി കൊടുത്തിട്ടുണ്ട്. പുതിയനിയമത്തിൽ അബ്രാഹം മുതൽ യേശുവിന്റെ ജനനം വരെയുള്ള കുടുംബചരിത്രവും കൊടുത്തിരിക്കുന്നു. നമ്മുടെ പൂർവ്വികരുടെ കുടുംബമഹിമയും മഹത്വവും നമ്മൾ അറിയണം അവരുടെ ചെയ്തികളെക്കുറിച്ച് വരുംതലമുറ ബോധവാന്മാരാകണം എന്നീ ഉദ്ദേശ്യങ്ങളോടെ നമ്മുടെ പൂർവ്വികർ വംശാവലിയും കുടുംബചരിത്രവും എഴുതിവച്ചിരുന്നു. ഓരോകുടുംബത്തിനും അതിന്റേതായ പ്രത്യേക പാരമ്പര്യവും കുടുംബമഹത്വവും പൈതൃകവും അവകാശമായുണ്ട്. അത് കാത്തുസൂക്ഷിക്കുന്നതിനും നഷ്ടപ്പെടാതെ പിൻതലമുറയ്ക്ക് കൈമാറ്റംചെയ്യാനും നമുക്ക് ബദ്ധ്യതയുണ്ട്.

എറകോന്നി കിഴക്കേക്കര കുടുംബയോഗത്തിന്റെ ശതാബ്ദി ആഘോഷവേളയാണല്ലോ ഇത്. ഈ അവസരത്തിൽ കുടുംബചരിത്രഗ്രന്ഥം പ്രകാശനം ചെയ്യുന്നത് ഏറ്റവും ഉചിതമാണ്. നമ്മൾ എപ്പോഴും പിതാമഹന്മാരെ അനുസ്മരിക്കുന്നവരും അവരുടെ നന്മകളിൽ അഭിമാനം കൊള്ളുന്നവരുമായിരിക്കണം. നമ്മെ മറ്റുള്ളവർ അറിയുന്നതുതന്നെ നമ്മുടെ പിതാക്കന്മാരിലൂടെയാണ്. അങ്ങനെ നോക്കുമ്പോൾ നാം കുടുംബചരിത്രം അറിഞ്ഞിരിക്കേണ്ടതിന്റെ ആവശ്യകത വർദ്ധിക്കുന്നു.

നമ്മുടെ കുടുംബചരിത്രം പരിശോധിക്കുമ്പോൾ നമ്മുടെ പൂർവ്വികർ ഇടപ്പള്ളിയിൽ നിന്നും കോട്ടയത്തിനു കിഴക്ക് മണർകാട് താമസിച്ചെന്നും അതിൽ ഒരു കുടുംബത്തെ മീനച്ചിൽ ഇടപ്രഭു മേവിടയിൽ കൊണ്ടുവന്ന് തന്റെ ഭവനത്തിന്റെ അടുത്ത് എറകോന്നി പുരയിടത്തിൽ

താമസിപ്പിച്ചെന്നും പറയുന്നു. ആയതിനാൽ അവർ എറകോന്നി മാപ്പിളമാർ എന്ന് അറിയപ്പെട്ടതായും കാണുന്നു.

പാലാ വലിയപള്ളി സ്ഥാപിതമായത് 1002-ലാണ്. അന്ന് പള്ളി സ്ഥാപിക്കുന്നതിന് മുൻകൈ എടുത്തത് എറകോന്നി, വയലക്കൊമ്പ്, തറയിൽ, കൂട്ടുങ്കൽ എന്നീ നാല് കുടുംബങ്ങളാണെന്ന് ചരിത്രരേഖയുണ്ട്. അതിൽ പ്രഥമസ്ഥാനം നമ്മുടെ മാതൃകുടുംബമായ എറകോന്നി കുടുംബത്തിനാണ്.

എറകോന്നി മാപ്പിളമാരിൽ ഒരാളായ ഇട്ടിച്ചെറിയ മേവിട വെട്ടിക്കാട്ട് പുരയിടത്തിൽ മാറിത്താമസിച്ചു. ഈ ഇട്ടിച്ചെറിയയുടെ ഏഴാമത്തെപുത്രൻ തൊമ്മപ്പണിക്കർ കിഴതടിയൂർ വന്ന് താമസിച്ച് കച്ചവടം ചെയ്തു. അദ്ദേഹത്തിന്റെ രണ്ടാമത്തെ പുത്രൻ കൊച്ചിട്ടി ഐപ്പിന്റെ സന്തതിപരമ്പരകളാണ് കിഴക്കേക്കര കുടുംബക്കാർ.

ഒരു നൂറ്റാണ്ടുമുമ്പ് കുടുംബകൂട്ടായ്മകളെപ്പറ്റി കേട്ടുകേൾവി പോലുമില്ലായിരുന്ന കാലത്ത് നമ്മുടെ കുടുംബകൂട്ടായ്മ ആരംഭിച്ച പിതാമഹന്മാരുടെ കുടുംബസ്നേഹത്തെയും സന്മനസിനെയും ത്യാഗമനോഭാവത്തെയും എത്ര അഭിനന്ദിച്ചാലും അധികമാവുകയില്ല. ക്രിസ്ത്വാബ്ദം 1911-ൽ കുടുംബകൂട്ടായ്മ ആരംഭിച്ചപ്പോൾ കിഴതടിയൂർ ദേശത്ത് കിഴക്കേക്കര കുടുംബത്തിൽപെട്ട പതിനേഴ് കുടുംബങ്ങളും മൂന്ന് വൈദികരും ഉണ്ടായിരുന്നു. ആദ്യ കുടുംബയോഗ രജിസ്റ്റർ പ്രകാരം, നമ്മുടെ പതിനേഴ് കുടുംബങ്ങളിലെയും കുടുംബനാഥന്മാരും മൂന്ന് വൈദികരും പാലാ പള്ളിമേടയിൽവച്ച് ഏകയോഗമായി കുടുംബപരിപാലനയോഗം എന്ന പേരിൽ ആരംഭിച്ച കൂട്ടായ്മയാണ് കിഴക്കേക്കര കുടുംബയോഗം. കുടുംബയോഗം ആരംഭിക്കുന്നതിന് മുൻകൈ എടുത്ത ആലക്കൽ മത്തായി കത്തനാരെയും കരോട്ടെവീട്ടിൽ ഉലഹന്നൻ കത്തനാരെയും പീടികയിൽ യൗസേഫ് കത്തനാരെയും പതിനേഴ് കുടുംബനാഥന്മാരെയും സ്നേഹാദരപൂർവ്വം സ്മരിക്കുന്നു.

ആദിമസഭയിൽ ഓരോരുത്തരും എല്ലാവർക്കുംവേണ്ടി ജീവിച്ചു. ഒരു ഹൃദയവും ഒരാത്മാവുമായി പ്രവർത്തിച്ച അവരാരും തങ്ങളുടെ സ്വത്ത് സ്വന്തമെന്ന് കരുതിയില്ല. ഈ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് പിതാക്കന്മാർ ആരംഭിച്ച കിഴക്കേക്കര കുടുംബയോഗം കുടുംബാംഗങ്ങൾ തമ്മിലുള്ള പരസ്പരധാരണയും സൗഹാർദ്ദവും വളർത്തുവാൻ ഉപകരിച്ചു. കുടുംബങ്ങളിൽ സാമ്പത്തിക ബുദ്ധിമുട്ടുള്ളവരെ സഹായിക്കുകയായിരുന്നു കുടുംബകൂട്ടായ്മയുടെ പ്രധാന ലക്ഷ്യം. ധാരാളം കുടുംബാംഗങ്ങളെ സഹായിക്കുകയും ചെയ്തിരുന്നു.

കുടുംബയോഗനടത്തിപ്പിൽ മറക്കാനാവാത്ത പങ്കുവഹിച്ച മഹത്വ്യക്തികളെ ഈ അവസരത്തിൽ സ്മരിക്കുന്നു. കുടുംബചരിത്രത്തിലെ പഴയകാല പ്രധാന ചരിത്രങ്ങൾ മുഖ്യമായും നമുക്ക് ലഭിച്ചത് കിഴക്കേക്കര പീടികയിൽ ശ്രി.ഇട്ടിഐപ്പ് ഇട്ടിഐപ്പ് എഴുതിവച്ചിരുന്ന കുടുംബചരിത്രത്തിന്റെ കൈയ്യെഴുത്തുപ്രതിയിൽനിന്നാണ്. വിജ്ഞാനിയും ചരിത്രകുതുകിയുമായ അദ്ദേഹത്തിന്റെ നാമം എന്നും സ്മരിക്കേണ്ടതാണ്. കുടുംബചരിത്രത്തിന്റെ നക്കൽ എഴുതി സൂക്ഷിച്ചിരുന്ന പീടികയിൽ വർക്കിസാറിനെയും നന്ദിയോടെ സ്മരിക്കുന്നു. വളരെക്കാലം കുടുംബയോഗത്തിന്റെ പ്രസിഡന്റായിരിക്കുകയും ആരംഭകാലത്തും പിന്നീടും മനോഹരങ്ങളായ രണ്ട് കുടുംബയോഗകെട്ടിടങ്ങൾ എല്ലാ അംഗങ്ങളുടെയും സഹായസഹകരണങ്ങളോടെ നിർമ്മിക്കുകയും ചെയ്ത ശ്രീ.കെ.ഐ.തൊമ്മൻ പീടികയിലിനെയും കുടുംബയോഗകെട്ടിടം നിർമ്മിച്ചിരിക്കുന്ന സ്ഥലം സംഭാവനയായി തന്ന ശ്രീ. ഈപ്പൻ മത്തായി പുത്തൻപുരയ്ക്കലിനെയും ആദരപൂർവ്വം സ്മരിക്കുന്നു. കുടുംബയോഗം മുൻപ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും മറ്റ് ഭാരവാഹികൾക്കും നന്ദി രേഖപ്പെടുത്തുന്നു. രണ്ടുവർഷമായി കുടുംബചരിത്രരചനയിൽ അക്ഷീണം യത്നിച്ച, എല്ലാകുടുംബങ്ങളിലും പോയി വിവരങ്ങൾ ശേഖരിക്കുകയും ഈ ഗ്രന്ഥം എഴുതിതയ്യാറാക്കുകയും ചെയ്ത കുടുംബയോഗം സെക്രട്ടറി ശ്രീ.കെ.റ്റി.തോമസ് കിഴക്കേക്കരയ്ക്ക് പ്രത്യേകം ഹൃദ്യമായ നന്ദി പറയുന്നു. ഓരോ ശാഖയുടെയും പ്രതിനിധികളടങ്ങിയ ജൂബിലി കമ്മറ്റി അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു.

വലിയ കുടുംബങ്ങളിൽ വ്യക്തിബന്ധങ്ങൾ കുറയുവാൻ ഇടയാകുന്നു ഇത് പരിഹരിച്ച് കുടുംബങ്ങൾ തമ്മിലുള്ള അകൽച്ച കുറയ്ക്കുന്നതിന് നമ്മുടെ കുടുംബകൂട്ടായ്മ ഉപകരിക്കട്ടെ. കുടുംബം സ്നേഹം പരികർമ്മം ചെയ്യപ്പെടുന്ന ബലിവേദിയാണല്ലോ. നമ്മുടെ കുടുംബങ്ങളിൽ എന്നും സ്നേഹാന്തരീക്ഷം നിലനിൽക്കട്ടെ. അനുഗ്രഹങ്ങൾക്കായി ജഗദീശ്വരനോട് പ്രാർത്ഥിക്കാം.

പ്രസിഡന്റ്
കിഴക്കേക്കര കുടുംബയോഗം

കിഴക്കേക്കര

ഗണേശവിലാസം

ഈ ഗ്രാമത്തിലെ ഏറ്റവും പഴക്കമുള്ള കുടുംബങ്ങളിലൊന്നാണ് കിഴക്കേക്കര ഗണേശവിലാസം. 1911/1087 മകരം 27-ന് കിഴക്കേക്കര ഗണപതിയുടെ അനുഗ്രഹത്തോടെ ആരംഭിച്ച ഈ തറവാട് ഇന്ന് നാല് തലമുറകളുടെ കഥ പറയുന്നു. ഓരോ കാലത്തും ഈ വീട് ഓരോ കഥ പറഞ്ഞു.

ഗണേശവിലാസത്തിന്റെ ആദ്യത്തെ കാരണവർ കിഴക്കേക്കര രാമൻ നായരാണ്. 1088/1912 ചിങ്ങം 1-ാം തീയതി അദ്ദേഹം ഈ വീടിന് അടിത്തറയിട്ടു. അന്ന് ചുറ്റുവട്ടത്തുള്ള പതിനെട്ട് കുടുംബങ്ങളെ ഊണിന് ക്ഷണിച്ചിരുന്നു. അതൊരു ചടങ്ങ് മാത്രമായിരുന്നില്ല, ഒരു പ്രഖ്യാപനമായിരുന്നു—ഈ കുടുംബം ഇവിടെ വേരുറപ്പിക്കുന്നു എന്നതിന്റെ.

രാമൻ നായരുടെ മകൻ കൃഷ്ണൻ നായർ 1940-കളിൽ തറവാട് വിപുലീകരിച്ചു. പടിഞ്ഞാറ്റിയും തെക്കിനിയും അദ്ദേഹത്തിന്റെ കാലത്താണ് പണിതത്. കൃഷ്ണൻ നായർ ഒരു കർഷകൻ മാത്രമായിരുന്നില്ല; നാട്ടുവൈദ്യത്തിലും അദ്ദേഹത്തിന് അറിവുണ്ടായിരുന്നു. ഇന്നും പഴമക്കാർ പറയുന്നു, പനിക്കും ചുമയ്ക്കും അദ്ദേഹം നൽകിയിരുന്ന കഷായത്തിന്റെ രുചി ഇപ്പോഴും നാവിൽ ഉണ്ടെന്ന്.

ബാംഗങ്ങളുടെ വരിസംഖ്യയിലൂടെയും ഉദാരമതികളായ കുടുംബ സ്നേഹികളുടെയും സഹകരണത്തോടെ നമ്മുടെ നിരവധി കുടുംബാംഗങ്ങൾക്ക് വിവിധതരത്തിലുള്ള സഹായങ്ങൾ നല്കുവാൻ കുടുംബ പരിരാലനയോഗത്തിന് സാധിച്ചിട്ടുണ്ട്.

കിഴക്കേക്കര കുടുംബത്തിലെ 17 ശാഖകളിൽ നിന്നും മാറിത്താമസിച്ച എല്ലാവരും യോഗാംഗങ്ങളായി. അവരുടെ വരിസംഖ്യകൊണ്ടും പണയത്തിന്മേൽ ചെറിയ പലിശയ്ക്ക് പണം കടംകൊടുത്തും മൂലധനം വർദ്ധിച്ചു. 1927/1103 ഇടവം 28-ന് കൂടിയ യോഗം സംഘടനയ്ക്ക് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കണം എന്ന് തീരുമാനിച്ചു. എല്ലാ വീട്ടുകാർക്കും ഒത്തുചേരുവാൻ സൗകര്യമുള്ള സ്ഥലമായ കുരങ്ങൻമലപറമ്പിൽ പഴയവഴിവക്കിൽ 45 കോൽ ചുറ്റളവിൽ കെട്ടിടത്തിനും മുറ്റത്തിനും വേണ്ട സ്ഥലം കിഴക്കേക്കര പുത്തൻപുരയ്ക്കൽ ഈപ്പൻ മത്തായി നല്കി. കിഴക്കേക്കര പുലിമലകുന്നേൽ വൈദ്യൻ തേക്കുതടി വെട്ടാനുള്ള അനുവാദം സർക്കാരിൽ നിന്നും വാങ്ങി. കിഴക്കേക്കര പീടികയിൽ കെ.ഐ.തൊമ്മന്റെ നേതൃത്വത്തിൽ യുവാക്കളെല്ലാം സംഘടിച്ച് ശ്രമദാനമായി തറകെട്ട്, മുറ്റംകെട്ട്, ഉരുപ്പടി ചുമട് തുടങ്ങിയ കാര്യങ്ങൾ വളരെ വേഗത്തിൽ ചെയ്തു. ആറുമാസത്തിനുള്ളിൽ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനവും നടത്തി, വായനശാലയും കൈയ്യെഴുത്ത് മാസികയും തുടങ്ങി. കർഷകരായ കുടുംബാംഗങ്ങൾ പുതുമണ്ണുതേടി പലസ്ഥലങ്ങളിലേയ്ക്കും കുടിയേറിയപ്പോൾ കുടുംബയോഗ പ്രവർത്തനങ്ങളും നിർജ്ജീവമായി.

നാല്പത്തിമൂന്ന് വർഷങ്ങൾക്കുശേഷം 1970 ഒക്ടോബർ 2-ന് കൂടിയ യോഗം കുടുംബയോഗ കെട്ടിടം കൂടുതൽ സൗകര്യപ്രദമായ സ്ഥലത്ത് മാറ്റിപണിയുവാൻ തീരുമാനിച്ചു. ആദ്യ കുടുംബയോഗമന്ദിരം നിർമ്മിക്കുന്നതിനുള്ള സ്ഥലം നല്കിയ പുത്തൻപുരയ്ക്കൽ മത്തായിയുടെ മൂത്തമകൻ ഈപ്പൻ പുതിയ കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം വയ്പ്പനപ്പോതിയിൽ നല്കി. കിഴക്കേക്കര പീടികയിൽ തൊമ്മൻ പ്രസിഡന്റും കുമ്പുക്കൽ ചെറിയാൻ സെക്രട്ടറിയുമായി കെട്ടിടം പണിക്കായി പ്രത്യേകം കമ്മിറ്റിയെ തിരഞ്ഞെടുത്തു. ഇവരുടെ അക്ഷീണമായ പ്രവർത്തനഫലമായി കുടുംബാംഗങ്ങൾ എല്ലാവരുടെയും സഹായസഹകരണങ്ങളോടെ അല്ലാപ്പാറയ്ക്കുള്ള മൺപാത തിരിയുന്ന കവലയിൽ അഞ്ചുമുറി കെട്ടിടം കുടുംബയോഗം വകയായി നിർമ്മിച്ചു. കുടുംബയോഗത്തിന്റെ ആരംഭകാലം മുതൽ എല്ലാപ്രവർത്തന

ങ്ങൾക്കു നേതൃത്വം നല്കിയിരുന്ന കെ.ഐ.തൊമ്മൻ പ്രസിഡന്റായിരിക്കെ 1983-ൽ നിര്യാതനായി. ഇതോടെ കുടുംബയോഗ പ്രവർത്തനങ്ങൾ നാമമാത്രമായി.

1989 ഡിസംബർ 10-ന് കെ.ഐ.വർക്കി കിഴക്കേക്കര കൈതോലിൽ പ്രസിഡന്റും ആഗസ്തി ഇട്ടി ഐപ്പ് കുമ്പുക്കൽ സെക്രട്ടറിയുമായി പുതിയ കമ്മിറ്റിയെ തിരഞ്ഞെടുത്തു. പുത്തൻപുരയ്ക്കൽ ഈപ്പൻ സംഭാവനയായി നല്കിയ സ്ഥലവും പുതുതായി നിർമ്മിച്ച കെട്ടിടവും 1990 ഏപ്രിൽ 15-ന് കുടുംബയോഗം എഴുതി വാങ്ങി. 1991 ജൂൺ 17-ന് പുതിയ പ്രസിഡന്റ് രാജി നൽകിയതിനാൽ 1992-ൽ കൂടിയ പ്രത്യേക കുടുംബയോഗം കിഴക്കേക്കര കൊച്ചുമറ്റത്തിൽ മാണി പോത്തനെ പ്രസിഡന്റായി തെരഞ്ഞെടുത്തു, മറ്റു ഭാരവാഹികൾക്കും കമ്മറ്റിക്കാർക്കും മാറ്റമുണ്ടായില്ല.

1998-ൽ കുമ്പുക്കൽ ആഗസ്തി ഇട്ടിഐപ്പ് പ്രസിഡന്റായും കിഴക്കേക്കര പീടികയിൽ കെ.റ്റി.ജോസഫ് സെക്രട്ടറിയായും പുതിയ ഭാരവാഹികൾ തെരഞ്ഞെടുക്കപ്പെട്ടു. ഇക്കാലത്ത് കുടുംബയോഗം മറ്റ് സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ തീരുമാനിച്ചു. 1998-മുതൽ കൈതോലിൽ ശാഖക്കാർ 10, 12 ക്ലാസ്സുകളിൽ എല്ലാവർഷവും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് കൊടുക്കുവാൻ ''കൈതോലിൽ മത്തായി അച്ചൻ സ്മാരക സ്കോളർഷിപ്പ്'' ഏർപ്പെടുത്തി.

2000-ൽ ഡോ.കെ.എം.ഇമ്മാനുവൽ കിഴക്കേക്കര ആലക്കൽ പ്രസിഡന്റായും ശ്രീ.കെ.റ്റി.തോമസ് കിഴക്കേക്കര പീടികയിൽ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു. ഇവരുടെ കാലത്ത് കേരളത്തിലെ എല്ലാഭാഗങ്ങളിലും (നാല് ബ്രാഞ്ചുകൾ) ഉണ്ടാക്കുകയും കുടുംബയോഗം ഇപ്പോഴത്തെ നിലയിലേക്ക് വളരുകയും ചെയ്തു. 2001-ൽ ഇവർ എല്ലാഭവനങ്ങളും സന്ദർശിച്ച് ഫണ്ടുസ്വരൂപിച്ച് കുടുംബയോഗകെട്ടിടം പുതുക്കിപ്പണിത് ചുറ്റുമതിൽ നിർമ്മിച്ചു. എല്ലാ കിഴക്കേക്കര കുടുംബാംഗങ്ങളുടെയും അഡ്രസ് ഉൾപ്പെടുത്തി അഡ്രസ്ബുക്ക് പ്രസിദ്ധീകരിച്ചതും ഇവരുടെ ഭരണകാലത്താണ്. ഇപ്പോൾ ഓരോ ബ്രാഞ്ചുകളും ഓരോവർഷവും മാറിമാറി കുടുംബയോഗം നടത്തിപ്പോരുന്നു. 2002 മുതൽ തട്ടാംപറമ്പിൽ ശാഖാംഗങ്ങൾ ഏർപ്പെടുത്തിയ സഹായനിധിയിൽ നിന്നും അർഹിക്കുന്നവർക്ക് സഹായവും നല്കിവരുന്നുണ്ട്.

2007-ൽ കുടുംബയോഗം പ്രസിഡന്റായി പ്രൊഫ.ജോസ് ജോസഫിനെ തിരഞ്ഞെടുക്കുകയും സെക്രട്ടറിയായിരുന്ന ശ്രി.കെ.റ്റി. തോമസിനെ തൽസ്ഥാനത്ത് നിലനിർത്തുകയും ചെയ്തു.

2011-ൽ കുടുംബയോഗം ആരംഭിച്ചിട്ട് നൂറ് വർഷം തികയുകയാണ്. ഈ സുവർണ്ണാവസരം ഏറ്റവും ഭംഗിയായി ആഘോഷിക്കുന്നതിനായി രണ്ടുവർഷം മുമ്പേ തീരുമാനമെടുക്കുകയും ഡോ.കെ.എം. ഇമ്മാനുവൽ ചെയർമാനായും ശ്രീ.സജി കെ.മാത്യൂസ് സെക്രട്ടറിയായും കുടുംബയോഗം സെക്രട്ടറി ശ്രീ.കെറ്റി.തോമസ് ജനറൽ കൺവീനറായും വിപുലമായ ആഘോഷകമ്മറ്റി രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ശതാബ്ദി ആഘോഷങ്ങളുടെ സ്മരണയ്ക്കായി കുടുംബചരിത്ര ഗ്രന്ഥവും അഡ്രസ്സ് ബുക്കും പുതുക്കി അച്ചടിക്കുവാനും തീരുമാനിച്ചു. ഈ ആവശ്യത്തിനായി സെക്രട്ടറി ശ്രീ.കെ. റ്റി.തോമസ്സിന്റെ നേതൃത്വത്തിൽ എല്ലാ ഭവനങ്ങളും സന്ദർശിച്ച് രേഖകൾ ശേഖരിക്കുകയുണ്ടായി. എല്ലാ മാസവും ആഘോഷകമ്മറ്റി ഓരോ വീടുകളിൽ മാറിമാറി കൂടുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. 2011 ഒക്ടോബർ 8-ന് പാലാ കത്തീഡ്രൽപള്ളി പാരീഷ്ഹാളിൽ വച്ച് വിപുലമായ ആഘോഷപരിപാടികൾ നടത്തുവാനും പാലാ രൂപത ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്, കേരള ധനകാര്യമന്ത്രി ശ്രീ. കെ.എം.മാണി, ജലസേചന മന്ത്രി ശ്രീ.പിജെ.ജോസഫ്, ഇടുക്കി എം. പി. ശ്രീ.പി.ടി.തോമസ്, കോട്ടയം എം.പി. ശ്രീ.ജോസ്.കെ.മാണി, തളിപ്പറമ്പ് എം.എൽ.എ.യും കിഴക്കേക്കര കുടുംബാംഗവുമായ ശ്രീ.ജയിംസ് മാത്യു, പാലാ മുനിസിപ്പൽ ചെയർമാൻ ശ്രീ.കുര്യാക്കോസ് പടവൻ തുടങ്ങിയ വിശിഷ്ടാഥിതികളെ യോഗത്തിലേക്ക് ക്ഷണിക്കുവാനും തീരുമാനിച്ചു.

കിഴക്കേക്കര കുടുംബയോഗ നിബന്ധനകൾ

1. പേര്: കിഴക്കേക്കര കുടുംബയോഗം
2. മേൽവിലാസം: കിഴക്കേക്കര കുടുംബയോഗം, കിഴതടിയൂർ, പാലാ, കേരളാ
3. ഉദ്ദേശം: അംഗങ്ങളുടെ കുടുംബപരിപാലനയ്ക്ക് ആവശ്യമായി സാമ്പത്തികവും സാമൂഹികവുമായുള്ള എല്ലാ കാര്യങ്ങളും ചർച്ച ചെയ്ത് തീരുമാനമെടുത്ത് അംഗങ്ങളെ സഹായിക്കുന്നതിന് കൂട്ടായും പ്രത്യേകമായും പ്രവർത്തിക്കുക. മുഖ്യമായി അത്യാഹിതത്തിലും നിർദ്ധനാവസ്ഥയിലും അംഗങ്ങളെ സഹായിക്കുക. മീനച്ചിൽ സബ് രജിസ്ട്രാർ ആഫീസിൽ കൊല്ലവർഷം 1088 ചിങ്ങമാസം 1-ാം തീയതി 1-ാം നമ്പർ ആയി രജിസ്റ്റർ ചെയ്തിട്ടുള്ള ഉടമ്പടിയിൽ ഉള്ളതും ഈ നിയമാവലിയിൽ ഭേദഗതി ചെയ്യാത്തതുമായ എല്ലാ വകുപ്പുകളും പ്രാബല്യത്തിൽ തുടരുന്നതാണ്.
4. അംഗങ്ങൾ: എറകോന്നി പുത്തൻപുരയിൽ തൊമ്മപണിക്കരുടെ രണ്ടാമത്തെ പുത്രനും കിഴക്കേക്കര താഴത്തു താമസിച്ചിരുന്ന ആളുമായ ഇട്ടിയയിപ്പിന്റെ സന്താന പരമ്പരകളിൽപ്പെട്ടവരും 18 വയസ്സ് തികഞ്ഞിട്ടുള്ളവരുമായ എല്ലാ സ്ത്രീ-പുരുഷന്മാർക്കും പ്രസ്തുത സന്താന പരമ്പരയിൽപ്പെട്ട പുരുഷന്മാർ വിവാഹം കഴിച്ച് അവരുടെ കുടുംബത്തിൽ വന്നിട്ടുള്ള എല്ലാ സ്ത്രീകൾക്കും ഈ യോഗത്തിൽ അംഗങ്ങളായി ചേരുവാൻ അവകാശമുള്ളതാകുന്നു. ടി ഇട്ടിയയിപ്പിന്റെ സന്താനങ്ങളിൽപ്പെട്ട സ്ത്രീകൾ വിവാഹം കഴിച്ച് അന്യ കുടുംബങ്ങളിൽ പോയാൽ അവരുടെ അംഗാവകാശം ഇല്ലാതാകുന്നതാണ്. അന്യ കുടുംബത്തിലെ പുരുഷന്മാർ ഈ കുടുംബത്തിലെ സ്ത്രീകളെ വിവാഹം ചെയ്ത് ദത്തവകാശിയായി ഈ കുടുംബത്തിൽ വരികയാണെങ്കിൽ അവർക്കു ഈ യോഗത്തിൽ അംഗമായി ചേരുന്നതിന് അവകാശമുള്ളതാകുന്നു. പുരുഷന്മാർ വിവാഹം കഴിച്ച് അന്യ കുടുംബത്തിൽ ദത്തവകാശിയായി പോയാലും അവരുടെ അവകാശം നഷ്ടപ്പെടുന്നതല്ല.
5. മൂലധനം: 4-ാം വകുപ്പിൽ ബന്ധപ്പെട്ട യാതൊരാൾക്കും 1 രൂപാ പ്രവേശനഫീസും 50 (അൻപത്) പൈസവീതം പ്രതിമാസ തവണകളിലുമായി അടച്ചാൽ യോഗത്തിൽ അംഗമാകാവുന്നതാണ്.

എന്നാൽ യാതൊരു അംഗവും പ്രതിമാസ തവണകളിൽ കുടിശ്ശിഖ വരുത്തിയാൽ കുടിശ്ശിഖ തീർക്കുന്നതുവരെ യോഗത്തിൽ ആ ആളിന് യാതൊരു അവകാശവും ആനുകൂല്യവും ആവശ്യപ്പെടാവുന്നതല്ല. മേൽ വിവരിച്ചവിധമുണ്ടാകുന്ന പണവും 1088 ചിങ്ങമാസം 1-ാം തീയതി മീനച്ചിൽ സബ് രജിസ്ട്രാർ ആഫീസിൽ 1-ാം നമ്പർ ആയി രജിസ്റ്റർ ചെയ്തിട്ടുള്ള ഉടമ്പടി പ്രകാരം നടത്തിവന്നിട്ടുള്ള യോഗത്തിന്റെ സകലവിധ സ്ഥാവരജംഗമങ്ങളും നീക്കിയിരിപ്പുതുകയും, ബാങ്ക് നിക്ഷേപവും, ഈ യോഗത്തിന്റെ മൂലധനമാകുന്നു. ഏതൊരാളിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും യോഗത്തിന്റെ മൂലധനം വർദ്ധിപ്പിക്കാവുന്നതാണ്. അംഗങ്ങൾ വരിസംഖ്യ ആയോ സംഭാവന ആയോ അടച്ചിട്ടുള്ള യാതൊരുതുകയും യോഗത്തിൽനിന്ന് തിരികെ കിട്ടുവാൻ അവകാശപ്പെടാവുന്നതല്ല. എന്നാൽ വിവാഹം ചെയ്ത് മറ്റു കുടുംബങ്ങളിൽ പോകുന്നതിനോ ധർമ്മസ്ഥാപനങ്ങളിൽ പോകുന്നതോ ആയ സ്ത്രീകൾക്ക് വരിസംഖ്യയോ നിക്ഷേപങ്ങളോ തിരെയ്യ കിട്ടുവാൻ ആവശ്യപ്പെടാവുന്നതും അതിന്മേൽ ഉണ്ടാകുന്ന കമ്മറ്റിയുടെ തീരുമാനം അനുസരിക്കേണ്ടതുമാകുന്നു.

6. കമ്മറ്റിയോഗം: യോഗാംഗങ്ങളുടെ പൊതുയോഗം 7 അംഗങ്ങളുള്ള ഒരു കമ്മറ്റിയെ തെരഞ്ഞെടുക്കേണ്ടതാകുന്നു. ഈ കമ്മറ്റിയുടെ കാലാവധി മൂന്നു കൊല്ലമോ അല്ലെങ്കിൽ അടുത്ത ഒരു കമ്മറ്റിയെ തിരഞ്ഞെടുക്കുന്നതുവരെയോ ആയിരിക്കുന്നതാണ്. കമ്മറ്റി അംഗങ്ങൾ യോഗം ചേർന്ന് ഒരു പ്രസിഡന്റിനേയും ഒരു സെക്രട്ടറിയേയും ഒരു ഖജാൻജിയേയും തെരഞ്ഞെടുക്കേണ്ടതാകുന്നു. യോഗത്തിന്റെ എല്ലാ കാര്യങ്ങളും പ്രസിഡന്റിന്റെ മേൽനോട്ടത്തിലും ഉത്തരവാദിത്വത്തിലും നടത്തേണ്ടതാണ്. പണം വാങ്ങിരസീതു കൊടുക്കേണ്ടതും റെക്കാർഡുകൾ പൂർത്തിയാക്കേണ്ടതും സൂക്ഷിക്കേണ്ടതും സെക്രട്ടറി ആകുന്നു. കമ്മറ്റിയോഗവും പൊതുയോഗവും പ്രസിഡന്റിന്റെ നിർദ്ദേശമനുസരിച്ച് വിളിച്ചുകൂട്ടേണ്ടതും സെക്രട്ടറി ആകുന്നു. കമ്മറ്റി മാസത്തിലൊരിക്കലെങ്കിലും കൂടിയിരിക്കണം. ആവശ്യമുള്ളപ്പോഴൊക്കെയും കമ്മറ്റി വിളിച്ചുകൂട്ടാവുന്നതാണ്. കമ്മറ്റിയുടെ കോറം അഞ്ചായിരിക്കും. കമ്മറ്റിയിലും പൊതുയോഗത്തിലും സ്ഥിരം പ്രസിഡന്റ് ഹാജരുള്ളപ്പോൾ അദ്ദേഹം തന്നെ അദ്ധ്യക്ഷനായിരിക്കുന്നതാണ്. പ്രസിഡന്റ് ഹാജരില്ലാത്തപ്പോൾ ആ യോഗം ഒരു അദ്ധ്യക്ഷനെ ഭൂരിപക്ഷമനുസരിച്ച് തെരഞ്ഞെടുക്കേണ്ടതും അദ്ദേഹം ആ യോഗത്തിൽ മാത്രം അദ്ധ്യക്ഷനായിരിക്കുന്നതുമാകുന്നു. യോഗനിബന്ധമകൾക്കും പൊതുയോഗ നിശ്ചയങ്ങൾക്കും വിധേയമായി എല്ലാ കാര്യങ്ങളും ഈ കമ്മറ്റി നടത്തേണ്ടതാണ്. കമ്മറ്റി യോഗത്തിൽ അഭിപ്രായ വ്യത്യാസമുള്ളപ്പോൾ പ്രശ്നം വോട്ടിനിടേണ്ടതും വോട്ടുകൾ തുല്യമായിരുന്നാൽ ഹാജരില്ലാത്ത അംഗങ്ങൾ ഹാജരാകുന്നതുവരെ യോഗം നീട്ടിവയ്ക്കേണ്ടതും ആ യോഗത്തിലും തീരുമാനമുണ്ടാകാതിരുന്നാൽ പൊതുയോഗ തീരുമാനത്തിന് സമർപ്പിക്കേണ്ടതുമാണ്.

7. കുടുംബാംഗങ്ങളുടെ ഏതൊരാവശ്യവും പ്രസിഡന്റിനെ അറിയിച്ചാൽ പ്രസിഡന്റ് അതിൽ ശ്രദ്ധാലുവായി കമ്മറ്റി വിളിച്ചുകൂട്ടി ആലോചിച്ചോ തനിച്ചോ പ്രശ്നങ്ങൾ, തീർക്കേണ്ടതാണ്. അതിന്റെ മുഴുവൻ ചുമതലയും അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

8. യോഗത്തിന്റെ പണമിടപാടുകൾ, കരണം തീർക്കൽ മുതലായ സംഗതികൾ കമ്മറ്റിയുടെ തീരുമാനമനുസരിച്ച് പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി ഇവർ മൂന്നുപേരും കൂടി ചെയ്യേണ്ടതാകുന്നു. ഇവർ മൂന്നുപേരുംകൂടി ചെയ്യാത്ത യാതൊരു കരണവും സാധുവായിരിക്കുന്നതല്ല.

9. പൊതുയോഗം: പൊതുയോഗം ആവശ്യമുള്ളപ്പോഴൊക്കെയും സാധാരണഗതിയിൽ ഒരു വർഷത്തിൽ ഒരിക്കൽ എങ്കിലും കൂടേണ്ടതാകുന്നു. സ്ഥലം, തീയതി മുതലായവ കമ്മറ്റി യോഗത്തിൽ നിശ്ചയിച്ച് സെക്രട്ടറി അംഗങ്ങളെ അറിയിച്ച് കൂടേണ്ടതാകുന്നു. ആകെയുള്ള അംഗങ്ങളിൽ അഞ്ചിലൊന്നോ അല്ലെങ്കിൽ 25 അംഗങ്ങളോ രേഖാമൂലം ആവശ്യപ്പെട്ടാൽ കമ്മറ്റി പൊതുയോഗം വിളിച്ചുകൂട്ടേണ്ടതാണ്. അംഗങ്ങൾക്ക് ഏഴ് ദിവസം മുമ്പെങ്കിലും പൊതുയോഗനോട്ടീസ് കിട്ടിയിരിക്കണം. പൊതുയോഗത്തിൽ കമ്മറ്റി അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടതും മുൻ കൊല്ലത്തെ പ്രവർത്തന റിപ്പോർട്ടും വരവു ചെലവു കണക്കുകളും വായിച്ചു പാസ്സാക്കേണ്ടതുമാണ്. അംഗങ്ങൾക്ക് പ്രമേയങ്ങൾ ഹാജരാക്കാവുന്നതും, പ്രശ്നങ്ങൾ ചോദിക്കാവുന്നതുമാകുന്നു. ഭിന്നഭിപ്രായമുണ്ടായാൽ വോട്ടെടുപ്പ് നടത്തേണ്ടതും ഭൂരിപക്ഷാഭിപ്രായമനുസരിച്ച് കാര്യങ്ങൾ തീരുമാനിക്കേണ്ടതുമാകുന്നു. വോട്ടുകൾ

തുല്യമായിരുന്നാൽ പ്രസിഡന്റിന്റെ കാസ്റ്റിംഗ് വോട്ടോടുകൂടി കാര്യങ്ങൾ തീരുമാനിക്കേണ്ടതുമാകുന്നു. നാലാം വകുപ്പിൽപ്പെട്ട ഒരാൾ അംഗമായി ചേർന്ന് മൂന്നു മാസം പൂർത്തിയാകുകയും പ്രതിമാസ വരിസംഖ്യയിൽ മുടക്കില്ലാതിരിക്കുകയും ചെയ്താൽ അയാൾക്ക് പൊതുയോഗത്തിൽ വോട്ട് ഉണ്ടായിരിക്കുന്നതുമാണ്. വോട്ടുള്ള ആളിന് മാത്രമേ കമ്മറ്റിയിൽ അംഗമാകുവാനും പാടുള്ളൂ.

10. പ്രസിഡന്റിനോ, സെക്രട്ടറിക്കോ 50 (അൻപത്) രൂപയിൽ കൂടുതൽ തുക നീക്കിയിരുപ്പ് കൈവശം വയ്ക്കാൻ പാടുള്ളതല്ല. കൂടുതൽ വരുന്ന തുക അതാതു സമയങ്ങളിൽ ബാങ്കിൽ നിക്ഷേപിക്കേണ്ടതാകുന്നു.

11. നാലാം നിബന്ധനയനുസരിച്ചുള്ള ആളുകൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിൽ അഞ്ചിൽ കുറയാതെ അംഗങ്ങളുള്ളപക്ഷം ശാഖകൾ സ്ഥാപിക്കാവുന്നതും ശാഖകൾ കേന്ദ്രയോഗത്തോട് ഘടിപ്പിക്കാവുന്നതും അങ്ങനെ ഘടിപ്പിക്കപ്പെടുന്ന ശാഖകൾക്ക് കേന്ദ്രയോഗത്തിൽ പ്രതിനിധികളെ അയക്കാവുന്നതും കമ്മറ്റി അംഗീകരിച്ചാൽ മറ്റംഗങ്ങൾക്ക് തുല്യമായി വോട്ടുകൾ ഉണ്ടായിരിക്കുന്നതുമാണ്. ഈ വിധം ഘടിപ്പിച്ചിട്ടുള്ള എല്ലാ ശാഖകൾക്കും നിബന്ധന ബാധകമാണ്. ശാഖകൾ കേന്ദ്രത്തോട് ഘടിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ കമ്മറ്റി അതാതു സന്ദർഭങ്ങളിൽ നിശ്ചയിച്ച് ശാഖകളെ അറിയിക്കേണ്ടതുമാകുന്നു.

12. ഈ നിബന്ധനകളിൽ ഏതെങ്കിലും വകുപ്പ് ഭേദഗതി ചെയ്യുകയോ കൂട്ടിച്ചേർക്കുകയോ റദ്ദ് ചെയ്യുകയോ വേണമെങ്കിൽ ആ വിവരം അംഗങ്ങളെ രണ്ടാഴ്ചയെങ്കിലും മുമ്പ് രേഖാമൂലം അറിയിച്ച് പൊതുയോഗം വിളിച്ചുകൂട്ടി പൊതുയോഗത്തിൽ ഹാജരുള്ള അംഗങ്ങളിൽ മൂന്നിൽ രണ്ട് ഭാഗം അനുകൂലിച്ച് ചെയ്യേണ്ടതാണ്.

13. ആരെങ്കിലും പൊതുയോഗത്തെ വഞ്ചിയ്ക്കുകയൊ പണം നഷ്ടം വരുത്തുകയോ ചെയ്താൽ കമ്മറ്റി പരിഹാരം നിശ്ചയിക്കേണ്ടതും ആവശ്യമുണ്ടാകുന്ന പക്ഷം ആയതിലേക്ക് വ്യവഹാരം നടത്തേണ്ടതുമാകുന്നു. യോഗത്തിൽ ആവശ്യപ്പെടുന്ന വ്യവഹാരങ്ങൾ നടത്തേണ്ടത് കമ്മറ്റിയുടെ നിർദ്ദേശമനുസരിച്ച് സെക്രട്ടറിയാകുന്നു. ഓരോ കമ്മറ്റിയുടേയും നടത്തിപ്പുകാലങ്ങളിൽ ഉണ്ടാകുന്നതും പൊതുയോഗം അനുവദിക്കാത്തതുമായ സകല നഷ്ടങ്ങൾക്കും കമ്മറ്റി അംഗങ്ങൾ പൊതുവായും പ്രത്യേകമായും ഉത്തരവാദിത്വം

വഹിക്കേണ്ടതും അവ അവരിൽനിന്ന് പൊതുവായോ പ്രത്യേകമായോ ഈടാക്കാവുന്നതുമാകുന്നു.

14. ഈ നിബന്ധനകൾ 1975 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

കൊല്ലവർഷം 1088 ചിങ്ങമാസം 1 ന് മീനച്ചിൽ സബ് രജിസ്ട്രാർ ആഫീസിൽ 1-ാം നമ്പർ ആയി രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ ഉടമ്പടി ഇതോടനുബന്ധമായി ചേർന്നിരിക്കുന്നു.

കിഴതടിയൂർ
യോഗമാഫീസ്

ഒപ്പ്
മാനേജർ

അനുബന്ധം

കിഴക്കേക്കര കുടുംബപരിപാലന ഉടമ്പടി

ആയിരത്തി എൺപത്തി ഏഴാമാണ്ട് ചിങ്ങമാസം ഒന്നാം തീയതിയാലം പ്രവൃത്തിയിൽ കിഴയടിയൂരു മുറിയിൽ പുത്തൻപുരയാകുന്ന കിഴക്കേക്കര നിന്നും മീനച്ചിൽ പ്രവർത്തിയിൽ പാലാ മുറിയിൽ പാലാപ്പള്ളിമേടയിൽ ഇരിക്കും നസ്രാണി ഇട്ടിച്ചെറിയതിന്റെ മകൻ കർമ്മപ്രവൃത്തി നാല്പത്തെട്ടു വയസ്സുള്ള മത്തായി കത്തനാരും വർക്കിയുടെ മകൻ കർമ്മ പ്രവൃത്തി നാല്പത്തേഴു വയസ്സുള്ള 2 ഉലഹന്നൻ കത്തനാരും ടി. കിഴക്കേക്കര നിന്നും അളനാടു മുറിയിൽ എളന്തോട്ടത്തുപള്ളിയിൽ ഇരിക്കും ഇട്ടിഐപ്പിന്റെ മകൻ കർമ്മ പ്രവൃത്തി നാല്പത്തെട്ടു വയസ്സുള്ള 3 അവുസേപ്പു കത്തനാരും ടി കിഴക്കേക്കര പാർക്കും വർക്കിയുടെ മകൻ കൃഷി നാല്പത്തിമൂന്നു വയസ്സുള്ള 4 വർക്കിയും ടി കിഴക്കേക്കര നിന്നും പുലിമലക്കുന്നേൽ പാർക്കും തൊമ്മന്റെ മക്കൾ കൃഷിക്കാർ മുപ്പത്തൊന്നു വയസ്സുള്ള 5 വർക്കിയും ഇരുപത്തെട്ടു വയസ്സുള്ള 6 തൊമ്മനും കിഴക്കേക്കര നിന്നും ആലയ്ക്കൽ പാർക്കും ഇട്ടിച്ചെറിയതിന്റെ മകൻ കൃഷി ഇരുപത്തൊൻപതു വയസ്സുള്ള 7 ഇട്ടി അയിപ്പും ടി കിഴക്കേക്കര നിന്നും വാകാനിയിൽ പാർക്കും ചെറിയാന്റെ മക്കൾ കൃഷിക്കാർ നാല്പത്തഞ്ചു വയസ്സുള്ള 8 വർക്കിയും നാല്പതു വയസ്സുള്ള 9 ഇട്ടി ഐപ്പും മുപ്പത്താറു വയസ്സുള്ള 10 ചെറിയാനും

തൊമ്മന്റെ മകൻ ഇരുപത്തൊന്നു വയസ്സുള്ള 11 ചൊറിയാനും ടി കിഴക്കേക്കര നിന്നം പുലിമലക്കുന്നേൽ പാർക്കും ഇട്ടിച്ചെറിയതിന്റെ മകൻ കൃഷി ഇരുപത്തിനാലു വയസ്സുള്ള 12 ആഗസ്തിയും ടി കിഴക്കേക്കര നിന്നും കെടുമ്പംപുരയിടത്തിൽ പാർക്കും ഈപ്പന്റെ മക്കൾ കൃഷിക്കാർ നാല്പത്തിമൂന്നു വയസ്സുള്ള 13 ഉണിച്ചെറിയതും മുപ്പത്തൊൻപതു വയസ്സുള്ള 14 ഇട്ടിഅയിപ്പും മുപ്പത്താറു വയസ്സുള്ള 15 മത്തായിയും തൊമ്മന്റെ മകൻ കൃഷി ഇരുപത്തിരണ്ടു വയസ്സുള്ള 16 ഈപ്പനും കിഴക്കേക്കരെ നിന്നും പീടികയിൽ പാർക്കും ഇട്ടിയയിപ്പിന്റെ മകൻ കൃഷി മുപ്പത്തൊൻപതു വയസ്സുള്ള 17 ഇട്ടിയയിപ്പും ടി കഴക്കേക്കരെ നിന്നും കൈതോലിൽ പാർക്കും തൊമ്മന്റെ മക്കൾ കൃഷിക്കാർ മുപ്പതുവയസ്സുള്ള 18 ആഗസ്തിയും ഇരുപത്തെട്ടു വയസ്സുള്ള 19 ഇട്ടിയയിപ്പും ഇരുപത്തിരണ്ടു വയസ്സുള്ള 20 ഉണിച്ചെറിയതും കൂടി എഴുതിയ ഉടമ്പടി.

നമ്മൾ എല്ലാവരും പുത്തൻപുരയാകുന്ന കിഴക്കേക്കര കുടുംബക്കാരും നമ്മളിൽ 1ഉം 2 ഉം കക്ഷികളുടേയും 3-ാം കക്ഷിയുടേയും വല്യപ്പനും ശേഷം കക്ഷികളുടെ അപ്പൂപ്പനും ആയിരുന്ന മരിച്ച തൊമ്മൻ ഇട്ടിയയിപ്പ് എന്ന ആളിൽനിന്നും ഉത്ഭവിച്ച് പല ശാഖകളായി പിരിഞ്ഞു 1 ഉം 7 ഉം 8 ഉം 9ഉം 10ഉം 11 ഉം 12 ഉം കക്ഷികൾ ഒരു ശാഖക്കാരും അവരിൽ ഒന്നാം കക്ഷി കർമ്മാദികൾ അനുഷ്ഠിച്ചു പാലാപ്പള്ളിയിലും 7-ാം കക്ഷി ആലയ്ക്കൽ എന്ന വീട്ടിലും 8-ാം കക്ഷി വാകാനിയിൽ വീട്ടിലും 9-ാം കക്ഷി താനോലിൽ വീട്ടിലും 10-ാം കക്ഷി കൊച്ചുമറ്റത്തിൽ വീട്ടിലും 11-ാം കക്ഷി നടുവിലെ വാകാനി വീട്ടിലും 12-ാം കക്ഷി പുലിമലക്കുന്നേൽ വീട്ടിലും 2ഉം 4ഉം 5ഉം 6ഉം കക്ഷികൾ ഒരു ശാഖക്കാരും 2-ാം കക്ഷി കർമ്മാതികൾ അനുഷ്ടിച്ച് പാലാപ്പള്ളിമേടയിലും 4-ാം കക്ഷി കിഴക്കേക്കര വീട്ടിലും 5-ാം കക്ഷി എളന്തോട്ടത്തിൽ വീട്ടിലും 6-ാം കക്ഷി പുലിമലക്കുന്നേൽ വീട്ടിലും 3ഉം 17ഉം 18 ഉം 19ഉം 20ഉം കക്ഷികൾ ഒരു ശാഖയും അവരിൽ 3-ാം കക്ഷി കർമ്മാദികൾ അനുഷ്ഠിച്ചു എളന്തോട്ടത്തു പള്ളിയിലും 17-ാം കക്ഷി പീടികയിൽ വീട്ടിലും 18-ാം കക്ഷി ഈന്തുങ്കൽപ്പോതി വീട്ടിലും 19-ാം കക്ഷി കൈതോലിൽ കിഴക്കേവീട്ടിലും 20-ാം കക്ഷി കൈതോലി വീട്ടിലും 13 മുതൽ 16 വരെ കക്ഷികൾ ഒരു ശാഖയും അവരിൽ 13-ാം കക്ഷി ഈന്തുങ്കൽപ്പാതി വീട്ടിലും 14-ാം കക്ഷി കൈതോലി വീട്ടിലും 15-ാം കക്ഷി പുത്തൻപുരയ്ക്കൽ വീട്ടിലും 16-ാം കക്ഷി തട്ടാംപറമ്പു വീട്ടിലും ഇരിപ്പും താമസക്കാരും ആകുന്നു.

നമ്മുടെ കുടുംബങ്ങളിൽ ദ്രവ്യക്കുറവിനാലും മറ്റും ഒരു ശാഖയ്ക്കോ ശാഖക്കാർക്കോ കഷ്ടത ഉണ്ടാകുന്ന അവസരങ്ങളിൽ സഹായിച്ച് അവരെ നല്ല സ്ഥിതിയിൽ കൊണ്ടുവന്നാൽ കൊള്ളാമെന്നു നമ്മൾക്കു ആഗ്രഹമുള്ളതും അതിലേക്കു ഓരോരുത്തരാൽ തനിച്ചു സാഹിക്കുന്നതിനു നിവൃത്തിയില്ലാതെയിരിക്കുന്നതും അങ്ങനെ സഹായിക്കുന്നതിലേക്കായി ഒരു മൂലധനം ഉണ്ടാക്കുന്നതിലേക്കു മാർഗ്ഗം നിശ്ചയിച്ച് ഒരു മുതൽ സ്വരൂപിച്ചു വർദ്ധിപ്പിക്കണമെന്നു നമ്മൾ നിശ്ചയിച്ചിരിക്കുന്നതും അതിന്റെ നടത്തിപ്പിനും ഉറപ്പിനും വേണ്ടി ഇപ്പോൾ ഈ ഉടമ്പടി ചെയ്യുന്നതും നമ്മളിൽ പ്രത്യേകം പ്രത്യേകം താമസിക്കുന്ന ആളുകൾ ഇതിൽ ഉൾപ്പെട്ടിരിക്കുന്നതും ആകുന്നു.

ഈ ഉടമ്പടി കിഴക്കേക്കര കുടുംബ പരിപാലന ഉടമ്പടിയെന്നു വിളിക്കപ്പെടുന്നതും 1087-ാമാണ്ട് കുംഭമാസം 27-നു ഒടുവിലത്തെ ഞായറാഴ്ച മുതൽ നടപ്പിൽ വരുത്തിയതും ആകുന്നു. നമ്മൾ പ്രത്യേകം പ്രത്യേകം താമസിക്കുന്ന ഓരോ വീട്ടുകാരും അതാതു മാസത്തിൽ ഒടുവിൽ വരുന്നതായ ഞായറാഴ്ച ദിവസം ആദ്യത്തെ ആണ്ടായ 1087 കുംഭം 27-ാം തീയതി മുതൽ 1088 കുംഭം അവസാനം വരെ കിഴക്കേക്കര വീട്ടിലും അടുത്ത ആണ്ടിൽ ആലയ്ക്കൽ വീട്ടിലും അതിനടുത്ത ആണ്ടിൽ കെടുമ്പൻപുരയിടത്തിൽ വീട്ടിലും അതിനടുത്തയാണ്ടിൽ പീടികയിൽ വീട്ടിലും നമ്മളെല്ലാവരും കൂടുകയും നമ്മൾ ഇപ്പോൾ പിരിഞ്ഞു താമസിക്കുന്ന 17 വീട്ടുകാരും വീടൊന്നുക്കു 7 ചക്രം വച്ചു കണക്കെഴുതുകയും നമ്മുടെ ക്ഷേമാദികളെപ്പറ്റി ആലോചിച്ചു വേണ്ട ഏർപ്പാടുകൾ ചെയ്യുകയും അതിലേക്കു ഒരു മാനേജരും ഒരു പണം സൂക്ഷിപ്പുകാരനും ഒരു കണക്കു സൂക്ഷ്മക്കാരനും ഒരു താക്കോൽ സൂക്ഷിപ്പുകാരനും ഉണ്ടായിരിക്കയും അവരുടെ പേരുവിവരം മുതലായതും യോഗനടപ്പു സംബന്ധിച്ച നടപടികളും നടപടി പുസ്തകത്തിലും നാൾവഴി കണക്കിലും വിവരിച്ചിരിക്കയും ചെയ്യുന്നതാകുന്നു.

നമ്മുടെ വീടുകളിൽ നിന്നും, വേർപിരിഞ്ഞു താമസിക്കുന്ന ആളുകൾ അങ്ങനെ പിരിഞ്ഞു താമസിക്കുന്ന കാലത്തു ഈ ഉടമ്പടി അനുസരിച്ചും അപ്രകാരം പണം വച്ചും നടക്കേണ്ടതും അങ്ങനെ നടക്കുന്ന വിവരം നടപടി പുസ്തകത്തിൽ എഴുതി അവരെക്കൊണ്ടു ഒപ്പിടുവിക്കേണ്ടതും അവർ ഒപ്പിടേണ്ടതും അങ്ങനെ ചേരുന്ന സമയങ്ങളിൽ അവർ ഈ ഉടമ്പടിയിൽ ചേർന്നാലത്തെപ്പോലെയുള്ള ഫലം ഉണ്ടായിരിക്കുന്നതും ആകുന്നു. നമ്മൾ യോഗം കൂടേണ്ടതു കാലമുറയ്ക്ക് മേൽവിവരിച്ച നാലു വീടുകളിലായി വേണ്ടതും വേറെ വീടുകളിൽ കൂട

ണമെന്നു വിചാരിക്കുവാനോ കൂടുവാനോ ആവശ്യമില്ലാത്തതും പണപ്പെട്ടി സൂക്ഷ്മം മേൽ വിവരിച്ച വീടുകളിൽ ഓരോ ആണ്ടിൽ സൂക്ഷിച്ചുകൊള്ളേണ്ടതും ഒരുവീട്ടിൽ നിന്നും മറ്റൊരു വീട്ടിലേക്ക് പെട്ടി മാറിക്കൊടുക്കുമ്പോഴും താക്കോലുകൾ മുതലായവ ഏൽപ്പിച്ച് കൊടുക്കുമ്പോഴും അതുകൾ ഏൽക്കുന്നയാൾ രസീത് കൊടുക്കേണ്ടതും സൂക്ഷ്മക്കേടിനാലോ മറ്റേതെങ്കിലും സംഗതിവശാലോ പണത്തിനോ പെട്ടിക്കോ റിക്കാർഡുകൾക്കോ താക്കോലിനോ വല്ല നഷ്ടത്തിനോ ചേതത്തിനോ ഇടവരുത്തിയാൽ അതിൽ വച്ചുണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും നഷ്ടം വരുത്തിയ ആളോ ആളുകളോ ഉത്തരവാദിത്വം ചെയ്യേണ്ടതും അവരുടെ സ്ഥാവര ജംഗമസ്വത്തുക്കളിൽ നിന്നു നഷ്ടസഹിതം ഈടാക്കുവാൻ മറ്റു കക്ഷികൾക്കു കൂട്ടായും പ്രത്യേകം പ്രത്യേകമായിട്ടും അവകാശമുള്ളതാകുന്നു. എല്ലാ മാസവും ഒടുവിലത്തെ ഞായറാഴ്ച ദിവസം നമ്മളും മേലാൽ ഇതിൽ ചേരുന്ന ആളുകളും കൂടണമെന്നു നിശ്ചയിച്ചിട്ടുള്ള വീടുകളിൽ പകൽ ഒരുമണി സമയത്തു കൂടി പണംവച്ചു കണക്കെഴുതിക്കയും നമ്മുടെ കുടുംബ സംബന്ധമായി വേണ്ടിവരുന്ന എല്ലാ കാര്യങ്ങളേയും മുതൽ വർദ്ധനവിനേയും പറ്റി പര്യാലോചിച്ചു വേണ്ട അഭിപ്രായങ്ങൾ പുറപ്പെടുവിക്കയും ആ വിവരം നടപടി പുസ്തകത്തിൽ എഴുതി മാനേജരും പണപ്പെട്ടി, താക്കോൽ, കണക്ക് ഇതുകൾ സൂക്ഷ്മക്കാരും അതുകൂടാതെ രണ്ടു പേരിൽ കുറയാതെയുള്ള ആളുകളും ഒപ്പിട്ടു സൂക്ഷിക്കയും യോഗം കൂടുന്ന ദിവസങ്ങളിൽ എല്ലാവരും ഹാജരാകാതെ ഇരുന്നാൽ ഗുണദോഷ ചിന്തനയെപ്പറ്റി ഭൂരിപക്ഷാഭിപ്രായത്തിൽ മറ്റാളുകൾ ചേരുകയും ചെയ്തുകൊള്ളുവാനുള്ളതാകുന്നു.

യോഗം കൂടുന്ന ദിവസങ്ങളിൽ പണം വൈക്കാതെ ആരെങ്കിലും വീഴ്ച വരുത്തുകയോ അതു മുതൽ നാലു മാസത്തിനുള്ളിൽ അതേവരെയുള്ള സംഖ്യ മുഴുവനും വച്ചു കണക്കെഴുതിക്കയും അതിനുമേൽ പണം വെക്കാതെ വീഴ്ച വരുത്തുന്നതായാൽ വീഴ്ച വരുത്തുന്ന നാൾ മുതൽ പണം വെക്കുന്നതായ നാൾവരെ വെക്കേണ്ടതായ മുഴുവൻ സംഖ്യയും അതിനു തവണ ഒന്നുക്കു ഒരു ചക്രം വീതമുള്ള പിഴയോടുകൂടി വയ്ക്കുകയും ചെയ്യേണ്ടതും അങ്ങനെയും ചെയ്യാതിരുന്നാൽ അങ്ങനെ വീഴ്ച വരുത്തുന്ന ആളുകൾക്കു ഇതു സംബന്ധമായി ഒരു അവകാശവും ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു. ഇപ്രകാരം മുതൽ വരുന്ന പണം ശരിയായ സ്വർണ്ണം പണയം വാങ്ങിയും കൊണ്ടോ ഉറപ്പായ പ്രമാണം വാങ്ങിയിട്ടോ പണം പലിശയ്ക്കുകൊ

ടുക്കയും അങ്ങനെ വാങ്ങുന്ന പ്രമാണങ്ങൾ ഈ യോഗത്തിലേക്കു വേണ്ടിയും നടത്തക്കാരുടെ പേരു വച്ചു വേണ്ടതും അങ്ങനെ കൊടുക്കുന്ന പണം ഈടാകാതെ വരികയോ അതിൽ വച്ചു വല്ല നഷ്ടവും യയോഗ മുതലിലേക്കുണ്ടാകയോ ചെയ്താൽ ആ വക നഷ്ടം നടത്തകാരുവഹിക്കേണ്ടതും പണം കൊടുക്കൽ വാങ്ങലുകൾക്കുള്ള ചുമതകൾ മേൽ വിവരിച്ച നടത്തക്കാരിൽ മാത്രം ഇരിക്കുന്നതും ആകുന്നു. നമ്മളിൽ ഏതെങ്കിലും വീട്ടുകാർക്കു ഏതെങ്കിലും ആപത്തുകൾ ഉണ്ടാകയും കരം വക യോഗമുതൽ കൊണ്ടല്ലാതെ അതിനെ നിവൃത്തിക്കാൻ പാടില്ലാതെ വരികയും ചെയ്യുന്ന അവസരങ്ങളിൽ നമ്മൾ യോഗം കൂടി നിശ്ചയിക്കയും യോഗ മുതൽ കൊണ്ടു സഹായിക്കയും അതിനെ തിരെ ഏൽപ്പിക്കുകയും അങ്ങനെ ഏൽപ്പിക്കാതിരിക്കയും മുതൽ ഉണ്ടെന്നു കാണുകയും ചെയ്താൽ ആ വക മുതൽ പലിശ കൂടാതെ വസൂൽ ചെയ്യുന്നതിനും കോടതിച്ചിലവു മുതലായതു വേണ്ടി വന്നാൽ അതുകൾ കരടാക്കുന്നതിനും നടത്തക്കാർക്കു അധികാരമുണ്ടായിരിക്കുകയും ചെയ്യുന്നതാകുന്നു. നമ്മുടെ കിഴക്കേക്കര കുടുംബക്കാരല്ലാതെ വേറെ കുടുംബക്കാർക്കു കരം യോഗത്തിൽ ചേരുന്നതിനു ആഗ്രഹിക്കുവാനോ അവരെ ചേർക്കുവാനോ പാടില്ലാത്തതായിരിക്കുന്നു. മുതലിന്റെ വർദ്ധനവിനും കുടുംബത്തിന്റെ രക്ഷയ്ക്കും വേണ്ടി കരം വക മുതലിൽ നിന്നും ആണ്ടവസാനങ്ങളിൽ ഓരോ കുർബാന വീതം ചൊല്ലിക്കയും അപ്പഴപ്പോൾ ഉണ്ടാകുന്ന ചിലവുകൾക്കു വിശദമായി കണക്കെഴുതി നടത്തക്കാരു ഒപ്പിട്ടു സൂക്ഷിക്കയും ഓരോ ആണ്ടിലും ഉണ്ടാകുന്ന വരവു ചിലവുകൾ ആണ്ടവസാനങ്ങളിൽ നടത്തക്കാരു ബോദ്ധ്യപ്പെടുത്തിയും കഴിയുന്നതും മറ്റു യോഗക്കാരെ ബോദ്ധ്യപ്പെടുത്തിയും ഇരുപ്പിനു ഒരു തിരട്ടു എഴുതി ആയതും ഒപ്പിട്ട ശേഷം റിക്കാർഡുകളോടുകൂടി സുക്ഷിക്കയും ചെയ്യേണ്ടതാകുന്നു.

ഇപ്രകാരം കരം ഉടമ്പടി എഴുതിയ ടി 1 മത്തായി കത്തനാർ 2 ഉലഹന്നൻ കത്തനാർ 3 അവുസേപ്പു കത്തനാർ ശേഷം പേരും (ഒപ്പ്).

1088 ചിങ്ങം 1-ന് പാലാ വലിയ പള്ളി മേടയിൽ വച്ചു 1-ാം നമ്പായി രജിസ്റ്റർ ചെയ്തു.

വാസസ്ഥലത്തേക്കുള്ള പടി 1-ാം കക്ഷി ചിലവു ചെയ്ത രൂപാ

CHAPTER - 1

KIZAKKEKARAS OF PALAI (KERALA)

Origin & Growth

INTRODUCTORY REMARKS -THE PEOPLE

The Kizhakkekara families form a very small fraction of the Malayalee population. Their history may be said to span a period of less than 400 years.

Even so a genuine interest has been evinced by the elders of this small group to record the history of the clan, so that children and grand children of the Kizhakkekara families living in India and overseas may get to know the roots of their origin, while family members of the rest of the Malayalee community may become aware of the presence of the Kizhakkekara clan and story of their emergence in Kerala.

The name Kizhakkekaras emanated during 1690 - 1700 when the hero of the story, the 2nd son of a family of 3 sons chose to settle down with his family on the eastern part of the family estate. Since then, this family and their generation came to be called Kizhakkekaras, meaning the "easterners".

ABOUT THIS BOOK

As a result of the continued interest shown by the leaders of the clan to record their presence in Kerala an account of the families of the Kizhakkekaras was being written from time to time from the beginning by members of the clan and most of the writings were done on palm leaves according to the prevailing practise of writing down important events and happenings taking place.

During the period 1847 - 1961, the Palmyra documents were compiled and in Malayalam Language made into a hand written manuscript, which later on was got printed. The person responsible for this transition from palm leaf documents to hand written manuscript - during the above period was Kizhakkekara Peedikayil ITTYIPE ITTYIPE of the generation. The handwritten manuscript - compiling all the earlier Palmyra leaf documents is still available in the house of Pedikyil in Palai. Rev.Fr.Dr.C.T.Kottaram who was overseeing this work selected Sri

K.I.Varkey B.Sc.,B.Ed,. on 15-12-1972 for the above task.

Another important development contributing to the emergence of the book during the period was the setting up of an organisation called the "Kizhakkekara Paripalana Yogam by elders of the clan consisting of 20 members, 3 among them being priests,who were been on maintaining a historical account of the Kizhakkekara families.

The first meeting of the Kizhakkekara Kudumba Yogam was held in 1911 A.D. (Kollavarsham i. E. Malayalam Era. 1087) at Karotte Veetti House in which 3 priests and 17 heads of various branches attended the meeting. The following are the names,in these founder members:

1. Mathai Kathanar, S/o Itty Cheriathu - Alakkal Branch
2. Ulahannan Kathanar, S/o Varkey - Karotte Veettil
3. Ouseph Kathanar, S/o Itty Ipe - Peedikayil
4. Varkey, S/o Varkey - Karotte Veettil / Pulimalakunnel
5. Varkey, S/o Thomman - do
6. Thomman, S/o Thomman - do
7. Itty Iype, S/o Itty Cheriathu - Alakkal (Cashier)
8. Varkey, S/o Cherian - do- Vakaniyil
9. Itty Iype, S/o Cherian - do - do
10. Cherian, S/o Cherian - do - do
11. Cherian, S/o Thomman - do - do
12. Agusthy, S/o Ittycheria - Karotte Veettil /Pulimalakunnel
13. Unnicheria, S/o Eapen Eenthunkal Pakuthiyil - Puthanpurackal
14. Itty Iype, S/o Eapen - do - Kaitholil
15. Mathai S/o Eapen - do- Puthenpurackal
16. Eapen, S/o Thomman - do- Thattamparambil
17. Itty Iype, S/o Itty Iype - Peedikayil

18. Agusthy, S/o Thomman - Peedikayil / Kaitholil

19. Itty Iype, S/o Thomman - do

20. Unnicheria, S/o Thomman - do

During the 60s of the 20th century, the manuscript of the Kizhakkekara history was printed, with updated information about the families living up to that time.

Since then, and during 2011, a fresh attempt was made to update the details of Kizhakkekara families. This year, 2011, was also the 100th anniversary of the yogam. It was also at this time that an English version of the Kizhakkekara's history was prepared by Mr. K. C. Mani of the 8th generation of the clan (see the family tree of the clan) to create awareness about their origin among the countless number of Kizhakkekara families living abroad without the knowing to read and write the Malayalam language. It was the curiosity and the zeal of a new beginner to dig up facts of historical development that made him look for the early beginnings of the clan families which took his research up to the Biblical origins of the group. This will surprise many readers now and in the future.

A red alert : The writer Mr.K.C.Mani (Kizakkekara Alakkal Branch) feels it necessary to alert all Kizakkekara family members particularly the women about the prevalence of inbreeding genetic disorders noticed in large number of children as well as adults. It will be necessary to check this information in all their alliances for marriage in the coming years.

A good Counsel :-

It is recommended that a serious study be given to the issue of Jewish presence in India, and its impact on Malayalee community by reading the book of Abraham Benhur a Keralite author. The book is titiled "The Jewish background of Indian people."

CHAPTER - 2

THE HISTORY OF THE KIZHAKKEKARAS OF PALAI

The history begins with Errakonni Puthan Purakkal Thomma Panikar who had established a trading centre at Palai in 1696 A.D.who was the youngest of 7 sons of Erakonni Itty Cheria.

Puthan Purakkal Thomman was himself a renowned and well - established clan called Errakonnies who had settled themselves in Mevada near Kottayam.

The question naturally arises about the background of the Errakonnies.

THE ERRAKONNIES :-

Who are the Errakonnies and where did they come from?

Historians have recorded evidence of the presence of a group of people at Palayoor who went by the family names - Sankarapuri, Pakalomattom, Kalli and Kaliankal, they were Afghan Pathans of Jewish origin, who had settled in Palayoor near Guruvayur, and who had been converted to Christianity by St. Thomas, the disciple of Jesus, sometime during 52 - 55 A.D. These Afghan Pathans were engaged in buying spices and condiments, sandalwood and other perfumery ingredients and precious stones to be shipped back to Alexandria and Rome. To safeguard their activities a legion of Roman soldiers were stationed in Cranganore and Palayur, the port cities where ships came from Africa and Europe.

It is useful to remember at this juncture, that Christianity was not well - received in Rome and the Roman soldiers stationed in the port area did not take kindly to the Jewish Pathans and Jewish Pathan converts in the area. they were harrased by the Roman soldiers, and prevented from carrying on with their trade. This was the situation up to 325A.D.Hence after the converted Afghan Pathan family moved out to other places.

"ഞാൻ എന്റെ ധർമ്മം നിറവേറ്റിയതേയുള്ളൂ." എന്നു പറഞ്ഞ് പ്രതിഫലമൊന്നും സ്വീകരിക്കാതെ സന്തോഷപൂർവ്വം അവിടെ നിന്നും മടങ്ങി.

വടക്കുംമനയ്ക്കൽ തമ്പുരാൻ ഇല്ലത്തു ചെന്നപ്പോൾ തമ്പുരാട്ടി നടന്നതെല്ലാം വിവരിച്ചു പറഞ്ഞു. ഈ വിവരങ്ങൾ മനസ്സിലാക്കിയ തമ്പുരാൻ ഒരിക്കൽ ളാലം അമ്പലത്തിൽ വഴിപാടു കഴിക്കാനായി വന്നപ്പോൾ പിതാമഹനെ ആളയച്ചു വരുത്തി പരിചയപ്പെട്ടു. "കടം വീട്ടി ബാലനെ രക്ഷിച്ചതിന് ഏന്തെങ്കിലും പ്രത്യുപകാരം സ്വീകരിച്ചേ മതിയാകൂ" എന്ന് തമ്പുരാൻ തീർത്തു പറഞ്ഞു. "നിർബന്ധമാണെങ്കിൽ എന്റെ വീടിനു സമീപം കാട്ടുപോത്ത് വീഴുന്ന ഒരു കുഴിയും കൂടെ വയലും കിട്ടുകുന്നത് എനിക്കു തന്നേയ്ക്കൂ." പിതാമഹൻ പറഞ്ഞു.

പാമ്പൂരാൻ പാറയ്ക്ക് മേൽവശം, മീനച്ചിലാറിന് വടക്ക്, ളാലം തോടിന് കിഴക്ക്, വനത്തിനു തെക്ക് അതിരുകൾതീർന്ന വടക്കുംമന സ്ഥലം മുഴുവൻ തമ്പുരാൻ ആധാരമെഴുതി പിതാമഹന് നൽകി. കരയും വയലും ചേർന്ന ആ വസ്തുവകൾ തലമുറകൾ കൈമറിഞ്ഞ് ഇപ്പോഴും നമ്മുടെ കുടുംബക്കാരുടെ കൈകളിൽ ഇരിക്കുന്നു.

തൊമ്മൻ പിതാമഹന്റെ മൂത്തപുത്രൻ നല്ല നയതന്ത്രജ്ഞനും ബുദ്ധിമാനും സ്ഥിരോത്സാഹിയുമായ ഇട്ടിച്ചെറിയയിൽ മതിപ്പ് തോന്നിയ മീനച്ചിൽ കർത്താവ് അദ്ദേഹത്തെ തന്റെ മന്ത്രിയാക്കി. മന്ത്രിയുടെ പിതാവായ തൊമ്മന് 'പണിക്കർ' സ്ഥാനം നല്കി ഇടപ്രഭു ആദരിക്കുകയുണ്ടായി, അങ്ങനെയാണ് തൊമ്മൻ പിതാമഹൻ 'തൊമ്മൻ പണിക്കർ' ആയത്. മീനച്ചിൽ കർത്താവിന്റെ മന്ത്രിയായ ഇട്ടിച്ചെറിയയ്ക്കും പിതാവിനും ലഭിച്ച അംഗീകാരത്തിനുശേഷം അവർ കിഴക്കേക്കര തറവാടു വീടിന് പടിഞ്ഞാറേക്കരയിൽ പ്രൗഢമായ പുതിയൊരു വീട് നിർമ്മിച്ച് താമസം അവിടേയ്ക്ക് മാറി. ഈ വീടുകൾ 'കിഴക്കേക്കര, പടിഞ്ഞാറേക്കര' എന്നിങ്ങനെയാണ് ബന്ധുമിത്രാദികളുടെ ഇടയിൽ അറിയപ്പെട്ടിരുന്നത്.

പിതാമഹന്റെ മൂത്തപുത്രൻ ഒറ്റപ്ലാക്കൽ ഇട്ടിച്ചെറിയത് മന്ത്രിയായിരിക്കെ കടപ്പാട്ടൂർ അങ്ങാടി സ്ഥാപിക്കാൻ മീനച്ചിൽ കർത്താവ് തീരുമാനിച്ചു. ഈ വിഷയം പിതാവ് തൊമ്മൻ പണിക്കരുമായി മന്ത്രി ആലോചിച്ചു. പിതാമഹന്റെ നിർദ്ദേശപ്രകാരം തൊമ്മനാമറ്റത്തിൽ അങ്ങാടി സ്ഥാപിക്കാൻ മന്ത്രി കർത്താവിനോട് ശിപാർശ ചെയ്തു. തൊമ്മപണിക്കരുടെ പേരിൽ നിന്നാണ് തൊമ്മനാമറ്റം എന്ന പേര് ഉണ്ടായത്. അങ്ങനെ കിഴക്കേക്കര കുടുംബത്തിലെ പിതാമഹന്റെ തൽപ്പര്യപ്രകാരമാണ് മീനച്ചിൽ കർത്താവ് മീനച്ചിലാറിന്റെ തീരത്തായി മീനച്ചിൽ അങ്ങാടിയുടെ വിത്തു പാകിയത്. ആ വിത്ത് കിളിർത്തു വളർന്ന് ഇന്ന് പാലാ നഗരമായി പടർന്നു പന്തലിച്ചു നിൽക്കുന്നു. മീനച്ചിൽ അങ്ങാടിയെ കാത്തു രക്ഷിക്കുന്നതിനായി അമലോൽഭവ മാതാവിന്റെ ഒരു കുരിശു പള്ളിയും പിതാമഹൻ അവിടെ പണി കഴിപ്പിച്ചു. പൂർവ്വികരുടെ ഈശ്വരവിശ്വാസത്തിന്റെ നിദർശനമായി അത് ഇന്നും നിലനിൽക്കുന്നു.

തൊമ്മൻ പിതാമഹന് പേരും പുകഴ്ച്ചയും ഉണ്ടായതിനൊപ്പം ചില ശത്രുക്കളും ഉണ്ടായി. പിതാമഹന്റെ സ്ഥിരം പണിക്കാരിലൊരാളായ ഉന്റാനോട് ഇഷ്ടക്കേട് തോന്നിയതുമൂലം പണിയിൽ നിന്നും പറഞ്ഞുവിടാൻ നിശ്ചയിച്ചു. ഈ വിവരം അറിഞ്ഞ ഉന്റാൻ പിതാമഹനെ

കൊല്ലുവാൻ വെട്ടുകത്തിയും പണിയിച്ച് കാത്തിരുന്നു. വീട്ടിൽ ആരുമില്ലാതിരുന്ന ഒരുദിവസം പിതാമഹൻ ഉച്ചയൂണുകഴിഞ്ഞ് തളത്തിന്റെ തിണ്ണയിലെ പലകകട്ടിലിൽ കിടന്ന് ഉറങ്ങുകയായിരുന്നു. ഈ തക്കം നോക്കി ഉന്റാൻ പതുങ്ങിവന്ന് ചാടിവീണ് പിതാമഹനെ ആഞ്ഞുവെട്ടി. വെട്ടുകത്തി വീടിന്റെ ഉയരംകുറഞ്ഞ കഴുക്കോലിൽ തട്ടി. ഈ ശബ്ദംകേട്ട് ചാടിയെഴുന്നേറ്റ പിതാമഹൻ അടുത്തവെട്ടിൽ നിന്നും രക്ഷപെടാൻ ഉന്റാനെ വട്ടംപിടിച്ചു. ബഹളം കേട്ട് പറമ്പിൽ നിന്നും ഓടിവന്ന പുലയസ്ത്രീ അലറിക്കരഞ്ഞ് ഒച്ചവെച്ചു. അലറിക്കരച്ചിൽ കേട്ട് കിഴക്കേക്കരവീട്ടിൽ നിന്നും അതിവേഗം വന്ന രണ്ടാമത്തെപുത്രൻ കൊച്ചിട്ടി ഐപ്പ് ഉന്റാനെ പിടിച്ചുകെട്ടി നാടുവാഴിയുടെ അടുക്കലെത്തിച്ചു. പിതാമഹന്റെ മൂത്തപുത്രനായ മന്ത്രിയുടെ നിർദ്ദേശപ്രകാരം നാടുവാഴി ഉന്റാനെ വധശിക്ഷയ്ക്ക് വിധിച്ചു. കാനാട്ടുപാറ കൊണ്ടുപോയി വെടിവെച്ചുകൊന്നാണ് ഉന്റാന്റെ വധശിക്ഷ നടപ്പാക്കിയത്. "കൊച്ചിട്ടി ഐപ്പാണ് എന്റെ ജീവൻ രക്ഷിച്ചത്. അവൻ ആണ്ടൂരായിരുന്നെങ്കിൽ ഞാനിപ്പോൾ ജീവിച്ചിരിക്കില്ല, എല്ലാം ദൈവഹിതം. അവനും അവന്റെ വീതം ഭൂമി ഞാൻ നൽകും."

തൊമ്മൻ പണിക്കരുടെ രണ്ടാമത്തെ പുത്രനായ കൊച്ചിട്ടി ഐപ്പ് അന്നത്തെ പതിവുപോലെ 13-14 വയസ്സിലായിരുന്നില്ല വിവാഹിതനായത്. നല്ല കായികാഭ്യാസിയായിരുന്ന അദ്ദേഹം അടിയും തടയും ഗുസ്തിയുമായി 24 വയസ്സുവരെ അവിവാഹിതനായി കഴിഞ്ഞു. അങ്ങനെയിരിക്കെ ആണ്ടൂർ പള്ളിപ്പുറത്തുവീട്ടിലെ മാർത്തോമ മെത്രാന്റെ സഹോദരിയുമായി ദത്ത് വിവാഹാലോചന വന്നു. വിവാഹപ്രായം കഴിഞ്ഞുനിൽക്കുന്ന ആ യുവതിയുമായുള്ള വിവാഹാലോചന രണ്ട് കുടുംബക്കാരും ഇഷ്ടപ്പെട്ടു.

പാരമ്പര്യവും കുലീനത്വവുമുള്ള കുടുംബങ്ങളിൽ നിന്നാണ് അക്കാലത്ത് മെത്രാന്മാരെ തെരഞ്ഞെടുത്തിരുന്നത്. ആദിമ ക്രിസ്ത്യാനികളായ പകലോമറ്റം കുടുംബത്തിലെ പള്ളിപ്പുറത്ത് ശാഖയിൽ നിന്നാണ് സുറിയാനി മെത്രാന്മാരെ വാഴിച്ചിരുന്നത്. ഇട്ടിഐപ്പിന്റെ വധുവിന്റെ വീടായ ആണ്ടൂർ പള്ളിപ്പുറത്തുവീട്ടിൽ സഹോദരീ-സഹോദരരായി രണ്ടുപേർ മാത്രമാണ് ഉണ്ടായിരുന്നത്. സഹോദരൻ മെത്രാൻ പഠനത്തിന് പോയതിനാൽ സഹോദരിയെ വിവാഹം ചെയ്യുന്നയാൾ ദത്തുനിൽക്കേണ്ടതായി വന്നു. ആണ്ടൂരിലെ ഇടപ്രഭുവായിരുന്ന അഞ്ചകുളത്ത് പണിക്കർ അദ്ദേഹത്തിന്റെ ആശ്രിതനും ക്രിസ്തുമതത്തിലേക്ക് ചേർന്ന ആളുമായ കുന്നുംപുറം കുടുംബത്തിലെ ഒരു യുവാവുമായി

ഈ യുവതിയുടെ വിവാഹം നടത്തുവാൻ തല്പര്യപ്പെട്ടിരുന്നു. യുവതിയുടെ സഹോദരനായ മെത്രാനും കുടുംബാംഗങ്ങളും ആ വിവാഹാലോചന സ്വീകരിച്ചില്ല. ഇതിൽ അത്യപ്തനായ പണിക്കർ ഈ യുവതിക്ക് വരുന്ന എല്ലാ വിവാഹാലോചനകളും മുടക്കിക്കൊണ്ടിരുന്നു. ഇട്ടി ഐപ്പുമായുള്ള ഈ യുവതിയുടെ വിവാഹം കുറവിലങ്ങാട് പള്ളിയിൽ വച്ച് നടന്നു. വിവാഹശേഷം ഇരുവീട്ടുകാരും ആഘോഷമായി പള്ളിപ്പുറത്ത് വീട്ടുമുറ്റത്തെ പന്തലിൽ കയറി. പുരോഹിതർ മെത്തപ്പായിലും നവദമ്പതികൾ പാവാടികളിലും (കൊരണ്ടിപലക) വിരുന്നുകാർ നിലത്ത് നേരപ്പാകളിലും ഇരുന്നു. അന്ന് നവദമ്പതികൾക്ക് മധുരം നല്കുന്നത് പുരോഹിതരാണ്. പ്രായം കൂടിയ പുരോഹിതൻ 'മധുരം വയ്ക്കാൻ എഴുന്നേറ്റപ്പോൾ അഞ്ചുകുളത്തുപണിക്കരുടെ ഒരു അഭ്യാസി കയറിവന്ന് കത്തിയെരിഞ്ഞുനിന്ന തൂക്കുവിളക്ക് വെട്ടിവീഴ്ത്തി. ഇതുകണ്ട് വരന്റെ കൂടെ വന്ന 'പാലാപള്ളി മല്ലൻ' എടേടൻ ആ അഭ്യാസിയെ കടന്നുപിടിച്ചു. ഇരുവരും പിടിവിടാതെ കെട്ടിമറിഞ്ഞുവീണു. എല്ലാവരും പരിഭ്രാന്തരായി, എടേടൻ പിടിവിട്ടാൽ അഭ്യാസി എടേടനെ വെട്ടും എന്നു മനസ്സിലാക്കിയ നവവരൻ ഇട്ടിഐപ്പ് എഴുന്നേറ്റുചെന്ന് അഞ്ചകുളത്തു പണിക്കരുടെ അഭ്യാസിയെ പാദത്തിൽ കോരി മുറ്റത്തിനുപുറത്തെ പാടത്തേയ്ക്ക് എറിഞ്ഞു. നാണംകെട്ട അഭ്യാസി അവിടെനിന്നും ഓടിപ്പോയി. വിവാഹവിരുന്ന് മംഗളമായി നടന്നു.

പള്ളിപ്പുറത്തെ യുവതിയെ വിവാഹം ചെയ്ത ഇട്ടിഐപ്പ് തികഞ്ഞ അഭ്യാസിയാണെന്ന് മനസ്സിലാക്കിയ അഞ്ചുകുളം പണിക്കർ പിന്നെ ശല്യത്തിനുചെന്നില്ല. ഒരിക്കൽ ഇട്ടിഐപ്പ് അഞ്ചുകുളം എടത്തിന്റെ മുമ്പിലൂടെ പോയപ്പോൾ അവിടുത്തെ സ്തീകൾ പിതാമഹനെ പരിഹസിച്ചു. ഇട്ടിഐപ്പ് 'വെളുത്തേടത്തി' എന്നുപറഞ്ഞ് അവരെ തിരിച്ച് പരിഹസിച്ച് ആട്ടിയശേഷമാണ് വീട്ടിലേയ്ക്ക് പോയത്. ആ സ്തീകളുടെ ഭർത്താക്കന്മാരെല്ലാം ഒരുമിച്ചുകൂടി ഇട്ടി ഐപ്പിനെ നേരിടാൻ ഒരുങ്ങിയിറങ്ങി. ഇത് മുൻകൂട്ടികണ്ട ഇട്ടിഐപ്പ് അന്നുരാത്രിതന്നെ എല്ലാവസ്തുവകകളും പെറുക്കി കുടുംബസമേതം ആണ്ടൂർ നിന്നും കിഴതടിയൂർ കിഴക്കേക്കര തറവാട്ടിൽ വന്നു. തൊമ്മൻ പണിക്കർ മകനെ സ്വീകരിക്കാൻ തയ്യാറായില്ല. 'നടപ്പുദോഷംകൊണ്ട് സംഭവിച്ചതല്ലേ, തിരികെ ആണ്ടൂർക്ക് തന്നെ പോകണം' ഇതായിരുന്നു തൊമ്മ പണിക്കരുടെ തീരുമാനം. അതിന് തയ്യാറാവാതെ ഇട്ടി ഐപ്പ് കിഴക്കേക്കര തറവാടിനു സമീപം ആൾ താമസമില്ലാതെ കിടന്ന പഴയ തറവാടുവീട് ബലംപ്രയോഗിച്ചുതുറന്ന് അതിൽ താമസിച്ചു. തൊമ്മൻ പണിക്കർ ശക്ത

മായി ഇതിനെ എതിർത്തു. എതിർപ്പ് വകവയ്ക്കാതെ താമസിച്ച ഇട്ടി ഐപ്പിനോട് പിതാവ് പറഞ്ഞു, 'തോന്ന്യാസം നടക്കുന്നതിനാൽ നിനക്ക് വീതം തരില്ല' എന്ന്. ഉന്റാനിൽ നിന്നും ഇട്ടിഐപ്പ് പിതാവിന്റെ ജീവൻ രക്ഷിച്ച ശേഷമാണ് തൊമ്മൻ പിതാമഹൻ ഈ തീരുമാനത്തിന് മാറ്റം വരുത്തിയത്.

24-ാം വയസ്സിൽ വിവാഹിതനായ ഇട്ടി ഐപ്പിന് മൂത്ത അഞ്ച് പുത്രിമാരും ഇളയ മൂന്ന് പുത്രന്മാരുമായി എട്ട് മക്കൾ ഉണ്ട്. കഠിനാദ്ധ്വാനിയായ ഇട്ടിഐപ്പ് കൊറ്റങ്കോട് നിലം നിരത്തുമ്പോൾ നടവരമ്പ് കെട്ടാൻ വലിയ കല്ലുകൾ പിടിച്ച് പനിയുണ്ടായി, പനി മൂർച്ഛിച്ച് 35-ാം വയസ്സിൽ ഇട്ടി ഐപ്പ് അകാലത്തിൽ നിര്യാതനായി. അധികം താമസിയാതെ ഭാര്യയും മരിച്ചു. ശൈശവവും ബാല്യവും വിടാത്ത എട്ടുമക്കളും അനാഥരായി. ഇവരുടെ സംരക്ഷണം ജ്യേഷ്ഠാനുജന്മാർ ആരും ഏറ്റെടുത്തില്ല. ഒരു വേലക്കാരിയാണ് മാതാവായും പിതാവായും നിന്ന് ഈ കുട്ടികളെ വളർത്തിയതും സ്വത്ത് സംരക്ഷിച്ചതും. ജ്യേഷ്ഠാനുജന്മാരായ ഒറ്റപ്ലാക്കൽക്കാരും പടിഞ്ഞാറെക്കരക്കാരും കിഴക്കേക്കരക്കാർക്കുകൂടി അവകാശപ്പെട്ട പൊതുമുതലായ നെടുവേലി ഭൂമി പൂട്ടി പങ്കിട്ടെടുക്കാൻ തീരുമാനിച്ചു. ഈ വിവരം അറിഞ്ഞ കിഴക്കേക്കരയിലെ വേലക്കാരി ആൺമക്കളായ ഇട്ടിച്ചെറിയയെ എളിയിൽ എടുത്തും കൊച്ചേപ്പിനെ കൈയ്യിൽ പിടിച്ചും തൊമ്മനെ മുന്നിൽ നടത്തിയും കാലികളും പുലയരുമായി നെടുവേലിൽ ചെന്ന് കിഴക്കേക്കരക്കാരുടെ വീതം ചോദിച്ചുവാങ്ങി ഭൂമി കാളകളെകൊണ്ട് പൂട്ടിയെടുത്തു.

തൊമ്മൻ പിതാമഹന് മൂന്ന് പുത്രന്മാരും മൂന്ന് പുത്രിമാരുമായി ആറ് മക്കളാണ് ഉണ്ടായത്. മീനച്ചിൽ കർത്താവിന്റെ മന്ത്രിയായിരിക്കുകയും വെള്ളാപ്പാട് കയ്യാലയ്ക്കകത്തുനിന്നും വിവാഹം ചെയ്ത് ഒറ്റപ്ലാക്കലേക്ക് മാറിത്താമസിക്കുകയും ചെയ്ത ഇട്ടിച്ചെറിയ, ആണ്ടൂർ പള്ളിപ്പുറത്തേയ്ക്ക് ദത്തുപോകുകയും പിന്നീട് കിഴക്കേക്കര തറവാടുവീട്ടിലേയ്ക്ക് തിരിച്ചുവരികയും ചെയ്ത കൊച്ചിട്ടി ഐപ്പ്, കാഞ്ഞിരപ്പള്ളി കല്ലറയ്ക്കൽ നിന്നും വിവാഹം ചെയ്ത് പടിഞ്ഞാറേക്കരവീട്ടിൽ താമസിച്ച കൊച്ചുമത്തായി എന്നിവരാണ് പുത്രന്മാർ. പിതാമഹന്റെ മൂത്തപുത്രിയെ, കിഴക്കേക്കരവീട് പണിയിക്കുന്നകാലത്ത് അയൽപക്കമായിരുന്ന പാലാ പൊരുന്നോലിൽ കുടുംബത്തിലേക്ക് വിവാഹം ചെയ്തയച്ചു. രണ്ടാമത്തെ പുത്രിയെ ളാലം മൈലാടൂർ കുടുംബത്തിലും മൂന്നാമത്തെപുത്രിയെ കടനാട് വെട്ടിക്കാപ്പിള്ളിൽ കുടുംബത്തിലും വിവാഹം ചെയ്തയച്ചു.

തൊമ്മൻപിതാമഹൻ വാർദ്ധക്യമായപ്പോൾ മൂന്നു പുത്രന്മാർക്കുമായി ഭൂസ്വത്ത് ഭാഗിച്ചു. ഓരോപുത്രനും 96 മുറി പുരയിടം വീതവും മൂത്തപുത്രൻ ഇട്ടിചെറിയയ്ക്ക് പോണാടും, രണ്ടാമത്തെപുത്രൻ കൊച്ചിട്ടി ഐപ്പിന് ചൂണ്ടച്ചേരിയും, ഇളയപുത്രൻ കൊച്ചുമത്തായിക്ക് ഒലിപ്പാടവും നല്കി. നെടുവേലി ഭൂമി പൊതുവായി കിടന്നു. 'കാര്യത്തിന് ഇട്ടിചെറിയ, കായികാഭ്യാസി കൊച്ചിട്ടി ഐപ്പ്, കാശിന് കൊച്ചുമത്തായി.' എന്നിങ്ങനെ പുത്രന്മരെക്കുറിച്ച് പിതാമഹൻ പറയുമായിരുന്നു.

കിഴക്കേക്കര തറവാടുവീടിന്റെ അവകാശം പലതലമുറകൾ കൈമറിഞ്ഞ് പുതിയ തലമുറയിലെത്തി, അവസാനം അവകാശം ഉണ്ടായിരുന്നയാൾ ദൂരെ പുതിയ കൃഷിഭൂമി വാങ്ങി പണികൾചെയ്യിക്കാൻ കുടുംബസമേതം താമസം അവിടേയ്ക്ക്മാറ്റി. കിഴക്കേക്കരവീട് വർഷം തോറും കെട്ടിമേയാൻ പണിത്തിരക്കുമൂലം സാധിച്ചില്ല. ഓലമേഞ്ഞ വീടിന്റെ മേൽക്കൂര പഴകിപ്പൊടിഞ്ഞ് കനത്തമഴയിൽ വെള്ളമിറങ്ങിയും വെന്തുപോകുന്ന വെയിലേറ്റും പല വർഷങ്ങൾകൊണ്ട് ആദ്യ തറവാട് വീട് നാശോന്മുഖമായി.

നമ്മുടെ പിതാമഹനും കിഴക്കേക്കര തറവാടുവീടിന്റെ സ്ഥാപകനും ഏറ്റവും ആരാധ്യനും കിഴക്കേക്കര കുടുംബത്തിന്റെ പേരിനും പ്രസിദ്ധിക്കും കാരണഭൂതനുമായ എറകോന്നി തൊമ്മൻ എന്ന കിഴക്കേക്കര തൊമ്മൻ പണിക്കർ 1755-ൽ നിര്യാതനായി.

ദർശനതിരുനാൾ

എല്ലാ ക്രിസ്തീയ പള്ളികളിലും അക്കാലത്ത് പൊതുയോഗതീരുമാനപ്രകാരം ദർശനതിരുനാൾ നടത്തിയിരുന്നു. തിരുനാളിന്റെ തലേന്നാൾ രാത്രിയിൽ പള്ളിയിലുള്ള എല്ലാ കർമ്മങ്ങളും പൂർത്തിയാക്കിയ വികാരിയച്ചനെ സൂർപ്ലേശും ഊറാലയും മൂന്നുമൂലൻ തൊപ്പിയും ധരിച്ച് ഒരു മെഴുകുതിരി കത്തിച്ച് സകലവിധ വാദ്യമേളങ്ങളോടും കൂടി ആഘോഷപൂർവ്വം ഇടവകംഗങ്ങൾ അച്ചന്റെ താമസമുറിയിൽ കൊണ്ടു പോയിയാക്കുക പതിവുണ്ട്. മുറിവാതുക്കൽ നിന്ന് വികാരിയച്ചൻ അവസാനം എല്ലാവർക്കും ഒരു വാഴ്വ് (ഉറുശിമ) കൊടുത്തിരുന്നു. ഒരിക്കൽ കിഴക്കേക്കര ഇട്ടിഐപ്പിന്റെ അനുവാദമില്ലാതെ പാലാ വലിയപള്ളിയിലും ഈ പതിവ് നടത്തി. ഇതറിഞ്ഞ ഇട്ടിഐപ്പ് കോപാക്രന്തനാവുകയും എല്ലാവരെയും ഭയപ്പെടുത്തുകയുമുണ്ടായി. പാലാ പള്ളിയിൽ

ദർശനതിരുനാളിനോടനുബന്ധിച്ചു നടത്തിയിരുന്ന വികാരിയച്ചന്റെ കൊട്ടിഘോഷം പിന്നീട് ഒരിക്കലും ഉണ്ടായിട്ടില്ല.

പാച്ചോർ നേർച്ച

കിഴക്കേക്കര കരോട്ടെവീട്ടിലേക്ക് മാറിപ്പാർത്ത തൊമ്മന്റെയും മറിയത്തിന്റെയും പുത്രനായ ഇട്ടിഐപ്പിനും ഭാര്യ മറിയത്തിനും വിവാഹശേഷം വളരെ നാളുകൾ കഴിഞ്ഞിട്ടും സന്താനസൗഭാഗ്യം ലഭിച്ചില്ല. പാലാ വലിയപള്ളിയിലെ പാച്ചോർനേർച്ച നടത്തിയശേഷമാണ് കടിഞ്ഞൂൽ പുത്രനായ തൊമ്മനെ ഗർഭംധരിച്ചത്. നാല് പറ പച്ചരിയും നാല്പത് തേങ്ങയും നാല് തുലാം ശർക്കരയും കൊണ്ടാണ് പാച്ചോർനേർച്ച കഴിക്കുന്നത്. ആദ്യം രാക്കുളി (ദനഹ) തിരുനാളിന്റെ യന്ന് നടത്തിയിരുന്ന നേർച്ച തിരുനാളിന്റെ അന്നത്തെ തിരക്കുകുറയ്ക്കാൻ പിന്നീട് തിരുനാളിന്റെ തലേദിവസമാക്കി. ഇട്ടിഐപ്പിന്റെ പിൻതുടർച്ചക്കാരായ കിഴക്കേക്കര പുത്തൻപുരയ്ക്കൽ, പീടികയിൽ, ആലയ്ക്കൽ, കരോട്ടെവീട്ടിൽ കുടുംബക്കാർ സാധനങ്ങളോ പണമോ പിരിച്ചെടുത്താണ് പച്ചോർനേർച്ച നടത്തിയിരുന്നത്. പാലാ പരിസരങ്ങളിൽ നിന്നും കുടിയേറ്റംമൂലം കുടുംബക്കാരെല്ലാം പല ദിക്കുകളിലേയ്ക്ക് പോയപ്പോൾ പാച്ചോർനേർച്ച കിഴക്കേക്കരക്കാരുടെ സ്ഥലത്ത് സ്ഥാപിച്ച ഇളംതോട്ടംപള്ളിയിൽവച്ച് നടത്താൻ തീരുമാനിച്ചു. ദുഃഖാന ദിവസമാണ് ഇവിടെയും പാച്ചോർനേർച്ച നടത്തിയിരുന്നത്. ഇപ്പോൾ ദുക്റാന ദിവസം ഇളംന്തോട്ടം പള്ളിയിൽ വച്ച് ഇടവകക്കാർ എല്ലാവരുടെയും കൂട്ടായ സഹകരണത്തോടെ ആദ്യത്തെ കുർബ്ബാന കഴിഞ്ഞ് വെഞ്ചിരിച്ച് ഭക്തിപൂർവ്വം പാച്ചോർ നേർച്ച നടത്തിപ്പോരുന്നു.

കിഴക്കേക്കര കുടുംബം

കിഴക്കേക്കര കൊച്ചിട്ടിഐപ്പ് (ഒന്നാം തലമുറ)

തൊമ്മപ്പണിക്കരുടെ ദ്വിതീയ പുത്രൻ ഒന്നാം തലമുറ കൊച്ചിട്ടിയപ്പിന് തൊമ്മൻ, ഐപ്പ്, ഇട്ടിച്ചെറിയ എന്നീ മൂന്നു പുത്രന്മാരും അഞ്ചു പുത്രിമാരും ഉണ്ടായി. ഒരു പുത്രിയെ പറമ്പറ ഉതുപ്പ് വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രിയെ കണ്ടനാട്ടു തുടിയന്റെ വീട്ടിലും, മൂന്നാമത്തെ വളെ ചങ്ങനാശേരി താലൂക്കിൽ കല്ലറയ്ക്കൽ തരന്റെ വീട്ടിലും, നാലാമത്തവളെ കടനാടുകരയിൽ വെട്ടിക്കാപ്പള്ളിൽ വീട്ടിലും അഞ്ചാമത്തെ പുത്രിയെ പാലായിൽ നെച്ചിക്കാട്ടു കുടുംബത്തിലും വിവാഹം ചെയ്തയച്ചു. പുത്രന്മാരിൽ തൊമ്മൻ കിഴക്കേക്കര കരോട്ടേവീടിന്റെ തലവനും ഇട്ടിച്ചെറിയ താഴത്തുവീടിന്റെ തലവനുമായി. ഐപ്പ് കോതമംഗലത്ത് ഇലഞ്ഞിക്കൽനിന്നു വവാഹം കഴിച്ചെങ്കിലും സന്താനമില്ലാതെ പ്രസ്തുത ശാഖ അവസാനിച്ചു.

കരോട്ടേവീട്ടിൽ ശാഖ

കരോട്ടേവീട്ടിൽ തൊമ്മൻ (രണ്ടാം തലമുറ)

കൊച്ചിട്ടിയപ്പിന്റെ മൂത്തമകൻ തൊമ്മൻ ആരക്കുഴ എടത്തട്ടേൽനിന്നു വിവാഹം ചെയ്ത് വടക്കേ കല്ലിപ്പുരയിടത്തിൽ താമസമാക്കി. തൊമ്മന് ഇട്ടിയപ്പ് എന്ന പുത്രനും മൂന്നു പുത്രിമാരും ഉണ്ടായിരുന്നു. ഒരു പുത്രിയെ പിറവം പുഴയക്കു സമീപം പാഴൂക്കര വീട്ടിലും രണ്ടാമത്തെ പുത്രിയെ വൈയ്ക്കത്ത് ഏറ്റുമാനൂക്കാരിന്റെ വീട്ടിലും, മൂന്നാമത്തവളെ ഭരണങ്ങാനത്ത് പ്ലാത്തോട്ടത്തിലും വിവാഹം ചെയ്തയച്ചു.

കിഴക്കേക്കര ഇട്ടിയപ്പ് (മൂന്നാം തലമുറ)

തൊമ്മന്റെ പുത്രനായ ഇട്ടിയപ്പ് പാലായിൽ തറയിൽ മാപ്പിളയായ തയ്യിൽവീട്ടിൽനിന്ന് വിവാഹം ചെയ്തു. അദ്ദേഹത്തിനു തൊമ്മൻ, ഇട്ടിയയ്പ്, ഇട്ടിച്ചെറിയ, മത്തായി, വർക്കി എന്നിങ്ങനെ അഞ്ചു പുത്രന്മാരും രണ്ടു പുത്രിമാരും ഉണ്ടായിരുന്നു. ഒന്നാമത്തെ പുത്രി മറിയത്തിനെ പാലാ അങ്ങാടിയിൽ കൊട്ടുകാപ്പള്ളിൽ വിവാഹം ചെയ്തയച്ചു. രണ്ടാമത്തവളായ ഏലി അവിവാഹിതയായി സ്വപിതാവിനോടൊത്ത് കഴിച്ചുകൂട്ടി. പുത്രന്മാരിൽ മൂത്തമകൻ തൊമ്മൻ പുത്തൻപുര

യ്ക്കൽ ശാഖയുടേയും ഇട്ടിയയ്പ് പീടികയിൽ ശാഖയുടേയും, ഇട്ടി ച്ചെറിയ ആലയ്ക്കൽ ശാഖയുടേയും വർക്കി കരോട്ടേവീട് (തറവാട്) ശാഖയുടേയും തലവന്മാരായി. മത്തായി മുട്ടുചിറ ഏറ്റുമാനൂക്കാരന്റെ വീട്ടിൽ ദത്തവകാശിയായി താമസിച്ചു. ഒരു കുട്ടി ജനിച്ചെങ്കിലും ആ കുട്ടി മരിച്ചുപോയതിനാലും പിന്നീട് കുട്ടികളുണ്ടാകാതിരുന്നതിനാലും ആ ശാഖ അവസാനിച്ചു.

പുത്തൻപുരയ്ക്കൽ കുടുംബം

A). തൊമ്മൻ

മൂന്നാംതലമുറ ഇട്ടിയയ്പിന്റെ പ്രഥമ പുത്രനായ തൊമ്മൻ അതിരമ്പുഴയിൽ കൊച്ചുപുരയ്ക്കൽ വീട്ടിൽ ഈപ്പന്റെ മകളെ വിവാഹം ചെയ്ത് പുത്തൻപുരയ്ക്കൽ എന്നു പറയുന്ന നടുവിലെ കൊടുമ്പൻ പുരയിടത്തിൽ താമസിച്ചു. നാലാം തലമുറ തൊമ്മന് ഇട്ടിയയ്പ്, ഈപ്പൻ, മത്തായി എന്നിങ്ങനെ മൂന്നു പുത്രന്മാരും ഒരു പുത്രിയും ഉണ്ടായി. പുത്രിയെ ളാലംകരയിൽ മയിലാടൂർ ഞാവള്ളിൽ ഉതുപ്പു തരകന്റെ മകൻ വിവാഹം ചെയ്തു. തൊമ്മന്റെ പ്രഥമ പുത്രൻ ഇട്ടിയ്പ് കാഞ്ഞിരപ്പറമ്പിൽ കിഴക്കേത്തലയ്ക്കൽനിന്നു വിവാഹം കഴിച്ച് കൈതവയലിൽ താമസിച്ചു. അവർക്ക് സന്താനമുണ്ടായില്ല. ദ്വിതീയ പുത്രൻ ഈപ്പൻ പാലായിൽ കാപ്പിൽ ഉണിച്ചെറിയതിന്റെ മകൾ ഏലിയെ വിവാഹം ചെയ്ത് കെടുമ്പിൻ പുരയിടമായ പുത്തൻപുരയ്ക്കൽ താമസമാക്കി. തൃതീയപുത്രൻ മത്തായി ചങ്ങനാശേരിയിൽനിന്നു വിവാഹം കഴിച്ചെങ്കിലും സന്താനമുണ്ടാകാതെ ചെറുപ്പത്തിൽതന്നെ മരിച്ചു.

ഈപ്പൻ പുത്തൻപുരയ്ക്കൽ (അഞ്ചാം തലമുറ)


നാലാം തലമുറക്കാരനായ തൊമ്മന്റെ ദ്വിതീയ പുത്രനായ ഈപ്പൻ പാലായിൽ കാപ്പിൽ ഏലിയെ വിവാഹം ചെയ്തു. അവർക്ക് തൊമ്മൻ, ഉണിചെറിയത്, ഇട്ടി അയ്പ്, മത്തായി എന്നിങ്ങനെ നാലു പുത്രന്മാരും ഒരു പുത്രിയും ഉണ്ടായി. പുത്രിയായ മാമ്മിയെ ഇടമറ്റത്ത് മുണ്ടാട്ടുചുണ്ടയിൽ വിവാഹം ചെയ്തു. അവർക്ക് ഒരു പുത്രിയുണ്ടായപ്പോൾ വിധവയായിതീർന്നതിനാൽ പിതൃഗൃഹത്തിൽ വന്നു മരണംവരെ താമസിച്ചു. ഈപ്പന്റെ പ്രഥമപുത്രൻ തൊമ്മൻ തട്ടാൻപറമ്പിൽ ശാഖയുടേയും ഉണിചെറിയത് ഈന്തുങ്കൽ പകുതി ശാഖയുടേയും ഇട്ടിയയ്പ് കൈതവയലിൽ ശാഖയുടേയും മത്തായി പുത്തൻപുര




ഈപ്പൻ തൊമ്മൻ




അന്നാമ്മ ഈപ്പൻ



റ്റി.ഇ. ജയിംസും കുടുംബവും



ജോസഫ് ജയിംസും കുടുംബവും



ഡോ. ആശ & ഡോ. അനിത



വിവാഹിതരായ ജെയ്സണും ജിഷയും


സ്നേഹസ്മരണയ്ക്ക്




തൊമ്മച്ചൻ തട്ടാംപറമ്പിൽ



അന്നമ്മ തോമസ് തട്ടാംപറമ്പിൽ




തൊമ്മൻ ജോസഫ്
തട്ടാംപറമ്പിൽ



റോസമ്മ ജോസഫ്
തട്ടാംപറമ്പിൽ



മേരി ജോസ്
തട്ടാംപറമ്പിൽ



തട്ടാംപറമ്പിൽ ബ്രദേഴ്സിലെ സിസ്റ്റേഴ്സ്
ഇടത്തുനിന്ന്: സി. അനസ്തേസ്യ സി.എം.സി., സി. ലിഡിയ എസ്.ഡി.,
സി. ജോർജ്ജ് സി.എം.സി., സി. ജൂഡ്വിൽ സി.എം.സി.,
സി. ലൂസിന കൊളംബസ്



പുത്തൻപുരയ്ക്കൽ ഈപ്പന്റെ മകൻ തൊമ്മൻ പ്രവിത്താനം കരയിൽ "തറയിൽ മാപ്പിള"യുടെ വീടായ കൂട്ടുങ്കൽനിന്ന് അന്നയെ വിവാഹം ചെയ്ത് പയപ്പാർകരയിൽ തട്ടാൻപറമ്പിൽ താമസമാക്കി. അദ്ദേഹത്തിനു ഈപ്പൻ, ഔസേപ്പ് എന്നീ രണ്ടു പുത്രന്മാരും നാലു പുത്രിമാരും ഉണ്ടായി. ഒന്നാമത്തെ പുത്രി ഏലിയെ ഭരണങ്ങാനം പ്ലാത്തോട്ടത്തിൽ കുടുംബത്തിൽപ്പെട്ടതും പ്രവിത്താനം ഇടവകയിൽപ്പെട്ടതുമായ വാഴചാരിക്കലിൽ തെങ്ങുംപള്ളിൽ തൊമ്മന്റെ മകൻ മാണി വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി അന്നയെ പാലാപ്പള്ളി ഇടവക "കിഴക്കേടത്ത് മാപ്പിള"യായ ഇല്ലിമൂട്ടിൽനിന്നും നീലൂർ താമസമാക്കിയ മത്തായി വിവാഹം ചെയ്തു. മൂന്നാമത്തെ പുത്രി സിസ്റ്റർ ജൽത്രൂദും നാലാമത്തെ പുത്രി സിസ്റ്റർ അനസ്താസിയായും കർമ്മലീത്താമഠത്തിൽ കഴിയുന്നു. ഇവർ ഇരുവരും കർത്താവിൽ നിദ്രപ്രാവിച്ചു.

യ്ക്കൽ ശാഖയുടേയും തലവന്മാരായി.

A). തട്ടാൻപറമ്പിൽ ശാഖ (ആറാം തലമുറ)

പുത്തൻപുരയ്ക്കൽ ഈപ്പന്റെ മകൻ തൊമ്മൻ പ്രവിത്താനം കരയിൽ "തറയിൽ മാപ്പിള"യുടെ വീടായ കൂട്ടുങ്കൽനിന്ന് അന്നയെ വിവാഹം ചെയ്ത് പയപ്പാർകരയിൽ തട്ടാൻപറമ്പിൽ താമസമാക്കി. അദ്ദേഹത്തിനു ഈപ്പൻ, ഔസേപ്പ് എന്നീ രണ്ടു പുത്രന്മാരും നാലു പുത്രിമാരും ഉണ്ടായി. ഒന്നാമത്തെ പുത്രി ഏലിയെ ഭരണങ്ങാനം പ്ലാത്തോട്ടത്തിൽ കുടുംബത്തിൽപ്പെട്ടതും പ്രവിത്താനം ഇടവകയിൽപ്പെട്ടതുമായ വാഴചാരിക്കലിൽ തെങ്ങുംപള്ളിൽ തൊമ്മന്റെ മകൻ മാണി വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി അന്നയെ പാലാപ്പള്ളി ഇടവക "കിഴക്കേടത്ത് മാപ്പിള"യായ ഇല്ലിമൂട്ടിൽനിന്നും നീലൂർ താമസമാക്കിയ മത്തായി വിവാഹം ചെയ്തു. മൂന്നാമത്തെ പുത്രി സിസ്റ്റർ ജൽത്രൂദും നാലാമത്തെ പുത്രി സിസ്റ്റർ അനസ്താസിയായും കർമ്മലീത്താമഠത്തിൽ കഴിയുന്നു. ഇവർ ഇരുവരും കർത്താവിൽ നിദ്രപ്രാവിച്ചു.

a) തട്ടാൻപറമ്പിൽ ഈപ്പൻ (ഏഴാം തലമുറ)

തട്ടാൻപറമ്പിൽ തൊമ്മന്റെ മകൻ ഈപ്പൻ മൂന്നു വിവാഹം കഴിച്ചു. ആദ്യത്തെ വിവാഹം കടനാടുകരയിൽ ഇല്ലിക്കൽനിന്നുമായിരുന്നു. മക്കളില്ലാതെ ഭാര്യ മരിച്ചതിനാൽ കുറവിലങ്ങാട്ടുപള്ളി ഇടവക കയ്യനാടുകരയിൽ മറ്റത്തിൽനിന്നും രണ്ടാമത് വിവാഹം കഴിച്ചു. ടി. ഭാര്യയും സന്താനമില്ലാതെ മരിച്ചു. അതിനാൽ മണിമല മയിലാടൂർ കീക്കിരിക്കാട്ടുനിന്നും മൂന്നാമത് വിവാഹം കഴിച്ച് മനയ്ക്കക്കണ്ടത്തിൽ കാഞ്ഞിരത്താംപറമ്പിൽ താമസമാക്കി. അദ്ദേഹത്തിനു തൊമ്മൻ, ചാക്കോ, ജോസ് എന്നീ മൂന്നു പുത്രന്മാരും മാമ്മി, അച്ചാമ്മ, ഏലമ്മ, ലിസമ്മ എന്നീ നാലു പുത്രിമാരുണ്ടായി. ഒന്നാമത്തെ പുത്രി മാമ്മിയെ ഇലഞ്ഞിക്കരയിൽ പള്ളിക്കാപ്പറമ്പിൽ കുഞ്ഞൂഞ്ഞു വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി അച്ചാമ്മ കർമ്മലീത്താമഠത്തിൽ ചേർന്നു. പാലാ അൽഫോൻസാ കോളജിൽ 1968 മുതൽ മലയാളം ലക്ചററായി ജോലി നോക്കുന്ന സിസ്റ്റർ കൊളംബിയർ എം.എ. ബി.എഡ് ആണ്. ഇപ്പോൾ റിട്ടയർ ചെയ്തു. മൂന്നാമത്തെ പുത്രി ഏലമ്മ (സി. ലൂസിന) പാലാ നെല്ല്യാനിമഠത്തിൽ ചേർന്നു. സിസ്റ്റർ ലൂസീനാ എം.എഡ് ആണ്.

ഇപ്പോൾ കൂത്താട്ടുകുളത്ത് ജോലി ചെയ്യുന്നു. നാലാമത്തെ പുത്രി ലിസമ്മ ബി.എസ്സിയെ എറകോന്നി പടിഞ്ഞാറേക്കര ശാഖയിൽപ്പെട്ട ചക്കൻകുളത്തു കളപ്പുരയിൽ ഔസേപ്പിന്റെ മകൻ ചെറിയാൻ വിവാഹം ചെയ്തു. മൂലമറ്റത്ത് താമസിക്കുന്നു.

ടി. ഇ. തോമസ് (എട്ടാം തലമുറ)

ഈപ്പന്റെ ഒന്നാമത്തെ പുത്രൻ തോമസ്സ് (കുഞ്ഞ്) പൂവരണി ഇടവക മൊളോപ്പറമ്പിൽ കുര്യൻ അന്ന മകൾ റോസക്കുട്ടിയെ വിവാഹം ചെയ്ത് മൂലമറ്റത്ത് താമസിക്കുന്നു. തോമസ്സിനു രണ്ടാൺമക്കളും അഞ്ചു പെൺമക്കളുമുണ്ട്.

മൂത്തപുത്രി ലൂസിയെ പാലക്കാട് ജില്ലയിൽ വടക്കഞ്ചേരി മൊടപ്പല്ലൂരിൽ ചുങ്കപ്പുര വീട്ടിൽ ബേബിച്ചൻ (ഫ്രാൻസിസ്സ്) വിവാഹം ചെയ്തു.

മൂത്തപുത്രൻ ജോസ് തോമസ്സ് (ബേബിച്ചൻ), പയസ് മൗണ്ട് തെങ്ങുംപള്ളിൽ കുഞ്ഞുകുട്ടി, അന്നക്കുട്ടി മകൾ സാലിയെ വിവാഹം ചെയ്ത് മൂലമറ്റത്ത് പിതൃഗൃഹത്തിൽ താമസിക്കുന്നു. ബേബിച്ചന് മൂന്നു ആൺമക്കളാണ്. മൂത്തപുത്രൻ സുബിൻ ജോസ് ബി.ടെക്. മർച്ചന്റ് നേവിയിൽ ജോലി ചെയ്യുന്നു. മോനിപ്പള്ളിൽ സൂര്യകമ്പനിയുടെ മകൾ സൂര്യയെ ബി.ടെക് വിവാഹം ചെയ്ത് എറണാകുളത്ത് താമസിക്കുന്നു.

ബേബിച്ചന്റെ രണ്ടാമത്തെ പുത്രൻ റോബിൻ ജോസ് കൈനകരി മമ്പലം ജോസഫ് - ബ്രിജീത്ത മകൾ എലിസബത്തിനെ വിവാഹം ചെയ്ത് മൂലമറ്റത്ത് താമസിക്കുന്നു. മൂന്നാമത്തെ പുത്രൻ ഈപ്പൻ ജോസ് വിദ്യാർഥിയാണ്.

തോമസിന്റെ രണ്ടാമത്തെ പുത്രി ആനിയമ്മ അവിവാഹിതയായി മാതാപിതാക്കളോടൊപ്പം താമസിച്ചു. 2003ൽ മരിച്ചു.

മൂന്നാമത്തെ മകൾ ലിസ്സിയെ പൂവരണി മുണ്ടാട്ടുചുണ്ടയിൽ പീറ്റർ - അന്നക്കുട്ടി ദമ്പതികളുടെ മകൻ ജോൺസൺ വിവാഹം ചെയ്ത് തൃശൂർ ജില്ലയിൽ വടക്കാഞ്ചേരിയിൽ താമസിക്കുന്നു.

തോമസിന്റെ രണ്ടാമത്തെ മകൻ സിറിയക് തോമസ് കുടയത്തൂർ ഇടവക ആനക്കയം പാറൻകുളങ്ങര ജെയിംസ് മാത്യു, കുട്ടിയമ്മ ദമ്പതികളുടെ മകൾ ജെസ്സിയെ വിവാഹം ചെയ്ത് പാലക്കാട് ജില്ലയിൽ

മൊടപ്പല്ലൂരിൽ താമസിക്കുന്നു. സിറിയക്കിനു ടോം സിറിയക്ക് എന്ന പുത്രനും റോസ് മേരി, സൂസൻ എന്നീ രണ്ടു പെൺമക്കളുമാണ്. ഇവർ വിദ്യാർഥികളാണ്.

തോമസ്സിന്റെ നാലാമത്തെ പുത്രി ജെമ്മയെ പാലായിൽ മനയാനിക്കൽ ജോർജ്ജ്, ഈത്തമ്മ മകൻ അലക്സ് വിവാഹം ചെയ്ത് പാലാ മൂന്നാനിയിൽ താമസിക്കുന്നു. അലക്സ് ബിസിനസ്സ് ചെയ്യുന്നു.

അഞ്ചാമത്തെ പുത്രി മറിയമ്മയെ വൈക്കം ടി.വി.പുരം മായമ്പ റമ്പിൽ മാത്യു - അന്നക്കുട്ടി മകൻ ജോണി വിവാഹം ചെയ്ത് പാലക്കാട് ജില്ലയിൽ ചിറ്റിലംചേരിയിൽ താമസിക്കുന്നു.

ടി.ഇ. ജയിംസ് (ചാക്കോച്ചൻ)

ഈപ്പന്റെ രണ്ടാമത്തെ പുത്രൻ ചാക്കോച്ചൻ ചങ്ങനാശ്ശേരിയിൽ കറുകച്ചാൽകരയിൽ പാലാക്കുന്നേൽ ജോബിന്റെ മകൾ സരസമ്മയെ വിവാഹം ചെയ്ത് പാലാ അരുണാപുരത്ത് താമസിക്കുന്നു. ചാക്കോച്ചൻ (ടി.ഇ. ജെയിംസ് ബി.എസ്സി അഗ്രികൾച്ചർ) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ മാനേജരായി വിരമിച്ചു.

ചാക്കോച്ചന് ഡോ. ആഷാ ജെയിംസ്, ഡോ. അനിത ജെയിംസ് എന്നീ രണ്ടു പുത്രിമാരും ഡോ. ജോസഫ് ജെയിംസ് എന്ന പുത്രനുമുണ്ട്.

പുത്രി ആഷയെ ഇരിങ്ങാലക്കുട തൊഴുത്തുംപറമ്പൻ വീട്ടിൽ കൊച്ചുവറീത്-തങ്കം ദമ്പതികളുടെ മകൻ വറീത് (ജിമ്മി) വിവാഹം ചെയ്തു. ജിമ്മി ന്യൂയോർക്ക് നൊമുറ കമ്പനിയിൽ പ്രസിഡന്റായി ജോലി ചെയ്യുന്നു. ആഷ എം.ബി.ബി.എസ്. ന് ശേഷം ഐ.എ.എസ്.ൽ ചേർന്ന് ഡൽഹിയിലും അരുണാചൽ പ്രദേശത്തും, ലക്ഷദ്വീപിലും ജോലി ചെയ്തു. ഇപ്പോൾ ലീവിൽ കൊളമ്പിയ യൂണിവേഴ്സിറ്റിയിൽ പഠിച്ചുകൊണ്ടിരിക്കുന്നു.

ചാക്കോച്ചന്റെ ഇളയ മകൾ അനിത ജെയിംസിനെ തിരുവനന്തപുരത്ത് പുത്തൻവീട്ടിൽ പി.യു. തോമസ്, കൊച്ചുമറിയാമ്മ ദമ്പതികളുടെ മകൻ ഡോ. ബിജു തോമസ് വിവാഹം ചെയ്തു. ഇരുവരും ഇംഗ്ലണ്ടിൽ എച്ച്.ആർ.സി.പി.യിൽ എഫ്.ആർ.ഇ.എസ്. കഴിഞ്ഞ് ജോലി ചെയ്യുന്നു.

പുത്രൻ ഡോ. ജോസഫ് ജെയിംസ് ഇടപ്പള്ളി ആശാരിപറമ്പിൽ ഡോ. ഉമ്മൻ ജോസഫ് - രാജമ്മ ദമ്പതികളുടെ മകൾ അനിതയെ

വിവാഹം ചെയ്തു. ഇരുവരും ഇപ്പോൾ യു.എസ്.എ.യിൽ ഡിട്രോയിറ്റ് എന്ന സ്ഥലത്ത് താമസിച്ച് സ്വന്തം ക്ലിനിക്ക് നടത്തുന്നു. ഇവർക്ക് ഈപ്പൻ ജയിംസ്, തോമസ്സ് ജെയിംസ് എന്നീ രണ്ടാൺമക്കളും ജൂലിയാ ജയിംസ് എന്ന പെൺകുട്ടിയുമുണ്ട്. ഇവർ വിദ്യാർഥികളാണ്.

ജോസ് ഈപ്പൻ (എട്ടാം തലമുറ)

ഏഴാം തലമുറ ഈപ്പന്റെ ഇളയ പുത്രനായ ജോസ് കാഞ്ഞിരപ്പള്ളി കടമപ്പുഴ ഈപ്പൻ - ഏലിക്കുട്ടി ദമ്പതികളുടെ മകൾ ആലീസ്സിനെ വിവാഹം ചെയ്ത് കുറുമണ്ണ് മനക്കക്കണ്ടത്ത് താമസിക്കുന്നു. ജോസിനു ഈപ്പച്ചൻ, ചാക്കോച്ചൻ, തൊമ്മച്ചൻ എന്നീ മൂന്നു ആൺമക്കളും അന്നു, പൊന്നു എന്നീ രണ്ട് പെൺമക്കളുമാണ്.

ജോസിന്റെ മൂത്തപുത്രൻ ഈപ്പൻ ജോസ് ബി.ടെക് കാഞ്ഞിരപ്പള്ളി ചെരിപുറം വീട്ടിൽ സി.ജെ.വിൻസന്റ് - ആനി വിൻസന്റ് മകൾ രേണുവിനെ വിവാഹം ചെയ്ത് മനക്കക്കണ്ടത്തിൽ താമസിക്കുന്നു. ഈപ്പച്ചന് ജോ ഈപ്പൻ, വിൻസന്റ് ഈപ്പൻ എന്നീ രണ്ടാൺമക്കളാണ്. ഇരുവരും വിദ്യാർഥികളാണ്. ഈപ്പച്ചൻ പാലാ മാർക്കറ്റിംഗ് സൊസൈറ്റിയിൽ ജോലി ചെയ്യുന്നു.

രണ്ടാമത്തെ പുത്രൻ ചാക്കോച്ചൻ (ജേക്കബ് ജോസ്) വഴിത്തല പൊന്നാട്ടുവീട്ടിൽ ജോണി, മേരിക്കുട്ടി മകൾ ജിനോയെ വിവാഹം ചെയ്ത് ബാംഗ്ളൂരിൽ Jekob Designery എന്ന സ്ഥാപനം നടത്തുന്നു. ഇവർക്ക് ജോസഫ് ചാക്കോ, ജോൺ ചാക്കോ എന്നീ രണ്ടു പുത്രന്മാരും ലിയ ചാക്കോ എന്ന പുത്രിയുമുണ്ട്.

മൂന്നാമത്തെ പുത്രൻ തൊമ്മച്ചൻ (ഡോ. റ്റോം ജോസ്) എം.എസ്. ഓർത്തോ കഴിഞ്ഞ് മുട്ടുചിറ ഹോളി ഗോസ്റ്റ് ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു. ടോം ജോസ് കോതമംഗലത്ത് പാനികുളം വീട്ടിൽ ഡോ. ജേക്കബ് പാനികുളം-ലിസി ദമ്പതികളുടെ മകൾ ജിനുവിനെ വിവാഹം ചെയ്തു.

മൂത്ത പുത്രി അന്നുവിനെ അരുവിത്തുറ കൊണ്ടൂർ വെള്ളൂക്കുന്നേൽ ജോർജ്ജ് - റോസമ്മ മകൻ ജോസൻ ജോർജ്ജ് വിവാഹം ചെയ്തു.

ഇളയ പുത്രി ഡോ. പൊന്നുവിനെ തൃശൂർ ചാണ്ടി ലയിനിൽ ഡോ. നോബി നെൽസൺ ചാണ്ടി മകൻ ജേക്കബ് നോബി നെൽസൺ വിവാഹം ചെയ്തു.

B. തട്ടാൻപറമ്പിൽ ഔസേപ്പ്

തട്ടാൻപറമ്പിൽ തൊമ്മന്റെ മകൻ ഔസേപ്പ് പാലാ ഇടവക പടിഞ്ഞാറേക്കര ശാഖയിൽപ്പെട്ട കുത്തിവളച്ചേൽ ഔസേപ്പിന്റെ മകൾ റോസമ്മയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിച്ചു. അദ്ദേഹത്തിനു തൊമ്മൻ, ജോസ് ജോസഫ് എന്നീ രണ്ടു പുത്രന്മാരും അന്നമ്മ, റോസമ്മ, ലീലാമ്മ എന്നീ മൂന്നു പുത്രിമാരുമുണ്ടായി. മൂത്തമകൾ അന്നമ്മയെ പ്ലാക്കൂട്ടത്തിൽ ദേവസ്യാ - മേരി മകൻ കെ.സി.ജോസഫ് വിവാഹം ചെയ്ത് ചൂണ്ടച്ചേരിയിൽ താമസിക്കുന്നു. രണ്ടാമത്തെ പുത്രി റോസമ്മ കർമ്മലീത്താമഠത്തിൽ ചേർന്നു. സിസ്റ്റർ ജെറാർഡ് എന്ന പേരിൽ കന്യാസ്ത്രീയായി. ഇപ്പോൾ കാർമ്മലീറ്റ് കോൺവെന്റ് ചേർപ്പുങ്കലിൽ വിശ്രമജീവിതം നയിക്കുന്നു. മൂന്നാമത്തെ പുത്രി ലീലാമ്മ സിസ്റ്റർ ലിഡിയ എസ്.ഡി. എന്ന പേരിൽ സിസ്റ്റേഴ്സ് ഓഫ് ഡിസ്റ്റിറ്റ്യൂഡ് മഠത്തിൽ ചേർന്നു കന്യാസ്ത്രീയായി. ഇപ്പോൾ ആന്ധ്രയിൽ മിഷൻരംഗത്ത് ജോലി ചെയ്യുന്നു.

മൂത്തപുത്രൻ തോമസ്സ് അവിവാഹിതനായി പിതൃഗൃഹത്തിൽ താമസിച്ചു. 2010 ആഗസ്റ്റ് 10-ാം തീയതി മരണമടഞ്ഞു.

പ്രഫ. ജോസ് ജോസഫ്

ഔസേപ്പിന്റെ രണ്ടാമത്തെ പുത്രൻ പ്രഫ. ജോസ് ജോസഫ് എം.എസ്സി അറക്കുളം മൈലാടൂർ മത്തായി - അന്നമ്മ മകൾ മേരിയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിക്കുന്നു. 1985ൽ മേരി മരണമടഞ്ഞു. രണ്ടാമതായി പ്ലാത്തോട്ടത്തിൽ ചെറിയാൻ മറിയം മകൾ മറിയാമ്മയെ വിവാഹം ചെയ്തു. ജോസിനു റെസിൻ, മേരി ജോസ്, ജോസ്മോൻ ടി. ജോസ്, ബോബി ടി. ജോസ്, എബിമോൻ ടി.ജോസ് എന്നിങ്ങനെ നാലു സന്താനങ്ങളാണ്. പ്രഫ. ജോസഫ് പാലാ സെന്റ് തോമസ് കോളജിലെ കെമിസ്ട്രി വിഭാഗം പ്രൊഫസറായി റിട്ടയർ ചെയ്തു. ഇപ്പോൾ കിഴക്കേക്കര കുടുംബയോഗം പ്രസിഡന്റാണ്.


ജോസിന്റെ പുത്രി റെസിൻ മേരി ജോസിനെ മേരിലാന്റ് ചൊവ്വേലിക്കുടിയിൽ മൈക്കിൾ - അന്ന മകൻ സി.എം.ജോസഫ് സി.എ വിവാഹം ചെയ്ത് എറണാകുളത്ത് താമസിക്കുന്നു.

മൂത്തപുത്രൻ ജോസ്മോൻ ടി.ജോസ് തൊടുപുഴ പറമുണ്ടയിൽ സെബാസ്റ്റ്യൻ - സെലിൻ മകൾ സെലിൻ (സോണാ)യെ വിവാഹം

ചെയ്ത് തറവാട്ടിൽ താമസിക്കുന്നു. ജോസ്മോനു ജോസഫ് ജോസി, സെബിൻ ജോസി എന്നീ രണ്ടാൺമക്കളാണ്. ഇവർ വിദ്യാർഥികളാണ്.

പുത്രന്മാരിൽ രണ്ടാമൻ ബോബി ടി.ജോസ് (മാത്യുച്ചൻ) എം.സി.എ കഴിഞ്ഞ് ബാംഗ്ളൂരിൽ സോഫ്റ്റ് വെയർ എൻജിനീയർ ആയി ജോലി ചെയ്യുന്നു. ബോബി മുണ്ടക്കയം കടമപ്പുഴ ജോയപ്പൻ - ടെസ്സിയമ്മ മകൾ ട്രീസ്സാ എലിസബത്തിനെ (നീതു ബി.ടെക്.) വിവാഹം ചെയ്തു. ബോബിക്ക് ജോ ബോബി, ജേക്കബ് ബോബി എന്നീ രണ്ടാൺമക്കളുണ്ട്. ഇരുവരും വിദ്യാർഥികളാണ്.

ജോസിന്റെ മൂന്നാമത്തെ പുത്രൻ എബിമോൻ ടി. ജോസ് ബി.ടെക് കഴിഞ്ഞ് ചെന്നൈയിൽ സോഫ്റ്റ് വെയറിൽ ജോലി ചെയ്യുന്നു. എബിമോൻ വടക്കാഞ്ചേരി ചിറ്റിലപ്പള്ളി മാത്യു - മേരി മകൾ ടീന ബി.ടെക്കിനെ വിവാഹം ചെയ്തു. ഇരുവരും ചെന്നൈയിൽ ജോലി ചെയ്യുന്നു.



B). ഈന്തുങ്കൽ പകുതി ശാഖ


ഉണിച്ചെറിയത് - (താടിക്കാരൻ) (ആറാം തലമുറ)

അഞ്ചാം തലമുറ പുത്തൻപുരയ്ക്കൽ ഈപ്പന്റെ രണ്ടാമത്തെ പുത്രൻ ഉണിച്ചെറിയത് പാലാ ഇടവക പൊരുനോലിലായ പടവിൽ വർക്കിയുടെ മകൾ ത്രേസ്യായെ വിവാഹം ചെയ്ത് ഈന്തുങ്കൽ പകുതി പുരയിടത്തിൽ പാർത്തു. കാലാന്തരത്തിൽ അദ്ദേഹം മാർത്തോമ്മാ സഭാ വിശ്വാസിയായിത്തുടരുകയും കരീക്കുന്നേൽ മാർത്തോമ്മാപള്ളി പണിക്കു സഹായിക്കുകയും ചെയ്തു. 83-ാമത്തെ വയസ്സിൽ മരിച്ച അദ്ദേഹത്തെ കരീക്കുന്നേൽ മാർത്തോമ്മാ പള്ളിയുടെ ശവക്കോട്ടയിൽ സംസ്കരിച്ചു.

ഉണിച്ചെറിയതിനു തൊമ്മൻ, വർക്കി, ചെറിയാൻ ഇട്ടിയയ്പ് എന്നീ നാലു പുത്രന്മാരും ഏലി, മറിയം എന്നീ രണ്ടു പുത്രിമാരും ഉണ്ടായി. മൂത്തപുത്രി ഏലിയെ പാലാ പള്ളി ഇടവക പുഞ്ചേക്കുന്നേൽ ഈപ്പൻ വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി മറിയത്തിനെ തിരുവല്ലായിക്കടുത്തുള്ള ചാത്തങ്കരിയിൽ, മാർത്തോമ്മാ സമുദായത്തിൽപ്പെട്ട വായ്പനാരിൽ വീട്ടിൽ ഈപ്പൻ പുനർവിവാഹം ചെയ്തു. ഉണിച്ചെറിയതിന്റെ മൂത്തപുത്രൻ തൊമ്മൻ (ഏഴാം തലമുറ) പ്രവിത്താനം പള്ളി ഇടവക അളനാടുകരയിൽ മാക്കപ്പുളിക്കൽ മിഖായേലിന്റെ മകൾ ത്രേസ്യായെ വിവാഹം ചെയ്ത് തുടങ്ങനാട്ടിൽ ഇടമനത്തടം പുരയിടത്തിൽ താമസിച്ചു. പിന്നീട് തറവാടായ പാലായിൽ ഈന്തുങ്കൽ പകുതിപുരയിടത്തിൽത്തന്നെ താമസമാക്കി. 1970 ജൂൺ മാസത്തിൽ മരിച്ചു. ഇളംതോട്ടം പള്ളിയുടെ ശവക്കോട്ടയിൽ സംസ്കരിക്കപ്പെട്ടു. അദ്ദേഹത്തിനു ചെറിയാൻ, മൈക്കിൾ, ഈപ്പൻ, തോമസ്, മത്തായി എന്നിങ്ങനെ അഞ്ചു പുത്രന്മാരുണ്ടായി.


ഈന്തുങ്കൽ പകുതിശാഖയിലെ ആറാം തലമുറ ഉണിച്ചെറിയതിന്റെ രണ്ടാമത്തെ മകൻ വർക്കി (തലമുറ ഏഴ്) പാലാപ്പള്ളി ഇടവക കട്ടക്കയത്തിൽ കുടുംബത്തിൽ മുപ്പറയിൽ അയ്പിന്റെ മകൾ ചാച്ചിയമ്മയെ വിവാഹം ചെയ്ത് തുടങ്ങനാട്ടിൽ തീപ്പുഴിക്കുന്നിൽ താമസമാക്കി. വർക്കിക്ക് സ്കറിയാ, ജോസഫ്, മാമ്മൻ എന്നിങ്ങനെ മൂന്നു പുത്രന്മാരുണ്ട്. മൂത്തപുത്രൻ സ്കറിയാ തിരുവല്ലാ താലൂക്കിൽ ചാത്തൻകരിയിൽ മാർത്തോമ്മാ സമുദായത്തിൽപ്പെട്ട വായ്പനാരിൽ കുഞ്ഞൂഞ്ഞമ്മയെ വിവാഹം ചെയ്തു. അദ്ദേഹത്തിനു ജോൺ എന്നൊരു ആൺകുട്ടിയും എൽസിയെന്നൊരു പെൺകുട്ടിയുമുണ്ട്. അവർ വിദ്യാർഥികളാണ്. വർക്കിയുടെ ദ്വിതീയപുത്രൻ, ജോസഫ് എം.എസ്സി ആലപ്പുഴ പുത്തൻപുരയിൽ ഏലിയെ വിവാഹം ചെയ്തു.

ഈന്തുങ്കൽ പകുതി ശാഖ
സ്നേഹസ്മരണയ്ക്ക്







കെ.സി. തോമസും (കൊച്ചുതാടി) ഭാര്യ ത്രേസ്യയും



ബഹു. മാർക്കച്ചൻ



കെ.റ്റി. മൈക്കിൾ



കെ.റ്റി. ഈപ്പനും കുടുംബവും




കെ.റ്റി. തോമസും കുടുംബവും




കെ.റ്റി മാത്യു (കുഞ്ഞു മത്തായി) ഭാര്യ മേരിക്കുട്ടി
രാജി മാത്യു, ജോളി, റിയ




റോയി മാത്യു ഭാര്യ ജെസ്സി റോയി, അജയ് റോയി



കെ. വി. സക്കറിയായും കുടുംബവും



കെ. വി. ജോസഫും കുടുംബവും മൈസൂർ ഉപശ്രാഖ



കെ. വി. മാമ്മനും കുടുംബവും



കെ. ജെ. ചെറിയാനും കുടുംബവും, റോയി മാമ്മൻ, നീമാ റോയി




Late K.V.Zachariah (Inset) & Family

Front Row Starting Left: Elzy Tharamamgalam (Daughter) Anju Maria John (Grand Daughter) Mary Zachariah (Wife) Michael Tharamangalam (Grand Son) Joseph Tharamangalam (Son in law)

Rear Row Starting Left: Anila Patrick (Daughter in law) Colin West (Grand son-in-law) Melanie Tharamangalam West (Grand daughter) John Zachariah (Son)







അദ്ദേഹം മൈസൂർ സെന്റ് ഫിലോമിന കോളജിൽ പ്രൊഫസറാണ്. അദ്ദേഹത്തിനു ഒരു പുത്രനും മൂന്നു പുത്രിമാരുമുണ്ട്. അവർ വിദ്യാർഥികളാണ്. വർക്കിയുടെ മൂന്നാമത്തെ പുത്രൻ മാമ്മൻ ബി.എസ്സി തിരുവല്ലാ താലൂക്കിൽ നിരണത്ത് മാർത്തോമ്മാ സമുദായത്തിൽപ്പെട്ട പൂതിയോട്ട് ചെറിയാന്റെ മകൾ സ്വാനിയെ വിവാഹം ചെയ്തു. എറണാകുളത്ത് ഇന്ത്യാ ഗവൺമെന്റ് സർവീസിൽ ഡിഫൻസ് വകുപ്പിൽ ടെക്നിക്കൽ സൂപ്പർവൈസറായി ജോലി നോക്കുന്നു. അദ്ദേഹത്തിനു ഒരു പുത്രനും ഒരു പുത്രിയും ഉണ്ട്. ഇവർ ശിശുക്കളാണ്. ഈന്തുങ്കൽ പകുതിശാഖയിലെ ഉണിച്ചെറിയതിന്റെ മൂന്നാമത്തെ പുത്രൻ ചെറിയാൻ 17-ാമത്തെ വയസ്സിൽ മരിച്ചു. ഉണിച്ചെറിയതിന്റെ നാലാമത്തെ പുത്രൻ ഇട്ടിയപ്പ് (കെ.യു.ജോസഫ് ബി.എ) പാലാ പള്ളി ഇടവക കവിയിൽ കുടുംബത്തിൽപ്പെട്ട വെളുത്തേടത്തുപറമ്പിൽ തൊമ്മന്റെ മകൾ ഏലിയെ വിവാഹം ചെയ്തു പിതാവിന്റെ കൂടെ താമസിച്ചു. 38-ാമത്തെ വയസ്സിൽ ഇട്ടിയപ്പ് അകാലചരമം പ്രാപിച്ചു. ഇട്ടിയപ്പിന് ചെറിയാൻ, ജോസഫ് എന്നീ രണ്ടു പുത്രന്മാരുണ്ട്. മൂത്തമകൻ ചെറിയാൻ ബി.എസ്സി ബി.ഇ. എൻജിനീയറിംഗ് പരീക്ഷ പാസായി, രണ്ടാമൻ ജോസഫ് ബി.എസ്സി, ബി.ഇ ടെക്നിക്കൽ പരീക്ഷ പാസായി. രണ്ടു പേരും മാതൃഗൃഹത്തിൽ താമസിക്കുന്നു.

ഈന്തുങ്കൽ പകുതിയിൽ ശാഖ - ഇടമനത്തടം ഉപശാഖ

ബഹു. മാർക്കച്ചൻ - എട്ടാം തലമുറ

ഏഴാം തലമുറ കൊച്ച് തൊമ്മന്റെ (കെ.സി.തോമസ്) മൂത്തപുത്രൻ ബേബിയെന്ന് ഓമനപ്പേരുണ്ടായിരുന്ന ചെറിയാൻ 1918ൽ ജനിച്ചു. പാലാ, തൊടുപുഴ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം ചെയ്ത് എസ്.എസ്.എൽ.സി പാസായശേഷം 1942ൽ കൊല്ലത്തുള്ള കപ്പൂച്ചിൻ ആശ്രമത്തിൽ വൈദീകപഠനത്തിനു ചേർന്ന് റവ. ഫാ. മാർക്ക് എന്ന പേരിൽ അറിയപ്പെട്ടു. 1942-45 വരെ ലത്തീൻ, തത്വശാസ്ത്രം എന്നിവ പഠിച്ചശേഷം തൃശ്ശിനാപ്പള്ളിയിലുള്ള അമലാശ്രമം എന്ന കപ്പൂച്ചിൻ സ്ഥാപനത്തിൽവച്ച് വേദശാസ്ത്രപഠനവും പൂർത്തിയാക്കി 1948ൽ പട്ടമേറ്റു. 38 വർഷങ്ങൾ നീണ്ടുനിന്ന വൈദീക ജീവിതത്തിലെ 28 വർഷവും തൃശ്ശിനാപ്പള്ളി ശ്രീരംഗത്തുള്ള അമലാശ്രമത്തിൽ തന്നെയാണ് അദ്ദേഹം ജീവിച്ചത്. ഡയാബെറ്റിക്ക് രോഗബാധിതനായിരുന്ന മാർക്കച്ചൻ അമലാശ്രമത്തോടുള്ള തന്റെ അടുപ്പം ഫലിതരൂപേണ പ്രകടിപ്പിച്ചത് ഇങ്ങനെയാണ്:


"എല്ലാ ദേശങ്ങളിലും വേപ്പു മരങ്ങളില്ല; ചില ദേശങ്ങളിലുള്ള വേപ്പ് മരത്തിന്റെ ഇലകൾക്ക് കയ്പുരസം ഇല്ല; എന്നാൽ അമലാശ്രമത്തിലെ വേപ്പുമരത്തിന്റെ ഇലകൾക്ക് നല്ല കയ്പുരസമുണ്ട്. വേപ്പില ഇടിച്ചുപിഴിഞ്ഞ് ചാറ് കഴിക്കുന്നത് ഡയാബെറ്റിക്ക് രോഗത്തിനു നല്ല മരുന്നാണ്". തന്റെ അസുഖത്തെ അദ്ദേഹം പച്ചമലയാളത്തിൽ "ചക്കര വ്യാധി" എന്നും വിളിച്ചിരുന്നു!

മാർക്കച്ചൻ തമിഴ്നാടിനെ അത്യധികം സ്നേഹിച്ചു. മിഷ്യൻ പ്രവർത്തനങ്ങളുമായി തമിഴ്നാട്ടിലെ ഒട്ടുമിക്ക സ്ഥലങ്ങളിലും അദ്ദേഹം സഞ്ചരിച്ചിട്ടുണ്ട്. സാമൂഹ്യസേവനവും സ്കൂൾ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അദ്ദേഹം തൃശ്ശിനാപ്പള്ളി കൂടാതെ തൂത്തുകുടി, പട്ട്കോട്ടൈ എന്നീ പ്രദേശങ്ങളിലും താമസിച്ചു. തീർത്ഥാടന കേന്ദ്രങ്ങളായ വേളാങ്കണ്ണി, സെന്റ് തോമസ് മൗണ്ട് എന്നിവിടങ്ങളിൽ ധ്യാനഗുരുവായി പ്രവർത്തിച്ചു. സെന്റ് തോമസ് മൗണ്ടിൽവച്ച് കാൽ കല്ലിൽതട്ടി മുറിവുണ്ടായി സെപ്റ്റിക്കായത് മൂർച്ഛിച്ച് മരണകാരണമായി. 1986 മെയ് മാസത്തിൽ തന്റെ 69-ാമത്തെ ജന്മദിനത്തിൽ ശ്രീരംഗത്തുവച്ച് മാർക്കച്ചൻ ഇഹലോകവാസം വെടിഞ്ഞു.

കെ.റ്റി. മൈക്കിൾ (എട്ടാം തലമുറ)

കെ.സി.തോമസ് - ത്രേസ്യാ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ മൈക്കിൾ തുടങ്ങനാട് എൽ.പി.സ്കൂൾ, തൊടുപുഴ ഗവ. ഹൈസ്കൂൾ, മുട്ടം സംസ്കൃത സ്കൂൾ, ആലുവാ ആശ്രമം സ്കൂൾ എന്നിവിടങ്ങളിൽ പഠിച്ച് ശാസ്ത്രി പരീക്ഷ പാസ്സായി. കൊച്ചിയിൽ നാവികസേനയിൽ ചേർന്നു. എസ്.എസ്.എൽ.സി.യ്ക്ക് തുല്യമായ പരീക്ഷ ജയിച്ച് രോഗപരിചരണ വിഭാഗത്തിൽ പെറ്റി ഓഫീസറായി ഉദ്യോഗക്കയറ്റം കിട്ടി. വിലകൂടിയ അപൂർവ്വ ഔഷധങ്ങളുടെ സൂക്ഷിപ്പിൽ ക്രമക്കേട് കണ്ട് പിടിക്കപ്പെട്ട് കേസിൽ പെട്ടു. മൈക്കിൾ കേസ് ജയിച്ചെങ്കിലും നേവി സർവ്വീസിൽനിന്നും പുറത്തായി. പാലായിൽ ഈന്തുങ്കൽ പകുതി തറവാട്ടിലെ വീടും പറമ്പും നോക്കിനടത്തി രണ്ടുവർഷം കഴിച്ചശേഷം മൈക്കിൾ ജോലി തേടി കൽക്കട്ടയിലെത്തി. ഷാലിമാർ ടാർ പ്രോഡക്ട്സ് കമ്പനിയിൽ ജോലിക്കു ചേർന്നു മൈക്കിൾ സൂപ്പർവൈസർ തസ്തികയിലെത്തി.

1958ൽ മൈക്കിൾ തൃശൂർ മിഷ്യൻ ക്വാർട്ടേഴ്സിൽ ഇരിങ്ങാലക്കുടക്കാരൻ ലാസറിന്റെ മകൾ ലീലയെ വിവാഹം കഴിച്ചു. അവർക്ക് ഓമന (ത്രേസ്യാ) എന്നൊരു മകളുണ്ടായി. ഓമന മൈക്കിൾ ബി.എ. പഠിച്ചു. അങ്കമാലി മുണ്ടാടൻ മാത്യു മകൻ ജോസഫ് 1985ൽ വിവാഹം ചെയ്തു. ഷാലിമാർ കമ്പനിയിൽനിന്ന് പിരിഞ്ഞ ശേഷവും മൈക്കിൾ കൽക്കട്ടായിൽ തന്നെ താമസിച്ചു. 2000മാണ്ടോടടുത്ത് അവിടെവച്ച് മരണപ്പെട്ടു.



ഈന്തുങ്കൽ പകുതിശാഖ - ഇടമനത്തടം ഉപശാഖ

കെ.റ്റി. ഈപ്പൻ (എട്ടാം തലമുറ)

തോമസ് -ത്രേസ്യാ ദമ്പതികളുടെ മൂന്നാമത്തെ പുത്രൻ ഈപ്പൻ തുടങ്ങനാട് എൽ.പി.സ്കൂളിൽനിന്നും നാലാം ക്ലാസ് ജയിച്ച് മുട്ടം സംസ്കൃത സ്കൂളിൽ ചേർന്നു രണ്ടുവർഷം പഠിച്ചു. അപ്പൻ സ്വാതന്ത്ര്യസമരസേനാനിയായി നാടുവിട്ട് പോയപ്പോൾ പഠനം നിർത്തി വീട് നടത്തിപ്പിൽ അമ്മയെ സഹായിച്ചു. പിന്നീട് പാലായിൽ ഈന്തുങ്കൽ പകുതി തറവാട്ടിലെത്തി അപ്പന്റെ കൂടെ കുറച്ചുനാൾ താമസിച്ചു. അതിനുശേഷം ജോലി തേടി മലബാർ മേഖലയിലുള്ള അട്ടപ്പാടിയിലെത്തി അവിടെ താൽക്കാലിക തപാൽ ശിപായിയായി പത്തുവർഷക്കാലത്തോളം ജോലി നോക്കി. നാട്ടിലേക്കു മടങ്ങിവന്ന ഈപ്പന് പാലാ ഈന്തുങ്കൽ പകുതി തറവാട്ടിലെ വീട് വീതത്തിൽ കിട്ടിയതിനാൽ അവിടെ സ്ഥിരതാമസമാക്കി. 1976 മാർച്ചിൻ ഈപ്പൻ കടനാട്ടിൽ ചാത്തൻകുന്നേൽ തോമസ് - മറിയം മകൾ സിസിലിയെ വിവാഹം ചെയ്തു. ഇവർക്ക് ഐവാൻ, ജിമ്മി, ജോവാൻ (പ്രിയ) എന്നിങ്ങനെ മൂന്നു മക്കളുണ്ട്. മൂത്തമകൻ ഐവാൻ ഇലക്ട്രോണിക്സിലും ഷീറ്റ് മെറ്റൽ വെൽഡിംഗിലും പരിശീലനം നേടിയെങ്കിലും തൽക്കാലം വ്യാപാരശാലയിൽ കണക്കെഴുത്തുകാരനായി ജോലി ചെയ്യുന്നു. അനുജൻ ജിമ്മി റബർ ലാറ്റക്സ് പ്രോസസിംഗ് കമ്പനിയിൽ ജോലി നോക്കുന്നു. അവരുടെ സഹോദരി ജോവാൻ (പ്രിയ) എം.എ. പരീക്ഷ പാസ്സായി എറണാകുളത്തുള്ള ലക്ഷ്മി ഹോസ്പിറ്റലിൽ പി.ആർ.ഒ ആയി ജോലി ചെയ്യുന്നു. പ്രിയയെ, ചങ്ങനാശ്ശേരി തുരുത്തിയിൽ കൊച്ചീത്തറ വീട്ടിൽ ജോസഫ് - കൊച്ചുത്രേസ്യാ മകൻ ജോമോൻ 2011 മേയ് മാസത്തിൽ വിവാഹം ചെയ്തു. ജോമോൻ എറണാകുളത്ത് വിയാനി പ്രസ്സിലെ ഉദ്യോഗസ്ഥനാണ്.

ഈപ്പൻ ചേട്ടൻ 2011 ജനുവരി 15-ാം തീയതി ഇഹലോകവാസം വെടിഞ്ഞു. പാലാ ഇളന്തോട്ടം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

കെ.റ്റി. തോമസ് (തൊമ്മച്ചൻ/ഉമ്മച്ചൻ) എട്ടാം തലമുറ

കെ.സി.തോമസ് - ത്രേസ്യാ ദമ്പതികളുടെ നാലാമത്തെ പുത്രൻ തോമസ് തുടങ്ങനാട് സെന്റ് തോമസ് ഇംഗ്ലീഷ് ഹൈസ്കൂളിൽനിന്ന് എസ്.എസ്.എൽ.സി. പാസ്സായി. തൊടുപുഴ വടാത്ത് ദന്തഡോക്ടർ വി.വി.മാത്യുവിന്റെ കൂടെ ദന്തചികിത്സ പരിശീലിച്ച് രജിസ്ട്രേഷൻ വാങ്ങി മുട്ടത്ത് ഡന്റിസ്റ്റായി പ്രാക്ടീസ് ചെയ്തു. മറ്റു സഹോദരങ്ങൾ ഓരോ സാഹചര്യങ്ങളിൽ വീടുവിട്ടു പോയപ്പോൾ ഇടമത്തടത്തിൽ സ്ഥിരമായി താമസിച്ച് വീട് നടത്തിപ്പിൽ തൊമ്മച്ചൻ അമ്മയെ സഹായിച്ചു. കൂത്താട്ടുകുളം വടകര തലോടിയിൽ മത്തായി - ഏലിക്കുട്ടി മകൾ സെലീനെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മോൻസി (ത്രേസ്യാ), അനിൽ (തോംസൺ തോമസ്), ഡാലിയ, ആൻഡ്രിയ, മരിയ (അനുമോൾ) എന്നിങ്ങനെ അഞ്ച് സന്താനങ്ങളുണ്ട്. പെൺമക്കൾ നാലുപേരും നഴ്സിംഗിൽ പരിശീലനം നേടി. അനിൽ ചള്ളാവയൽ ടെക്നിക്കൽ സ്കൂളിൽനിന്ന് പ്ലംബിംഗിൽ പരിശീലനം നേടിയെങ്കിലും ഇപ്പോൾ ആംവേ എന്ന അമേരിക്കൻ കമ്പനിയിൽ ഉദ്യോഗവും വിടു നടത്തിപ്പുമായി കഴിയുന്നു. അനിൽ ആലക്കോട് മലേപ്പറമ്പിൽ എസ്തപ്പാൻ മകൾ മിനിയെ (മേരിക്കുട്ടി) വിവാഹം ചെയ്തു. ഇവർക്ക് Ist Std.യിൽ പഠിക്കുന്ന ഡോൺ എന്ന പുത്രനും രണ്ട് പുത്രിമാരും (ശിശുക്കൾ) ഉണ്ട്. തോമസ് - സെലിൻ ദമ്പതികളുടെ മൂത്തമകൾ മോൻസിയെ പാലാ സെന്റ് തോമസ് കത്തീഡ്രൽ പള്ളി ഇടവക മൂഴയിൽ തോമസ് മകൻ ജിജോ വിവാഹം ചെയ്തു. ഇവർക്ക് മൂന്നു സന്താനങ്ങളുണ്ട്.

രണ്ടാമത്തെ മകൾ ഡാലിയയെ എറണാകുളത്ത് കല്ലുങ്കൽ അന്തപ്പായി-റ്റീന മകൻ സതീശ് (ബെഞ്ചമിൻ) വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് പുത്രന്മാരുണ്ട്. ഡാലിയ ഗൾഫ് മേഖലയിൽ നേഴ്സായി ജോലി ചെയ്തിരുന്നു. വിവാഹശേഷം യു.എസ്.എയിലെത്തി ഭർത്താവിനൊപ്പം ഡിട്രോയ്റ്റിൽ സ്വന്തമായി വാങ്ങിയ വീട്ടിൽ താമസിച്ച് ജോലി തുടരുന്നു. മൂന്നാമത്തെ മകൾ ആൻഡ്രിയ നഴ്സിംഗ് പരിശീലനം കഴിഞ്ഞ് ഗൾഫ് മേഖലയിൽ കുറച്ചുനാൾ ജോലി നോക്കി. പിന്നീട് ബോംബെയിൽ ഉദ്യോഗസ്ഥനായ തലനാട് താളനാനിയിൽ തോമസ്-ഏലിയാമ്മ മകൻ ടോമി ആൻഡ്രിയയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒരു മകളുണ്ട്. തോമസ് - സെലിൻ ദമ്പതികളുടെ നാലാമത്തെ പുത്രി മരിയ (അനുമോൾ) ബാംഗ്ളൂരിൽനിന്നും നഴ്സിംഗ്


ബി.എസ്സി പാസായി ഇപ്പോൾ ഉത്തരാഖണ്ഡ് ഗവ. ഹോസ്പിറ്റലിൽ സ്റ്റാഫ് നേഴ്സായി ഇപ്പോൾ എറണാകുളം ലിസ്സി ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു.

2010 ഡിസംബർ ആദ്യവാരത്തിൽ മുട്ടം ടൗണിൽവച്ച് റോഡപകടത്തിൽപ്പെട്ട് വീഴ്ചയിൽ തലയ്ക്കും വാരിയെല്ലുകൾക്കും കേടുപറ്റിയ നിലയിൽ കോലഞ്ചേരി മിഷൻ ആശുപത്രിയിലെ തീവ്രപരിചരണ വിഭാഗത്തിൽ ഒരു മാസത്തോളം ചികിത്സയിലായിരുന്നെങ്കിലും രക്ഷിക്കാനായില്ല; 2011 ജനുവരി 13നു അന്തരിച്ചു. തുടങ്ങനാട് സെന്റ് തോമസ് ഫൊറോനാപള്ളി സെമിത്തേരിയിൽ 15ന് ശവസംസ്കാരം നടത്തി.

കെ.റ്റി. മാത്യു (കുഞ്ഞ് മത്തായി) എട്ടാം തലമുറ

കെ.സി.തോമസ് - ത്രേസ്യാ ദമ്പതികളുടെ അഞ്ചാമത്തെ പുത്രൻ മാത്യു (കുഞ്ഞുമത്തായി) തുടങ്ങനാട് ഇംഗ്ലീഷ് ഹൈസ്കൂളിൽനിന്നും എസ്.എസ്.എൽ.സി. പാസായി മുട്ടത്തുനിന്നു ടൈപ്പ്റൈറ്റിംഗും പഠിച്ചു. പഞ്ചായത്തിൽ ക്ലാർക്കായി ചേർന്നു. പിന്നീട് താലൂക്ക് ആപ്പീസിലേക്ക് മാറി. അവിടെനിന്നും കൊച്ചിയിൽ ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ ഇൻസ്പെക്ടറായും തുടർന്ന് ഗസറ്റഡ് ആപ്പീസറായും സേവനമനുഷ്ഠിച്ചു. ഗവ. സർവ്വീസിൽനിന്നു വിരമിച്ചശേഷം മാത്യു കുറച്ചുകാലം എറണാകുളത്ത് ചോയീസ് കമ്പനിയിൽ ഓഫീസ് മാനേജരായി ജോലി നോക്കിയിരുന്നു. തൊടുപുഴ മുട്ടത്ത് ചോക്കാട്ട് ജോൺ - അന്നമ്മ ദമ്പതികളുടെ മകൾ മേരിയെ 1965ൽ വിവാഹം ചെയ്ത് എറണാകുളത്ത് എളമക്കര (പാടം)യിൽ സ്വന്തമായി വീട് പണിയിച്ച് താമസിച്ചു. മാത്യു - മേരി ദമ്പതികൾക്ക് റോയി (തോമസ്), രാജി (ജൂലി) എന്നു രണ്ടു മക്കളുണ്ട്.

റോയി മാത്യു എറണാകുളത്ത് വിദ്യാഭ്യാസവും കഴിഞ്ഞ് ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നു. കളമശ്ശേരിയിൽ കൊച്ചിൻ റബർ കോംപ്ലക്സ് എന്ന പേരിൽ റബർ റീപ്രോസസ്സിംഗ് ഫാക്ടറി നടത്തുന്നു. റോയി, എറണാകുളത്ത് തോപ്പുംപടി കോന്നോത്ത് ജോൺ മകൾ ജെസ്സി (വെറോനി)യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഒമ്പതാംക്ലാസിൽ പഠിക്കുന്ന അജോയ് റോയ് എന്നൊരു മകനുണ്ട്. ജെസ്സി അഡ്വക്കേറ്റാണെങ്കിലും ഇപ്പോൾ പ്രാക്ടീസ് ചെയ്യുന്നില്ല. മാത്യുവിന്റെ മകൾ രാജി (ജൂലി)യെ എളമക്കര ആന്റണി - റോസിലി മകൻ ജോളി (ജോളി വർഗീസ്) വിവാഹം ചെയ്തു. രാജി എളമക്കരയിൽ ബ്യൂട്ടിപാർലർ നടത്തുന്നു. കുഞ്ഞുമത്തായി 2005 മെയ് മാസത്തിൽ അന്തരിച്ചു.



ഈന്തുങ്കൽ പകുതിശാഖ - ചള്ളാവയൽ (തീപ്പൊഴിക്കുന്ന്) ഉപശാഖ

കെ.വി.സക്കറിയാ (കറിയാ/സ്കറിയാ) എട്ടാം തലമുറ

വർക്കി - ചാച്ചി ദമ്പതികളുടെ പ്രഥമ പുത്രൻ സ്കറിയ 1920ൽ ജനിച്ചു. പാലായിലും പിന്നീട് കോട്ടയം എം.ടി.സെമിനാരി ഇംഗ്ലീഷ് ഹൈസ്കൂളിലും പഠിച്ച് എസ്.എസ്.എൽ.സി. പാസ്സായശേഷം ഉപ്പാപ്പൻ ഇട്ടി ഐപ്പിന്റെ സഹായത്തോടെ ഇന്ത്യൻ റെയിൽവേയിൽ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു. ടെസ്റ്റുകൾ ജയിച്ച് സ്റ്റേഷൻ മാസ്റ്റർ തസ്തികയിലെത്തി. 1948ൽ തിരുവല്ലാ ചാത്തങ്കരി വായ്പ്പനാരിൽ ഈപ്പൻ - കുട്ടിയമ്മ ദമ്പതികളുടെ മൂത്ത മകൾ കുഞ്ഞൂഞ്ഞമ്മ (മേരി)യെ വിവാഹം ചെയ്തു. ഇവർക്ക് എൽസി എന്ന മകളും ജോൺ (ജോയിച്ചന) എന്ന മകനും ജനിച്ചു.

പിതാമഹൻ ഉണിച്ചെറിയതും ഉപ്പാപ്പൻ ഇട്ടി ഐപ്പും ഫോർവേഡ് ബാങ്ക് എന്ന സ്ഥാപനവുമായുണ്ടായിരുന്ന കേസ്സിലും കടബാദ്ധ്യത തർക്കത്തിലും പെട്ട് കഷ്ടപ്പെട്ടപ്പോഴെല്ലാം സ്കറിയാ റെയിൽവേ സർവീസിൽനിന്ന് അവധിയെടുത്ത് നാട്ടിലെത്തി അവരെ സഹായിച്ചിരുന്നതിനാലാകാം സ്കറിയയുടെ അപ്പൻ വർക്കിയുടെ വീതത്തിൽ വച്ചിരുന്ന തീപ്പുഴിക്കുന്ന് പുരയിടം കറിയായുടേയും അനുജന്മാരുടേയും പേരിൽ പിതാമഹൻ ഉണിച്ചെറിയ എഴുതിവച്ചു.

റെയിൽവേ ജോലിക്കാലത്ത് സ്കറിയാ മലബാറിൽ മണ്ണാർക്കാട് കാഞ്ഞിരപ്പുഴ ഭാഗത്ത് സ്വന്തമായി വീടും പറമ്പും കണ്ടവും വാങ്ങിയിരുന്നു. ഊട്ടി വെല്ലിംഗ്ടണിൽ സ്റ്റേഷൻ മാസ്റ്ററായി ജോലിയിലിരിക്കുമ്പോൾ സ്വയം വിരമിക്കൽ പദ്ധതി അനുസരിച്ച് ഉദ്യോഗം രാജിവച്ച് സ്കറിയായും കുടുംബവും മലബാറിലെത്തി താമസം തുടങ്ങി. കുറച്ചുകാലത്തിനുശേഷം അവിടെനിന്നും കുടുംബസമേതം മൈസൂരിലെത്തി, അനുജൻ ഐപ്പിന്റെ സഹായത്തോടെ വീടുവച്ച് താമസിച്ച് കോളേജ് വിദ്യാർഥികൾക്കുവേണ്ടി പ്രൈവറ്റ് ഹോസ്റ്റൽ നടത്തി. ഇതിനിടെ നാട്ടിൽ അപ്പൻ വർക്കിയുടെ ആരോഗ്യം മോശമായതിനാൽ കുടുംബസമേതം തുടങ്ങനാട് ചള്ളാവയലിൽ എത്തി വീടും പറമ്പും നോക്കി നടത്തുന്ന ചുമതല ഏറ്റെടുത്തു. അപ്പൻ വർക്കി, മകൻ ഐപ്പിനോടൊപ്പം താമസിക്കാൻ മൈസൂരിലേക്കും മാറി.

സ്കറിയായുടെ മകൾ എൽസി കോയമ്പത്തൂർ ഒറ്റപ്പാലം എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി മൈസൂർ റീജിനൽ കോളേജിൽനിന്നും ബി.എ.ബി.എഡും പിന്നീട് എം.എയും പാസായി. തൃശ്ശിനാപ്പള്ളി ഹോളിക്രോസ് കോളേജിൽ ലക്ചറർ ആയി ജോലി നോക്കുമ്പോൾ, 1975 ജൂണിൽ വാഴൂർ താരമംഗലത്ത് മത്തായി - മറിയം ദമ്പതികളുടെ മകൻ ജോസഫിനെ വിവാഹം ചെയ്തു. അദ്ദേഹം സോഷ്യോളജിയിലും എൽസി താരമംഗലം ഇംഗ്ലീഷ് ഭാഷയിലും പി.എച്ച്.ഡി ബിരുദം നേടി. അധ്യാപനവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു. 35 വർഷത്തോളം കാനഡയിൽ സ്ഥിരതാമസമാക്കിയ ഈ ദമ്പതികൾക്ക് മൈക്കിൾ എന്ന പുത്രനും മെലനി എന്ന പുത്രിയുമുണ്ട്.

മകൻ ജോൺ (ജോയിച്ചൻ) തൊടുപുഴ ഡീപോൾ ഇംഗ്ലീഷ് ഹൈസ്കൂളിൽ സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് മൈസൂർ സി.പി.സി. പോളിടെക്നിക്കിൽ നിന്ന് ഓട്ടോമൊബൈൽ എൻജിനീയറിംഗിൽ ഡിപ്ലോമ പാസ്സായി ഗൾഫ് മേഖലയിൽ രണ്ടുവർഷത്തോളം ജോലി ചെയ്തശേഷം മൈസൂർ ജാവാ മോട്ടോർ സൈക്കിൾ കമ്പനിയിൽ ഉദ്യോഗസ്ഥനായി. ജോയിച്ചൻ മൈസൂർ സിറ്റിക്കടുത്ത് സ്ഥിരതാമസമാക്കിയപ്പോൾ നാട്ടിലുള്ള വീടും പറമ്പും വിറ്റ് സ്കറിയാ പത്നീസമേതം അവിടേക്ക് മാറി. വായനാതല്പരനായിരുന്ന സ്കറിയായ്ക്കും പിതാവിനെപ്പോലെ നല്ലൊരു പുസ്തകശേഖരം ഉണ്ടായിരുന്നു. കെ.വി.സക്കറിയ കിഴക്കേക്കര താവഴിചരിത്രം എന്ന പുസ്തകം എഴുതി 1992ൽ പ്രസിദ്ധീകരിച്ചു. 1980 മുതൽ ഹൃദ്രോഗം അലട്ടിയിരുന്നെങ്കിലും എഴുത്തും വായനയും യാത്രയുമായി സദാ കർമ്മനിരതനായിരുന്ന സ്കറിയാ 2003 ഫെബ്രുവരിയിൽ മരണത്തിനു കീഴടങ്ങി. മൈസൂർ സെന്റ് ജോസഫ് ഭദ്രാസന പള്ളി സെമിത്തേരിയിൽ ശവസംസ്കാരം നടത്തി.

ഈന്തുങ്കൽ പകുതിശാഖ - മൈസൂർ ഉപശാഖ

ജോൺ സക്കറിയാ (ജോയിച്ചൻ) ഒമ്പതാം തലമുറ

എട്ടാം തലമുറ സക്കറിയാ - കുഞ്ഞൂഞ്ഞമ്മ ദമ്പതികലുടെ പുത്രനായി 1959-ൽ ജനിച്ചു. മണ്ണാർക്കാട്, മൈസൂർ, തൊടുപുഴ ഡീപോൾ ഇംഗ്ലീഷ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം

പൂർത്തിയാക്കി മൈസൂർ സി.പി.സി. പോളിടെക്നിക്കിൽനിന്ന് ഓട്ടോ മൊബൈൽ എൻജിനീയറിംഗിൽ ഡിപ്ലോമാ നേടി. ഗൾഫ് മേഖലയിൽ രണ്ടുവർഷത്തോളം ജോലി ചെയ്തശേഷം മൈസൂർ ജാവാ മോട്ടോർ സൈക്കിൾ കമ്പനിയിൽ ഉദ്യോഗസ്ഥനായി. മാനന്തവാടിയിൽനിന്നും മൈസൂരിൽ സ്ഥിരതാമസമാക്കിയ ഫ്രാങ്ക് വില്ലയിൽ സൈമൺ പാട്രിക്കിന്റെയും ആഗ്നസ്സിന്റെയും പുത്രി അനില (എഡ്രിൻ)യെ 1989 ഒക്ടോബറിൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് 1991 ഏപ്രിലിൽ അഞ്ജു മരിയ ജോൺ എന്ന പുത്രി ജനിച്ചു. മൈസൂരിൽ സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് അഞ്ജു പൂനാ സിമ്പയോസിസ് ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയിൽനിന്നും ബി.ബി.എ ബിരുദം നേടി.

മൈസൂർ ജാവാ മോട്ടോർ സൈക്കിൾ ഫാക്ടറിയുടെ പ്രവർത്തനം നിലച്ചപ്പോൾ ബിർള യമഹ കമ്പനിയിൽ ജോയിച്ചൻ ഏരിയാ മാനേജരായി ജോലി ചെയ്തശേഷം ഇപ്പോൾ കീസ്റ്റോൺ ഗ്രൂപ്പ് റിയൽ എസ്റ്റേറ്റ് ഡെവലപ്മെന്റ് കമ്പനിയിൽ ജോലി നോക്കിവരുന്നു. സങ്കല്പാ സെൻട്രൽ പാർക്ക് എന്നു പേരുള്ള അപ്പാർട്ട്മെന്റുകളും മാളുകളും അടങ്ങിയ മിനി ടൗൺ ഷിപ്പ് ഡെലവപ്മെന്റ് കമ്പനിയുടെ തലവനായി ഇപ്പോൾ ജോലി ചെയ്തുവരുന്നു. മാതാവിനോടൊത്ത് കുടുംബസമേതം മൈസൂർ സിറ്റിക്കടുത്ത് നായിഡുനഗറിൽ താമസിക്കുന്നു.

ഈന്തുങ്കൽ പകുതിശാഖ - ചള്ളാവയൽ (തീപ്പൊഴിക്കുന്ന്) ഉപശാഖ

പ്രഫ. കെ.വി.ജോസഫ് (കുഞ്ഞേപ്പ്, ഐപ്പ്, ജോസ്) എട്ടാം തലമുറ

വർക്കി - ചാച്ചി ദമ്പതികളുടെ ദ്വിതീയ പുത്രൻ ജോസഫ് 1928ൽ ജനിച്ചു. തൊടുപുഴ, തിരുവല്ല എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസവും ചങ്ങനാശ്ശേരി സെന്റ് ബർക്ക്മെൻസ്, മൈസൂർ സെന്റ് ഫിലോമിനാസ് എന്നിവിടങ്ങളിൽ കോളജ് വിദ്യാഭ്യാസവും കഴിഞ്ഞ് പഠിച്ച കലാശാലയിൽ തന്നെ ബോട്ടണി ഡിപ്പാർട്ട്മെന്റിൽ ഡമോൺസ്ട്രേറ്റർ തസ്തികയിൽ ജോലിക്കു ചേർന്നു. ജോസഫ് ആലപ്പുഴ പുത്തൻപുരയ്ക്കൽ ജേക്കബ് ചാണ്ടി - അന്നമ്മ ദമ്പതികളുടെ മകൾ ആലീസിനെ (ഏലിക്കുട്ടി) 1957ൽ വിവാഹം ചെയ്തു. രണ്ടുവർഷം സെന്റ് ഫിലോ

മിനാസിൽനിന്നും അവധിയെടുത്ത് പഠിച്ച് മൈസൂർ യൂണിവേഴ്സിറ്റിയിൽനിന്നും എം.എസ്സി ബിരുദം നേടി ലക്ചറർ തസ്തികയിലെത്തി. പിന്നീട് പ്രഫസറും ഡിപ്പാർട്ട്മെന്റ് തലവനുമായി സർവ്വീസിൽനിന്ന് വിരമിച്ചു. മൈസൂർ സിറ്റിക്കടുത്ത് എൻ.ആർ.മൊഹല്ലയിൽ സ്വന്തമായി പണിയിച്ച ആൻവില്ലയിൽ താമസിക്കുന്നു.

ജോസഫ് - ആലീസ് ദമ്പതികൾക്ക് ലിസ്സി, അനു, ചിച്ചു എന്നീ മൂന്നു പെൺകുട്ടികളും ജോജു (ജോർജ്ജ്) എന്നൊരു പുത്രനുമുണ്ട്. ലിസ്സി ബോട്ടണിയിൽ എം.എസ്സി ബിരുദം നേടി മൈസൂർ മഹാറാണി കോളേജിൽ പഠിപ്പിക്കുമ്പോൾ, പാലായിൽനിന്നും മാനന്തവാടിയിൽ കുടിയേറി സ്ഥിരതാമസമാക്കിയ കുടക്കച്ചിറ ഫിലിപ്പ് സാറിന്റെയും ഭാര്യ മറിയത്തിന്റേയും മകൻ സൗത്ത് ഇന്ത്യൻ ബാങ്ക് ഉദ്യോഗസ്ഥൻ സിറിയക്ക് ബി.എ.യെ വിവാഹം ചെയ്തു. അവർക്ക് പൂജ എന്നൊരു പുത്രിയും വിവേക് എന്നൊരു പുത്രനുമുണ്ട്.

രണ്ടാമത്തെ പുത്രി അന്നു ജോസഫ് എം.എസ്സി (സ്പീച്ച് ആന്റ് ഹീയറിംഗ്) ചെങ്ങന്നൂരിൽനിന്നും മലേഷ്യയിൽ കുടിയേറി അവിടെ സ്ഥിരതാമസമാക്കിയ പൂമുഖപ്പറമ്പിൽ നാണു - മാധവിപ്പണിക്കർ ദമ്പതികലുടെ മകൻ വാസുപ്പണിക്കർ ബി.എ.യെ വിവാഹം ചെയ്ത് മൈസൂർ സിറ്റിക്കടുത്തുള്ള ഫാം ഹൗസിൽ താമസിക്കുന്നു. ഈ ദമ്പതികൾക്ക് ശില്പ, കവിത എന്നിങ്ങനെ രണ്ടു പെൺമക്കളുണ്ട്. വാസുപ്പണിക്കർ മലേഷ്യയിൽ ജോലി തുടരുന്നു.

മൂന്നാമത്തെ മകൾ ചിച്ചു (സിസിലി) ബി.കോമിനെ തിരുവല്ല കാവുംഭാഗം മണ്ണിൽ പുത്തൻപുരയ്ക്കൽ സഖറിയ - ശോശാമ്മ മകൻ ജോർജ്ജ് വിവാഹം ചെയ്തു. ഇരുവരും ദുബായിൽ ജോലി ചെയ്യുന്നു. ഇവർക്ക് സമാന്താ, സ്റ്റെഫ്നി എന്നീ രണ്ടു മക്കളുണ്ട്.

"വിവാഹിതനാകുമ്പോൾ തുച്ഛശമ്പളക്കാരനായ ജോസഫ് സാർ ഹോസ്റ്റൽ നടത്തിയും സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കെട്ടിടങ്ങൾ പണിയിച്ച് കൊടുത്തും ട്യൂഷനെടുത്തും ചിലവിന്റെ വിടവ് നികത്തി. 43-ാം വയസ്സിലാണ് ക്ലാസ്സോടെ എം.എസ്സി ബിരുദം നേടി ഇദ്ദേഹം ഉദ്യോഗക്കയറ്റത്തിനു അർഹനായത്. അതിരാവിലെയും വൈകീട്ടും ഈ രണ്ടു ക്ലാസുകളിലായി ഇരുന്നൂറോളം പേർക്ക് ട്യൂഷനെടുത്തും 15 കിലോമീറ്റർ അകലെ പോയി രണ്ടാണ്ടുകൾ പഠിച്ച് അർഹമായ മാർക്ക് നേടി. അനുമോദനാർഹമായ, അനുകരണീയമായ കഠിന പ്രയത്നം." (കിഴക്കേക്കര താവഴി ചരിതം - പേജ് 100).

ഈന്തുങ്കൽ പകുതിശാഖ - മൈസൂർ ഉപശാഖ

ജോർജ്ജ് ജോസഫ് (ജോജു) ബി.ഇ. ഒമ്പതാം തലമുറ

ജോസഫ് - ആലീസ് ദമ്പതികലുടെ പുത്രൻ ജോജു മൈസൂരിൽ സ്കൂൾ വിദ്യാഭ്യാസവും ദാവൺഗാരെ എൻജിനീയറിംഗ് കോളേജിൽനിന്ന് ബി.ഇ (മെക്കാനിക്കൽ)ലും പാസ്സായി ഗ്ലോട്രോണിക്സ് ആർ & ഡി ഡിപ്പാർട്ട്മെന്റിൽ ജോലിയിൽ പ്രവേശിച്ചു. റെമിങ്ട്ടൺ കമ്പനിയിൽ ജോലി ചെയ്യുമ്പോൾ, നെസലേ കമ്പനി ഉദ്യോഗസ്ഥയും മൈസൂർ രാമസ്വാമി - പുഷ്പാ ദമ്പതികളുടെ മകളുമായ ഷീല എം.ബി.എയെ വിവാഹം ചെയ്തു. പുത്രനായ ആദർശ് വിദ്യാർഥിയാണ്. ഇപ്പോൾ ജോജു ആലപ്പുഴ വി.ആർ.എൽ സ്പൈസസ് പ്രോസസിംഗ് ആൻഡ് എക്സ്പോർട്ടിംഗ് കമ്പനിയിൽ ജനറൽ മാനേജരായി ജോലി ചെയ്തുകൊണ്ട് എറണാകുളം - കാക്കനാട്ട് സ്വന്തമായി വാങ്ങിയ വീട്ടിൽ താമസിക്കുന്നു.

ഈന്തുങ്കൽ പകുതിശാഖ - ചള്ളാവയൽ (തീപ്പൊഴിക്കുന്ന്) ഉപശാഖ

കെ.വി.മാമ്മൻ (എട്ടാം തലമുറ)

വർക്കി - ചാച്ചി ദമ്പതികളുടെ മൂന്നാമത്തെ പുത്രൻ മാമ്മൻ 1932ൽ ജനിച്ചു. തിരുവല്ല പ്രിൻസ് മാർത്താണ്ഡവർമ്മ ഹൈസ്കൂളിൽനിന്ന് സംസ്ഥാന സ്കോളർഷിപ്പോടെ എസ്.എസ്.എൽ.സി. പാസായി. ആലുവ യൂസികേളേജ്, മദ്രാസ് ക്രിസ്ത്യൻ കോളേജ് എന്നിവിടങ്ങളിൽ പഠിച്ച് ബി.എസ്സി ബിരുദം നേടി. കേന്ദ്ര ഗവൺമെന്റ് രാജ്യരക്ഷാവകുപ്പിനു കീഴിലുള്ള ക്വാളിറ്റി കൺട്രോൾ ഡയറക്ടറേറ്റിൽ ടെക്നിക്കൽ സൂപ്പർവൈസറായി 1957ൽ ജോലി കിട്ടി. ബോംബെ, മദ്രാസ്, ബാംഗ്ളൂർ, കാൺപൂർ, കൊച്ചി എന്നിവിടങ്ങളിൽ ജോലി ചെയ്തു. 1986-1992 വരെ എറണാകുളം ബ്രാഞ്ച് ആപ്പീസിന്റെ ആപ്പീസർ ഇൻ ചാർജ്ജായിരുന്നു 1992ൽ റിട്ടയർ ചെയ്തു. ചള്ളാവയൽ

കവലയ്ക്ക് അടുത്ത് കുടുംബസ്വത്തിൽ ഓഹരിയായി കിട്ടിയ സ്ഥലത്ത് വീടുവച്ച് താമസിക്കുന്നു.

മാമ്മൻ 1962 ഡിസംബറിൽ നിരണം പൂതിയോട്ട് ചെറിയാൻ - സാറാമ്മ മകൾ സ്വാനി (സൂസമ്മ)യെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മിനി (എലിസബത്ത്) എന്ന മകളും ജോജി (ജോർജ്ജ്), റോയി (ചെറിയാൻ) എന്നീ രണ്ടു പുത്രന്മാരും ഉണ്ട്. മിനി എറണാകുളം, കാൺപൂർ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് മദ്രാസിൽ വൈഷ്ണവ കോളേജിൽനിന്ന് ബി.എസ്സിയും പ്രസിഡൻസി കോളേജിൽനിന്ന് റാങ്കോടെ എം.എസ്സി (ബോട്ടണി)യും പാസ്സായി. മദ്രാസ് യൂണിവേഴ്സിറ്റിയിൽനിന്ന് എം.ഫിൽ നേടി. മിനി വിമൻസ് ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപികയായും പിന്നീട് എറണാകുളത്ത് എ.വി.ടി.കമ്പനിയിൽ റിസേർച്ച് അസിസ്റ്റന്റായും പ്രവർത്തിച്ചു. 1995ൽ കോട്ടയം സിഎം.എസ് കോളേജിൽ ലക്ചററായി ചേർന്നു. 2010ൽ ബോട്ടണിയിൽ പി.എച്ച്.ഡി. ബിരുദം നേടി അസോസിയേറ്റ് പ്രഫസർ തസ്തികയിൽ ജോലി ചെയ്യുന്നു. മാവേലിക്കരനിന്നും ബാംഗ്ളൂരിൽ താമസമാക്കിയ പുത്തൻവീട്ടിൽ ഉമ്മച്ചൻ - അമ്മിണി ദമ്പതികളുടെ മകൻ ക്യാപ്റ്റൻ പി.ഒ.ചാക്കോ (മോനി) 1988ൽ മിനിയെ വിവാഹം ചെയ്തു. ഇവർക്ക് നീതി, നീൽ എന്നീ രണ്ടു മക്കളുണ്ട്.

ജോജി (ജോർജ്ജ് മാമ്മൻ) എറണാകുളം, കാൺപൂർ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് തൊടുപുഴ ന്യൂമാൻ കോളേജിൽനിന്ന് ബി.എ.യും കൊച്ചിൻ യൂണിവേഴ്സിറ്റിയിൽനിന്ന് ഹിന്ദിയിൽ ക്ലാസ്സോടെ എം.എ.യും പാസ്സായി. 1995ൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽനിന്ന് പി.എച്ച്.ഡി. ബിരുദവും നേടിയ ജോജി കുറച്ചുനാൾ മാന്നാനം കെ.ഇ.കോളേജിൽ താൽക്കാലിക തസ്തികയിൽ ജോലി ചെയ്തശേഷം കാസർഗോഡ് രാജപുരം സെന്റ് പയസ്സ് ടെൻത് കോളേജിൽ ഹിന്ദി ലക്ചററായി ചേർന്നു. ഇപ്പോൾ അസോസിയേറ്റ് പ്രഫസർ തസ്തികയിൽ ജോലി നോക്കുന്നു. 1996ൽ ജോജി തിരുവല്ലാ മാന്നാർ മട്ടയ്ക്കൽ ഏബ്രഹാം - കൊച്ചന്നാമ്മ ദമ്പതികളുടെ മകൾ രേഖ (എലിസബത്ത്) എം.എസ്സി ബി.എഡ്ഡിനെ വിവാഹം ചെയ്തു. ഇവർക്ക് എട്ടാം ക്ലാസിൽ പഠിക്കുന്ന ജോയൽ മാമ്മൻ ജോർജ്ജ് എന്നൊരു മകനുണ്ട്.

മാമ്മൻ - സ്വാനി ദമ്പതികളുടെ ഇളയ മകൻ റോയി മദ്രാസ്,

തൊടുപുഴ ഡീപോൾ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് മൂലമറ്റം സെന്റ് ജോസഫ്സിൽനിന്ന് പ്രീഡിഗ്രി പാസ്സായി എൻട്രൻസ് പരീക്ഷയെഴുതി അഡ്മിഷനു യോഗ്യത നേടി. മോഡൽ എൻജിനീയറിംഗ് കോളേജിൽ പഠിക്കുമ്പോൾ ഗുരുതരമായ ആക്സിഡന്റിൽപ്പെട്ട് ഒരു വർഷം പഠിപ്പുമുടങ്ങി.


1995ൽ കംപ്യൂട്ടർ എൻജിനീയറായി ജോലി കിട്ടി ബോംബെയിലെത്തി. പിന്നീട് ഐബിഎം കമ്പനിയിൽ ജോലികിട്ടി ബാംഗ്ളൂരിലേക്ക് മാറി. അതേ കമ്പനിയിൽ ജോലിയിലിരിക്കേ യു.എസ്.എയിലേക്ക് പോകാൻ അവസരം ലഭിച്ചു. ബോസ്റ്റണിൽ ജോലിയിലിരിക്കുമ്പോൾ പാലാ മുത്തോലി തെങ്ങിൻതോട്ടത്തിൽ തോമസ് - റൂബി മകൾ നീമയെ 1999 ഡിസംബറിൽ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് റേയാ എന്നൊരു മകൾ (ശിശു) ഉണ്ട്. റോയി ഇപ്പോൾ കാലിഫോർണിയായിൽ ഐ.ഡി.ടി (ഇന്റഗ്രേറ്റഡ് ഡിവൈസ് ടെക്നോളജി) കമ്പനിയിൽ ഇലക്ട്രോണിക്സ് ഡിസൈൻ എൻജിനീയറായി ജോലി ചെയ്തുകൊണ്ട് സ്വന്തമായി വാങ്ങിയ വീട്ടിൽ താമസിക്കുന്നു.

ഈന്തുങ്കൽ പകുതിശാഖ - ഐക്കര ഉപശാഖ

കെ.ജെ.ചെറിയാൻ (എട്ടാം തലമുറ)

ഇട്ടി ഐപ്പ് - കുഞ്ഞേലിയാമ്മ ദമ്പതികളുടെ മൂത്തപുത്രൻ ചെറിയാൻ 1944ൽ ജനിച്ചു. സ്കൂൾ - കോളേജ് വിദ്യാഭ്യാസ കാലത്ത് പഠിപ്പിനൊപ്പം സ്പോർട്സിലും ഗെയിംസിലും ചെറിയാൻ പ്രാവീണ്യം നിലനിർത്തി. മെഡലുകളും കപ്പുകളും ഷീൽഡുകളും വാരിക്കൂട്ടി മേളകളിൽ ചാമ്പ്യനായി. 1962ൽ തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിൽ സ്പോർട്സ് കോട്ടായിൽ അഡ്മിഷൻ നേടി. ബി.എസ്സി (എൻജി) എന്ന പഞ്ചവത്സര കോർഴ്സ് പാസ്സായ ചെറിയാൻ 1973ൽ ഇടമറ്റത്ത് പുലിക്കുന്നേൽ കറിയാ - കാതറൈൻ ദമ്പതികളുടെ മകൾ ലൈല (റോസ)യെ വിവാഹം ചെയ്തു. ലൈലയോടൊപ്പം ജോലി സ്ഥലമായ കാനഡായിലെത്തിയ ചെറിയാച്ചൻ ഓന്റാറിയോ സർക്കാർ വൈദ്യുതി കേന്ദ്രത്തിൽ വിഭവ സംയോജകൻ (ഫെസിലിറ്റീസ് കോ-ഓർഡിനേറ്റർ) ആയി ഉദ്യോഗസ്ഥനായി. ചെറിയാൻ - ലൈല ദമ്പതിമാർക്ക് സഞ്ജയ് - ജോസഫ് ചെറിയാൻ, സോണിയ എലിസ

ബേത്ത് ചെറിയാൻ എന്നീ രണ്ടു മക്കളുണ്ട്. ഇവർ വളർന്നതും വിദ്യാഭ്യാസം ചെയ്തതും കാനഡയിലാണ്. രണ്ടുപേരുടേയും വിവാഹവും അവിടെവച്ച് തന്നെ നടന്നു. സോണിയയെ ഡാറൻ ആണ് വിവാഹം ചെയ്തത്. സഞ്ജയ് കാഷായെ വിവാഹം ചെയ്തു. അവർക്ക് ലൂക്കാ, അഞ്ജലി, ഫിലിപ്പ് എന്നീ മൂന്നു സന്താനങ്ങളുണ്ട്.



ഈന്തുങ്കൽ പകുതിശാഖ - ഐക്കര ഉപശാഖ

കെ.ജെ.ജോസ് (പാപ്പച്ചൻ) (എട്ടാം തലമുറ)

ഇട്ടി ഐപ്പ് - കുഞ്ഞേലിയാമ്മ ദമ്പതികളുടെ ദ്വിതീയ പുത്രൻ ജോസ് (പാപ്പച്ചൻ) 1945ൽ ജനിച്ചു. പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ സ്കൂൾ വിദ്യാഭ്യാസവും സെന്റ് തോമസ് കോളേജിൽനിന്ന് പി.യു.സി.യും പാസ്സായി മാർക്കുകളുടെ മേന്മയിൽ തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിൽ അഡ്മിഷൻ നേടി. പഞ്ചവത്സര കോഴ്സ്


ആയ ബി.എസ്സി (എൻജി - മെക്കാനിക്കൽ) പാസ്സായി, കോഴിക്കോട്ടുള്ള മാവൂർ റയോൺസ് ഫാക്ടറിയിൽ ഉദ്യോഗസ്ഥനായി. രണ്ടര വർഷത്തോളം അവിടെ ജോലി ചെയ്തശേഷം പാപ്പച്ചൻ കൊച്ചിൻ ഷിപ്പ് യാർഡിൽ അസി. എൻജിനീയറായി ചേർന്നു. 1976 ഫെബ്രുവരിയിൽ ജോസ് തൊടുപുഴ മുട്ടം ഏറുമ്പുറത്ത് ഔസേപ്പ് - റോസ മകൾ കുഞ്ഞൂഞ്ഞമ്മയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ധന്യ (എലിസബേത്ത്) വിദ്യ (റോസ), വിനീത് ജോസ് ജോസഫ് എന്നീ മൂന്നു മക്കളുണ്ട്.

കൊച്ചിൻ ഷിപ്പ്യാർഡിൽനിന്നും റിട്ടയർചെയ്ത ജോസ് പാലാ ടൗണിനടുത്ത് മഹാറാണി തിയേറ്ററിനോട് ചേർന്ന് സ്വന്തമായുള്ള വീട്ടിൽ താമസിക്കുന്നു.

ജോസ് - കുഞ്ഞൂഞ്ഞമ്മ ദമ്പതികളുടെ മൂത്തമകൾ ധന്യ പാലാ അൽഫോൻസാ കോളേജിൽനിന്ന് ബി.എസ്സിയും കോട്ടയം സി.എം.എസ് കോളേജിൽനിന്ന് എം.എസ്സി ബിരുദവും നേടി. പുളിങ്കുന്ന് മണത്തറ വീട്ടിൽ സണ്ണിച്ചൻ - അന്നാമ്മ ദമ്പതികളുടെ മകൻ ജോസ് സെബാസ്റ്റ്യൻ (ജിക്കു) ധന്യയെ വിവാഹം ചെയ്തു. ഈ ദമ്പതികൾ ഇംഗ്ലണ്ടിൽ താമസിക്കുന്നു. ഇളയ മകൾ വിദ്യ പാലാ അൽഫോൻസാ കോളേജിൽനിന്ന് ബി.എസ്സിയും തിരുവല്ലാ തുകലശേരി മാക്ഫാസ്റ്റ് കോളേജിൽനിന്ന് എം.ബി.എ.യും പാസ്സായി ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. മകൻ വിനീത് ജോസ് ജോസഫ് പാലാ സെന്റ് തോമസ് ഹൈസ്കൂളിൽനിന്ന് സ്കൂൾ പഠനം കഴിഞ്ഞ് ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളജിൽനിന്ന് ബി.എ.യും സെന്റ് കിറ്റ്സിൽനിന്ന് എം.ബി.എയും പാസ്സായി പാലാ എച്ച്.ഡി.എഫ്.സി.യിൽ ജോലി ചെയ്യുന്നു.

കിഴക്കേക്കര കൈതോലിൽ

സ്നേഹസ്മരണയ്ക്ക്



ഈഷൻ ഇട്ടിഐപ്പ്



ഏലിയാമ്മ ഇട്ടിഐപ്പ്




ഫാ. മാത്യു കിഴക്കേക്കര




ഫാ. തോമസ് കിഴക്കേക്കര



ഇട്ടി ഐപ്പ് വർക്കി




ഏലിക്കുട്ടി വർക്കി



പ്രൊഫ. കെ.വി. ഈഷൻ



കെ.വി. തോമസ് (ടോമി)



പരേതനായ ഈപ്പച്ചനും, ഭാര്യ ലീലാമ്മ ഈപ്പൻ
മക്കൾ പ്രദു ഈപ്പൻ, ലിഷ ഈപ്പൻ, മക്കൾ ജോഷ്വ, കെവിൻ, സെറീന
ഡോ. സജി ഈപ്പൻ, ലിജു, മക്കൾ ജോസഫ് ഈപ്പൻ, ലിസ് ഈപ്പൻ



മോളമ്മ തോമസ്
മക്കൾ റെന്നി തോമസ്, ജോസഫ് തോമസ്, അഞ്ജലി തോമസ്



കെ.വി. മാത്തച്ചൻ (മാത്തച്ചൻ) കുടുംബാംഗങ്ങളും

കിഴക്കേക്കര കൈതോലിൽ ശാഖ

കിഴക്കേക്കര പുത്തൻപുരയ്ക്കൽ ഏലി - ഈപ്പന്മാരുടെ മൂന്നാമത്തെ മകൻ ഇട്ടി ഐപ്പും ഭാര്യ കെഴവൻകുളം നെടുമ്പുറത്ത് മത്തായി മകൾ ഏലിയും സുമാർ 1895-ൽ കൈതോലിലേക്കു മാറുമ്പോൾ അവർക്ക് രണ്ടു പുത്രന്മാരുണ്ട്. മുമ്പ് ആ വീട്ടിൽ താമസിച്ചിരുന്ന പേരപ്പന്റെ പേരുകാരൻ മുത്തമകൻ ഇട്ടിഐപ്പും രണ്ടാമൻ മുലകുടിക്കുന്ന മത്തായിയും. നേരെ ചേട്ടൻ ഉണിച്ചെറിയയിലും അനുജൻ മത്തായിയിലും 'നിറവും വണ്ണവും കുറവ്, അഞ്ചടി രണ്ടിഞ്ചുകാരൻ ഇട്ടി ഐപ്പിനാണ്; കെട്ടിവന്നവരിൽ കൂടുതൽ നിറം ഭാര്യയ്ക്കും. ഉണിച്ചെറിയതിനെപ്പോലെ ഇട്ടിഐപ്പും മനയ്ക്കക്കണ്ടത്തിലെ വീതം ഉപേക്ഷിച്ച് വണ്ടമറ്റത്ത് വസ്തുവാങ്ങാൻ ശ്രമിച്ചു. തുടങ്ങനാട്ടിലെത്തി ചേരിക്കൽ മേടിച്ചു. ചുവന്നപ്ലാക്കൽ ചാക്കോ വർഗീസിനോട് 1910 ഡിസംബറിൽ 25 ഏക്കർ മലവാരം വാങ്ങി. ആധാരം നടത്തിയതു കാനത്തുകാടിനും ഏല്പിച്ചുകൊടുത്തത് വള്ളിപ്പാറയുമാണ്. കാനത്തുംകാട് പുത്തിങ്കൽ മിഖായേൽ കൈവശമായിരുന്നു. അത് കൈവശം കിട്ടാൻ ഇട്ടിഐപ്പ് കേസുകൊടുത്തു. വിധിയാകാൻ ആണ്ടുകൾ നീണ്ടു. എങ്കിലും 1912ൽ മറ്റൊരു ആധാരം നടത്തി വള്ളിപ്പാറ സ്ഥിരപ്പെടുത്തി. അവിടെ മൂന്നേക്കർ ആദ്യവേലിക്കകം തുടങ്ങി. 1914ൽ മൂന്നേക്കർകൂടെ രണ്ടാം വേലിക്കകം എടുത്തു. അങ്ങനെ ആറേക്കർ ഇട്ടി ഐപ്പ് ദേഹണ്ഡിപ്പിച്ചു. ബാക്കി കാടായി കിടന്നു. അത് മൂത്തമകൻ ഭാര്യാസമേതം വന്നു പാർത്തുകഴിഞ്ഞ് ദേഹണ്ഡിപ്പിച്ചു കണ്ടം നിരത്തി. 1910 മീനത്തിൽ ഇട്ടിഐപ്പ് കാരിക്കോട് പ്രവർത്തി ഇടപ്പള്ളികരയിൽ കൊരട്ടിയിൽ നായന്മാർ പത്മനാഭൻ, കൃഷ്ണൻ, ഉണ്ണൂലി എന്നിവരോടു കുറ്റിക്കാടു മലവാരം 16 ഏക്കർ വാങ്ങി. ഉണ്ണൂലിയുടെ അനുജത്തിയുടെ പ്രായപൂർത്തിയായ മക്കളെ കക്ഷി ചേർത്തില്ല. അതിനു കേസ്സായി. സ്ഥലം ദേഹണ്ഡിച്ചില്ല. വാരത്തിനു കൊടുത്തും ആദായമെടുത്തും കിടന്നു. 1925ൽ നായർത്തറവാട്ടുകാർ ആളോഹരി ഭാഗിക്കാൻ നിയമം വന്നു. അപ്പോൾ ഓരോരുത്തരുടേയും ഓഹരി വാങ്ങി കേസ് തീർത്തു.

1914-ൽ ഇട്ടിഐപ്പിന്റെ മൂന്നും നാലും സന്താനങ്ങൾ ഏലിയും തോമസുമടക്കം കാനാട്ടുപാറയ്ക്കടുത്തുള്ള കുറച്ചധികം കുട്ടികളെ പാലാ ടൗൺ സർക്കാർ മലയാളം പള്ളിക്കൂടത്തിൽ സ്ഥലമില്ലാത്തതിനാൽ ചേർത്തില്ല. പിതാക്കൾ കൂട്ടഹർജ്ജിയിലൂടെ പരാതിപ്പെട്ടു.

ഇൻസ്പെക്ടർ അവരെ ഒന്നിച്ചുവരുത്തി. കാനാട്ടുപാറ തരിശായി കിടക്കുന്ന സ്ഥലത്ത് ഒരു സ്കൂൾ കെട്ടിടം പണിയിക്കാൻ ഉപദേശിച്ചു. അനുവാദവും സഹായവും സർക്കാരിൽനിന്നും വാങ്ങിക്കൊടുക്കാമെന്നു വാഗ്ദാനം ചെയ്തു. പിതാക്കൾ യോഗം കൂടി. സ്കൂൾകെട്ടിടം പണിക്ക് കൈതോലിൽ ഇട്ടിഐപ്പ്, പഴേകൈതോലിൽ കുര്യേപ്പ്, കുന്നേൽ ഇട്ടിഐപ്പ്, പീടികയിൽ ഇട്ടിഐപ്പ്, പുതുമന പോത്തൻ, തോപ്പിൽ കുഞ്ഞുകൊച്ചു വൈദ്യൻ, പുത്തൻപുരയ്ക്കൽ മത്തായി, കൊട്ടാരത്തിൽ കുര്യേപ്പ് തൊമ്മൻ എന്നിവരെ കമ്മിറ്റിക്കാരായും കിഴക്കേക്കര കൈതോലിൽ ഇട്ടി ഐപ്പിനെ മാനേജരും ഖജാൻജിയുമായും പടിഞ്ഞാറെക്കര കൊട്ടാരത്തിൽ കുര്യേപ്പ് തൊമ്മനെ സെക്രട്ടറിയായും തിരഞ്ഞെടുത്തു. 1915 മാർച്ച് 22ലെ 2342/63-ാം നമ്പർ ഉത്തരവിൻപ്രകാരം തരിശിൽ കെട്ടിടം പണിയാനും സഹായധനം 250 രൂപയും സർക്കാർ അനുവദിച്ചു. പിരിച്ചെടുത്തും ശ്രമദാനം നടത്തിയും കെട്ടിടംപണി പുരോഗമിച്ചു. മരപ്പണി അടുത്തുള്ള ഇട്ടിഐപ്പിന്റെ വീട്ടിൽവച്ച് നടത്തി. അവർക്കും കല്ലാശാരിമാർക്കും മറ്റു പണിക്കാർക്കും ഇട്ടിഐപ്പിന്റെ വീട്ടിൽ ആഹാരം കൊടുത്തു. അന്നു ആഹാരമില്ലാതെ പണിപ്പീരില്ല. സെക്രട്ടറി കൊട്ടാരമായിരുന്നെങ്കിലും കണക്കും എഴുത്തുകുത്തും ഇട്ടിഐപ്പ് നടത്തി. അവ അദ്ദേഹത്തിന്റെ സൂക്ഷിപ്പിൽനിന്നു കിട്ടി. 1916 അദ്ധ്യയനവർഷാരംഭത്തിൽ കെട്ടിടം തീർന്നു. സർക്കാർ, അദ്ധ്യാപകരെ നിയമിച്ചു. ആ ആണ്ടിൽ പഠിപ്പീരും തുടങ്ങി. ഈപ്പൻസാറായിരുന്ന ആദ്യ പ്രഥമാദ്ധ്യാപകൻ. അങ്ങേരുടെ ഭാര്യ അദ്ധ്യാപികയും. സമീപ വീടുകളിലെ (കിഴക്കേക്കരകളിലേയും) കുട്ടികൾ ഇവിടെ പഠിച്ചു. കിഴക്കേക്കര പുത്തൻപുരയ്ക്കൽ നാലു സഹോദരരിലും കൂടുതൽ സമുദായ സഭാ സേവനങ്ങൾ നടത്തിയത് ഇട്ടിഐപ്പാണ്.

ഇട്ടിഐപ്പിന്റെ മൂത്തമകൻ ഇട്ടിഐപ്പും രണ്ടാമൻ മത്തായിയും പാലാ ടൗൺ സർക്കാർ മലയാളം പള്ളിക്കൂടത്തിൽ പഠിച്ചു നാലാം തരം ജയിച്ചു. പള്ളി വക സെന്റ് തോമസ് ഇംഗ്ലീഷ് സ്കൂളിൽ ചേർന്നു. അന്നത് മിഡിൽ സ്കൂളാണ്. സെക്കന്റിൽ പഠിക്കുമ്പോൾ ഇട്ടിഐപ്പ് പഠനം നിർത്തി അപ്പന്റെ സഹായത്തിനെത്തി. മത്തായി തേർഡ് ജയിച്ച് ചങ്ങനാഎശ്ശേരി സെന്റ് ബർക്കുമെൻസിൽ ചേർന്നു. ഇ.എസ്.എൽ.സി ജയിച്ചു. അന്നത് ഹൈസ്കൂളാണ്. അവിടെ പെറ്റിസെമിനാരിയിൽ ചേർന്നു പൗരോഹിത്യപഠനം തുടങ്ങി. വരാപ്പുഴ സെമിനാരിയിൽ പൂർത്തിയാക്കി. ഇട്ടിഐപ്പ് ഏഴാച്ചേരിൽ നെടുമ്പള്ളി പൊറിഞ്ചുവിന്റെ

മകൾ മറിയത്തിനെ കല്യാണം കഴിച്ചു. ഇട്ടിഐപ്പിന്റെ ഏകമകൾ, വീട്ടിൽ കുഞ്ഞാമ്മ എന്നുവിളിക്കുന്ന ഏലിയെ പെരുവന്താനത്ത് വടക്കയിൽ ജോസഫിന്റെ മകൻ സ്കറിയായെക്കൊണ്ട് കെട്ടിച്ചു. ഏലി-സ്കറിയ ദമ്പതികൾക്ക് കുഞ്ഞൂഞ്ഞ് (ജോസഫ്), കുട്ടിയച്ചൻ, എന്നീ രണ്ടാൺ മക്കളാണ് ഉള്ളത്. കുഞ്ഞൂഞ്ഞ് കാളകെട്ടി തുരുത്തിയിൽ അന്നക്കുട്ടിയെ വിവാഹം ചെയ്തു. ജോസഫ്-അന്നക്കുട്ടി ദമ്പതികൾക്ക് സ്കറിയാച്ചൻ (ബാങ്ക് ഉദ്യോഗസ്ഥൻ), മാത്തച്ചൻ (എഞ്ചിനീയർ), ടെഡ്ഡി (കൃഷി, കച്ചവടം) എന്നീ മൂന്നാൺ മക്കളും രണ്ട് പെൺമക്കളുമാണുള്ളത്. കുഞ്ഞൂഞ്ഞ് 1989 ആഗസ്റ്റ് 26-ന് നിര്യാതനായി. പെരുവന്താനം പള്ളിയിൽ സംസ്കരിച്ചു. അന്നക്കുട്ടി-ഇളയ മകൻ ടെഡ്ഡിയുമൊത്ത് കപ്പാട് താമസിക്കുന്നു. സ്കറിയ-ഏലി ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ കാഞ്ഞിരപ്പള്ളി കരിപ്പാപ്പറമ്പിൽ മേഴ്സിയെ വിവാഹം ചെയ്തു. [illegible] കച്ചവടവുമായി പൊൻകുന്നത്ത് താമസിക്കുന്നു. മൂന്നാമത്തെ മകൻ തോമസ് പാലാ സെന്റ് തോമസിൽനിന്ന് ഇ.എസ്.എൽ.സി. ജയിച്ചു. ചങ്ങനാശ്ശേരി സെന്റ് ബർക്കുമെൻസിൽനിന്ന് എഫ്.എ. നേടി ആന്ധ്രാ മിഷ്യനിൽ ചേർന്നു നെല്ലൂരിൽ പട്ടത്തിനു പഠനം തുടങ്ങി. നാലാമൻ ദേവസ്യാ (കൊച്ച്) തേർഡിൽവച്ച് പഠനം നിർത്തി കൃഷി പരിശീലിക്കുമ്പോൾ പ്രവിത്താനം കഴിഞ്ഞാലിൽ ചെറിയാന്റേയും മറിയത്തിന്റേയും മകൾ ചാച്ചിയെ (അന്നമ്മ) കല്യാണം കഴിച്ചു. കൊച്ച് വിവാഹിതനായിക്കഴിഞ്ഞ് അന്നുവരെ കൈതോലിൽ താമസിച്ചിരുന്ന മൂത്തമകനും ഭാര്യയും തുടർന്നാട്ടിൽ വള്ളിപ്പാറപ്പറമ്പിൽ പണിയിച്ചിരുന്ന കൊച്ചു പുരയിലേക്ക് മാറിത്താമസിച്ചു. ഇട്ടി ഐപ്പ് വാങ്ങിയ വള്ളിപ്പാറയ്ക്കും കുറ്റിക്കാടിനും കേസ്സുണ്ടായത് എഴുതി. മരണം വരെ ഇട്ടിഐപ്പിനു ഒന്നോ രണ്ടോ അതിലധികമോ കേസ്സുകൾ നടത്താനുണ്ടായിരുന്നു. അവയ്ക്കായി അദ്ദേഹം തൊടുപുഴയും മൂവാറ്റുപുഴയും പറവൂരും തിരുവനന്തപുരത്തും പോയി വന്നിരുന്നു. ജിജ്ഞാസുവായ അങ്ങേർ ഈ യാത്രകളിൽ പുതിയ അറിവുകൾ നേടി പ്രസ്ഥാനങ്ങൾ പഠിച്ചു. അവ നാട്ടിൽ നടപ്പാക്കി. ഇട്ടിഐപ്പിന്റെ അഞ്ചാമത്തെ മകൻ വർക്കി ആദ്യം പാലാ കടക്കച്ചിറ കുര്യൻ മകൾ അന്നയെ കല്യാണം കഴിച്ചു. കുട്ടി ജനിക്കുംമുമ്പ് ന്യൂമോണിയ ബാധിച്ച് അവർ മരിച്ചു. രണ്ടാണ്ട് കഴിഞ്ഞു രണ്ടാമതും മുത്തോലി മാതേപ്പള്ളിൽ വാഴവേലിക്കകത്ത് വർക്കിയുടേയും മറിയത്തിന്റേയും മകൾ ഏലിക്കുട്ടിയെ വിവാഹം ചെയ്ത് മാതാപിതാക്കളോടെ കൈതോലിൽ താമസിച്ചു.

വർക്കിയുടെ രണ്ടാം വിവാഹാനന്തരം നേരെ മൂത്ത ചേട്ടൻ, ഭാര്യ കുട്ടികൾ സമേതം മുട്ടം ഇടപ്പള്ളിയിൽ കുറ്റിക്കാട്ടുപറമ്പിലെ കൊച്ചുപുരയിലേക്ക് 1937-ൽ മാറിത്താമസിച്ചു.

ഇട്ടിഐപ്പ് കൈതോലിലേക്കു മാറിത്താമസിക്കുമ്പോൾ വീതം കിട്ടിയ ഇളന്തോട്ടം ചേരിക്കൽ പാതി ദേഹണ്ഡിച്ചിരുന്നു. ബാക്കി പിന്നീട് ഇട്ടിഐപ്പ് തനിച്ചു തീർത്തു. 1912ൽ ഇട്ടിഐപ്പ് കുടുംബയോഗം കണക്കൻ (സെക്രട്ടറി) ആയി തിരഞ്ഞെടുക്കപ്പെട്ടു. അങ്ങേർ കണക്കനായിരിക്കേയാണ് ആദ്യ മാനേജർ കിഴക്കേക്കര പീടികയിൽ ആഗസ്തിയുടെ വീടും പറമ്പും കടത്തിനു ലേലം ചെയ്തതും കുടുംബയോഗം പിടിച്ചതും. ആഗസ്തി കല്ലിടപൂതയിലെ തന്റെ പറമ്പ് ഈടും ഇട്ടിഐപ്പിനെ ആൾജാമ്യവുമായി കൊടുത്ത് പാലാ അങ്ങാടിയിൽ ഗുണ്ടികക്കാരൻ ശിവരാമയ്യരോടും കടം വാങ്ങിയിരുന്നു. വസ്തു വിൽനിന്ന് ഈടാക്കുന്നതിലും എളുപ്പം ജാമ്യക്കാരനെ പിടിക്കുന്നതാണെന്ന് അറിയാമായിരുന്ന വിരുതൻ പട്ടർ മുനസിപ്പൽ കേസ്സുകൊടുത്ത് വിധി നേടി. നോട്ടീസ് ശിപായിക്കു കൈമടക്കു കൊടുത്ത് "മുട്ടേൽവച്ച് മടക്കിച്ചു." വാറണ്ടിൽ ഇട്ടിഐപ്പിനെ പിടിക്കാൻ ഉത്തരവുവാങ്ങി. ഒരു ഞായറാഴ്ച കാത്തിരുന്നു. കുർബാന കണ്ട് മുണ്ടാങ്കൽപള്ളിയിൽനിന്ന് ഇറങ്ങിയ ഇട്ടിഐപ്പിനെ പിടികൂടി. ഇട്ടിഐപ്പ് അയാളുമൊന്നിച്ചു നടന്നു. അപ്പോൾ ചങ്ങാതിമാർ പഴേകൈതോലിൽ കുര്യേപ്പച്ചനും കുന്നേൽ ഇട്ടിഐപ്പും ജാമ്യം കൊടുത്ത് വിടുവിച്ചു. അവർ ആ തുക കെട്ടിവച്ചു. ആഗസ്തി പറമ്പ് ഇട്ടിഐപ്പിന് തീറെഴുതി കൊടുത്തു. ആ പറമ്പിലെ ഒരു പ്ലാന്തടി വിറ്റ് ഇട്ടിഐപ്പ് സ്നേഹിതരുടെ കടംവീട്ടി. ആ പറമ്പ് കൈതോലിൽ 'വാറണ്ടുപറമ്പ്' എന്നു അറിയപ്പെട്ടിരുന്നു. ഇതാണ് ഇട്ടിഐപ്പ് മകൻ മത്തായി അച്ചന് പത്രമേനിയായി കൊടുത്തത്.

1912-ൽ ഇട്ടിഐപ്പ് കേസ്സിനുവേണ്ടി തിരുവനന്തപുരത്തെത്തിയപ്പോൾ തെക്ക് കോട്ടാറിൽ നാടാന്മാർ നെയ്ത്തുശാല നടത്തുന്നത് പോയിക്കണ്ടു. മടങ്ങി പാലായിൽ വന്ന് കുടുംബയോഗം ചേർന്നപ്പോൾ ഒരു നെയ്ത്തുശാല തുടങ്ങുന്ന ആശയം അവതരിപ്പിച്ചു. യോഗം അത് അംഗീകരിച്ചു. പ്രതിനിധികളായ കിഴക്കേക്കര പുലിമലക്കുന്നേൽ തൊമ്മൻവൈദ്യനും കുമ്പുക്കൽ ആഗസ്തിയുമൊന്നിച്ച് വീണ്ടും കോട്ടോർ പോയി നാടന്മാരെ കൂട്ടിക്കൊണ്ടുവന്ന് 1913ൽ നെയ്ത്തുശാല തുടങ്ങിയത് എഴുതിയല്ലോ. 1917ൽ ഇട്ടിഐപ്പ് പുതുമന പൈലോയോടു

കൈതോലിൽ അതിരിലുള്ള കുറുവന്താനവും പീടികയിൽ ആഗസ്തിയുടെ അടുത്തുള്ള പയ്യപ്പതിയും വാങ്ങി. 1931ൽ ഇട്ടിഐപ്പ് വൈക്കം കടുത്തുരുത്തി അടുത്ത് ആയാംകുടിയിൽ നാല്പതുപറ കരിനിലം വാങ്ങി. അത് പാട്ടത്തിനു കൊടുത്തു. പാട്ടക്കാരൻ നെല്ല് കൈതോലിൽ കൊണ്ടുവന്നു അളന്നുവന്നു. പിന്നീട് അത് വിറ്റ് ആയാംകുടിക്ക് പോകുമ്പോൾ അവിടെ റാട്ടിൽ കയറുപിരിക്കുന്നതു കണ്ടു. ആശാരിമാരെ വരുത്തി റാട്ടുണ്ടാക്കി കൈതോലിലും കയറുപിരി തുടങ്ങി. ചുറ്റുപാടിലുള്ള പല വീടുകളിലും അന്നു ചകരി ചീക്കലും തല്ലലും റാട്ടിൽ കയറുപിരിയും കുറേനാളത്തേക്ക് നടന്നിരുന്നു.

1933ൽ ഇട്ടിഐപ്പ് തന്റെ വക്കീൽ സദസ്യതിലകൻ ടി.കെ.വേലുപ്പിള്ളയെ കാണാൻ തിരുവനന്തപുരത്ത് അദ്ദേഹത്തിന്റെ ആപ്പീസിൽ ചെന്നപ്പോൾ വക്കീൽ ഒരു യോഗത്തിനു പോകാൻ ഇറങ്ങുകയാണ്. ഇട്ടിഐപ്പും കൂടെ പോയി. കേസ്സുകാര്യങ്ങൾ വഴിക്കു പറഞ്ഞു. പരസ്പര സഹായസംഘങ്ങൾ തുടങ്ങുന്നതും നടത്തുന്നതും ആയിരുന്നു യോഗത്തിലെ വിഷയം. ഇട്ടിഐപ്പ് എല്ലാം ശ്രദ്ധിച്ചുകേട്ട് ഉൾക്കൊണ്ടു. 1934ൽ താൻ മുന്നാളായി പണിയിച്ച കാനാട്ടുപാറപള്ളിക്കൂടത്തിൽ യോഗം കൂടി. അങ്ങേരുതന്നെ പ്രസിഡന്റും കിഴക്കേക്കര വല്യപീടികയിൽ തൊമ്മൻ സെക്രട്ടറിയുമായി പരസ്പര സഹായസംഘം തുടങ്ങി. 1934 മുതൽ 1937വരെ ഇട്ടിഐപ്പായിരുന്നു പ്രസിഡന്റ്, ആ സംഘം വളർന്ന് പടർന്നു പന്തലിച്ചതാണ് ഇപ്പോൾ പാലാ പട്ടണത്തിൽ കേന്ദ്ര - ബ്രാഞ്ച് - ആപ്പീസുകളും മറ്റുമുള്ള കിഴതടിയൂർ സഹകരണ സംഘം ബാങ്കും ബ്രാഞ്ചുകളും. പട്ടണത്തിൽ സർക്കാർ ആശുപത്രിക്കു വടക്കുവശമുള്ള കേന്ദ്ര ആപ്പീസിൽ ആദ്യ പ്രസിഡന്റിന്റെ ഛായാപടം സൂക്ഷിച്ചിട്ടുണ്ട്. ആ പാരമ്പര്യം തുടരുന്നു. വൈദികരല്ലാത്ത മക്കളും കൊച്ചുമക്കളും അവരവരുടെ പ്രവർത്തനകേന്ദ്രങ്ങളിൽ പരസ്പര സഹായസംഘം ഭാരവാഹികളായി. ഇട്ടിഐപ്പ് മൂന്നുതവണ പാലാ വലിയപള്ളി കൈക്കാരനായിരുന്നു. അന്ന് അത് മെത്രാസനപ്പള്ളിയല്ല. ഇളന്തോട്ടം, കവീക്കുന്ന്, മുണ്ടാങ്കൽ, നെല്ലിയാനി ഒക്കെ അതിന്റെ കുരിശുപള്ളികളും അത് വലിയപള്ളിയുമാണ്. പിന്നീടാണ് കുരിശുപള്ളികൾ ഇടവകകളും വലിയപള്ളി മെത്രാസനവുമായത്. സെന്റ് തോമസ് ഹൈസ്കൂളിലെ മൂന്നാംനില തട്ടിടീച്ചത് ഇട്ടിഐപ്പ് കൈക്കാരനാണ്. ഇട്ടിഐപ്പ് പ്രത്യേക ചിട്ടി നടത്തിപ്പു കൈക്കാരനുമായി. കേസ്സുകൾ നടത്തി തഴക്കവും പഴക്കവും ഉള്ള ഇട്ടിഐപ്പ്, തവണവരി കെട്ടാത്ത

വരെ നേരിൽകണ്ടു പറഞ്ഞിട്ടും നോട്ടീസ് അയച്ചിട്ടും മുടക്കം വരുത്തിയാൽ മാത്രം അവരുടെ പേരിൽ കേസുകൊടുക്കുക എന്ന പരിഷ്കാരം നടപ്പാക്കി. പഴയ പാലാ വലിയപള്ളി (അത് ഇന്നും പൊളിച്ചുമാറ്റാതെ സൂക്ഷിക്കുന്നുണ്ട്). മദ്ബഹായിലെ വൈദ്യുതദീപങ്ങൾ ഇട്ടിഐപ്പിന്റെ സംഭാവനയാണ്. 1935ൽ ഇട്ടിഐപ്പ് കൈതോലിൽ പാവടി പണിയിച്ചു. പിന്നീട് അതിലൊരു മുറിയിലാണ് താമസിച്ചിരുന്നത്. പാലാ സെന്റ് തോമസ് കോളേജ് തുടങ്ങിയശേഷം മെത്രാൻ സെബാസ്റ്റ്യൻ വയലിൽ, പാലാ വികാരി കൊട്ടുകാപ്പിള്ളി തൊമ്മച്ചൻ, കയ്യാലയ്ക്കകം തോമാച്ചൻ മുതലായ പ്രമുഖർ കൈതോലിൽ കെട്ടിട നിർമ്മാണ പിരിവിനെത്തി. ഇട്ടിഐപ്പ് യാതൊരു സമ്മർദവും കൂടാതെ സസന്തോഷം 1500 രൂപ സംഭാവന ചെയ്തു. അതേവരെ ഒരു വ്യക്തി നൽകിയ ഏറ്റവും വലിയ സംഖ്യയായിരുന്നു അത്.

ഇളയകിടന്നിരുന്ന ഒരു പല്ല് ഇട്ടിഐപ്പ് തന്നെ കൊടിലിനു പറിച്ചു. അത് പഴുത്ത് മോണ മുഴുവൻ വ്യാപിച്ചു. ചികിത്സിപ്പിക്കാൻ അങ്ങേർ കൂട്ടാക്കിയില്ല. ആ അസുഖം വർദ്ധിച്ച് 1957 ജൂൺ 28നു മരിച്ചു. അമ്മവഴി സഹോദരൻ പാലാ മെത്രാനച്ചന്റെ മുഖ്യ കാർമ്മികത്വത്തിൽ പിറ്റേന്നു ഇളന്തോട്ടം പള്ളി സെമിത്തേരിയിൽ അടക്കി. ഭാര്യ 1968 ജനുവരി 17നു മരിച്ചു. അവരേയും അവിടെയാണ് അടക്കിയത്.

ഈന്തുങ്കപ്പോതി പറമ്പു വിറ്റ് ബാങ്കുകടം വീട്ടാൻ മൈക്കിൾ കറിയാമാർ ശ്രമിച്ചു. വാങ്ങേണ്ടവർ വാക്കുമാറ്റി. അപ്പോൾ ഐക്കരവില്കാൻ അവർ ശ്രമം തുടങ്ങി. ഉപ്പാപ്പൻ എതിരായി കേസ്സ് ഫയൽ ചെയ്തു. ആ പ്രശ്നം നടന്നിരുന്നു. കുടുത്തലിയാമ്മ പത്തു സെന്റ് വിറ്റ കടംവീട്ടിയത് എഴുതിയല്ലോ. യുദ്ധാനന്തരം വസ്തുവില കണ്ടമാനം കൂടി. കടം അങ്ങനെ പെരുകില്ലല്ലോ. പല ലക്ഷങ്ങൾ ഇന്നു വിലയുള്ള വസ്തു അന്ന് പിടിയാവിലയ്ക്ക് പോയില്ലല്ലോ എന്ന് ആശ്വാസനിശ്വാസങ്ങളോടെ ഓർമ്മിക്കുന്നു. കൈതോലിൽ വല്യപ്പാപ്പന്റെ കേസ്സുകെട്ടുകൾ നോക്കാൻ അവകാശികൾ സമ്മതിച്ചു. പുതുമനയുടെ ഹർജി, തേനമ്മാവനുമായുള്ള കരാർ,കാനാട്ടുപാറയുടെ കണക്കുകൾ, ഇങ്ങനെ പല വിലയേറിയ രേഖകൾ ഈ ഗ്രന്ഥരചനയ്ക്ക് ഉതകി. വ്യവഹാരഭ്രമം നിന്ദ്യമായി കരുതുന്നവർ അത് ഭാവിയിൽ വരുത്തുന്ന നന്മ കാണുന്നില്ല. പിതാവിനെപ്പോലെ വർക്കിയും കിഴുതടിയൂർ പരസ്പര സഹായ സഹകരണസംഘം പ്രവർത്തകനും കമ്മിറ്റിയംഗവുമായിരുന്നു. വീടിനടുത്ത് ആപ്പീസും പുകപ്പുരയുമുള്ള റബർ = സംസ്കരണ = വിപ

ണന സംഘം സജീവപ്രവർത്തകനായിരുന്നു. കിഴക്കേക്കര കുടുംബയോഗം പ്രസിഡന്റായിരുന്നതും അതിനു കാര്യമായ നേട്ടങ്ങൾ വരുത്തിയതും എഴുതി.

ഇട്ടിഐപ്പിന്റെ ഇളയമകൻ വർക്കി മാതാപിതാക്കളോടെ തറവാട്ടിൽ താമസിച്ചത് എഴുതിയല്ലോ. കാനാട്ടുപാറ നാലാംതരം ജയിച്ച് സെന്റ് തോമസിൽ ഇ.എസ്.എൽ.സി. വരെ പഠിച്ച വർക്കി പരീക്ഷയെഴുതാതെ പഠനം നിർത്തി. നേരെ ചേട്ടൻ കൊച്ചും വേറെ പോയശേഷം പിതാവും മകനുംകൂടി പാലാ കൊറ്റങ്കോടുവസ്തുക്കൾ അന്വേഷിക്കുമ്പോഴാണ് നാഷണൽ പ്ലാന്റിംഗ് കമ്പനി ഓഹരികൾ എടുത്തതും അതിന്റെ പണികൾക്കു കൂടിയതും. ഇട്ടിഐപ്പ് പാലാ വലിയപള്ളി കൈക്കാരനായപ്പോൾ അരിപ്പനാഴിക്കു പോക്ക് ഒഴിവാക്കി.

പോക്ക് [illegible].

കിഴക്കേക്കര കൈതോലിൽ പാല കൊറ്റങ്കോട് ഉപശാഖ

ഏലിക്കുട്ടി – വർക്കി ദമ്പതിമാർക്ക് നാലാണും ആറുപെണ്ണുമായി പത്തു മക്കൾ ജനിച്ചു. ആദ്യ ജാതൻ ഈപ്പച്ചൻ കാനാട്ടുപാറയും പാലാ സെന്റ് തോമസ് ഹൈസ്കൂൾ കോളേജുകളിലും പഠിച്ച് ഡിഗ്രി നേടി. പിന്നീട് മദ്രാസ് ക്രിസ്ത്യൻ കോളേജിൽനിന്ന് കണക്കിൽ ബി.എ. ഹോണേഴ്സും പാലാ സെന്റ് തോമസിൽനിന്ന് സ്റ്റാറ്റിസ്റ്റിക്സിൽ എം.എ.യും ജയിച്ചു. പാലാ സെന്റ് തോമസ് കോളേജിൽ [illegible] ജോലിയും ചെയ്തു. ഈപ്പച്ചൻ [illegible] മകൾ [illegible] ഇപ്പോൾ [illegible] മക്കളുണ്ട്. സണ്ണി (എം.ബി.ബി.എസ്.) ജോച്ചൻ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഹൗസ് സർജനാണ്; പ്രഭു എൻജിനീയറിംഗ് പഠനം പൂർത്തിയാക്കി. ഈപ്പച്ചൻ കൊറ്റങ്കോട് വീതം കിട്ടിയ വസ്തുവിൽ വീടുവയ്പിച്ചു താമസിക്കുമ്പോൾ അവധിയിൽ നൈജീരിയായിൽ അദ്ധ്യാപകനായി. അവിടെ ജോലി ഒരു കൊല്ലം തികയുന്ന ദിവസം കാറപകടത്തിൽ മരിച്ചു. മൃതദേഹം 25-ാം ദിവസം നാട്ടിൽ കൊണ്ടുവന്നു കൈതോലിലും സ്വവസതിയിലുംവച്ച് അന്ത്യോപചാരങ്ങൾ അർപ്പിച്ചു. ഇളന്തോട്ടം സെമിത്തേരിയിൽ സംസ്കരിച്ചു.

മക്കൾ വിദേശത്തായതുകൊണ്ട് ലീലാമ്മ എറണാകുളം നെടുങ്ങാടൻ അപ്പാർട്ട്മെന്റ് കച്ചേരിപ്പടിയിൽ താമസിക്കുന്നു.

മക്കൾ രണ്ടാൺമക്കൾ. 1. ഡോ. സജി ഈപ്പൻ യു.എസ്.എയിൽ ചികിത്സകനാണ്. ഭാര്യ ലിജു എം.എ. വരാപ്പുഴ വിതയത്തിൽ അന്തപ്പായി മാപ്ല പെണ്ണമ്മ മകൾ. മക്കൾ: ജോ ഈപ്പൻ, എലിസബത്ത് ഈപ്പൻ. ചെറിയ ക്ലാസ്സുകളിൽ പഠിക്കുന്നു. വിലാസം: sajieapen@gmail.com. Ph: 0018657699251.

2. പ്രഭു ഈപ്പൻ ബി.ടെക് എൻജിനീയറായി യു.എസിൽ ജോലി. ഭാര്യ ലിഷ ബി.ടെക്. കണ്ടശ്ശാംകടവ് തോട്ടുങ്കൽ പോൾ -ആലീസ് ദമ്പതികളുടെ മകൾ. മക്കൾ: 1. ജോഷ്വ, 2. കെവിൻ. 3. സറീന എല്ലാവരും ചെറിയകുട്ടികൾ. വിലാസം: prabhueapen@gmail.com. Ph: 001 9143801221.

വർക്കിയുടെ മൂത്തമകൾ പെണ്ണമ്മ (കെ.വി.എലിസബത്ത്) ബി.എസ്സി, ബി.എഡ് ബിരുദങ്ങൾ നേടി മദ്രാസ് മൈലാപ്പൂർ ഫ്രാൻസിസ്കൻ മഠത്തിൽ ചേർന്നു. 1961ൽ സഭാവസ്ത്രം സ്വീകരിച്ചു. ആവഡി സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂൾ ടീച്ചറായും പ്രിൻസിപ്പലായും അനവധി വർഷം സേവനംചെയ്തു. റിട്ടയർമെന്റിനുശേഷം സഭയുടെ തൃശ്ശിനാപ്പള്ളിയ്ക്കടുത്ത് പെരമ്പലൂരുള്ള ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പലായി 15 വർഷത്തോളമായി സേവനം ചെയ്യുന്നു. 3000-ലേറെ വിദ്യാർഥികളും അതിനാവശ്യമായ ടീച്ചിംഗ്, നോൺ ടീച്ചിംഗ് സ്റ്റാഫുമുള്ള നല്ല വിജയശതമാനം പുലർത്തുന്ന സ്കൂളാണിത്. ഈയിടെ സിസ്റ്ററിന്റെ സുവർണ്ണജൂബിലി ചെന്നയിൽവച്ച് ആഘോഷിക്കുകയുണ്ടായി. വലിയ ആരോഗ്യപ്രശ്നങ്ങളൊന്നുമില്ലാതെ സിസ്റ്റർ തന്നെ ജോലിയിൽ മുഴുവൻ വ്യാപൃതയായിരിക്കുന്നു.

അവരുടെ അനുജത്തി കുട്ടിയമ്മയെ വിളക്കുമാടം പിണമറുകിൽ മൈക്കിൾ - ത്രേസ്യാമ്മ മകൻ മാത്യു ബി.എസ്സി, ബി.എഡ് വിവാഹം ചെയ്തു. വിളക്കുമാടം ഹൈസ്കൂൾ അദ്ധ്യാപകനായിരുന്ന മാത്യുവിനും കുട്ടിയമ്മയ്ക്കും നാല് ആൺമക്കളും ഒരു പെൺകുട്ടിയുമാണുള്ളത്. അതിൽ മൂത്ത ആൺകുട്ടി നിര്യാതനായി. കുട്ടിയമ്മ രോഗം മൂലം 2004 ഒക്ടോബർ 16നു നിര്യാതയായി. മാത്യു റിട്ടയർചെയ്ത് വിശ്രമജീവിതം നയിക്കുന്നു.

കുട്ടിയമ്മയുടെ അനുജത്തി അന്നമ്മയെ (കുഞ്ഞന്ന) ആരക്കുഴ

നിന്നും എറണാകുളത്ത് താമസിക്കുന്ന മാതേക്കൽ തോമസ്സ് ജഡ്ജിയുടെ മകൻ പാലാ സെന്റ് തോമസ്സ് പ്രൊഫ. മാത്യു ടി മാതേയ്ക്കൽ (സണ്ണി) എം.എസ്സി വിവാഹം ചെയ്തു. അവർക്ക് സുരേഷ് എന്ന മകനും ബിന്ദു എന്ന മകളുമാണുള്ളത്. സുരേഷ് സോഫ്റ്റ് വെയർ എൻജിനീയർ ആയി ബാംഗ്ളൂരിൽ ജോലി ചെയ്യുന്നു. മകൾ ബിന്ദു ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകയാണ്. പ്രൊഫ. മാത്യു റിട്ടയർ ചെയ്ത് ഇപ്പോൾ ചൂണ്ടച്ചേരി എൻജിനീയറിംഗ് കോളേജിൽ അധ്യാപകനായി ജോലി ചെയ്യുന്നു. കുഞ്ഞന്ന 2004-ൽ രോഗംമൂലം നിര്യാതയായി.

1948 മാർച്ച് ഒമ്പതിനു ജനിച്ച ജോർജ്ജാണ് ഏലിക്കുട്ടി - വർക്കിമാരുടെ അടുത്ത മകൻ. കാനാട്ടുപാറനിന്ന് നാലാംതരവും പാലാ സെന്റ് തോമസ് ഹൈസ്കൂളിൽനിന്ന് എസ്.എസ്.എൽ.സി. ക്ലാസ്സോടും അതേ പേരിലെ കോളേജിൽനിന്ന് പ്രീഡിഗ്രിയും ജയിച്ചു. കെ.വി.ജോർജ് അലഹബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന സെന്റ് പോൾ സൊസൈറ്റിയിൽ ചേർന്നു. അലഹബാദിലെ അവരുടെ സ്ഥാപനത്തിൽ പഠിച്ച് പത്രപ്രവർത്തനത്തിൽ ഡിപ്ലോമ നേടി. 1970-ൽ ആദ്യവ്രതപ്രതിജ്ഞയും 1976ൽ നിത്യവ്രത പ്രതിജ്ഞയും നടത്തി. 1977 മാർച്ച് 20നു പൗരോഹിത്യ പട്ടമേറ്റു. 1976 ഫെബ്രുവരിയിൽ ജോർജ്ജച്ചൻ റോമിലെ ഗ്രിഗറി സർവ്വകലാശാലയിൽ ദൈവശാസ്ത്ര ഗവേഷണ വിദ്യാർഥിയായി. 1984ൽ സ്വന്തം പ്രബന്ധം നൂറുശതമാനം മാർക്കിനു ന്യായീകരിച്ചു. സർവ്വകലാശാല അങ്ങേർക്ക് പി.എച്ച്.ഡി പദവി നൽകി. അനന്തരം അന്തർദ്ദേശീയ സംസ്കാര വിനിമയ പദ്ധതിയുടെ സാമ്പത്തികസഹായത്തോടെ ജർമ്മനിയിൽ താമസിച്ച് തദ്ദേശഭാഷയും സംസ്കാരവും പഠിച്ചു. ഇറ്റലി, ബ്രിട്ടൻ, ഫ്രാൻസ്, യു.എസ്.എ, കാനഡ, ജർമ്മനി, ഓസ്ട്രിയ, സ്വിറ്റ്സർലന്റ്, പാലസ്തീൻ, സാൻമരീനോ എന്നീ രാജ്യങ്ങളിൽ പര്യടനം നടത്തി. ജർമ്മനിയിൽ ആറും അമേരിക്കയിൽ മൂന്നും മാസങ്ങൾ ഇടവകഭരണം നടത്തി.

വൈദികവിദ്യാർഥിയായിരിക്കെ അധ്യാപകനായി സേവനം നടത്തി. വിവിധ പത്രമാസികകളിൽ ലേഖനമെഴുതി. അനേകം പുസ്തകങ്ങളുടെ സമ്പാദകനായി. ആ നാളുകളിൽ, കേവലം 24-ാം വയസ്സിൽ, "ദി ഹൗണ്ട് ഓഫ് ഹെവൻ" (ഫ്രാൻസിസ് തോംസൺ) എന്ന കവിതയുടെ ആസ്വാദനം പുസ്തകമാക്കി പ്രസിദ്ധീകരിച്ചു. "നിന്നെ തന്നെ മെച്ചപ്പെടുത്തുക" എന്ന പുസ്തകപരമ്പരയിൽ സ്നേഹം, പ്രത്യാശ,

കാരുണ്യം എന്നീ ഉപവിധർമ്മങ്ങളെ ആധാരമാക്കി പത്തു പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. നെഹ്റു, ലിങ്കൺ, മാർട്ടിൻ ലൂഥർകിംഗ് എന്നീ മഹാന്മാരെക്കുറിച്ച് പുസ്തകങ്ങൾ രചിച്ചു. ഇതിനകം ഇംഗ്ലീഷിൽ ഇരുപതും മാതൃഭാഷയായ മലയാളത്തിൽ നാലും പുസ്തകങ്ങൾ ഈ അനുഗൃഹീത ഗ്രന്ഥകാരൻ രചിച്ചിട്ടുണ്ട്. "മൗനത്തിന്റെ സംഗീതം". "സ്വർഗ്ഗവാതിലുകൾ", "സ്നേഹദീപം", "ജീവിതം ഒരു പ്രാർത്ഥന" - ഈ മലയാള പുസ്തകങ്ങൾ സന്ന്യാസസാഹിത്യ വിഭാഗത്തിൽപ്പെടും. ഡോ. കൈതോലിലിന്റെ കൃതികൾ ഒന്ന് തമിഴിലേക്കും രണ്ടെണ്ണം ഹിന്ദിയിലേക്കും വിവർത്തനം ചെയ്തു. പത്തെണ്ണം തെലുങ്കിലേക്ക് തർജ്ജമ നടക്കുന്നു. പല കൃതികളും ആറുതവണവരെ പുനഃപ്രസിദ്ധീകരണം കഴിഞ്ഞു. ഇതിനകം ഡോക്ടറുടെ കൃതികളുടെ ആറു ലക്ഷത്തിലധികം കോപ്പികൾ വിറ്റഴിഞ്ഞിട്ടുണ്ട്. ഇനിയും മഷി വറ്റിയിട്ടില്ലാത്ത ഈ അനുഗൃഹീത തൂലികയിൽനിന്നും മറ്റനേകം കൃതികളും നമുക്കു പ്രതീക്ഷിക്കാം. അച്ചടി ആദിയായ മാദ്ധ്യമങ്ങളിലൂടെ മതപ്രചാരണമാണ് സെന്റ് പോൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം. അതിനു ഇന്ത്യയിൽ പലയിടത്തും ലോകത്തോകമാനവും ശാഖകളുണ്ട്.

പുരോഹിതനായശേഷം അച്ചൻ രണ്ടാണ്ടുകൾ ബോംബെ മൈനർ സെമിനാരിയുടേയും അഞ്ചാണ്ടുകൾ അലഹബാദ് മേജർ സെമിനാരിയുടേയും പ്രൊഫസറായിരുന്നു. അന്ന് രണ്ടു പ്രസിദ്ധീകരണങ്ങളുടെ പത്രാധിപരുടെ ചുമതലയും അച്ചനിലർപ്പിതമായിരുന്നു. അതുകൊണ്ടുതന്നെ അലഹബാദ് ജീവിതം സെന്റ് ജോസഫ് സെമിനാരി പ്രസിഡന്റ് ഫാ. സെബാസ്റ്റ്യൻ കൈതോലിലിന്റെ പ്രാർത്ഥനാപൂർവ്വമായ ആശീർവാദത്തോടെ ആരംഭിച്ചു. ആ ഭാഗ്യനിമിഷത്തിൽ ആരുമറിഞ്ഞിരുന്നില്ല, ആ കൈതോലിലച്ചന്റെ പേരിലുള്ള സെന്റ് പോൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉത്തരവാദിത്വപ്പെട്ട ജോലി ചെയ്യുന്നു.

കിഴക്കേക്കര കൈതോലിൽ കാളികാവ് ഉപശാഖ

വർക്കി - ഏലിക്കുട്ടി ദമ്പതിമാരുടെ ആറ്റം സന്താനം മാത്തച്ചൻ (കെ.വി. മാത്യു) കാനാട്ടുപാറയും പാല സെന്റ് തോമസ് ഹൈസ്കൂൾ കോളേജുകളിലും പഠിച്ച് ബി.എസ്സി ബിരുദം നേടി. കൃഷി കാര്യാദികളിൽ പിതാവിനെ സഹായിച്ചുവരുമ്പോൾ 1974ൽ പാലാ കരൂർ ഞാവള്ളി ശേഖരത്തിൽപ്പെട്ട കൂന്താനത്ത് ചാണ്ടി - ഏലിമാരുടെ പുത്രി എൽസി (എലിസബത്ത്) ബി.എ.യെ വിവാഹം ചെയ്തു. വിവാഹിതനായ മൂത്തചേട്ടൻ ഈപ്പച്ചൻ നേരത്തെ മാറിത്താമസിച്ചു. എൽസി വിവാഹാനന്തരം തന്നെ ആ വലിയകുടുംബനാഥയായി. അമ്മയില്ലാതെ വളർന്നതിനാലാവാം, മാത്തച്ചന് കിഴക്കേക്കരക്കാരുടെ പൊതുബലഹീനതയായ "മൂക്കേലരിശം" ഇല്ല. ഇരുപതുകളിൽ അറുപതിന്റെ ക്ഷമയും പക്വതയും പ്രാപിച്ചിരുന്നു. ഭാര്യ എൽസി യോജിച്ച ഇണയും തുണയുമാണ്. തിരുമേനിയച്ചൻ വീട്ടിൽ താമസിക്കുമ്പോൾ മൂന്നു നാലാണ്ടുകൾ എൽസി താല്പര്യപൂർവ്വം വൃദ്ധപരിചരണം നടത്തി. ഒരു വ്യാഴവട്ടക്കാലം തറവാട്ടിൽ പിതാവുമൊത്ത് താമസിച്ചതിനുശേഷം അനുജന്റെ വിവാഹാനന്തരം 1987-ൽ എൽസിയും മാത്തച്ചനും ആദ്യ ജാതൃത്രിമാരുമൊത്ത് മലപ്പുറം ജില്ലയിൽ കാളികാവിലേക്ക് താമസം മാറി. ഇപ്പോൾ കുടുംബകൂട്ടായ്മ ഇല്ലാത്തതിനാൽ ഇടവകകൂട്ടിലുള്ള സമയത്ത് തറവാട്ടിൽ ചിട്ടിപിടിക്കുന്നു. അനുജൻ ടോമിയുടേയും അളിയന്റെയും സഹായത്തോടെയും സൂചനകളുടെ ചുമതലയും മാത്തച്ചനാണ്. 1977ൽ കോങ്ങാട്ടിൽ ഉണ്ടായിരുന്നപ്പോൾ ആരംഭിച്ച ടോമിക്കുമായിരുന്നു അടുത്തകാലം വരെ കുടുംബത്തിന്റെ മുതൽക്കൂട്ട്. ഇപ്പോൾ ടോമിയുടെ മൂത്തമകൻ നിമ്മി (ഏലിയാബത്ത് മാത്യു) അവിടെ ഹൈസ്കൂളിൽനിന്ന് എസ്.എസ്.എൽ.സി. ജയിച്ചു. നിമ്മി പഠനശേഷം മണ്ണാർക്കാട് ചരണാകുന്നേൽ അലക്സാണ്ടർ-മറിയം മകൻ ബിജുവിനെ വിവാഹംചെയ്തു. അവർക്ക് ഒരു മകനുണ്ട്. രണ്ടാമത്തെ പുത്രി മരിയ മാത്യുവിനെ കോട്ടയം പാമ്പാടി പാലക്കുന്നേൽ കാഞ്ഞിരമറ്റത്തിൽ ജോസഫ് - ലൂസി മകൻ സ്കറിയ (ജിമ്മി) എം.ബി.എ വിവാഹം ചെയ്തു. മകൻ ദീപക് മാത്യു എം.ബി.എ. കഴിഞ്ഞ് കോഴിക്കോട് ജോലി ചെയ്യുന്നു.

വർക്കി - ഏലിക്കുട്ടിമാരുടെ നാലാമത്തെ മകൾ എൽസയെ (ഫിലോമിന) കാഞ്ഞിരപ്പള്ളി തമ്പലക്കാട്ടു തേക്കുംതോട്ടത്തിൽ ബേബിച്ചനും (മാത്യു) അടുത്ത പുത്രി പുഷ്പയെ (കൊച്ചുത്രേസ്യ) കടനാടു പൂവത്തുങ്കൽ മാത്യു മകൻ ജോസഫും കല്യാണം കഴിച്ചു. പുതിയ ആചാരങ്ങൾ നടപ്പാക്കുന്നതിൽ ഉത്സുകനായ വർക്കി വിവാഹത്തിനുമുമ്പ് പുഷ്പയെ കെട്ടിക്കയറേണ്ട വീടു കൊണ്ടുപോയി കാണിച്ചു. പെണ്ണുകാണൽ അല്ല, ഒരു വിധത്തിൽ പെണ്ണു വന്നു ലയിക്കേണ്ട ചെറുക്കന്റെ വീടും മറ്റുമല്ലേ കാണേണ്ടത്? ആറാമത്തെ മകൾ സാലി (സെലിൻ ജോർജ്) എം.എ.യെ തൊടുപുഴ കാരിക്കോട്ടുപാടത്തിൽ കുഞ്ഞാക്കോച്ചൻ - മറിയാമ്മ മകൻ ജോസഫ് ബി.ഇ കല്യാണം കഴിച്ചു. ഏറ്റവും ഇളയ മകൻ ടോമി (കെ.വി.തോമസ്) കാനാട്ടുപാറയും സെന്റ് വിൻസന്റ് ഇംഗ്ലീഷ് മീഡിയം സ്കൂളിലും പിച്ച് എസ്.എസ്.എൽ.സി. ജയിച്ച് പാലാ സെന്റ് തോമസിൽ പ്രീഡിഗ്രിക്കു പഠിക്കുമ്പോൾ പഠനം നിർത്തി. വീട്ടുകാര്യങ്ങളിൽ സഹകരിച്ചു കഴിയുമ്പോൾ പാലാ ഇടവകയിൽ വടക്കേൽ ജോസഫ് - മറിയാമ്മ മകൾ മോളമ്മ (മേരി)യെ കല്യാണം കഴിച്ചു. ടോമി കിഴതടിയൂർ ബാങ്കിന്റെയും പാലാ മിൽക്ക് ബാർ സൊസൈറ്റിയുടെയും ഡയറക്ടർ ബോർഡ് മെമ്പർ ആയിരുന്നു.

ഇവർക്ക് റെന്നി (ജോർജ് തോമസ്), അച്ചു (ജോസഫ് തോമസ്) എന്നീ രണ്ടു ആൺകുട്ടികളും ഒരു പെൺകുട്ടിയുമുണ്ട് (അഞ്ജലി), ടോമി 1998ൽ നിര്യാതനായി. മൂത്തമകൻ റെന്നി എം.ബി.എ. കഴിഞ്ഞ് എറണാകുളത്ത് ജോലി ചെയ്യുന്നു. രണ്ടാമൻ അച്ചു ട്രിച്ചിയിൽ എഞ്ചിനീയറിംഗിന് പഠിക്കുന്നു. മകൾ അഞ്ജലി ബി.കോമിന് പഠിക്കുന്നു.

വർക്കിയുടെ ഭാര്യ ഏലിക്കുട്ടി 1961ൽ ടോൺസിൽ (കണ്ഠവീക്കം) ശസ്ത്രക്രിയാനന്തരം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽവച്ച് മരിച്ചു. ചേട്ടൻ തിരുമേനിയച്ചനും അസ്തേന്തി നെല്ലിക്കാട്ടച്ചനും കാണാനെത്തിയപ്പോഴാണ് മരിച്ചത്. അവർ വന്ന കാറിൽ മൃതദേഹം കൈതോലിൽ കൊണ്ടുവന്നു. അന്ത്യോപചാരം അർപ്പിച്ച് ഇളന്തോട്ടം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. പ്രാപ്തിയായ പുത്രന്മാർ സഹായത്തിനില്ലാഞ്ഞതിനാൽ വർക്കി മക്കളുടെ പഠനത്തിലും പാലാ പരിസരങ്ങളിലെ പറമ്പുകളും കൊറ്റങ്കോടുകണ്ടവും ശ്രദ്ധിച്ചു കഴിഞ്ഞു. 1962-63 തറവാട് അറയും നിരയും ഓലക്കെട്ടും പൊളിച്ച് വാർക്കക്കെട്ടിടം പണിയിച്ചു. മൂന്നും നാലും പുത്രന്മാർ സഹായത്തി

നെത്തിയശേഷം 1973-ൽ പാലക്കാടു ജില്ലയിൽ കോങ്ങോട്ടിൽ, അന്നത്തെ പോലീസ് ഐ.ജി. രാജന്റെ 50 ഏക്കർ റബർതോട്ടം വാങ്ങി. അപ്പോൾ വർക്കിയുടെ നാഷണൽ പ്ലാന്റിംഗ് കമ്പനി ഓഹരികൾ ഒരു ലക്ഷം രൂപാ കൊടുത്ത് കെ.എം.മാത്യു എടുത്തു. 1977ൽ ആ തോട്ടം വിറ്റു. 1979-ൽ വർക്കിയും ബന്ധുക്കാരൻ കുന്താനത്തു ചാണ്ടിയും മരുമകൻ സണ്ണി മാതേയ്ക്കനുംകൂടി മലപ്പുറം ജില്ല കരുവാരക്കുണ്ട് വില്ലേജിൽ പോത്തൻകാട് പഴയ റബർതോട്ടം 70-ലധികം ഏക്കർ വാങ്ങി. പല നൂലാമാലകളും നീങ്ങി അത് കൈവശം കിട്ടാൻ, 1981 ആയി. ഇപ്പോൾ മക്കൾ മാത്തച്ചനും ടോമിക്കും 20 വീതം ഏക്കർ സ്ഥലം അവിടെയുണ്ട്. മാത്തച്ചൻ കാളികാവിൽ താമസിച്ചു തോട്ടം പിടിപ്പിക്കുന്നത് എഴുതി.

കിഴക്കേക്കര കൈതോലിൽ തുടങ്ങനാട് വള്ളിപ്പാറ ഉപശാഖ

വള്ളിപ്പാറപറമ്പിലെ കൊച്ചുപുര ശരിക്കും ആലയിൽ തുടങ്ങുന്നു കുടിയേറ്റക്കാരന്റെ ഒന്നാമത്തെ വീടായിരുന്നു. കിഴക്ക് ദർശനവശത്ത് അധികം വീതിയില്ലാത്ത വരാന്ത. പിന്നിൽ രണ്ടു മുറികൾ; നിരയാണ് ഭിത്തി; വടക്കേത് പത്തായമുറി, അതിനു നടുവിൽ ഒരു വാതിൽ; ഇരുവശത്തും നിര ചേർത്ത് പത്തായങ്ങൾ. തെക്ക് കിടപ്പുമുറിക്ക് കുറച്ചു കൂടി വലിപ്പമുണ്ട്. അതിനു വടക്കേ അരിക ചേർന്ന് മുന്നിലും പിന്നിലും വാതിലുകളും തെക്കേ അറ്റം അടുത്തു നിരയിൽ കിഴക്കും പടിഞ്ഞാറും ജനലുകളുണ്ട്. കിടപ്പുമുറിയുടെ പടിഞ്ഞാറെ വാതിൽ നെടുനീളത്തിൽ ചാർത്തിയെടുത്തത് മുക്കാൽ പങ്കും മണ്ണിഷ്ടികയാൽ അടവാക്കിയ അടുക്കളയിലേക്കാണ്. വടക്കേ പങ്ക് അടുക്കളയും തെക്കേത് തുറന്ന ചായിപ്പുമാണ്. ചായിപ്പിൽ നെല്ലുകുത്താൻ നിലമണയും അവയ്ക്കാൻ നിലമണക്കുഴിയുമുണ്ട്. അടുക്കളയ്ക്ക് ചായിപ്പിലേക്ക് തുറക്കുന്ന വാതിലുണ്ട്. അഞ്ചടി മൂന്നിഞ്ചുകാരൻ ഇട്ടി ഐപ്പിനു തേക്കുകാതലിന്റെ നിറവും ഒതുങ്ങിയ ഉടലും പളുങ്കുമിഴികളുമാണ്. ഇരുനിറക്കാരി ഭാര്യ തണ്ടിയും തരവും തന്നെ. എല്ലാവരേയുംപോലെ അരയിലല്ല, മുലയ്ക്ക് തൊട്ടുതാഴെയാണ് ഇട്ടിഐപ്പ് മുണ്ടുടുക്കാറ്. കുളിര് കൂടുതലാണെങ്കിൽ കക്ഷംവരെ "ഉട" കയറും. അസ്സലായി അടുക്കു ഞൊറിയിട്ടു മുറിയുടുക്കുന്ന ഭാര്യ വലിയ വൃത്തിമെനക്കാരിയാണ്. ഇവർ മൂത്തമകൻ ഔതക്കുട്ടിയും (ജോസഫ്) രണ്ടാമൻ പാപ്പച്ചനു

(ഫ്രാൻസിസ്)മൊത്ത് മേല്പറഞ്ഞ വീട്ടിൽ വാസം തുടങ്ങി.

1924 മുതൽ സുമാർ ആറാണ്ടുകൊണ്ട് കണ്ടം എടുക്കാൻ വള്ളിപ്പാറ വെള്ളാരങ്കല്ലു തോട്ടരിക് ഒഴിച്ചിട്ട് ബാക്കി മുഴുവൻ ഇട്ടിഐപ്പ് ദേഹണ്ഡിച്ചു. മലങ്കര തോട്ടത്തിൽ റബർ വയ്ക്കുന്നത് അനുകരിച്ച് ഇട്ടിഐപ്പും റബർ വച്ചു. തുടങ്ങനാട്ടിൽ ആദ്യം റബർ വെച്ചത് ഇട്ടിഐപ്പാണ്. പുതിയ വേലിക്കകം വയ്ക്കാൻ ചേരിക്കൽ ഇട്ടിഐപ്പ് അന്വേഷണം തുടങ്ങി. ഇട്ടിഐപ്പിന്റെ സഹപാഠി പുലിയന്നൂർക്കാരൻ ഇരവിപ്പിള്ളയായിരുന്നു വള്ളിപ്പാറയുടെ കരംകെട്ടുന്ന കാരക്കോട് പ്രവൃത്തിക്കച്ചേരിയിലെ മാസപ്പടി. അയാൾ കിഴക്ക് നഗരംപാറ റിസേർവും വടക്കും പടിഞ്ഞാറും തൊടുപുഴ റിസേർവും തെക്ക് പൊട്ടൻപടി മലയുമായ പോത്തുമറ്റം 300 ഏക്കർ സർവ്വേ 774/1 റവന്യൂവനം കൊണ്ടു പോയി കാണിച്ചു. വളക്കൂറുള്ള കറുത്ത മണ്ണ്; നിരപ്പായ സ്ഥലം, ഇട്ടിഐപ്പിനു ഇഷ്ടപ്പെട്ടു. അയാളും അയൽക്കാരും പരിചയക്കാരും വന്നു. അവർ ആ ആണ്ടിൽ ആ പ്രദേശം മുഴുവൻ വെട്ടിച്ചുട്ടു വീതിച്ചു. വൻവിളകൊയ്തെടുത്തു. അടുത്തയാണ്ടിൽ എം.എൽ.സി. മീനാട്ടൂർ മാണിവക്കീലും കൂട്ടരുമെത്തി. അവർക്ക് വിത്തിട്ടാൻ ഒട്ടും ഇടം കിട്ടിയില്ല. റവന്യൂവനവും തരിശും തെളിക്കാനും കൃഷിയിറക്കാനും പട്ടയത്തിനു അപേക്ഷിക്കാനും കർഷകർക്ക് അനുവാദമുണ്ടായിരുന്നു. തഹസിൽദാർ സ്ഥലം പരിശോധിച്ച് നിരോധനകരം ചുമത്തും. പിന്നീട് പതിച്ചു കൊടുക്കും. റവന്യൂ വനകൈയേറ്റം അധികമായതിനാലാവാം. 31-5-1929ൽ അത് നിരോധിച്ച് സർക്കാർ ഉത്തരവിട്ടു. ഉത്തരവ് ഉദ്ധരിച്ച് എം.എൽ.സി മീനാട്ടൂരാൻ ദിവാൻജിക്ക് പരാതി അയച്ചു. ദിവാൻ പേഷ്കാർക്കും അങ്ങനെ തഹസിൽദാർക്കും ഉചിത നടപടികൾക്ക് ഉത്തരവിട്ടു. വിവരമറിഞ്ഞ കൈയേറ്റക്കാർ തങ്ങളുടേത് പഴയ കൈയേറ്റമാണെന്നും തെളിയിക്കാൻ പ്രയാസമായ തെങ്ങുമൂല കയറ്റം എത്തിച്ചേരുന്നിടം തൊട്ടുമുമ്പ് തഹസിൽദാർ മേലാൽ പരിശോധിച്ച് ഒഴിഞ്ഞുപോയി. 1932നു ശേഷമാണെന്ന് വീതിച്ചു. അതിനു അനുകൂലമായി മൊഴികൊടുത്ത ഇരവിപ്പിള്ളയെ ഇട്ടിഐപ്പ് അടിച്ചു. വള്ളിപ്പാറ ഇട്ടിഐപ്പ്, തന്റെ അപ്പൻ കിഴക്കേക്കര കൈതോലിൽ ഈപ്പൻ ഇട്ടിഐപ്പിനു 1923 മുതൽ 61 ഏക്കർ 71 സെന്റ് സ്ഥലം കൈവശമുണ്ടായിരുന്നുവെന്നും മറ്റും കാണിച്ച് വക്കീൽ എൻ.നാരായണപണിക്കർ മുഖേന കോട്ടയം പേഷ്കാർക്ക് വിധി പുനർവിചാരണയ്ക്ക് ഹർജ്ജി കൊടുത്തു. 31-05-1929-ലെ ഉത്തരവിനു 31-5-39-ലെ ഭേദഗതിയും ഈപ്പൻ ഇട്ടിഐപ്പും

മറ്റും കൊടുത്ത ഹർജികളുടെ പകർപ്പുകളും 104-ാം നമ്പർ സർവ്വേ പാർട്ടി ലാന്റ് രജിസ്റ്റർ പകർപ്പും ഹാജരാക്കി. കൈവശക്കാർ പേഷ്കാർക്കും ചീഫ് സെക്രട്ടറിക്കും ദിവാൻജിക്കും മഹാരാജാവിനും കൂട്ട നിവേദനങ്ങൾ അയച്ചു. പുനർവിചാരണ നടത്തി. രേഖകൾ ശരിയാണെങ്കിൽ, വിലപ്പിടിപ്പുള്ള ചമയങ്ങൾ ഉണ്ടെങ്കിൽ പട്ടയം കൊടുക്കാൻ പേഷ്കാർക്ക് ഉത്തരവു വന്നു. കോട്ടയം പേഷ്കാർ ടി.ചാണ്ടി ലാന്റ് രജിസ്റ്ററിൽ ഈപ്പൻ ഇട്ടിഐപ്പിന്റെ പേർ നേരിൽകണ്ടു ബോദ്ധ്യപ്പെട്ടു. തൊടുപുഴ തഹസിൽദാർ പുനർവിചാരണയ്ക്കുശേഷം 30 ഏക്കർ സ്ഥലം നിരോധനകരം ചുമത്തി പതിച്ചുകൊടുക്കാൻ വിധിച്ചു. നാലഞ്ചാണ്ടുകൾകൂടി വള്ളിപ്പാറ ഇട്ടിഐപ്പ് പോത്തമറ്റം ദേഹണ്ഡം തുടർന്നു നടത്തി. നിരന്തരം കാറ്റു ചീറിവീശുന്ന ആ സ്ഥലത്ത് മലമ്പനിയില്ല. വൃക്ഷങ്ങൾ വളരില്ല. നെൽകൃഷിക്കേ ഉതകൂ. അതിനാൽ അത് പിന്നീടു പാട്ടത്തിനു കൊടുത്തു. ആദ്യ ആണ്ടിൽ മൂത്തമകനും അതിനടുത്ത രണ്ടു കൊല്ലങ്ങളിൽ അനുജൻ കൊച്ചും പോയി പാട്ടം പിരിച്ചു. മൂന്നുഭാഗത്തും റിസർവ് വനങ്ങളിൽനിന്നിറങ്ങുന്ന മൃഗങ്ങൾ കൃഷി നശിപ്പിക്കും. കാവൽ വളരെ കഷ്ടമാണ്. അതിനാൽ ആരും പാട്ടത്തിനു എടുക്കാതായി. സ്ഥലം ഉപേക്ഷിച്ചു സർക്കാരിലേക്ക് എഴുതിക്കൊടുത്ത് കരം ഒഴിവാക്കി. മലമ്പനി ഇല്ലാത്ത മലവാരം ദേഹണ്ഡിക്കാനുള്ള അളസംരംഭം പരാജയപ്പെട്ടു.

പോത്തുമറ്റം ഉപേക്ഷിച്ചുവന്ന വള്ളിപ്പാറ ഇട്ടിഐപ്പ് നീക്കിയിട്ടിരുന്ന വെള്ളാരങ്കല്ലു തോടരിക് കണ്ടം നിരത്തു തുടങ്ങി. വള്ളിപ്പാറ പറമ്പിന്റെ വടക്കേ അതിര് വെള്ളാരങ്കല്ലുതോടും, കിഴക്കേത് പാറപ്പാൻതോടുമാണ്. ചള്ളാവയൽ കവലയിൽനിന്നു വന്നു വെള്ളാരങ്കല്ലു തോടുപാലം കടന്നതും ഇടതുവശത്ത് കാണുന്ന ഒതുക്ക് പടികളിറങ്ങിയാൽ തോട്ടുതീരം ചേർന്ന് കിഴക്കോട്ടു നീളുന്ന നടപ്പുവഴിയിലായി. അതിലൂടെ നടന്ന് അലരിത്തോടിന്റെ ഒറ്റത്തടിപ്പാലം കടന്നാൽ വിശാലമായ വള്ളിപ്പാറ കണ്ടത്തിലെത്തി. വലതുവശത്ത് വളഞ്ഞുപുളഞ്ഞു കരയരിക ചേർന്ന് ഒഴകിയോടുന്ന കൈത്തോട്. ഇടതുവശത്ത് നേരെ നീണ്ടു താണുതാണുപോയി പാറപ്പാൻതോടു കരയെത്തുന്ന വീതിയേറിയ നടവരമ്പ്. അതിനും വടക്ക് പാറ അടിത്തട്ടിലെ പലപല ഉയരപടികളിലേക്ക് ആർത്തലച്ചുവീഴുന്ന ശുഭ്രജലം വീണുണ്ടാകുന്ന അനേകമനേകം കൊച്ചുകൊച്ചു നീർച്ചാട്ടങ്ങൾ നിരന്തരം വാരിവിതറുന്ന സ്ഫടികജലമുത്തു പൂത്തിരികൾ. കര ചേർന്ന് ഉയർന്നൊരുകുന്ന

കൈത്തോട്ടിൽനിന്നും നടവരമ്പിലേക്കും നേരെ മുന്നിൽ പരപ്പാൻതോട്ടുകരയിലേക്കും - വടക്കോട്ടും കിഴക്കോട്ടും - ചെറുവരമ്പുകളാൽ കളംകളം തിരിക്കപ്പെട്ട പച്ചപ്പരവതാനി പാടങ്ങൾ. മിഴികളുയർത്തിയാൽ നേരെ മുന്നിൽ കൊല്ലംകുന്നിന്റെ കറുത്ത കഷണ്ടി. തെക്ക് കിഴക്കേ മൂലയിൽ ഉച്ചിയിൽ മൂന്നു വലിയ മുലകളുള്ള കുടയത്തൂർമല. അതിൽനിന്നും പടിഞ്ഞാട്ടു നീളുന്ന മേലുകാവ് എള്ളുമ്പ്രം കുന്നുകൾ. കുടയത്തൂർമലയും മേലുകാവുകുന്നും യോജിക്കുന്ന ചളുക്കിലൂടെ ദൂരെനിന്നു എത്തിനോക്കുന്ന കടചുരുട്ടി. പേരുപോലെ അതിന്റെ ആകൃതി ചുരുട്ടിയ ശീലക്കുടയുടേതാണ്. എള്ളുമ്പ്രം കുന്നിനും പടിഞ്ഞാറ് ഒറ്റക്കല്ലായി ഉരുന്ന കൊടക്കല്ല്. അതിനും പടിഞ്ഞാറു പന്നിക്കുന്നും പൊറോളക്കുന്നും നീളുന്നു. വിശാലമായ പച്ചപ്പരവതാനിപ്പാടവും ചുറ്റും ഒഴുകുന്ന പളുങ്കുതോടുകളും മെല്ലെ ഉയർന്നുയർന്നു നീലാകാശം ചുംബിക്കുന്ന കുന്നുകളും മലയുമൊക്കക്കൂടി അതി മനോഹരദൃശ്യം സൃഷ്ടിക്കുന്നു. മലവെള്ള കുത്തിയൊഴുക്കിൽ എടുത്തുപോകാതെ വലിയ വലിയ കല്ലുകൾ അടുക്കിയിട്ട് രണ്ടു മീറ്റർ ഉയരത്തിൽ ഒന്നരകിലോമീറ്റർ ദൂരത്തിൽ നീളമുള്ള കയ്യാല, അല്ല; അകത്ത് താങ്ങു കല്ലിട്ടു സിമന്റിടാത്ത കരിങ്കൽ ഭിത്തി നാലഞ്ചാണ്ടുകൾകൊണ്ട് ഇട്ടി ഐപ്പ് കെട്ടിച്ചു. അത്രയും തന്നെ ആണ്ടുകളിൽ പാലക്കാടൻ കുളം തോണ്ടികൾ മേടു വെട്ടിക്കോരി ചുമന്നു കുണ്ടുകളിലിട്ടു. കണ്ടം നിരത്തി. കണ്ടി എടുത്തശേഷം അതിനു തെക്കേക്കരയിൽ ഉയരത്തിൽ വടക്കോട്ടു ദർശനമായി വലിയ വീടും അടുക്കളക്കെട്ടും പണിയിച്ചു; മുറ്റം നിരത്തി കെട്ടിച്ചു. പിന്നീട് കാര്യമായ പണിയൊന്നും ഇട്ടിഐപ്പ് എടുപ്പിച്ചില്ല.

മുട്ടം പരസ്പര സഹായസംഘം സ്ഥാപക നേതാക്കളിലൊരാളായ ഇട്ടിഐപ്പ് അതിന്റെ രണ്ടാം പ്രസിഡന്റായിരുന്നു. പിന്നീട് പലതവണ കമ്മിറ്റി മെംബറും പ്രസിഡൻറും ആയിട്ടുണ്ട്. ഇപ്പോൾ മുട്ടം സർവീസ് സഹകരണ ബാങ്കും മറ്റുമായി മുട്ടം കവലയടുത്ത് സ്വന്തം ഇരുനില കെട്ടിടത്തിൽ പ്രശസ്തമായി സേവനം നടത്തുന്ന സ്ഥാപനം വളർത്തുവലുതായതാണ്. 1934-35കളിൽ അന്നു എം.എൽ.സി.യായിരുന്ന അറക്കുളം ജോൺ കട്ടക്കയവുമൊത്ത് ഉത്സാഹിച്ച്, പ്രയത്നിച്ച്; ഇട്ടി ഐപ്പ് മുട്ടം ചന്ത സ്ഥാപിച്ചു. ചന്തദിവസങ്ങളിലും ഞായറാഴ്ച ഇറച്ചിവെട്ടും സ്ഥിരം ഉണക്കമീൻ കടയുമുണ്ട്. ചന്തയിൽ.

അമ്പതിലധികം ആണ്ടുകൾ ഇട്ടിഐപ്പ് തുടങ്ങനാട്ട്

മാർത്തോമ്മാ ശ്ലീഹാ കത്തോലിക്കാ ഫൊറോനാപള്ളിയുടെ കമ്മിറ്റിയംഗവും പലവട്ടം കൈക്കാരനും പെരുന്നാൾ പ്രസുദേന്തിയും മറ്റുമായി. അതിന്റെ പുതുക്കിപ്പണിക്കും സെന്റ് തോമസ് എൽ.പി., യു.പി. ഹൈസ്കൂളുകളുടേയും രണ്ടു കന്യാസ്ത്രീമഠങ്ങളുടേയും പള്ളിമേടകളുടേയും - പഴയതും പുതിയതും - റാണിഗിരി ആശുപത്രിക്കെട്ടിടങ്ങളുടേയും പണികൾക്ക് കാര്യമായ സംഭാവനകളും ശ്രമദാനങ്ങളും നടത്തിയിട്ടുണ്ട്. എത്രയോ വഴക്കുകളും അഭിപ്രായഭിന്നതകളും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിൽ കെട്ടടങ്ങി. നിരന്തര ഭർത്തൃപീഡനത്താൽ സഹികെട്ടു പരിക്കേറ്റു വീടുവിട്ടിറങ്ങി വള്ളിപ്പാറ അഭയം തേടിയ അനുജൻ തീപ്പുഴക്കുന്നേൽ വർക്കിയുടെ ഭാര്യ ചാച്ചിയെ വർക്കിയുടെ അപ്രീതി കാര്യമാക്കാതെ സംരക്ഷിച്ച ഉപവി പ്രവൃത്തിയും കൃതജ്ഞതയോടെ സ്മരിക്കുന്നു.

പ്രായാധിക്യത്തിൽ ഇടതുവശം തളർന്ന് ഇട്ടിഐപ്പ് മൂന്നാണ്ടുകൾ പറ്റെ കിടന്നു. അങ്ങേർക്ക് ആ അസുഖം തുടങ്ങി ഒരാണ്ടു കഴിഞ്ഞ് അതേ അസുഖം ബാധിച്ച് ഭാര്യയും കിടപ്പിലായി. അന്നു അതീവ ശ്രദ്ധയോടെ അലോപ്പതി ആയുർവേദ ചികിത്സകൾ നടത്തി പരിചരിച്ചു കൂടെ താമസിച്ചിരുന്ന മരുമകൾ ത്രേസ്യായേയും മകൻ മാമ്മനേയും അവരുടെ മാതൃപിതൃഭിക്തിയേയും ക്ഷമയേയും എത്ര വാഴ്ത്തിയാലും അധികമാകില്ല. ഇട്ടിഐപ്പ് 1974 ജനുവരി ഒമ്പതിനും ഭാര്യ 1975 സെപ്തംബർ എട്ടിനും മരിച്ചു. ഇരുവരേയും തുടങ്ങനാട്ട് ഫൊറോനാപള്ളി സെമിത്തേരി ചാപ്പലിനുള്ളിൽ അടക്കി. വള്ളിപ്പാറ താമസം തുടങ്ങിയശേഷം ഇവർക്ക് ഏലിക്കുട്ടി (സിസ്റ്റർ സെറാഫിയ) എന്നൊരു മകളും മാമ്മൻ (കെ.ഐ.തോമസ്) എന്നൊരു മകനുംകൂടി പിറന്നു.

മൂന്നാമത്തെ മകൻ മാമ്മനാണ് മാതാപിതാക്കളോടെ വള്ളിപ്പാറ താമസിച്ചത്. തുടങ്ങനാട് പുള്ളിവക സെന്റ് തോമസ് എൽ.പി., യു.പി. സ്കൂളുകളിൽ പഠിച്ച് ഹൈസ്കൂളിൽ വിദ്യാഭ്യാസം നടത്തുമ്പോൾ മാമ്മൻ പഠനം നിർത്തി. കൃഷിരീതികൾ ശീലിച്ചുകഴിയുമ്പോൾ കടനാടു പാണ്ടിയാമാക്കൽ ജോസഫ്-മറിയം മകൾ ത്രേസ്യാമ്മയെ കല്ല്യാണം കഴിച്ചു. ഇവർക്കി ഗ്രേസി (കെ.ടി.മറിയാമ്മ), ലാലി (ഏലിയാമ്മ തോമസ്) എന്നീ രണ്ടു പുത്രിമാർ ജനിച്ചു. മൂത്തമകളെ അറക്കുളം കച്ചിറമറ്റം തോമസ് അന്നമ്മ മകൻ ജോസഫും രണ്ടാമത്തെ പുത്രിയെ ചേർപ്പുങ്കൽ പകലോമറ്റം ശാഖ തൊഴുത്തുങ്കൽ ജോസഫ് - അന്നമ്മ മകൻ സിറിയക്കും കല്യാണം കഴിച്ചു. ദത്തായി വള്ളിപ്പാറ


താമസിക്കുന്ന ലാലി - സിറിയക് ദമ്പതിമാർക്ക് അനു (അന്നമ്മ), ജോസുകുട്ടി (ജെസ്റ്റിൻ) എന്ന രണ്ടു മക്കളാണുള്ളത്. അതിൽ അന്നമ്മ (അനു) പ്ലസ് ടു വിദ്യാഭ്യാസം കഴിഞ്ഞ് കർമ്മലീത്താമഠത്തിൽ (പാലാ) ചേർന്നു സഭാവസ്ത്രം സ്വീകരിച്ച് കന്യാസ്ത്രീയായി സേവനം ചെയ്യുന്നു. മകൻ ജോസുകുട്ടി ബി.കോം പഠനം ഴിഞ്ഞ് ഇപ്പോൾ തിരുവനന്തപുരത്ത് ഹോട്ടൽ മാനേജ്മെന്റ് വിദ്യാർഥിയാണ്. മാമ്മന്റെ മൂത്ത മകളായ ഗ്രേസമ്മ - ജോസ് (കച്ചിറമറ്റം) ദമ്പതിമാർക്ക് റ്റിജോ (തോമസ്), റ്റോണി (ഡൊമനിക്) എന്ന രണ്ടാൺമക്കളാണ്. അതിൽ റ്റിജോ സോഫ്റ്റ് വെയർ എൻജിനീയറിംഗ് പാസ്സായി ചെന്നൈയിൽ ടിസിഎസ് കമ്പനിയിൽ എൻജിനീയറായി ജോലി ചെയ്യുന്നു. അനുജൻ റ്റോണി പോളിടെക്നിക്ക് വിദ്യാർത്ഥിയാണ്. പരസ്പര സഹായ സംഘം ഡയറക്ടറും കോൺഗ്രസ് മണ്ഡലം മ്മിറ്റി പ്രസിഡന്റുമായി പ്രവർത്തിച്ചിട്ടുള്ള മാമ്മൻ നിഷ്പക്ഷ മദ്ധ്യസ്ഥനെന്ന് ജനസമ്മതി നേടിയിട്ടുള്ള സത്യസന്ധനും ജനപ്രിയനുമാണ്.

കിഴക്കേക്കര കൈതോലിൽ മംഗലം ഡാം ഉപശാഖ

വള്ളിപ്പാറ ഇട്ടിഐപ്പ് - മറിയം ദമ്പതിമാരുടെ മൂത്തമകൻ ഔതക്കുട്ടി തറവാട്ടിൽ താമസിച്ചു. കാനാട്ടുപാറ നാലാംതരം ജയിച്ചു പാലാ സെന്റ് തോമസ് ഹൈസ്കൂൾ പഠിക്കുമ്പോൾ പഠനം നിർത്തി വള്ളിപ്പാറ വന്ന് കൃഷികാര്യങ്ങളിൽ പിതാവിനെ സഹായിച്ചു. അളനാട്ടുകര ഇളന്തോട്ടം ഇടക വരിക്കമാക്കൻ തോമസ് - മറിയം മകൾ അന്നമ്മയെ കല്യാണം കഴിച്ചു. ഇവർക്ക് ചിന്നമ്മ (വി.ആർ.ചിന്നമ്മ), കുഞ്ഞൂഞ്ഞ് (കെ.ജെ.ജോസഫ്) എന്നീ രണ്ടു മക്കളുണ്ട്. ബി.എസ്സി ബിരുദം നേടിയ ചിന്നമ്മ അരീത്ര സെന്റ ജോർജ് കോളേജ് ഗ്രന്ഥാലയത്തിന്റെ ചുമതലയിൽ ഇരിക്കുമ്പോൾ അവധിയെടുത്ത് പഠിച്ചു കോഴിക്കോട് സർവകലാശാലയിൽനിന്നും ലൈബ്രറി സയൻസിൽ എം.എ.ബിരുദം നേടി. അരുവിത്തുറ കോളേജിൽനിന്നും ഹെഡ് ലൈബ്രേറിയനായി റിട്ടയർചെയ്തു. അവിവാഹിതയാണ്. മാന്നാനം ചാവറ കുര്യാക്കോസ് കോളേജിൽനിന്ന് ബിരുദം നേടിയ കുഞ്ഞൂഞ്ഞ് അരീത്രയിടുത്ത് വാരണത്ത് ജോസഫ് -അന്നക്കുട്ടി മകൾ സോഫി (ഫിലോമിന) യെ വിവാഹം ചെയ്തു. ഇവർക്ക് പ്രിയ എലിസബത്ത്, ബാബു ജോസഫ്, ജൂലിയറ്റ് ജോസഫ് എന്നീ മൂന്നു മക്കളുണ്ട്. പ്രിയ



സ്നേഹസ്മരണയ്ക്ക്



ITTY IPE KIZHAKKEKARA



MARIAMMA ITTY IPE KIZHAKKEKARA

സ്നേഹസ്മരണയ്ക്ക്



ഫ്രാൻസീസ് (പാപ്പച്ചൻ)

മരണം : 17 – 05 – 1990




ക്ലാരമ്മ ഫ്രാൻസിസ്



116

Dr. Antony M.D., Dr. Jose M.Sc., M.S., M.Ed., Ph.DC (Phy); Ph.D (Hon), Kochuthressia M.Sc., Francis Junior, Francis B.E., Elisabeth, Tessy M.S., M.Sc. Rinku



CLARAMMA, MATHEW, SMITHA, SIJO KIZHAKKEKKARA

117



SR, JAYA (MARY), SR. SERAPHIA B.SC., B.ED. (ALEYKUTTY), SR. ANNS MARIYA (ANNAKUTT



CLARIS, KUTTAPAI, ANIYAMMMA, THOMAS



120

VINCENT THANCHEN M.SC., TRESIAKUTTY B.SC., B.ED AND CHILDREN



121


GEORGE, LALY, ANU, FRANCIS & MINNU (KIZHAKKEKKARA, MUVATTUPUZHA)




STEVE, STEPHY, STANLEY, ALICE, THOMAS ALAPPATT (KIZHAKKEKKARA, MUVATTUPUZHA)



DR. SEBASTIAN M.D., SHEELA, M.SC., SAMUEL (...)



PATRIC (MONU), NIMMY, PAULY, SANDRA (ACHI)




ELDEST BROTHER Dr. JOSE KIZHAKKEKARA & YOUNGEST DOMINIC SAVIO



STEVE, STEPHY, STANLEY, ALICE, THOMAS ALAPPATT (KIZHAKKEKKARA, MUVATTUPUZHA)



Laly, Mammen, Kuttiyachan (Cyriac), Sr. Ann, Thressiamma, Josekutty (Justin)



നേഴ്സിംഗ് വിദ്യാഭ്യാസം പൂർത്തിയാക്കി തൃശൂർ ചിറയിൽ വീട്ടിൽ ജെൻസനെ വിവാഹം ചെയ്ത് തൃശൂരിൽ താമസിക്കുന്നു. ബാബു എൻജിനീയറിംഗ് വിദ്യാഭ്യാസം കഴിഞ്ഞ് ബാംഗ്ലൂരിൽ എൻജിനീയറായി ജോലി ചെയ്യുന്നു. വള്ളിപ്പാറ പറമ്പ് വീതം കിട്ടിയതിൽ വീടു പണിയിച്ച് താമസിച്ചിരുന്ന ഔതക്കുട്ടി അത് വിറ്റ് മംഗലം ഡാമിൽ വളപ്പും വീടും റബർത്തോട്ടങ്ങളും വാങ്ങി. ഇപ്പോൾ ബാംഗ്ലൂരിൽ താമസിക്കുന്ന പ്രിയ-ജൻസൺ ദമ്പതികൾക്ക് ജോയൻ (4 വയസ്സ്), ക്രിസ്റ്റീന (9 മാസം) എന്ന രണ്ടുകുട്ടികളുണ്ട്. ഇളയ മകൾ ജൂലിയറ്റ് അൽഫോൻസാ കോളേജ് വിദ്യാർത്ഥിനിയാണ്. 1997 നിര്യാതനായ ഔതക്കുട്ടിയെ സെന്റ് സേവ്യേഴ്സ് ഫൊറോന ചർച്ച് മംഗലം ഡാമിൽ സംസ്കരിച്ചു. കുഞ്ഞൂഞ്ഞും കുടുംബവും മംഗലം ഡാമിൽ താമസിക്കുന്നു. അതുപോലെ അന്നമ്മയും ചിന്നമ്മയും ഒരുമിച്ച് മംഗലം ഡാമിൽതന്നെ താമസിക്കുന്നു.

കിഴക്കേക്കര കൈതോലിൽ മൂവാറ്റുപുഴ ഉപശാഖ

വള്ളിപ്പാറ മറിയം ഇട്ടിഐപ്പുമാരുടെ രണ്ടാമത്തെ മകൻ ഹൈസ്കൂളിൽ പഠിക്കുമ്പോൾ പഠനം നിർത്തി പട്ടാളത്തിൽ ചേർന്നു. സൈനികേവനത്തിലുണ്ടായിരുന്ന കറുകുറ്റി പൈനാടത്ത് അപ്രേം - അന്നക്കുട്ടി മകൾ ക്ലാരയെ വിവാഹം ചെയ്തു. പട്ടാളംവിട്ടു കുറച്ചു നാൾ കാഞ്ഞിരപ്പുഴ വലിയ ഇഞ്ചിക്കുന്നു തോട്ടത്തിൽ സഹായിച്ചിരുന്നു. ഒരാണ്ടു കഴിഞ്ഞ് അവിടംവിട്ട് പോന്ന് വള്ളിപ്പാറ വീതം കിട്ടിയ വസ്തുവിൽ വീടു പണിയിച്ചു താമസിച്ചു. അത് വിറ്റ് മലപ്പുറം ജില്ലയിൽ മണിമൂളിക്കു കുടിയേറി. മൂന്നുനാല് ആണ്ടുകൾ കഴിഞ്ഞ് അതും വിറ്റു.

മൂവാറ്റുപുഴ പട്ടണത്തിൽ എട്ടാം വാർഡിൽ വീടു വാങ്ങി പരിഷ്കരിച്ചു പണിയിച്ച് താമസിച്ചു. 1990 മെയ് 17-ാം തീയതി കരൾസംബന്ധമായ അസുഖത്താൽ മരിച്ചു. വിയന്നയിലും യു.എസ്.എയിലും ഉണ്ടായിരുന്ന മക്കൾ വന്നശേഷം മൃതദേഹം മൂവാറ്റുപുഴ ഹോളി മാഗി പള്ളി സെമിത്തേരിയിൽ അടക്കി. 1986ൽ അടുത്ത് ആനിക്കാട്ടിൽ ആറേക്കർ പറമ്പു വാങ്ങി. സാമ്പത്തികമായി പറ്റെ തകർന്ന പാപ്പച്ചൻ പച്ച പിടിക്കാൻ വിദേശത്തു ജോലിയുള്ള മക്കൾ അയച്ച തുകകൾ ഉപകരിച്ചു. വീടിനോട് ചേർത്ത് കുറേ മുറികളും രണ്ടാംനിലയും പണിയിച്ച്

ഭാര്യ ക്ലാരമ്മ താമസിക്കുന്നു. പാപ്പച്ചനെ സംബന്ധിച്ച് ഒന്ന് പ്രത്യേകം പറയാനുള്ളത്, അദ്ദേഹം അത്യാവശ്യകാലത്ത് വാങ്ങിയ കടങ്ങളെല്ലാം മക്കൾ വിദേശത്ത് ജോലികളിലായി പണം അയച്ചപ്പോൾ ആരും ആവശ്യപ്പെടാതെ അവരവരുടെ വീടുകളിൽ കൊണ്ടുചെന്നു കൊടുത്തതാണ്. അതിൽ അങ്ങേരും മക്കളും അഭിനന്ദമർഹിക്കുന്നു. പല ഉത്തമർണ്ണരും കിട്ടാക്കടങ്ങളായി എഴുതിത്തള്ളിയവയായിരുന്നു ഇവ. വിയന്നയിൽ ഇന്റർനാഷണൽ അറ്റോമിക് ഊർജ്ജകേന്ദ്രത്തിൽ ജോലി ചെയ്തിരുന്ന കെ.എഫ്.ജോസ് ആണ് മൂത്തമകൻ. ജോസ് തുടങ്ങനാട്, എൽ.പി., യു.പി, ഹൈസ്കൂളുകളിൽ പഠിച്ച് എസ്.എസ്.എൽ.സി ജയിച്ച് ചങ്ങനാശ്ശേരി സെന്റ് ബർക്കുമെൻസിൽനിന്ന് ബി.എസ്സി, എം.എസ്സി ബിരുദങ്ങൾ നേടി.

വിയന്നയിൽ എത്തിയതിനുശേഷം ന്യൂക്ലിയർ ഫിസിക്സിൽ എം.എഡ് ബിരുദം വിയന്നയിൽ യൂണിവേഴ്സ്റ്റിയിൽനിന്നും പൂർത്തിയാക്കുകയും തുടർന്ന് വിയന്ന യൂണിവേഴ്സിറ്റിയിൽ തന്നെ പി.എച്ച്.ഡിയും പൂർത്തിയാക്കി. വിദ്യാർത്ഥി ആയിരിക്കുമ്പോൾ തന്നെ അറിയപ്പെടുന്ന ഒരു സാമൂഹ്യ പ്രവർത്തകനായിരുന്നു. ജോസിന് 1970ൽ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി ഏറ്റവും നല്ല സാമൂഹ്യ പ്രവർത്തകനുള്ള പുരസ്കാരം നൽകി ആദരിച്ചിരുന്നു. കോളജിൽ പഠിച്ചത് ജോസ് സ്വയം സാമ്പത്തികം കണ്ടെത്തിയായിരുന്നു. തനിക്കും അനുജൻമാർക്കും വിദേശത്ത് ജോലികൾ സമ്പാദിച്ചത് ജോസാണ്. അതിൽ അദ്ദേഹം അനന്യമായ കഴിവും കൂറും തെളിയിച്ചു. വിയന്നയിൽ എത്തിയതിനുശേഷം അദ്ദേഹത്തിന്റെ കലാ- സാംസ്കാരിക - സാമൂഹ്യ മതകായികരംഗങ്ങളിലുള്ള പ്രവർത്തങ്ങൾ തുടർന്നുകൊണ്ടിരുന്നു. പ്രധാനമന്ത്രി വാജ്പേയിയുടെ ഭരണകാലത്ത് ഏറ്റവും നല്ല സാമൂഹ്യ പ്രവർത്തനത്തിനുള്ള അവാർഡിനു ജോസ് തിരഞ്ഞെടുക്കപ്പെട്ടിരുന്നു. തൃശൂർ പുലിക്കോട്ടിൽ ആന്റണി - കൊച്ചന്നം ദമ്പതികളുടെ മകൾ കൊച്ചുത്രേസ്യാ എം.എസ്സിയാണ് ഭാര്യ. വിവാഹസമയത്ത് കൊച്ചുത്രേസ്യ വിമല കോളേജ് തൃശൂരിൽ രസതന്ത്രവിഭാഗം ലക്ചററായി പ്രവർത്തിക്കുകയായിരുന്നു. 2007 വരെ ജോസ് വിയന്ന യൂണിവേഴ്സ്റ്റിയിലും യു.എന്നിലുമായി പ്രവർത്തിച്ചു. കൊച്ചുത്രേസ്യാ ഓസ്ട്രിയൻ ഗവൺമെന്റിന്റെ കീഴിൽ ഗവേഷണ ലബോറട്ടറിയിൽ ശാസ്ത്രജ്ഞയായി പ്രവർത്തിച്ച് രണ്ടുപേരും 2007ൽ ജോലിയിൽനിന്ന് വിരമിച്ച് നാട്ടിലെത്തി. നാട്ടിലെത്തിയ ജോസ് നിർമ്മല പബ്ലിക് സ്കൂളിലും വിമല

ഗിരി പബ്ലിക് സ്കൂളിലും അദ്ധ്യാപകനായി പ്രവർത്തിച്ചശേഷം ഇപ്പോൾ കോതമംഗലം സിബി.എസ്ഇ സ്കൂളിൽ പ്രിൻസിപ്പലായി പ്രവർത്തിക്കുന്നു. നാട്ടിൽ വന്നതിനുശേഷം ബി.എഡ് പരീക്ഷ പ്രശസ്തമായി പാസായതിനുശേഷം ഇപ്പോൾ എം.എഡ് വിദ്യാർഥികൂടിയാണ്. ജോസ് - കൊച്ചുത്രേസ്യാ ദമ്പതികൾക്ക് ഫ്രാൻസീസ് ഹെൻറിക് തോമസ് (ടെജോ), ആന്റണി ലിയോപോൾഡ് എമറിക് (സാജോ) എന്നീ രണ്ടാൺമക്കളും ടെസ്സി ക്ലാരീസ് അന്ന (ടെസ്സി) എന്ന പെൺകുട്ടിയുമാണുള്ളത്. അതിൽ ടെജോ എൻജിനീയരിംഗ് പാസായി സോളി (എലിസബത്ത്) എന്നൊരു ഓസ്ട്രിയൻ പെൺകുട്ടിയെ വിവാഹം ചെയ്ത് വിയന്നയിൽ അന്തർദേശീയ സ്ഥാപനത്തിൽ എൻജിനീയറായി ജോലി നോക്കുന്നു. അവർക്ക് ഫ്രാൻസീസ് ജൂണിയർ എന്നൊരു ആൺകുട്ടിയുണ്ട്. രണ്ടാമത്തെ മകൻ സാജോ മെഡിക്കൽ വിദ്യാഭ്യാസത്തിനുശേഷം വിയന്നയിൽ ഡോക്ടറായി ജോലി ചെയ്യുന്നു. മകൾ ടെസ്സി എം.എ.യും എം.എസിയും പ്രശസ്തമായ രീതിയിൽ പാസ്സായി തലയോലപ്പറമ്പ് പൊതിയിൽ പന്നിക്കോട്ടിൽ കുര്യൻ - തങ്കമ്മ ദമ്പതികളുടെ പുത്രൻ റിങ്കുവിനെ വിവാഹം ചെയ്ത് സ്വിറ്റ്സർലണ്ടിൽ എൻജിനീയറായി ജോലി ചെയ്യുന്നു. റിങ്കു സ്വിറ്റ്സർലണ്ട് ഗവൺമെന്റിന്റെ ആരോഗ്യവകുപ്പിൽ സേവനം ചെയ്യുന്നു. അവർക്ക് നീലി എന്നൊരു പെൺകുട്ടിയുണ്ട്.

ജോസ് വിയന്നയ്ക്ക് പോകുംമുമ്പ് എഴുത്തുകുത്ത് മുഖേന അനുജൻ അപ്രേം ബി.എസ്സിക്ക് നൈജീരിയായിൽ അദ്ധ്യാപക ജോലി നേടി അയച്ചു. അപ്രേം അവധിയിൽ വന്നപ്പോൾ ഞാറയ്ക്കൽ വാളൂരാൻ ജോസഫ് - മറിയം മകൾ മേരിക്കുട്ടി ബി.എസ്സി, ബി.എഡിനെ കല്യാണം കഴിച്ചു. അവരും അവിടെ അധ്യാപികയായി. അപ്രേം കംപ്യൂട്ടറിൽ എം.എസ്. പഠിക്കാൻ അമേരിക്കയിൽ പോയി. കൂടെപ്പോയ മേരിക്കുട്ടി നേഴ്സിംഗും പഠിച്ച് ജയിച്ച് അവിടെ നേഴ്സായി ജോലി ചെയ്യുന്നു. അവർക്ക് ഫ്രാൻസീസ് അപ്രേം (പാഞ്ചെ), ക്ലാര അപ്രേം എന്നീ രണ്ടു കുട്ടികളാണുള്ളത്. ഒഹായോ സ്റ്റേറ്റ് ആഷ്ലന്റ് കമ്യൂണിറ്റി കോളേജിൽ അദ്ധ്യാപകനായിരിക്കെ ഡിഗ്രി പാസ്സായ മകൾ അനുവിനോടൊപ്പം മെഡിക്കൽ എൻട്രൻസ് പരീക്ഷ എഴുതുകയും അപ്പനും മകൾക്കും റാങ്കോടുകൂടി അഡ്മിഷൻ കിട്ടിയപ്പോൾ രണ്ടുപേരും ഒരുമിച്ച് ഒരേ ക്ലാസിൽ പഠിച്ച് 2001ൽ രണ്ടുപേരും ഡോക്ടർമാരായി. ഡോക്ടർ അപ്രേം ഇപ്പോൾ അമേരിക്കയിൽ ഡോക്ടറായി

സേവനം ചെയ്യുന്നു. മകൾ ഡോക്ടർ അനുവിനെ ഡോക്ടർ ഹോഡ്ജ് എന്ന അമേരിക്കൻ ഡോക്ടർ വിവാഹം ചെയ്തു. അവർക്ക് മൂന്നു കൊച്ചുകുട്ടികളാണുള്ളത്. അപ്രേമിന്റെ ഏകമൻ ഫ്രാൻസീസ് (പാഞ്ചെ) പ്രശസ്തമായ രീതിയിൽ എൻജിനീയറിംഗും എം.ബി.എയും പാസ്സായി പക്ഷേ, അമേരിക്കയിൽ ജനുവരി എട്ടാംതീയതി 2004ൽ ഒരു കാറപകടത്തിൽ മരണപ്പെട്ടു. ക്ലാര - പാപ്പച്ചൻ ദമ്പതികളുടെ മൂന്നാമത്തെ മകൻ കുഞ്ഞുമത്തായി (കെ.എഫ്.മാത്യൂ) തുടങ്ങനാട് സെന്റ് തോമസ് ഹൈസ്കൂളിൽനിന്നും എസ്.എസ്.എൽ.സിയും കോഴിക്കോട് ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും ഡിപ്ലോമയും പാസ്സായി വിയന്നയിൽ ജോലിയിലായ അദ്ദേഹം നെയ്യാറ്റിൻകര മാത്യൂ -മറിയം മകൾ ക്ലാരയെ വിവാഹം കഴിച്ചു. പിന്നീട് അമേരിക്കയിൽ പോയി കംപ്യൂട്ടർ സയൻസിൽ ഡിഗ്രി സമ്പാദിച്ച് മാത്യു കുടുംബസമേതം വിയന്നയിൽ എത്തി ഓസ്ട്രിയൻ കമ്പനിയിൽ കംപ്യൂട്ടർ എൻജിനീയറായി ജോലി ചെയ്യുന്നു. അവർക്ക് സ്മിത, സിജൊ എന്ന രണ്ട് മക്കളാണുള്ളത്. സ്മിത എന്ന മകൾ എം.ബി.എ. പാസ്സായി വിയന്നയിലൊരു കമ്പനിയിൽ ജോലി ചെയ്യുന്നു. സിജൊ അമേരിക്കയിൽ ഉപരിപഠനം നടത്തി ഇറിനാ എന്നൊരു റഷ്യൻ പെൺകുട്ടിയെ വിവാഹം ചെയ്ത് അമേരിക്കയിൽ ജോലിചെയ്ത് കുടുംബസമേതം താമസിക്കുന്നു. മാത്യു ഓസ്ട്രിയയിലെ അറിയപ്പെടുന്ന ഒരു കലാ - സാംസ്കാരിക - സാമൂഹ്യ പ്രവർത്തകനാണ്.

പാപ്പച്ചൻ - ക്ലാര ദമ്പതികളുടെ നാലാമത്തെ കുട്ടി മേരിയെന്ന മകളാണ്. മേരിക്കുട്ടി 1973ൽ എസ്.എസ്.എൽ.സി.ജയിച്ച് കർമ്മലീത്താ സന്യാസിനി സഭയുടെ തലശ്ശേരി രൂപതയിലെ സെന്റ് ജോസഫ് പ്രോവിൻസിൽ ചേർന്നു. സഭവക തേക്കുംകുറ്റിയിലുള്ള പഠനകേന്ദ്രത്തിൽ പരിശീലനം നടത്തി. 1974 ഡിസംബർ 28നു പ്രഥമ വ്രതവാഗ്ദാനം നടത്തി. സഭാവസ്ത്രവും സിസ്റ്റർ ജയ എന്ന പേരും സ്വീകരിച്ചു. പിന്നീട് പാലക്കാട് മേഴ്സി കോളേജിൽ പ്രീഡിഗ്രി പഠനം നടത്തി. ലബോറട്ടറി ടെക്നീഷ്യൻ കോഴ്സും ജയിച്ചു. 1978 മുതൽ 1983 വരെ സെന്റ് ജോസഫ് മിഷ്യൻ ആശുപത്രിയിൽ സേവനം നടത്തി. 1983ൽ കർണ്ണാടകത്തിലെ നരസിംഹ രാജപുരം ഇടവകയിലുള്ള സഭവക പുഷ്പാശുപത്രിയിലേക്ക് മാറി. 1986 മുതൽ ഉഡുപ്പി ലോംബാർഡ് സ്മാരക ആശുപത്രിയിൽ നേഴ്സിംഗ് പഠിച്ച് ഒന്നാംക്ലാസിൽ പാസ്സായി. 1990 മുതൽ മാനന്തവാടി പ്രവിശ്യാംഗമായി പുഷ്പാശുപത്രിയിൽ

സേവനം ചെയ്തുകൊണ്ടിരിക്കേ ജർമ്മനിയിലേക്ക് പോകുകയും ജർമ്മനിയിൽ 13 വർഷത്തെ സേവനത്തിനുശേഷം 2007ൽ നട്ടിൽ തിരിച്ചെത്തി തലശ്ശേരി പ്രോവിൻസിൽ സേവനം ചെയ്തുകൊണ്ടിരിക്കയാണിപ്പോൾ.

ക്ലാര - പാപ്പച്ചൻ ദമ്പതികളുടെ മക്കളിൽ അഞ്ചാമത്തെ ആൾ തോമസ് (കുഞ്ഞിതൊമ്മൻ) എന്ന പുത്രനാണ്. തുടങ്ങനാട്, മണിമൂളി, മൂവാറ്റുപുഴ എന്നിവിടങ്ങളിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് പിറവത്ത് ലാബോറട്ടറി വിദ്യാഭ്യാസവും പൂർത്തിയാക്കി വിയന്നയിലെത്തി ജോലിയിൽ പ്രവേശിച്ചു. കുഞ്ഞിതൊമ്മൻ തുടങ്ങനാട് വാഴചാരിക്കൽ ജോൺ - മറിയക്കുട്ടി മകൾ ആനിയമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ക്ലാരിസ്, ഫ്രാൻസിസ് (കുട്ടപ്പായി) എന്ന രണ്ടു മക്കളാണുള്ളത്. അതിൽ ക്ലാരിസ് സ്കൂൾ ഓഫ് ബാസലിൽ ബയോ മെഡിക്കൽ അനാലിസിസ് വിദ്യാർഥിനിയാണ്. ഫ്രാൻസീസ് (കുട്ടപ്പായി) സൂറിച്ച് യൂണിവേഴ്സിറ്റിയിൽ എക്കണോമിക്സ് വിദ്യാർത്ഥിയാണ്. ഇവരിപ്പോൾ സ്വിറ്റ്സർലണ്ടിൽ ബാസലിലാണ് ജോലി ചെയ്യുന്നത്. ആനിയമ്മയ്ക്ക് വിയന്നയിൽ ജോലി നേടിക്കൊടുത്തത് ജോസാണ്. കൂടാതെ സാമ്പത്തിക വിഷമതയിലായിരുന്ന തുടങ്ങനാട് വാഴചാരിക്കൽ കുടുംബത്തിലെ മൂന്നു അനുജത്തിമാരെയും കുഞ്ഞിതൊമ്മനും ആനിയമ്മയും കൂടി വിയന്നയിൽ ജോലിയിലാക്കി.

ക്ലാരമ്മ - പാപ്പച്ചൻ ദമ്പതികളുടെ മക്കളിൽ ആറാമത്തെയാൾ ത്രേസ്യാക്കുട്ടിയെന്ന മകളാണ് ത്രേസ്യാക്കുട്ടി ബി.എസ്സി, ബി.എഡ് പാസായി കൊട്ടക്കാട് ചെറയത്ത് താഞ്ചൻ കൊച്ചുവറീത് - അന്നം കുട്ടി കമൻ വിൻസെന്റ് എം.എസ്സിയെ വിവാഹം കഴിച്ചു. ഭർത്താവുമൊത്ത് അമേരിക്കയിൽ ജോലി ചെയ്യുന്നു. ക്ലാരമ്മ - പാപ്പച്ചൻ ദമ്പതികളുടെ മക്കളിൽ ഏഴാമത്തെയാൾ ജോർജ്കുട്ടി എന്ന പുത്രനാണ് (കെ.എഫ്.ജോർജ്). നിർമ്മലാ കോളേജിൽനിന്നും ബി.എ ബിരുദമെടുത്ത ജോർജുകുട്ടി തൊടുപുഴ ആലക്കോട് നമ്പ്യാപറമ്പിൽ പുതുശ്ശേരി ജോൺ - മറിയാമ്മ മകൾ ലാലി (മേരി)യെ വിവാഹം കഴിച്ചു. മാതാപിതാക്കളെ സംരക്ഷിച്ച് മൂവാറ്റുപുഴ വീട്ടിൽ 2007 വരെ കഴിയുകയായിരുന്നു. ലാലി - ജോർജ്കുട്ടി ദമ്പതികൾക്ക് മിനു ക്ലാര, അനു മരിയ എന്ന രണ്ട് പെൺമക്കളും ഫ്രാൻസീസ് (ഉണ്ണികുട്ടൻ) എന്ന പുത്രനുമാണുള്ളത്. മിനു ബി.എസ്സി നേഴ്സിംഗ് പാസായി കൊട്ടിയം ആശുപത്രിയിൽ ജോലി ചെയ്യുന്നു. അപ്രേം കുടുംബാംഗങ്ങൾക്കെല്ലാം അമേരിക്കൻ വിസയ്ക്കും ഗ്രീൻ കാർഡിനും അപേക്ഷിച്ചിരുന്നു.

അതിൻപ്രകാരം ജോർജ്ജ്കുട്ടിയും ലാലിയും ബി.എസ്സി നേഴ്സിംഗ് പാസായ അനുമറിയയും സ്കൂൾ വിദ്യാർഥിയായ ഉണ്ണികുട്ടനുമൊത്ത് 2007 മുതൽ അമേരിക്കയിൽ താമസിച്ച് ജോലി ചെയ്യുന്നു. ക്ലാരമ്മ - പാപ്പച്ചൻ ദമ്പതികളുടെ മക്കളിൽ എട്ടാമത്തെ ആൾ സെബാസ്റ്റ്യൻ ഫ്രാൻസീസ് എന്ന പുത്രനാണ്. അദ്ദേഹം ബി.എ.യും എം.എ.യും പ്രശസ്തമായ രീതിയിൽ പാസ്സായി മെഡിക്കൽ വിദ്യാർഥിയായി വിയന്നയിലെത്തി. അവിടെനിന്നും അമേരിക്കയിൽ പോയി പ്രശസ്തമാ രീതിയിൽ നേഴ്സിംഗും അതിനെ തുടർന്ന് മെഡിസിൻ പഠിച്ച് മെഡിക്കൽ ഡോക്ടറായി. സെബാസ്റ്റ്യൻ കാഞ്ഞാണി താണ്ടമ്മ - പൗലോസ് ദമ്പതികളുടെ മകൾ ഷീല എം.എസ്സിയെ വിവാഹം ചെയ്തു. ഷീല അമേരിക്കയിലെത്തി സി.എ.പഠിച്ച് അമേരിക്കൻ അസംബ്ലിയിൽ അക്കൗണ്ടന്റായി ജോലി ചെയ്യുന്നു. ഡോക്ടറായി ജോലി ചെയ്യുന്ന സെബാസ്റ്റ്യനും ഷീലയ്ക്കും സാമുവെൽ എന്ന പുത്രനാണ് (സാമു) ഉള്ളത്. സാമു സ്കൂൾ വിദ്യാർഥിയാണ്.

ക്ലാര - പാപ്പച്ചൻ ദമ്പതികളുടെ പതിനാലു മക്കളിൽ ഒമ്പതാമത്തെ ആൾ ആലീസ് (ആലീസ് ഫ്രാൻസീസ്) ബി.എസ്സി, ബി.എഡ് മണിമലയിൽനിന്നും തിരുവമ്പാടിക്ക് കുടിയേറിയ ആലപ്പാട്ടു തോമസ് മറിയം മകൻ തോമസ് എം.എ വിവാഹം ചെയ്തു. വിദ്യാർഥികളായ മൂന്നു മക്കളോടൊത്ത് ഇപ്പോൾ അമേരിക്കയിൽ ജോലി ചെയ്ത് താമസിക്കുന്നു.

ക്ലാരമ്മ - പാപ്പച്ചൻ ദമ്പതികളുടെ പതിന്നാലുമക്കളിൽ പത്താമത്തെയാൾ പോളി (പോൾ ഫ്രാൻസീസ്) ആണ്. പോളി മണിമൂളി, മൂവാറ്റുപുഴ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. മൂവാറ്റുപുഴ നിർമ്മലാ കോളേജിൽനിന്നും ബി.കോമും പാസ്സായി. 1991ൽ വിയന്നയിലെത്തി. പോളി ചേർത്തല കുന്നുതറ ജോസഫ് - ബ്രിജീത്ത മകൾ നിമ്മിയെ വിവാഹം ചെയ്തു. ഇവരുടെ വിവാഹം വിയന്നയിൽ വച്ചു നടന്നു. അവർക്ക് പാട്രിക്ക് (മോനു), സാൻദ്ര (മോളു) എന്നീ രണ്ടു സ്കൂൾ കുട്ടികളാണുള്ളത്. വിയന്നയിലെത്തി വിയന്ന യൂണിവേഴ്സിറ്റിയിൽ തുടർന്നു പഠിച്ച നിമ്മിയും പോളിയും മക്കളോടൊത്ത് വിയന്നയിൽ താമസിച്ച് ജോലി ചെയ്യുന്നു.

ക്ലാര - പാപ്പച്ചൻ ദമ്പതികളുടെ പതിനൊന്നാമത്തെ ആൾ ഫിലിപ്പ് നേരി ജനിച്ച് അധികനാൾ കഴിയുന്നതിനുമുമ്പേ മരിച്ചു.

ക്ലാര - പാപ്പച്ചൻ ദമ്പതികളുടെ മക്കളിൽ പന്ത്രണ്ടാമത്തെ ആൾ അന്നക്കുട്ടി (അന്നകുട്ടി ഫ്രാൻസീസ്) പ്രീഡിഗ്രി പഠിച്ചശേഷം 1986ൽ കർമ്മലീത്താ സന്യാസിനീസഭയിൽ ചേർന്നു അത്മിനിയായി ആൻസ് മരിയ എന്ന പേർ സ്വീകരിച്ചു. സഭവക തേക്കുംകുറ്റി പഠനകേന്ദ്രത്തിൽ പരിശീലനം നടത്തി. 1989ൽ ഇരിങ്ങാലക്കുട കടുങ്ങാച്ചിറ ലിസ്യൂ മഠംവക ട്രെയിനിംഗ് സ്കൂളിൽ ചേർന്ന് 1991ൽ ഡിപ്ലോമ നേടി. ഇപ്പോൾ മലപ്പുറം ജില്ലയിൽ കരുവാരക്കുണ്ടിനടുത്ത് സെന്റ് മേരീസ് മഠംവക സ്കൂളിൽ അദ്ധ്യാപികയാണ്. ക്ലാര - പാപ്പച്ചൻ ദമ്പതികളുടെ പതിമൂന്നാമത്തെ ആൾ സെലിൻ (സെലിൻ ഫ്രാൻസീസ്) എന്ന മകളാണ്. മൂവാറ്റുപുഴ നിർമ്മലാ കോളജിൽ ബി.എസ്സിയും മണിപ്പാലിൽ ബി.എഡും പഠിച്ച് ആരക്കുഴ സ്കൂളിൽ പഠിപ്പിക്കുകയായിരുന്നു. 1995ൽ ആരക്കുഴ പ്ലാത്തോട്ടത്തിൽ ലിയോണൻ എന്ന അഡ്വക്കേറ്റിനെ വിവാഹം ചെയ്തു. അവർക്ക് ഫ്രാൻങ്കിലിൻ, ഡിവൈൻ എന്നീ രണ്ടു ആൺകുട്ടികളാണ്. 2010ൽ അവർ അമേരിക്കയിലേക്ക് കുടിയേറി. ക്ലാര - പാപ്പച്ചൻ ദമ്പതികളുടെ പതിന്നാലു മക്കളിൽ പതിനാലാമത്തെ ആൾ ഡൊമിനിക് സാവിയോ ആണ്. മന്ദബുദ്ധിയായ സാവിയോ പടിഞ്ഞാറെകോടിക്കുളത്ത് ഫാദർ ജെയിംസ് വടക്കേലിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന സ്നേഹഭവനിൽ കഴിയുന്നു. അവുധിസമയത്തും പ്രത്യേക വിശേഷദിനങ്ങളിലും മൂവാറ്റുപുഴ വീട്ടിൽ വന്ന് ചിലവഴിക്കുന്നു. എല്ലാ അനുജന്മാരെയും വിയന്നയിൽ എത്തിച്ചതും അവിടെ ജോലിയുള്ള നസ്രാണി യുവതികളെക്കൊണ്ട് വിവാഹം കഴിപ്പിച്ചതും ജോസാണ്. ജോസും കുടുംബവും ഇപ്പോൾ വയസ്സായ അമ്മയുടേയും മന്ദബുദ്ധിയായ സാവിയോയുടെയും സംരക്ഷണം ഏറ്റെടുത്ത് മൂവാറ്റുപുഴ വീട്ടിൽ കഴിയുന്നു. പൊതുപ്രവർത്തകനായിരുന്ന പാപ്പച്ചന്റെ മക്കൾ പ്രത്യേകിച്ച് ജോസ്, മാത്യു, തോമസ്, പോളി എന്നിവർ കലാ-സാംസ്കാരിക - സാമൂഹ്യ സംഘടനകളിൽ പ്രമുഖ സ്ഥാനങ്ങൾ വഹിച്ച് യൂറോപ്പിൽ പ്രവർത്തിക്കുനനു. അവരെല്ലാം കിഴക്കേക്കര കുടുംബത്തിന്റെ യശസ്സ് വർധിപ്പിക്കുന്നു.

വള്ളിപ്പാറ മറിയം - ഇട്ടിഐപ്പുമാരുടെ ഏകമകൾ ഏലിക്കുട്ടി തുടങ്ങനാട് എൽപി, യു.പി, ഹൈസ്കൂളുകളിൽനിന്നും എസ്.എസ്.എൽ.സി. ജയിച്ചു. 1948 ജൂലൈ 15നു ചങ്ങനാശ്ശേരി രൂപതയിലായിരുന്ന കർമ്മലീത്താ സന്ന്യാസിനീസഭയുടെ തുടങ്ങനാട് ശാഖയിൽ ആദ്യം ചേർന്ന അർത്ഥിനികളിൽ ഒരാളായി. സെറാഫിയ എന്ന

പേർ സ്വീകരിച്ചു. സഭവക ആർപ്പൂക്കര ഭവനത്തിൽ പരിശീലനം നടത്തി 1950 മെയ് 18നു പ്രഥമ വ്രതവാഗ്ദാനം നടത്തി. 1950ൽ തന്നെ ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസിൽ ചേർന്നു 1955ൽ ബി.എസ്സി ബിരുദം നേടി. 1953 മെയിൽ നിത്യവ്രതവാഗ്ദാനം ചെയ്തു. 1955 മുതൽ 1956 ജൂലൈ വരെ രാമപുരം സേക്രഡ് ഹാർട്ട് ഹൈസ്കൂളിൽ അദ്ധ്യാപികയായിരുന്നു. മലബാർ കുടിയേറ്റക്കാർക്കുവേണ്ടി തലശ്ശേരി രൂപത സ്ഥാപിതമായപ്പോൾ തിരുവമ്പാടിയിൽ മഠം സ്ഥാപിക്കാൻ 1956 ജൂലൈ പത്തിന് അവിടെ എത്തി. മഠം സ്ഥാപിച്ചു. ജൂലൈ 11 മുതൽ 1980 വരെ തിരുവമ്പാടി സേക്രഡ് ഹാർട്ട് ഹൈസ്കൂളിൽ അദ്ധ്യാപികയായി സേവനം നടത്തി. 1957ൽ പാലായിൽ ആരംഭിച്ച ട്രെയിനിംഗ് കോളേജിൽ ആദ്യവിദ്യാർഥികളിൽ ഒരാളായി. കണക്ക്, ഇംഗ്ലീഷ് വിഷയങ്ങളിൽ ബി.എഡ് നേടിയിരുന്നു. 1963 മുതൽ 1967 വരെ തിരുവമ്പാടി മഠത്തിന്റെ ശ്രേഷ്ഠത്തി, സെന്റ് ജോസഫ് പ്രോവിൻസിന്റെ റീജണൽ സുപ്പീരിയർ എന്നീ ചുമതലകൾ വഹിച്ചു. 1980ൽ എടൂർ സെന്റ് ട്രീസാ മഠത്തിലേക്ക് മാറി അവിടെ ഹൈസ്കൂൾ അദ്ധ്യാപികയായി. 1986ൽ സഭയുടെ ജനറൽ ചാപ്റ്ററിൽ ഒരു ജനറൽ കൗൺസിലറായി തിരഞ്ഞെടുക്കപ്പെട്ടു. 1986ൽ അദ്ധ്യാപിക ജോലിയിൽനിന്നു പെൻഷൻ പറ്റിയതിനുശേഷം സഭയുടെ ആലുവാ തായിക്കാട്ടുകരയിലുള്ള മൗണ്ട് കാർമ്മൽ ജനറലേറ്റിലായിരുന്നു. 1991ൽ നടന്ന തെരഞ്ഞെടുപ്പിൽ സെറാഫിയാമ്മയെ വീണ്ടും തലശ്ശേരി സെന്റ് ജോസഫ് പ്രോവിൻസിന്റെ പ്രൊവിൻഷ്യാളായി തിരഞ്ഞെടുത്തു. ഇപ്പോൾ ആസ്ഥാനം തിരുവമ്പാടിയിലാണ്. ഇവർ റോമും പാലസ്തീൻനാടുകളും സന്ദർശിച്ചിട്ടുണ്ട്. ഇപ്പോൾ തിരുവമ്പാടി മഠത്തിൽ വിശ്രമജീവിതം നയിക്കുന്നു.

കിഴക്കേക്കര കൈതോലിൽ കൊച്ചേലി - ഇട്ടിഐപ്പുമാരുടെ രണ്ടാമത്തെ മകൻ മത്തായി പാലാ ടൗൺ സർക്കാർ മലയാളം പള്ളിക്കൂടത്തിൽ നാലാംതരം ജയിച്ചു. പാലാ വലിയ പള്ളിവക സെന്റ് തോമസിൽനിന്നും തേർഡ് ഫോറവും ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസിൽനിന്നും ഇ.എസ്.എൽ.സി.യും നേടി. 1921ൽ മത്തായി ചങ്ങനാശ്ശേരി പെറ്റി സെമിനാരിയിൽ ചേർന്നു. സുറിയാനി, ലത്തീൻ ഭാഷകൾ പഠിച്ച് 1923ൽ വരാപ്പുഴ സെമിനാരിയിൽ പട്ടത്തിനു പഠനം തുടങ്ങി. അന്നു ചങ്ങനാശ്ശേരിയിലും തൃശൂരും മാത്രമേ സുറിയാനി റോമൻ കത്തോലിക്കാ മെത്രാന്മാരുള്ളൂ. അന്നേ മത്തായി ശെമ്മാശ്ശനു ഫലി

തസിദ്ധിയുണ്ട്. സഹൃദയനായ കാളാശ്ശേരിപിതാവ് സെമിനാരി അവധിക്കാലത്ത് സരസനായ മത്തായിശ്ശെമ്മാശ്ശനെകൂടെ താമസിപ്പിച്ചിരുന്നു. പറഞ്ഞുകേട്ട അന്നത്തെ ഒരു കഥ ചേർക്കെട്ടെ; പിതാവും ശെമ്മാശ്ശനും വിസീത്തയ്ക്ക് വില്ലുവണ്ടിയിൽ പോകുകയാണ്. പിതാവ് ഒരു ഫലിതം പറഞ്ഞു. "കിഴക്കേക്കര ഈ കരയെല്ലാം കാളവണ്ടിയിൽ മണ്ടുന്നല്ലോ." ഇരുവരും ചിരിച്ചു. തുടർന്ന് ശെമ്മാശ്ശൻ അമർത്തിയമർത്തി ചിരിച്ചുകൊണ്ടിരുന്നു. "എന്താ, താൻ ഇനിയും ചിരി അടക്കാൻ വിഷമിക്കുന്നത്?" "അതു പറഞ്ഞാൽ പിതാവു ദേഷ്യപ്പെടുമോ?; പേടിയുണ്ട്." "ആര്? ഞാനോ? താൻ ഭയപ്പെടാതെ പറ; ചിരിക്കാൻ ഞാനും കൂടാം" "ഈ കാള കാളാശ്ശേരിയെ വലിക്കുന്നല്ലോ എന്നോർത്താണ്." പിതാവ്, 'ബലേ ഭേഷ്' പറഞ്ഞു. ഇരുവരും ഒന്നിച്ച് ആർത്തട്ടഹസിച്ചു. വണ്ടിക്കാരൻ എന്തു ചെയ്തോ! അവർ വഴിവിഷമതയറിയാതെ പള്ളിയിലെത്തി.

1928 ഡിസംബർ 23-ാംനു അദ്ദേഹം കശീശ്ശാ പട്ടം ഏറ്റു. മത്തായിയച്ചന്റെ സഹപാഠികൾ 24 പേരുകൂടെ അദ്ദേഹത്തോടൊപ്പം ഗുരുപ്പട്ടം സ്വീകരിച്ചു. എല്ലാവരുടേയും പുത്തൻ കുർബാന ഒന്നിച്ച് ആഘോഷമായി വരാപ്പുഴയിൽവച്ച് നടത്തി. അച്ചന്റെ അമ്മയപ്പന്മാരും അമ്മായിയമ്മാവന്മാരും ചേട്ടനും ഭാര്യയും കുഞ്ഞുങ്ങളും അനുജനും നവോഢയും അയൽക്കാരുമൊക്കെ വളവരയുള്ള ഒരു കെട്ടുവള്ളം നിറയെ ആളുകൾ പാലാ തോണിക്കടവിൽനിന്നു കയറി. മൂന്നാംനാൾ അവർ വരാപ്പുഴയെത്തി. ഇടിച്ചമ്മന്തിയും (വേപ്പിലക്കട്ടി) ഉലത്തുകറികളും മോരുകാച്ചിയതും അവർ എടുത്തിരുന്നു. ചൂണ്ടകളിൽ ധാരാളമായി കിട്ടിയ മീൻ വറുത്തും കറിവെച്ചും അവർ ആസ്വദിച്ചു. ചോറു വള്ളത്തിൽ വച്ചു. പ്രകൃതിയുടെ വിളികൾ അതിനു സൗകര്യമുള്ള സ്ഥലങ്ങളിൽ വള്ളം അടുപ്പിച്ചു നടത്തി. അന്ന് ഇന്നത്തെപ്പോലെ അടുപ്പിച്ചടുപ്പിച്ച് ആൾത്താമസമില്ലല്ലോ. വരാപ്പുഴയിൽ താമസത്തിനു വീടെടുത്തു. ഭക്ഷണം സെമിനാരിക്കാർ കൊടുത്തു. 25 ത്രോണോസുകളിൽ നവവൈദികർ പ്രഥമ ദിവ്യബലിയർപ്പിച്ചു. ഓരോ പട്ടക്കാരന്റേയും ബന്ധുമിത്രാദികളെ അങ്ങേർ കുർബാന ചൊല്ലുന്ന അൾത്താരയ്ക്കു നേരെ നിർത്തും. അന്ന് അന്യരെ പള്ളിയിൽ കയറ്റില്ല. മടക്കയാത്ര വൈക്കംവരെ വള്ളത്തിലും തുടർന്ന് ബസ്സിലും നടത്തി. അങ്ങനെ യാത്രാക്ലേശമറിയാതെ മന്ദമാരുതനേറ്റ് പ്രകൃതിരമണീയതയും പച്ച മീനും യഥേഷ്ടം ഭക്ഷിച്ച് വിശുദ്ധ കർമ്മത്തിൽ സംബന്ധിച്ച് മനശ്ശാന്തി

നേടി വിനോദയാത്ര നടത്തിയ സംതൃപ്തിയോടെ അവർ മടങ്ങി യെത്തി. വീടും അടുക്കളയുമായി കഴിഞ്ഞിരുന്ന സ്ത്രീകൾ നന്നായി ആഹ്ലാദിച്ചിരിക്കണം.

കിഴക്കേക്കര കൊച്ചച്ചൻ കടനാട്, രാമപുരം ഫൊറോനാപള്ളി കളിൽ അസ്തേന്തിയായി ഇടവകഭരണം പരിശീലിച്ചു. ശെമ്മാശ്ശനായിരിക്കേ തന്നെ സുപരിചിതനായ കിഴക്കേക്കര മത്തായി അച്ചനെ കാളാശ്ശേരി പിതാവ് അങ്ങേരുടെ സ്വന്തം ഇടവക ഇളന്തോട്ടം വികാരിയാക്കി. വിസീത്തയ്ക്ക് വന്നപ്പോൾ സ്വാഗതത്തിനു മറുപടി പറയവേ പിതാവ്, ഇങ്ങനെ പ്രസംഗിച്ചു. "ഒരുകാലത്ത് കൽദായ സഭാവിഭാഗത്തിന്റെ പുലാത്തിയായിരുന്ന ഇളന്തോട്ടത്തിന്റെ അധിപനെ വികാരിയച്ചനെന്നല്ല, തിരുമേനിയച്ചൻ എന്നു വിളിക്കണമെന്നു നമുക്ക് താൽപ്പര്യമുണ്ട്." പിന്നീട് എല്ലാവരും അങ്ങേരെ 'തിരുമേനിയച്ചൻ' എന്നു വിളിച്ചുതുടങ്ങി. കിഴക്കേക്കര മത്തായിയച്ചനെ അറിയാത്തവർകൂടി തിരുമേനിയച്ചനെ അറിഞ്ഞിരുന്നു. അച്ചന്റെ അപ്പന്റെ അമ്മയും പാലാ രൂപതയുടെ ആദ്യ മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിലിന്റെ അപ്പനും ആങ്ങളപെങ്ങന്മാരായിരുന്നു. പ്രായക്കൂടുതൽ അച്ചനായിരുന്നു. മാണിക്കുട്ടി ആയിരിക്കുമ്പോൾ മുതൽ അച്ചനു മാർ വയലിലിനെ നല്ല പരിചയമാണ്. അങ്ങേർ ആദ്യകുർബാന അർപ്പിച്ചപ്പോൾ പ്രേരകൻ തിരുമേനിയച്ചനായിരുന്നു. മാണിക്കുട്ടിയച്ചൻ റോമിൽനിന്നു മെത്രാനായി വന്നപ്പോൾ തിരുമേനിയച്ചൻ രണ്ടാംവട്ടം ഇളന്തോട്ടം വികാരിയാണ്. പല കൈമണിക്കാരും മെത്രാനെ ചെന്നുകണ്ടു കൈമുത്തി, തിരുമേനിയച്ചനു പോയി കാണാൻ സൗകര്യപ്പെട്ടില്ല. അങ്ങനെയിരിക്കെ ഒരു സായാഹനത്തിൽ അതാ, മെത്രാനച്ചന്റെ കാർ പള്ളിമുറ്റത്ത്! വാതിൽ തുറന്നു നടന്നടുക്കുന്ന മെത്രാന്റെ കൈമുത്തി അച്ചൻ ഇങ്ങനെ സ്വാഗമരുളി: "അങ്ങോട്ടിറങ്ങണോ ഇങ്ങോട്ടു..." വാചകം മുഴുമിപ്പിക്കാൻ മെത്രാനച്ചൻ സമ്മതിച്ചില്ല. "അതല്ലേ പഴയ മാണിക്കുട്ടി ഇങ്ങോട്ടുവന്നത് തിരുമേനീ" മാർ വയലിലും സന്ദർഭാനുസരണം ഉയർന്നു. ഇളന്തോട്ടം, ആർപ്പൂക്കര, പൂവരണി, വിളക്കുമാടം, കടപ്ലാമറ്റം, ചെമ്മലമറ്റം (ഇവിടെ മഠസ്ഥാപനം നടത്തി) വീണ്ടും ഇളന്തോട്ടം ഇവയാണ് അച്ചൻ വികാരിയായിരുന്ന ഇടവകകൾ. മൂന്നാംവട്ടം ഇളന്തോട്ടം വികാരിപദം ദീർഘനാൾ വഹിച്ചശേഷം മെത്രാന്റെ അനുവാദം വാങ്ങി ഇടവകഭരണം ഉപേക്ഷിച്ച് അവിടെ പള്ളിമുറിയിൽ വിശ്രമജീവിതം നയിച്ചു. വീണ്ടും മെത്രാന്റെ അനുവാദം വാങ്ങി താമസവും നിത്യ ബലിയർപ്പ

ണവും സ്വന്തം വീടു കൈതോലിലാക്കി. അങ്ങനെ കഴിയുമ്പോൾ മുമ്പേ ബാധിച്ചിരുന്ന പ്രമേഹം മൂർച്ഛിച്ചു. ഭരണങ്ങാനം മേരിഗിരി ആശുപത്രിയിൽ പുരോഹിതർക്കു മാത്രമായ മുറിയിൽ ഒരു മാസത്തിലധികം കിടന്നു. ആ കാലത്താണ് ഏക സഹോദരി കുഞ്ഞാമ്മ മുണ്ടക്കയത്ത് മരിച്ചത്. അച്ചൻ അടക്കിനു പോയി ആശുപത്രിയിലേക്കു മടങ്ങി. പ്രമേഹം നിയന്ത്രണത്തിലായതും കൈതോലിലേക്ക് തിരിച്ചുപോന്നു. രണ്ടു ദിവസം കഴിഞ്ഞ് ഫെബ്രുവരി 23-ാംനു രാത്രി ഹൃദ്രോഗബാധയുണ്ടായി. അതും മുമ്പേ ഉണ്ടായിരുന്നു. വീണ്ടും മേരിഗിരിയിലാക്കി. പിറ്റേന്നു രാവിലെ, ഫെബ്രുവരി 24നു 8.15നു സ്വന്തക്കാരുടേയും സുഹൃത്തുക്കളുടേയും മദ്ധ്യത്തിൽനിന്ന് തിരുമേനിയച്ചൻ നിത്യനിദ്രയിലേക്ക് ഊർന്നിറങ്ങി. മാർ വയലിലിന്റെ പ്രധാന കാർമ്മികത്വത്തിൽ ഇളന്തോട്ടം പള്ളിയകത്ത് കബറടക്കി. മുപ്പതാംനാൾ സ്ലാബിടീലിനും മെത്രാനച്ചൻ വന്നിരുന്നു.

കക്ഷിവഴക്കുകൾ അച്ചൻ ഭരിച്ചിരുന്ന ഇടവകകളെ തീണ്ടിയിരുന്നില്ല. ഭിന്നിപ്പിച്ചു ഭരിക്കുന്ന നയം അച്ചൻ സ്വീകരിച്ചിരുന്നില്ല. ഉചിത ഉപമകൾ സന്ദർഭാനുസരണം ഉൾക്കൊള്ളിച്ച് ഫലിതസമ്മിശ്രമായ ചെറുഭാഷണങ്ങളിലൂടെ അറിവും ഐകമത്യവും വിതച്ചും വിശ്വാസവും സ്നേഹവും കൊയ്തും അച്ചൻ ഇടവകകൾ ഭരിച്ചു. ഭിന്നിച്ചിരുന്നവയെ വിളക്കി യോജിപ്പിച്ചു. ഇതായിരുന്നു അച്ചന്റെ ഭരണശൈലി. ആ ലളിതജീവിതപ്രേമി ആർഭാടം ആഗ്രഹിച്ചില്ല. പൂവരണിയിൽനിന്നും അച്ചനു വിളക്കുമാടത്തിനായിരുന്നു മാറ്റം. പൂവരണിക്കാർ കാറുകളുടെ അകമ്പടിയോടെ വളഞ്ഞവഴിക്ക് അച്ചനെ വിളക്കുമാടത്തെത്തിക്കാൻ പരിപാടിയിട്ടിരുന്നു. വൈകുന്നേരത്തെ യാത്രയയപ്പ് യോഗത്തിൽ നന്ദി അറിയിച്ച് അച്ചൻ പ്രസംഗിച്ചു. " ഈ യോഗം തീർന്നാലുടൻ ഞാൻ പതിവു വൈകുന്നേര നടത്തം തുടങ്ങുകയായി.

പ്രിയപ്പെട്ടവർ എല്ലാവരും എന്നോടൊപ്പം വന്നു എന്നെ എന്റെ പുതിയ ഇടവകയിലാക്കാൻ പ്രത്യേകം താല്പര്യപ്പെടുന്നു. "അവർ എല്ലാവരും ഫലിതങ്ങൾ പറഞ്ഞും ഓർമ്മകൾ അയവിറക്കിയും കുറുക്കിനു നടന്ന് വിളക്കുമാടത്തെത്തി. അങ്ങോട്ടു പുറപ്പടുംമുമ്പ് അച്ചന്റെ പെട്ടികളും കിടക്കയും തട്ടുമുട്ടു സാമാനങ്ങളും കാളവണ്ടിയിൽ കയറ്റിയിരുന്നു. കട്ടിൽ, മേശ, കസേരാദികൾ ഇടവകക്കാർ പള്ളിമുറിയിൽ കരുതിയിരിക്കുക പതിവാണല്ലോ. കക്ഷിവഴക്ക് കത്തിനിൽക്കുമ്പോഴാണ് അച്ചൻ വിളക്കുമാടത്തെത്തിയത്. പള്ളി പുതുക്കിപ്പണിയായി

രുന്നു പ്രശ്നം. ആയിടെ പുത്തൻകുർബാന ചൊല്ലിയ പാലാ രൂപത യിലെ ഏക എൻജിനീയറച്ചനെ, പണ്ടേ അറിയുന്ന മെത്രാനോട് പറഞ്ഞ് അച്ചൻ അസ്തേന്തിയാക്കി. അനുഗൃഹീത ഗായകനും ചിത്ര കാരനുംകൂടിയായ നെല്ലിക്കോട്ടു കോഴികൊത്തിക്കലച്ചൻ വരച്ച ഭാവി പള്ളി പ്ലാൻ എല്ലാവരും ഇഷ്ടപ്പെട്ടു. അച്ചൻ ഒന്നിപ്പിക്കലിന്റെ ഒന്നാം പടി കയറി. ഇങ്ങനെ കരുതലോടെ നയത്തിൽ നീങ്ങി ഇടവകയിലെ കക്ഷിവഴക്കും മനോഹരമായ പള്ളിപ്പണിയും അച്ചൻ തീർത്തു. 1958 മുതൽ 1968 വരെ ശെമ്മാശും അസ്തേന്തിയുമായി അച്ചന്റെ അന്തേ വാസിയായിരുന്ന നെല്ലിക്കോട്ടു കോഴികൊത്തിക്കലച്ചൻ സദയം ശേഖ രിച്ചുതന്ന തിരുമേനിയച്ചന്റെ ഫലിതങ്ങളിലും കാര്യമാത്ര പ്രഭാഷണ ങ്ങളിലും ചിലത് ചേർക്കട്ടെ.

നെല്ലിക്കോടന്റെ അപ്പൻ മരിച്ചതിൽ അനുശോചനം അറിയിച്ച് അച്ചന്റെ കത്തെത്തി. അതിൽ "എല്ലാ സംസ്കാരവേളകളിലും ഇമ്പ ത്തിൽ ഈണത്തിൽ മുഴങ്ങാറുള്ള കൊച്ചിന്റെ ശബ്ദത്തിനു കാതോർത്തു; (അദ്ദേഹം എന്നെ വാത്സല്യപൂർവ്വം ഓമനപ്പേരാണ് വിളി ച്ചിരുന്നത്) കേട്ടില്ല. കാരണം, എനിക്കറിയാം. സ്വന്തം പിതാവിന്റെ മര ണത്തിലുള്ള ദു:ഖം. കൊച്ചു ദു:ഖിക്കേണ്ട. ജീവിതത്തിലെ ഒരു തത്ത്വം എഴുതാം. ജനിച്ചുവീണ ശിശുവിന് ഒന്നും ചെയ്യാൻ വയ്യാ. വളരുമ്പോൾ കമിഴുന്നു. കൈകളിൽ പൊങ്ങുന്നു. നാലു കാലിന്മേൽ നീന്തുന്നു. ഇരി ക്കുന്നു, പിടിച്ചെണീക്കുന്നു. ആരാണ് പരിചരിച്ച് പരിശീലിപ്പിക്കുന്ന വർ? മാതാപിതാക്കൾ. കിഴവരായി കഴിയുമ്പോഴും അവർക്ക് ശിശുക്ക ളെപ്പോലെ ഒന്നും തനിയെ ചെയ്യാൻ വയ്യ. അപ്പോൾ അമ്മയപ്പന്മാരുടെ പരിചരണം സ്മരിക്കുന്നു. കൊതിക്കുന്നു. അവർ പരലോകത്താണ്; അവരെ അനുഗമിക്കുന്നു; അതാണ് മരണം."

വാർഷിക ധ്യാനാവസാനം അച്ചന്റെ പ്രസംഗം: "ഇന്നു നമ്മുടെ ധ്യാനം സമാപിക്കുകയാണ്. നല്ല കുമ്പസാരം നടത്തി വി.കുർബാന കൈക്കൊണ്ട് എല്ലാവരും വീടുകളിലേക്കു പോകും. പഴയ ജീവിതമേ ഖലകളിലേക്ക് പുതിയ പ്രതിജ്ഞകളുമായി. ബോർഡിംഗിലേക്ക്/ ഹോസ്റ്റലിലേക്ക് മകനെ/മകളെ യാത്രയാക്കുന്ന അമ്മയെപ്പോലെ തിരു സഭ നിങ്ങളെ യാത്രയാക്കുന്നു. അമ്മ പറയും: "അവിടെ ചെന്നാൽ കത്തയയ്ക്കണം, വല്ലപ്പോഴും എണ്ണ തേച്ചുകുളിക്കണം, പാലും മുട്ടയും സ്പെഷ്യൽ വാങ്ങി കഴിക്കണം." തിരുസഭാ മാതാവ് ഓർമ്മിപ്പിക്കുന്നു: എഴുത്ത് പ്രാർത്ഥന മുടക്കരുത്, തേച്ചുകുളി കുമ്പസാരം നടത്തണം,

സ്പെഷ്യൽ ദിവ്യകാരുണ്യം സ്വീകരിക്കണം."

ആ ഞായറാഴ്ച ഏവൻഗോലിയോൻ വായനയും പ്രസംഗവും ശാബത്താചരണത്തെക്കുറിച്ചായിരുന്നു. നിങ്ങളുടെ ആടോ മാടോ കുഴി യിൽ വീണാൽ അയൽക്കാരേയും സ്നേഹിതരേയും വരുത്തി കയറ്റു കയില്ലേ എന്ന ഭാഗം വിശദീകരിച്ചുവന്ന അച്ചൻ 'കോമ' കണ്ടപോലെ നിർത്തി പതുക്കെ പറഞ്ഞു. "നമ്മളാണെങ്കിൽ കാര്യാങ്കനെ വരുത്തി എന്തുതരും എന്നു തിരക്കും." സ്ഥലം സ്ഥിരം ഇറച്ചിവെട്ടുകാരൻ 'കാര്യാങ്കൻ' പള്ളിയിലുണ്ട്. ജനം അമർഷിച്ചിരിച്ചു. അച്ചൻ ഒന്നും അറിയാത്തപോലെ പ്രസംഗം തുടർന്നു.

വിളക്കുമാടം പള്ളിക്കടുത്തുള്ള ഒരു വീട്ടിലെ ദിവസക്കൂലിക്കാ രൻ കുടുംബനാഥൻ പണികഴിഞ്ഞു നമ്പറിൽ കയറി ഡീസലടിച്ച് വീടെത്തി തെറി വിളിക്കുക പതിവായിരുന്നു. പള്ളിമുറ്റത്ത് കളിക്കുന്ന ആ വീട്ടിലെ കുട്ടികളെ വിളിച്ച് അച്ചൻ പറഞ്ഞു: "നിങ്ങളുടെ ചാച്ചൻ ഒരേ തെറിയാണല്ലോ ദിവസവും പറയുക: ഇനി പുതിയവ പറയണം. ഞങ്ങൾക്കും അച്ചനും പഠിക്കാമല്ലോ എന്ന് അച്ചൻ പറഞ്ഞതായി പറ യണം. നാളെ രാവിലെ ചാച്ചൻ പണിക്കുപോകുംമുമ്പ്, അവർ അങ്ങനെ ചെയ്തു. തെറിവിളി പിന്നെ കേട്ടില്ല. കുട്ടികൾ പഠിച്ചാവർത്തിക്കും, അച്ചൻ ശ്രദ്ധിക്കുന്നു എന്ന ചിന്ത അയാളുടെ അകക്കണ്ണു തുറപ്പിച്ചിരി ക്കണം.

"തിരുമേനിയച്ചൻ വിളക്കുമാടത്തിരിക്കുമ്പോൾ അസ്തേന്തിയായ ഞാനും ഒരുമിച്ച് പല കിഴക്കേക്കര വീടുകളും സന്ദർശിച്ചു. അന്ന് എല്ലാ വരും തന്നെ ധരിക്കാറുള്ള വെന്തിങ്ങാ കാശുരൂപങ്ങൾ ആരുടേയും കഴുത്തിൽ കണ്ടില്ല. എന്നെ വാരാറുള്ള അച്ചനെ ഒന്നു കൊച്ചാക്കണ മെന്ന് എനിക്ക് കുസൃതി തോന്നി. അച്ചന്റെ കുടുംബാംഗങ്ങളുടെ വിശ്വാ സരാഹിത്യം ഞാൻ ഫലിതമയമായി സൂചിപ്പിച്ചു. "എന്റെ കൊച്ചേ, വേലി ചാടുന്ന കാലികളുടെ കഴുത്തിലാണ് കൊട്ടി (മരമണി) കെട്ടേ ണ്ടത്. കിഴക്കേക്കരക്കാർ മര്യാദക്കാരാണ്; കൊട്ടി കെട്ടേണ്ടതില്ല." അച്ചന്റെ നർമ്മം എന്നെ കൊച്ചാക്കി."

ഹൃദ്രോഗിയായ അച്ചൻ ആശുപത്രിയിൽ കിടന്നു ചികിത്സയി ലാണ്. ക്ഷേമാന്വേഷണത്തിനു പലരുമെത്തി. എല്ലാവരും 'എങ്ങനെ, കുറവുണ്ടോ?" എന്നു തിരക്കി. അച്ചൻ "ഉണ്ട്" തുടർന്ന് നീണ്ട മൗനം. അച്ചൻ അത് ഭഞ്ജിച്ചു. "എന്താ കുറവെന്നു ആരും ചോദിച്ചില്ലല്ലോ?

ളോഹ ഊരി തൂക്കിയിരുന്നു. കീശയിലുണ്ടായിരുന്ന അഞ്ഞൂറുരൂപാ കാണാനില്ല; അതാ കുറവ്" എല്ലാവരും കൂടെ അച്ചനും ആർത്തുചിരിച്ചു. ഏത് നിർഭാഗ്യവും ഫലിതത്തിൽ അലയിച്ച് ചിരിക്കാനും ചിരിപ്പിക്കാനും അച്ചനു വശമായിരുന്നു.

അച്ചൻ ചെമ്മലമറ്റത്തെത്തി നാലഞ്ചു മാസങ്ങൾ കഴിഞ്ഞ് അവിടത്തെ കുരിശുപള്ളി പണിതീർന്നു. മതിലുകൂടെ പൂർത്തിയായപ്പോൾ മൂന്നിൽ ഒരു കൊച്ചുമുറ്റം. പതിവായി പള്ളിമുറിയിൽ വരുന്ന ചെറുപ്പക്കാരും അച്ചനും പൂച്ചെടിക്കമ്പുകളും വിത്തുകളുമായി വന്ന്, നട്ടുനനച്ചു. വളർന്നപ്പോൾ ചെറുപ്പക്കാർക്ക് അതിനൊരു പേരിടണം. ഗാന്ധി പാർക്ക്, നെഹ്റു പാർക്ക്, തിരുമേനി പാർക്ക്, പല പേരുകളും നിർദേശിക്കപ്പെട്ടു. ഒടുവിൽ അച്ചന്റെ അഭിപ്രായം: "പി.എൽ.ഡി.മോൻ പാർക്ക്' അച്ചനെ ഒരു തെമ്മാടി, 'പുലയാടിമോൻ' എന്നു വിളിച്ചത് അവർക്കും അറിയാം. അതിന്റെ മധുരമായി പ്രതീകരണം അവരും അംഗീകരിച്ചു.

ഭരണങ്ങാനം മേരിഗിരി പരിചാരികമാർ മെഡിക്കൽ സിസ്റ്റേഴ്സ് അച്ചന്റെ ഭാഷയിൽ 'മേടിക്കൽ സിസ്റ്റേഴ്സാ'ണ്. അച്ചന്റെ ബില്ലിൽ രക്ത പരിശോധന പത്തുരൂപാ. അച്ചൻ: "അപ്പോൾ, നിങ്ങൾക്കും ഓന്ത് ചോര കുടിക്കുംപോലെ ചോരയെടുക്കാനും അറിയാം, അല്ലേ?" സിസ്റ്റർ: "അതെന്താ അച്ചോ?" "ആരും സിറിഞ്ചുകൊണ്ട് എന്റെ ചോര എടുത്തില്ലല്ലോ." ആ പത്തുരൂപ കുറവു ചെയ്യാൻ അച്ചൻ ആവശ്യപ്പെടേണ്ടിവന്നില്ല.

ഇടവകാംഗങ്ങളിൽ അച്ചന്റെ സ്വാധീനം തെളിയിക്കുന്ന ഒരു സംഭവം: കുടികിടപ്പുകാരൻ പുതുക്രിസ്ത്യാനിക്ക് അന്ത്യകൂദാശയ്ക്ക് പറമ്പുടമ വിധവയുടെ മകൻ കോളേജുകുമാരൻ പാതിരായ്ക്ക് അച്ചനെ തട്ടിമുട്ടി ഉണർത്തി ഇറക്കി. "അവനു പെട്ടെന്നാണോ അസുഖം വന്നത്? വൈകീട്ട് നാം തമ്മിൽ കണ്ടല്ലോ; എന്തേ പറഞ്ഞില്ല"- അച്ചൻ തിരക്കി. "അപ്പോഴവനു നേരിയ പനിയേ ഉണ്ടായിരുന്നുള്ളൂ. അച്ചാ." "പിന്നെ പെട്ടെന്നു കൂടി, ഊർദ്ധൻ വലിച്ചുതുടങ്ങിയോ?" "എന്നാൽ, എനിക്ക് അങ്ങേലോകത്തുനിന്നു അറിയിപ്പ് കിട്ടിയില്ലച്ചാ". അച്ചൻ സംസാരം നിർത്തി ഒരുങ്ങിയിറങ്ങി. അടക്കു കഴിഞ്ഞ് അവന്റെ അമ്മ അച്ചന്റെ അടുത്തുവന്നു. അച്ചൻ കളിയായെന്നോണം പറഞ്ഞു: 'മകൻ മിടുക്കനാണല്ലോ! അന്ത്യകൂദാശയ്ക്ക് എന്നെ വിളിക്കാൻ വന്നപ്പോൾ എന്താവിവരം എന്നോടു നേരത്തെ പറഞ്ഞില്ല എന്നു ചോദിച്ചു. അവൻ

അങ്ങേലോകത്തുനിന്ന് അറിയിപ്പ് കിട്ടിയില്ലെന്നു പറഞ്ഞ് എന്നെ തോല്പിച്ചു." അമ്മ വീട്ടിൽ ചെന്ന ഉടൻ മകനെ വിളിച്ച്, "നീ എന്താടാ അച്ചനോട് ധിക്കാരം പറഞ്ഞത്; അച്ചന്റെ മുമ്പിൽ മുട്ടുകുത്തി ക്ഷമ പറഞ്ഞില്ലെങ്കിൽ മേലിൽ നീ എനിക്ക് മകനും ഞാൻ നിനക്ക് അമ്മയുമല്ല"- അമ്മയുടെ അന്ത്യശാസനം! ആ മാതൃഭക്തൻ വിഷമിച്ചു. വിരുതൻ എന്നാലും വിട്ടില്ല. അച്ചൻ മുറ്റത്ത് മറ്റ് രണ്ട് അച്ചന്മാരോടുകൂടി നിൽക്കുമ്പോൾ നാടകീയമായി മുട്ടുകുത്തി ക്ഷമാപണം തുടങ്ങി. അച്ചൻ അവനെ എണീപ്പിച്ചു: "സെബാസ്റ്റ്യാ, നിനക്ക് ദേഷ്യം വന്നു; ഞാനും ചൂടായി, നമുക്കത് മറക്കാം: ആ നർമ്മ പ്രിയൻ ഉദാരമനസ്കനുമായിരുന്നു.

പുതുക്കിപ്പണിയിച്ച വിളക്കുമാടം പള്ളിക്കൂദാശയ്ക്ക് കൂടിയവരെ സ്വാഗതം ചെയ്ത് അച്ചൻ ചെയ്ത പ്രസംഗം കൂടി എഴുതി, ഏറെ എഴുതാൻ വകയുള്ള ഇത് നിർത്തട്ടെ. സ്വാഗതമരുളിയശേഷം. അച്ചൻ ഒരു കഥയിലേക്കു കടന്നു - "മകനും അമ്മയും നല്ല വരിക്കച്ചക്ക ചതയാതെ ഇറക്കിവെച്ച് പഴുപ്പിക്കാൻ, കയറുമായി ഇറങ്ങി. അസാമാന്യ വലിപ്പമുള്ള ആ ചക്കതായ്ത്തടിയിൽ കുറച്ച് ഉയരത്തിലാണ് കിടപ്പ്. മുകളിലും താഴെയും കവരങ്ങൾ ഉണ്ട്. സൗകര്യമായിരുന്നു ഞെട്ടിനു കെട്ടിടാനും മുറിക്കാനും അടുത്തിടമില്ല. മകൻ കയറിന്റെ അറ്റവുമായി മുകളിലത്തെ കവരയിലൂടെ കയറിട്ട് ഞെട്ടിൽ ഒരു വിധത്തിൽ ഭദ്രമായി കെട്ടിയുറപ്പിച്ചു. മറ്റേയറ്റം കൈയിൽനിന്നു ഊർന്നുപോകാതെ ചുറ്റി ബലമായി പിടിക്കാൻ അമ്മയെ ഓർമ്മിപ്പിച്ചു. ഊർന്നിറങ്ങി ഒരു വിധത്തിൽ ഞെട്ടു കണ്ടിച്ചു. ചക്ക പതുക്കെ താഴോട്ടിറങ്ങി അമ്മയുടെ നിലവിളികേട്ട മകൻ പരിഭ്രമിച്ചു കീഴോട്ടു നോക്കി. അവിടെ കയറിന്റെ അറ്റത്ത് അമ്മ ഞാന്നു കിടക്കുന്നു. പ്രായാധിക്യത്താൽ ക്ഷീണിച്ചുണങ്ങിയ അമ്മയ്ക്കും ചക്കയ്ക്കും കനം സമമായിരുന്നു. നമ്മുടെ പള്ളിപ്പണിയുടെ വരവുചിലവും ഇതുപോലെ സമമാണ്. അതിനാലാണ് പള്ളിയങ്കം മൊസൈക്കിടാതെ മണൽ വിരിച്ചിരിക്കുന്നത്. അതിൽ മുട്ടുകുത്തുമ്പോൾ തരികൾ തുളച്ചുകയറും. വേദന, കുറച്ചുകൂടെ സംഭാവന തരാൻ നിങ്ങളെ ഓർമ്മിപ്പിക്കും. എല്ലാവരും കഴിവുപോലെ തന്നിട്ടുണ്ട്. ഇനിയും പിരിവിനിറങ്ങി വികാരി നിങ്ങളെ ബുദ്ധിമുട്ടിക്കയില്ല. എല്ലാവർക്കും എന്റെ നന്ദി; ഞാൻ നിർത്തുന്നു."

പത്രമേനിക്ക് കല്ലടപൂത വാറണ്ടുപറമ്പ് വിൽക്കേണ്ടിവന്നു. കൊറ്റങ്കോട്ട് അഞ്ചര ഏക്കർ ഞരളക്കാട്ടുപറമ്പ് അച്ചൻ സ്വന്തം പേരിൽ

വാങ്ങി. ചെറുപ്പംമുതൽ വളരെ വർഷങ്ങൾ കൂടെ താമസിച്ചു പരിച രിച്ച വാലിയക്കാരൻ ചെമ്പളിയിൽ പ്രിഞ്ചുവിനു ഞരളക്കാടിനടുത്ത് കല്ലറയ്ക്കൽ പാപ്പയുടെ തറവാടുവീടും, പറമ്പ് രണ്ടര ഏക്കറും വാങ്ങി സമ്മാനിച്ചു. അവന്റെ വിവാഹവും നടത്തിക്കൊടുത്തു. 17.3.1898 ൽ ജനിച്ച മത്തായി അച്ചൻ (തിരുമേനി) വാർദ്ധക്യകാലത്ത് തറവാട്ടിൽ താമസിക്കുകയും 21.2.1982-ൽ മരണപ്പെടുകയും അടുത്ത ദിവസം ഇള ന്തോട്ടം പള്ളിയിൽ സംസ്കരിക്കപ്പെടുകയും ചെയ്തു.

കിഴക്കേക്കര കൈതോലിൽ കൊച്ചേലി - ഇട്ടിഐപ്പുമാരുടെ നാലാം സന്താനം, മൂന്നാം പുത്രൻ തൊമ്മച്ചൻ പാലാ പട്ടണം മല യാളം പള്ളിക്കൂടം, പാലാ സെന്റ് തോമസ് എന്നിവിടങ്ങളിൽ പഠിച്ച് ഇ.എസ്.എൽ.സി ജയിച്ചു. ചങ്ങനാശേരി സെന്റ് ബർക്കു മാൻസിൽനിന്നും എഫ്.എ.ജയിച്ചു. ആന്ധ്രമിഷ്യനിൽ ചേർന്നു. നെല്ലൂർ മേജർ സെമിനാരിയിൽ പൗരോഹിത്യ പഠനം നടത്തി. 1938 ഡിസം ബർ 13നു മദ്രാസ് മൈലാപ്പൂർ മത്തിയാസ് മെത്രാപ്പോലീത്തയിൽനിന്ന് പട്ടമേറ്റു. നെല്ലൂരിലും സ്വന്തം ഇടവക ഇളന്തോട്ടത്തിലും പുത്തൻ കുർബാന ആഘോഷിച്ചു. അന്ന് ചേട്ടൻ മത്തായിയച്ചൻ അവിടെ ആദ്യ തവണ വികാരിയാണ്. ആന്ധ്രാ മിഷ്യൻ അന്നു ഡച്ചുമിഷ്യനറിമാരുടെ ചുമതലയിലാണ്. പാക്കാല, പെരുമുല്ല, ചിറാല, നെല്ലൂർ, കടപ്പ ഇങ്ങനെ പല ഇടവകകളിലും ഫാ. തോമസ് കിഴക്കേക്കര വികാരിയായിരുന്നു. രണ്ടുവട്ടമായി ഇരുപത് ആണ്ടുകളിലധികം അദ്ദേഹം പാക്കാലാ വികാ രിയായിരുന്നിട്ടുണ്ട്. ആദ്യതവണ അവിടെ വികാരിയായിരുന്നപ്പോൾ കല്യാണം കഴിപ്പിച്ച പലരുടേയും മക്കളെ രണ്ടാംവട്ടം വികാരിയായ പ്പോൾ വിവാഹിതരാക്കി. പാക്കാല സെന്റ് ജോസഫ് മഠം സ്ഥാപി ച്ചത് അദ്ദേഹമാണ്. അവിടെ ആയിരിക്കെയാണ് അദ്ദേഹത്തിന്റെ പൗരോ ഹിത്യ രജതജൂബിലി ആഘോഷിച്ചത്. രണ്ടാണ്ട് അദ്ദേഹം നെല്ലൂർ കത്തീഡ്രൽ വികാരിയായിരുന്നു. അക്കാലത്ത് മദർ തെരേസയുടെ ഉപ വിയുടെ സഹോദരിമാരുടെ മഠം നെല്ലൂരിൽ സ്ഥാപിക്കാൻ നേതൃത്വം നൽകി. വികാരിസ്ഥാനം ഒഴിഞ്ഞശേഷം അദ്ദേഹം ഈ മഠത്തിന്റെ ചാപ്ലേനയിരുന്നു. വികാരി ജനറാൾ സ്ഥാനം അദ്ദേഹം നിരസിച്ചു. മോൺസിഞ്ഞോർ പദവി അങ്ങേർക്കു ലഭിച്ചു. രണ്ടു മെത്രാന്മാരുടെ ഉപദേശകനും രൂപതാ കൗൺസിലറുമായി അദ്ദേഹം സേവനം നടത്തി. അച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലി നെല്ലൂരിലും 1988 ഡിസം ബർ 15നു സ്വന്തം ഇടവക ഇളന്തോട്ടത്തിലും ആഘോഷിച്ചു. മരിക്കു

ന്നതിനു രണ്ടാണ്ടുമുമ്പു മുതൽ അച്ചൻ നെല്ലൂർ ഐ.ടി.ഐ മാനേജ രായിരുന്നു. വളരെ വർഷങ്ങൾ (വിവാഹശേഷവും) അച്ചന്റെ വാലിയ ക്കാരനായിരുന്ന ചിന്നയ്യയുടെ മകൻ ജോസ് കൊണ്ടയെ എസ്.എസ്.എൽ.സി.യും ടി.ടി.സി..യും പഠിപ്പിച്ച് അദ്ദേഹം അദ്ധ്യാപ കനാക്കി. പ്രായമായശേഷം നാട്ടിലേയ്ക്കുള്ള യാത്രകളിൽ ജോസ് കൊണ്ട അച്ചനെ അനുഗമിച്ചിരുന്നു. മുമ്പേ ഉണ്ടായിരുന്ന ഹൃദ്രോഗവും രക്തസമ്മർദവും വർദ്ധിച്ച് അച്ചൻ 45 ദിവസങ്ങൾ നെല്ലൂർ ആശുപ ത്രിയിൽ കിടന്നു ചികിത്സിച്ചു. അപ്പോഴും 'കൊണ്ട' ശുശ്രൂഷയ്ക്കെത്തി. 1989 ഏപ്രിൽ 23നു അച്ചൻ നെല്ലൂരിൽ അന്തരിച്ചു. അന്ത്യനാളുകളിൽ താമസിച്ചിരുന്ന നെല്ലൂർ ഐ.ടി.ഐ വളപ്പിൽ സംസ്കരിക്കപ്പെട്ടു. വക്ര തയില്ലാത്ത തുറന്ന പ്രകൃതമായിരുന്നു അങ്ങേർക്ക്. സത്യം ആരോടും മുഖം നോക്കാതെ തുറന്നുപറയും; കാലുഷ്യം വയ്ക്കില്ല. വീണ്ടും കാണുമ്പോൾ വിടർന്ന ചിരിയും നീട്ടിയ കരങ്ങളുമായി സ്വാഗതം ചെയ്യും. തെലുങ്ക്, തമിഴ്നാടുകളിൽ പുരോഹിതരെ 'സാമിയാർ' എന്നാണ് വിളിക്കുക. അതിനാലാകാം അച്ചൻ വീട്ടിലും നാട്ടിലും 'സാമി യാരച്ചൻ 'എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. 8.6.1906 ൽ ജനിച്ച അച്ചൻ വാർദ്ധക്യ സഹജമായ അസുഖത്താൽ 23.04.1989-ൽ മരണ പ്പെടുകയും അടുത്ത ദിവസം ദീർഘകാലം സേവനം ചെയ്ത നെല്ലൂർ പള്ളിയിൽ അടക്കം ചെയ്യപ്പെടുകയും ചെയ്തു.

കിഴക്കേക്കര കൈതോലിൽ മുട്ടം കുറ്റിക്കാട്ട് ഉപശാഖ

കിഴക്കേക്കര കൈതോലിൽ ഇട്ടിഐപ്പ് - കൊച്ചേലിമാരുടെ നാലാമത്തെ മകൻ കൊച്ച് (കെ.ഐ.ദേവസ്യ) ഞൊണ്ടിമാക്കൽ കവ ലയിൽ കളരി നടത്തിയിരുന്ന വാര്യാരാശന്റെകൂടെ മൂന്നുനാലു മാസം പഠിച്ചു. അപ്പോൾ ചിങ്ങത്തിനു സമയമായി. ചിങ്ങത്തിനു ആശാൻ കുട്ടി കളെക്കൊണ്ട് നാരായം വിഴുങ്ങിപ്പിക്കും എന്നു സഹാപാഠികൾ പാഞ്ഞു ഭയപ്പെടുത്തി. പേടിച്ച് കളരീപ്പോക്കു നിർത്തി. കളരിയിൽ ചേർക്കുന്നതിനു നിലത്തെഴുത്തിനിരുത്തുക എന്നാണ് പറയാറ്. രക്ഷാ കർത്താവ് അന്നു കുട്ടിയും അറിയുമായി കളരിയിൽ ചെല്ലും. അരി നിലത്തുവിരിച്ച് കുട്ടിയെ മടിയിലിരുത്തി ആശാൻ അതിനു മുന്നിലി രിക്കും. കുട്ടിയുടെ ചൂണ്ടാണിവിരൽ പിടിച്ച് 'ഹരിശ്രീ ഗണപതായെ നമ: അവിഘ്നമസ്തു" എന്ന് എഴുതിക്കും. നസ്രാണിക്കുട്ടികളാണെ

ങ്കിൽ "തമ്പുരാൻ തുണ" എന്നു കൂടി എഴുതിക്കും. പിറ്റേന്നു മുതൽ കുടുക്കയിൽ പൊതുമണലുമായി കുട്ടികൾ കളരിയിൽ വരും. അത് വിരിച്ച് ആശാൻ അക്ഷരങ്ങളും അക്കങ്ങളും അവയുടെ പെരുക്കങ്ങളും എഴുതിപ്പിക്കും. അതിനാണ് 'ചിണ്ടം' എന്നു പറയുക. അന്ന് ആശാന് അവലും തേങ്ങായും പഴവും ശർക്കരയും ദക്ഷിണ കൊടുക്കണം. ധന സ്ഥിതിയുള്ളവർ അന്നു സഹപാഠികൾക്ക് അവൽ നനച്ചതും പഴവും മറ്റും കൊടുക്കും. ഇപ്പോൾ ചിണ്ടത്തിന്റെ അന്ന് എഴുതിയ ഓലയും ഒന്നാം പാഠപുസ്തകവും സ്ലേറ്റും കല്ലുകോലും അനുഗ്രഹിച്ചു കൊടുക്കുകയാണ് പിതവ്. ആൺപെൺകുട്ടികൾക്ക് അന്ന് ഒറ്റമുണ്ടാണ് വേഷം. നസ്രാണി പെൺകുട്ടികൾ അത് ഞൊറിഞ്ഞു അടുക്കിട്ട് ഉടുക്കും. അവരുടെ ആൺകുട്ടികളുടെ തല മൊട്ടയടിച്ചോ അപ്പമോ പിനിസമോ വെട്ടിയിരിക്കും. ഹിന്ദുകുട്ടികളുടെ തലയിൽ കുടുമയും കാതിൽ കുടുക്കനും കാണും. സമ്പന്നരുടെ പെൺകുട്ടികളുടെ കഴുത്തിൽ കഴവച്ച തങ്കക്കാശോ പത്താക്കോ ധരിച്ചിരിക്കും. എല്ലാവരും ഓലക്കുടയാണ് കൊണ്ടുവരിക. 'നീതിസാര'വും 'അമരേശ'വും ക്രിസ്ത്യാനിക്കുട്ടികളെ 'നുഷ്കാരവും' ആശാൻ പഠിപ്പിക്കും.

ദേവസ്യാ കളരി പഠനം കഴിഞ്ഞു കാനാട്ടുപാറ നാലാം തരം ജയിച്ച് പാലാ സെന്റ് തോമസിൽ ഫോർത്തിൽ പഠിക്കുമ്പോൾ പ്രവിത്താനം മണിയമ്മാക്കൽ കഴിഞ്ഞാലിൽ ഇത്താക്ക് - മറിയം മകൾ ചാച്ചി (അന്ന)യുമായി കല്യാണാലോചന വന്നു. ഉറപ്പിച്ചു. മനസ്സമതം പ്രവിത്താനം പള്ളിയിലും വിവാഹം മുണ്ടാങ്കലും നടത്തി. തലച്ചിറമത്തായിയച്ചൻ കെട്ടിച്ചു. കൊച്ച്, കല്യാണം കഴിഞ്ഞ് കുറച്ചുനാളുകൾകൂടി ക്ലാസിൽ പോയി. പിന്നെ പഠനം നിർത്തി. കൃഷികാര്യങ്ങളിൽ പിതാവിനെ സഹായിച്ചു തറവാട്ടിൽ താമസിച്ചു. ഈ ദമ്പതിമാർക്ക് 1932-ൽ അച്ചാമ്മ, മേരി എന്നീ ഇരട്ട പെൺകുട്ടികൾ ജനിച്ചു. അവരുടെ അനുജത്തിമാർ ആനി (അന്നമ്മ)യും കുഞ്ഞാമ്മ (ത്രേസ്യാ)യും പിറന്നു. അനുജൻ വർക്കിയുടെ രണ്ടാം വിവാഹവും കഴിഞ്ഞാണ് ദേവസ്യാ - ചാച്ചിമാർ മുട്ടം ഇടപ്പള്ളി കുറ്റിക്കാട്ടുപറമ്പിലേക്ക് മാറിത്താമസിച്ചത്. ഇവർക്ക് പിന്നീട് കുഞ്ഞൂഞ്ഞി (ക്ലാരമ്മ) റോസമ്മ എന്നീ രണ്ടു പുത്രിമാർകൂടി ജനിച്ചു. കുറ്റിക്കാട്ടിൽ താമസം തുടങ്ങിയത് പീടികമട്ടിൽ മടക്കുതട്ടികളുമായി പണിയിച്ചിരുന്ന പുരയിലാണ്. രണ്ടാണ്ടുകൾ കഴിഞ്ഞ് 1942ൽ തട്ടികൾ മാറ്റി വാതിൽ - ജനലുകൾ വച്ചു. ഒറ്റമുറിയായി കിടന്നിരുന്ന അകം ഭിത്തികെട്ടി മുറി തിരിച്ചു. കൂടെ അടുക്കളക്കെട്ടും പത്തായമുറിയും നാലുവശത്തേക്ക് ചാർത്തുകളും നീട്ടിപ്പിടിപ്പിച്ചു. 1951ൽ തെക്കുവശത്ത് ചാവടി പണിയിപ്പിച്ചു. തായ്പുരയുടെ

മേൽക്കൂട് ഉയർത്തിയത് 1968-ലാണ്. ഇപ്പോൾ കുറ്റിക്കാട്ട് വീടിന്റെ മുമ്പിലൂടെ കന്യാമലയ്ക്ക് ടാർ റോഡുണ്ട്. മുട്ടം - കരിങ്കുന്നം റോഡിൽ പരപ്പാൻതോടിങ്കൽ വന്നുചേരുന്ന മൺപാത പടിക്കൽവച്ച് ടാർറോഡുമായി യോജിക്കുന്നു. ദേവസ്യാ സ്ഥലം മുഴുവൻ ദേഹണ്ഡിച്ചു. കുറച്ചു സ്ഥലത്ത് റബർ വയ്പിച്ചു അത് പുന:കൃഷിയും നടത്തി. കുറച്ചുസ്ഥലം കണ്ടമെടുത്തു. പടിക്കൽ കുറച്ച് കണ്ടംകൂടി വാങ്ങി. ഏതാനും ആണ്ടുകൾ തേങ്ങാക്കച്ചവടവും കൊപ്രവെട്ടും നടത്തിയിരുന്നു. പഞ്ചായത്ത് കേന്ദ്രമായ മുട്ടം കവലയിൽ പീടികത്തറകൾ വാങ്ങി രണ്ടു പീടികകളും പണിയിച്ചു.

ശങ്കരപ്പിള്ളി - സിബിഗിരി പള്ളിക്കമ്മിറ്റിയംഗവും കൈക്കാരനുമായാണ് ദേവസ്യ പൊതുപ്രവർത്തനം തുടങ്ങിയത്. പള്ളി പുതുക്കിപണിയിച്ചത് 1943-ലാണ്. അന്നുമുതൽ 1951 വരെ അങ്ങോർ കൈക്കാരനായിരുന്നു. പിന്നീട് പള്ളിമുറി (വികാരിവസതി) പണിയിച്ചപ്പോഴും കൊച്ചായിരുന്നു കൈക്കാരൻ. പലതവണ പള്ളിക്കറ്റിയംഗമായിട്ടുണ്ട്. സ്വന്തം ജ്യേഷ്ഠൻ വള്ളിപ്പാറ ഇട്ടിഐപ്പും മറ്റും ചേർന്ന് തുടങ്ങിയ 'മുട്ടം പരസ്പര സഹായ സംഘം' പ്രവർത്തനരഹിതമായിരുന്നു. അയൽക്കാരൻ ചന്ദ്രൻകുന്നേൽ കുര്യാക്കോസും മറ്റും ചേർന്ന് ദേവസ്യാ അത് പുനരുദ്ധരിച്ചു. 1950ൽ അതിന്റെ പ്രസിഡന്റായി.. 1963 വരെ സംഘം ഡയറക്ടറായിരുന്നു. അക്കാലത്താണ് സംഘം സ്വന്തം കെട്ടിടം ഒന്നാംനില പണിയിച്ചത്. 1963ൽ ദേവസ്യാ മുട്ടം പഞ്ചായത്ത് മൂന്നാംവാർഡ് മെംബറായി തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് 15 ആണ്ടുകൾ വൈസ് പ്രസിഡന്റായിരുന്നു. അക്കാലത്ത് പഞ്ചായത്ത് ആപ്പീസ്, മുട്ടം സർക്കാർ ആശുപത്രി, ഹെൽത്ത് സെന്റർ, പല പഞ്ചായത്ത് റോഡുകൾ എന്നിവയുടെ പണിയിൽ സഹകരിച്ചു. മുട്ടം മണ്ഡലം കോൺഗ്രസ് പ്രസിഡന്റായും ദേവസ്യ പ്രവർത്തിച്ചിട്ടുണ്ട്.

ദേവസ്യ - ചാച്ചിമാരുടെ മൂത്ത ഇരട്ട പെൺമക്കൾ അച്ചാമ്മയും മേരിയും തറവാട്ട് പാലാ കൈതോലിൽ താമസിച്ച് കാനാട്ടുപാറയിൽ പഠിച്ച് നാലാംതരം വിജയിച്ചു. തുടർന്ന് തുടങ്ങനാട് സെന്റ് തോമസ് ഹൈസ്കൂളിൽ പത്തുവരെ പഠിച്ച് പഠനം നിറുത്തി. തുടർന്ന് പഠിക്കുവാനും വിവാഹിതരാകുവാനും ആഗ്രഹിച്ചില്ല. മഠത്തിൽ ചേരാനായിരുന്നു താൽപ്പര്യം. തുടങ്ങനാട് മഠക്കാർ പത്രമേനി സംഖ്യകൊണ്ട് അടുത്തില്ല. ചങ്ങനാശേരി ക്ലാര മഠക്കാർ അവരുടെ ഒരു ശാഖ പെരുവന്താനത്ത് തുടങ്ങാൻ സ്ഥലം വാങ്ങിക്കൊടുത്താൽ ചേർക്കാമെന്ന് സമ്മതിച്ചു. ദേവസ്യ വടക്കേൽ സ്കറിയ മുഖേന സ്ഥലം വാങ്ങിക്കൊ

ടുത്തു. 1942ൽ അച്ചാമ്മ ബെനീസയെന്നും മേരി ഡാമിൻ എന്നും പേരുകൾ സ്വീകരിച്ച് ചങ്ങനാശ്ശേരി ക്ലാര മഠത്തിൽ ചേർന്നു. ആദ്യ വ്രതവാഗ്ദാനവും നോവിഷിയേറ്റും ചങ്ങനാശ്ശേരിയിൽ നടത്തി. 1945ൽ നിത്യ വ്രതവാഗ്ദാനം നടത്തി. പെരുവന്താനം, കട്ടപ്പന, അണക്കര, വെളിച്ചിയാനി മഠങ്ങളിൽ അവർ ഒരുമിച്ചായിരുന്നു. അതിനുശേഷം ബനീസ കാഞ്ഞിരപ്പള്ളി പൊടിമറ്റം മഠത്തിലും ഡാമിൻ പമ്പാവലി മഠത്തിലും സേവനം അനുഷ്ഠിച്ചു. ഇപ്പോൾ രണ്ടുപേരും പെരുവന്താനം ക്ലാരമഠത്തിൽ വിശ്രമജീവിതം നയിക്കുന്നു.

ഇവരുടെ അനുജത്തിമാർ ആനിയും കുഞ്ഞാമ്മ(ത്രേസ്യാമ്മ)യും ഒരുമിച്ചായിരുന്നു പഠനം. അവർ കാനാട്ടുപാറ നാലാം തരവും തുടങ്ങനാട് സെന്റ് തോമസ്സിൽനിന്നും എസ്.എസ്.എൽ.സിയും ജയിച്ചു.

അടുത്തയാണ്ടിൽ ആനി തുടങ്ങനാട് പൂവത്തിങ്കൽ കാനത്തും കാട്ടിൽ മത്തായി - കത്രീന മകൻ മത്തായിയെ വിവാഹം കഴിച്ചു. ആനി മത്തായി ദമ്പതികൾക്ക് സാബു, സാലി, സിബി, സിൽവി, സൺജു എന്നീ അഞ്ചുമക്കളാണുള്ളത്. അതിൽ സാബു ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് ബിസിനസ് നടത്തിക്കൊണ്ടിരിക്കെ നിര്യാതനായി. സാലിയെ കുറ്റിയാടിയിൽ കദളിക്കാട് അഡ്വ. നോബിൾ വിവാഹം ചെയ്തു. നോബിൾ പിന്നീട് നിര്യാതനായി. അഡ്വ. സിൽവിയെ പാലാ കാര്യാങ്കൽ അഡ്വ. തോമസുകുട്ടി വിവാഹം കഴിച്ചു. ആനിയും മത്തായിയും ഇപ്പോൾ ആൺമക്കളായ സിബിയും സൺജുവുമൊത്ത് കലയന്താനിയടുത്തുള്ള ചിലവിൽ താമസിക്കുന്നു.

കുഞ്ഞാമ്മ (ത്രേസ്യാമ്മ) മുവാറ്റുപുഴ നിർമ്മലാ കോളജിൽ പഠിച്ച് ബി.എസ്സിയും പാലാ സെന്റ് തോമസ് ട്രെയിനിംഗ് കോളേജിൽനിന്നും ബി.എഡും നേടി. ഒരു വർഷം തോട്ടയ്ക്കാട്ട് ഹൈസ്കൂളിൽ അദ്ധ്യാപികയായിരുന്നു. അടുത്തയാണ്ടിൽ തൊടുപുഴ വാഴക്കുളം നീറമ്പുഴ വീട്ടിൽ വർക്കി - മറിയം മകൻ ഐസക്ക് ജോർജ് ബിഎസ്സി, ബി.എഡിനെ വിവാഹം ചെയ്തു. വിവിധ സ്കൂളുകളിൽ അദ്ധ്യാപകനായും പിന്നീട് എഇഒ ആയി ഐസക്ക് ജോർജ് പ്രവർത്തിച്ചു. ഇപ്പോൾ ഇരുവരും നീറമ്പുഴ വീട്ടിൽ വിശ്രമജീവിതം നയിക്കുന്നു. കുഞ്ഞാമ്മ - ഐസക്ക് ദമ്പതികൾക്ക് നാലു മക്കളാണുള്ളത്. അതിൽ ബിജു ഐസക്ക് ദന്തഡോക്ടറായി പ്രവർത്തിക്കുന്നു. രണ്ടാമത്തെ പുത്രി എം.എ, ബി.എഡ് വിവാഹശേഷം ആന്ധ്രയിൽ അദ്ധ്യാപികയായി ജോലി ചെയ്യുന്നു. മൂന്നാമൻ രൻജി വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ ജോലി ചെയ്യുന്നു. നാലാമത്തത്

ദീപയെന്ന പുത്രിയാണ്. ചങ്ങനാശ്ശേരി വാഴപ്പള്ളിയിൽ വിവാഹം ചെയ്തയച്ചു.

ഇവരുടെ അനുജത്തി മാർ ക്ലാരമ്മയും റോസമ്മയും മുട്ടം സംസ്കൃത വിദ്യാലയം സർക്കാർ പള്ളിക്കൂടമായപ്പോൾ അതിൽ പഠിച്ച് നാലാംതരം ജയിച്ചു. തുടങ്ങനാട് സെന്റ് തോമസ് ഹൈസ്കൂളിൽനിന്നാണ് ഇരുവരും എസ്എസ്എൽസി വിജയിച്ചത്. ക്ലാരമ്മ തുടർന്ന് മൂവാറ്റുപുഴ നിർമ്മലയിൽനിന്നും ബി.എസ്സി ബിരുദവും ഹിന്ദിയിൽ എം.എ.യും എടുത്തു. മുട്ടം ഇടപ്പള്ളി ചന്ദ്രൻകുന്നേൽ കുര്യാക്കോസ് - കത്രിക്കുട്ടി ലോനച്ചൻ എം.എസ്സി, എൽ.എൽ.ബി, ഐ.ആർ.എസ്സിനെ കല്യാണം കഴിച്ചു. ഇൻകം ടാക്സ് ഓഫീസറായി സർവീസിൽ പ്രവേശിച്ച കുര്യാക്കോസ് കേരളത്തിന്റെ ചീഫ് ഇൻകം ടാക്സ് കമ്മീഷണർ പദവിയിലെത്തി പ്രശസ്ത ജീവിതത്തിനുശേഷം ഇപ്പോൾ എറണാകുളം കടവന്ത്രയിൽ വിശ്രമജീവിതം നയിക്കുന്നു. അവരുടെ ജെന്നി എന്ന പുത്രി സി.എ.പാസായതിനുശേഷം ആഞ്ഞിലക്കൽ ലാൽ സേവ്യറിനെ വിവാഹം കഴിച്ചു. തമ്പിയെന്ന പുത്രൻ (കെ.സി.ജോസ്) മലയാള മനോരമയിൽ ജോലി ചെയ്യുന്നു. മൂന്നാമത്തെ ആൾ ലെനി എന്ന പുത്രിയാണ്. ടിമു എന്നറിയപ്പെടുന്ന ലെനി യു.എ.ഇ. സ്റ്റോക്ക് എക്സ്ചേഞ്ചിൽ എം.ബി.എ. ബിരുദാനന്തരം ജോലി ചെയ്യുന്നു.

റോസമ്മ പഠനം നിറുത്തി വീട്ടിൽ താമസിച്ചു. 1971ൽ മുട്ടം കവളക്കാട്ടിൽ ആഗസ്തി - റോസമ്മ മകൻ ജോർജ്കുട്ടിയെ വിവാഹം ചെയ്ത് കുറ്റിക്കാട്ടു താമസിക്കുന്നു. ഇവർക്ക് ബോബി, റോസ്മേരി എന്ന രണ്ടുമക്കളാണുള്ളത്. ബോബി മുരിക്കാശ്ശേരി പതിക്കാട്ടിൽ ലിജിയെ വിവാഹം ചെയ്തു. മാതാപിതാക്കളോടൊത്ത് കുറ്റിക്കാട്ട് താമസിക്കുന്നു. റോസ് മേരി രാമപുരം മേച്ചേരിൽ ജോയിയെ വിവാഹം ചെയ്ത് രാമപുരത്ത് താമസിക്കുന്നു. ജോർജ്കുട്ടിക്ക് മുട്ടത്തിൽ മൂന്നു കച്ചവടസ്ഥാപനങ്ങളുണ്ട്. മുട്ടം സഹകരണ സംഘം ഡയറക്ടറായും ജോർജ്കുട്ടി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ദേവസ്യയുടെ ഭാര്യ ചാച്ചി വാർദ്ധക്യസഹജമായ അസുഖങ്ങളാൽ അവശതയായിരുന്നു. 1991 ജൂലൈ അവസാന ആഴ്ച വീണ് കാലൊടിഞ്ഞു. ഒരു മാസത്തിലധികം തൊടുപുഴ മുതലക്കോടം ക്ലാര മഠം വക ആശുപത്രിയിൽ കിടന്നു ചികിത്സിച്ചു. വീട്ടിൽ മടങ്ങിയെത്തി കുടുംബാംഗങ്ങളുടെയും റെഡ് ക്രോസ് സംഘടന അടുത്തുനിന്ന് ശുശ്രൂഷിക്കാൻ അയച്ച നേഴ്സിന്റെയും പരിചരണത്തിൽ കഴിയുമ്പോൾ 1991 സെപ്തംബർ രണ്ടിനു

മരിച്ചു. ശങ്കരപ്പള്ളി സിബിഗിരി ദേവാലയ സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു. മുട്ടം പഞ്ചായത്ത് വൈസ് പ്രസിഡന്റായും മറ്റും പ്രവർത്തിച്ചിട്ടുള്ള ദേവസ്യ 1994 നവംബർ 24നു നിര്യാതനായി. നവംബർ 25നു ശങ്കരപ്പള്ളി സിബിഗിരി ദേവാലയ സെമിത്തേരിയിൽ സംസ്കരിക്കപ്പെടുകയും ചെയ്തു.

D). പുത്തൻപുരയ്ക്കൽ തറവാട്

പുത്തൻപുരയ്ക്കൽ മത്തായി

ആറാം തലമുറ പുത്തൻപുരയ്ക്കൽ മത്തായി പടിഞ്ഞാറേക്കര ശാഖയിൽപ്പെട്ട ചീരാംകുഴിയിൽ തൊമ്മന്റെ മകൾ അന്നയെ വിവാഹം ചെയ്ത് നടുവിലെ കെടുമ്പൻപുരയിടത്തിൽ പുത്തൻപുരയ്ക്കൽ താമസമാക്കി. പിതൃസ്വത്തിനു പുറമേ അദ്ദേഹം മനയ്ക്കൽകണ്ടത്തിലും മൂലമറ്റത്തും ചേരിക്കൽവാങ്ങി ദേഹണ്ഡിക്കുകയും ചൂണ്ടച്ചേരിപ്പുരയിടങ്ങളും നിലങ്ങളും വാങ്ങിക്കുകയും ചെയ്തു. അദ്ധ്വാനശീലനായ ഒരു കൃഷീവലനാണ് അദ്ദേഹം. കൊല്ലവർഷം 1092-ൽ ആരംഭിച്ച കിഴക്കേക്കര കുടുംബയോഗം രൂപീകരിക്കുന്നതിനും അതിനു കുരങ്ങൻമല പുരയിടത്തിൽ ഒരു കെട്ടിടത്തിനുവേണ്ട സ്ഥലം സൗകര്യപ്പെടുത്തുന്നതിനും മുൻകൈയെടുത്തവരിൽ ഒരാളാണ് ശ്രീ. മത്തായി.


അദ്ദേഹത്തിനു ഈപ്പൻ, തൊമ്മൻ, ഔസേപ്പ്, മത്തായി, വർക്കി എന്ന അഞ്ചുപുത്രന്മാരും, ഏലി, ബ്രിജീത്താ എന്നീ രണ്ടു പുത്രിമാരുമുണ്ടായി. ഔസേപ്പും ബ്രിജീത്തായും ഇരട്ട സഹോദരങ്ങളാണ്. മൂത്ത പുത്രി ഏലിയെ പാലാ ഇടവക മാടപ്പാട്ടു പതുപ്പള്ളിൽ ചാക്കോയുടെ മകൻ കുര്യൻ വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി ബ്രിജീത്തായെ കിഴതടിയൂർകരയിൽ മണ്ണൂരാംപറമ്പിൽ ജോസഫ് വിവാഹം ചെയ്തു.

ഈപ്പൻ


മത്തായിയുടെ പ്രഥമ പുത്രൻ ഈപ്പൻ പടിഞ്ഞാറേക്കര ശാഖയിൽപ്പെട്ട കൊട്ടാരത്തിൽ തൊമ്മന്റെ മകൾ മറിയത്തിനെ (കുഞ്ഞുപെണ്ണ്) വിവാഹം ചെയ്ത് പിതൃഗ്രഹത്തിൽത്തന്നെ താമസമാക്കി. ഈപ്പൻ പൊതുജനസമ്മതനും ധർമ്മിഷ്ഠനും പരോപകാര തല്പരനുമായ ഒരു നേതാവാണ്. അദ്ദേഹത്തിനു മത്തായി, ഔസേപ്പ്, തൊമ്മൻ എന്നീ മൂന്നു പുത്രന്മാരും അച്ചാമ്മ, അന്നമ്മ എന്നീ രണ്ടു പുത്രിമാരും

പുത്തൻപുരയ്ക്കൽ


സ്നേഹസ്മരണയ്ക്ക്



ഈപ്പൻ മത്തായി



ഏലി മത്തായി



കെ.എം. ഈപ്പൻ



മറിയം ഈപ്പൻ



ജോസഫ് ഈപ്പൻ




ഈപ്പൻ മാത്യു



തോമസ് ഈപ്പൻ



അന്നക്കുട്ടി മാത്യു, ഒക. എം. മാത്യു, ബിനു, അനീറ്റ, അമിറ്റ്



ജോസഫ് മാത്യു (കുട്ടിച്ചൻ), വത്സമ്മ, നീതു, സിജു, കിരൺ, ടോം



ലോറൻസ്, ടാര, സുമിത, ലോറൻസ്, ടാനിയ ലോറൻസ്, ആൽബി ലോറൻസ്, ടോണ്ടോ ലോറൻസ്, ഡിംപിൾ ലോറൻസ്



കെ.കെ. കുര്യച്ചൻ, ലിജി കുര്യച്ചൻ, ടാര ആനി, മേരി ഡിംപിൾ, ആൽബി, ഇവാൻ, ടിഫാനി, ടാനിയ, ടോണ്ടോ, ജോർഡൻ



ടോമി, ജീന തോമസ്, അന്ന തോമസ്,
മാമ്മൻ തോമസ്, അഭിഷേക് തോമസ്



"പിതാവിന്റെ സ്വത്തിൽ ഒരുമിച്ചു കൈകോർത്തു
കൊണ്ട് സഹോദരന്മാർ ഒന്നിച്ചു വസിക്കുന്നതു
എത്ര നല്ലതും എത്ര മനോഹരവും ആകുന്നു!"



തോമസ് ഈപ്പനും (തോമാച്ചൻ) കുടുംബാംഗങ്ങളും

സ്നേഹസ്മരണയ്ക്ക്



കെ. എം. തോമസ് & ഏലിയാമ്മ



പരേതനായ ചാക്കോച്ചൻ



കെ.റ്റി. മാത്യു & റോസമ്മ (മോളി)



തോമസ് മാത്യു & കുടുംബം



സിബി മാത്യു, സിന്ധു, മേസിൽ, അതിൽ ബാബുജി



പുത്തൻപുരക്കൽ ഈപ്പൻ തോമസും കുടുംബവും

ജോർജ്ജ് കിഴക്കേക്കര, കാഞ്ഞിരപ്പുഴ



കെ. റ്റി. തോമസ് (ടോമി), ലാലി, രാഖേഷ്, രഞ്ജിത്, മീരാ, താര



ടോണി തോമസും കുടുംബാംഗങ്ങളും, കിഴക്കേക്കര, കാഞ്ഞിരപ്പുഴ



പരേതരായ ഔസേപ്പ് (ഔത) & മറിയം



പരേതരായ ഔസേപ്പ് (ഔത) & മറിയം




മാത്തപ്പനും കുടുംബവും




മിനിയും കുടുംബവും


പാവനസ്മരണയ്ക്ക്



കെ. ജെ. കുര്യൻ പുത്തൻപുരക്കൽ, കുറുമണ്ണ്



പാവനസ്മരണയ്ക്ക്





പരേതരായ കെ. എം. മാത്യു, ഭാര്യ പെണ്ണമ്മ മാത്യു കാഞ്ഞിരപ്പുഴ

TarunPamplaneyil (with Jacob) &Anupama, Accamma, Johnny, Paul (with Jesai) Tresa& DeepakVadakkekara (with Daniel)





Tina (Akkarakalam) & Vivek, Mathew, Kathayani & Rosy, Ochy & Mathachen (with Mathew Jr.) Ranjan Kochery & Roshni

ഉണ്ട്. മൂത്തപുത്രി അച്ചാമ്മയെ കവിക്കുന്നു പള്ളിയിടവക കദളിക്കാട്ടിൽ ചെറിയാന്റെ മകൻ ജോസഫ് വിവാഹം ചെയ്തു.

രണ്ടാമത്തെ പുത്രി അന്നമ്മ (ചിന്നമ്മ)യെ പാലാ വരിക്കമാക്കൽ കുര്യാച്ചന്റെ മകൻ തോമസ്സ് വിവാഹം ചെയ്ത് പഴയന്നൂരിൽ താമസിക്കുന്നു.

മാത്യു (മാമ്മൻ)

ഈപ്പന്റെ മൂത്തപുത്രൻ മാമ്മൻ (മാത്യു) പാലായിൽ പടിഞ്ഞാറേക്കര ശാഖയിൽപ്പെട്ട പഴോർ കൈതവയലിൽ കുര്യാക്കോസിന്റെ മകൾ അന്നമ്മയെ വിവാഹം ചെയ്ത് മലബാറിൽ മണ്ണാർക്കാട് ഇരുമ്പകച്ചോലയിൽ താമസിക്കുന്നു. മാമ്മന് ജോസഫ് (കുട്ടിച്ചൻ), കുര്യാക്കോസ് (ജോയിച്ചൻ), തോമസ്സ് (ടോമിച്ചൻ) മാത്യു (മാത്തച്ചൻ),ലോറൻസ് എന്നീ അഞ്ചു പുത്രന്മാരും മേരി (ലാലി), അന്നമ്മ (മോളി) എന്നീ രണ്ടു പുത്രിമാരുമാണ് മക്കൾ.

മാമ്മന്റെ മൂത്തപുത്രൻ ജോസഫ് (കുട്ടിച്ചൻ) ഭരണങ്ങാനം തകടിയേൽ തോമസ്സി(അപ്പച്ചൻ)ന്റെ മകൾ അന്ന (വത്സമ്മ)യെ വിവാഹം ചെയ്ത് കാഞ്ഞിരപ്പുഴയിൽ താമസിക്കുന്നു. കുട്ടിച്ചന് നീതു (അന്നറ്റ്) എന്ന പുത്രിയും കിരൺ (മാത്യു), ടോം എന്നീ രണ്ടു പുത്രന്മാരുമാണ്.

പുത്രി നീതു (അന്നറ്റ്) വിനെ തളിപ്പറമ്പിൽ നമ്പ്യാപറമ്പിൽ ജോണി മകൻ തോമസ്സ് (സിജു) വിവാഹം കഴിച്ചു. ഇരുവരും ഇപ്പോൾ അമേരിക്കയിലാണ്.

കുട്ടിച്ചന്റെ മൂത്തപുത്രൻ കിരൺ എം.ബി.എ കഴിഞ്ഞ് എറണാകുളത്ത് ജോലി ചെയ്യുന്നു. ഇളയ പുത്രൻ ടോം എറണാകുളത്ത് എൻജിനീയറിംഗിനു പഠിക്കുന്നു.

മാമ്മന്റെ രണ്ടാമത്തെ പുത്രൻ കുര്യാക്കോസ് (ജോയിച്ചൻ) മണ്ണാർക്കാട്ട് വാച്ചാപറമ്പിൽ തോമസ്സിന്റെ മകൾ അന്ന (ആനി)യെ വിവാഹം ചെയ്ത് കാഞ്ഞിരപ്പുഴയിൽ താമസിക്കുന്നു. ജോയിച്ചനു ദീപു, അരുൺ, ഈപ്പൻ എന്നീ മൂന്നു പുത്രന്മാരാണ് മക്കൾ.

മൂത്തപുത്രൻ ദീപു നിഷയെ വിവാഹംചെയ്ത് എറണാകുളത്ത് താമസിക്കുന്നു. ദീപുവിനു ജോഹൻ എന്നൊരു പുത്രനുണ്ട്. രണ്ടാമത്തെ പുത്രൻ അരുൺ എം.ബി.എ കഴിഞ്ഞ് തിരുവനന്തപുരത്ത്

ജോലി ചെയ്യുന്നു.

ഇളയപുത്രൻ ഈപ്പൻ ബി.കോമിനു പഠിക്കുന്നു. മാമ്മന്റെ മൂന്നാമത്തെ പുത്രൻ തോമസ്സ് (ടോമിച്ചൻ) ഇടമറ്റത്ത് മണ്ഡപത്തിൽ കുട്ടിച്ചന്റെ (എം.വി.തോമസ്സ്) മകൾ ജീന (റോസിലി)യെ വിവാഹം ചെയ്ത് കാഞ്ഞിരപ്പുഴയിൽ താമസിക്കുന്നു. ടോമിക്കു അന്നു എന്ന പുത്രിയും മാമ്മച്ചൻ, അഭിഷേക് എന്നീ രണ്ടു പുത്രന്മാരുമാണ്.

പുത്രി അന്നു ഫുഡ് ടെക്നോളജിക്ക് കോയമ്പത്തൂരിൽ പഠിക്കുന്നു. പുത്രന്മാർ രണ്ടുപേരും വിദ്യാർഥികളാണ്.

മാമ്മന്റെ നാലാമത്തെ പുത്രൻ മാത്യു (മാത്തച്ചൻ) കുര്യനാട് മറ്റത്തിൽ ജോയി, കുഞ്ഞൂഞ്ഞമ്മ ദമ്പതികളുടെ മകൾ ബിനുവിനെ വിവാഹം ചെയ്ത് ഇരുമ്പകച്ചോലയിൽ താമസിക്കുന്നു. മാത്തച്ചന് അനീറ്റാ എന്ന പെൺകുട്ടിയും അമിത്ത് എന്ന ആൺകുട്ടിയുമുണ്ട്. രണ്ടുപേരും പഠിക്കുന്നു.

മാമ്മന്റെ അഞ്ചാമത്തെ പുത്രൻ ലോറൻസ് കോതമംഗലം ഇലഞ്ഞിക്കൽ വീട്ടിൽ സണ്ണി, ചിന്നമ്മ ദമ്പതികളുടെ മകൾ സുനിതയെ വിവാഹം ചെയ്ത് പൊള്ളാച്ചിയിൽ, കുടുംബം വക തോട്ടവും ചകിരിച്ചോർ ഫാക്ടറിയും നോക്കി നടത്തുന്നു. ലോറൻസിനു ടാനിയ (ആൻമരിയ) എന്ന പെൺകുട്ടിയും തരുൺ, ടോജോ എന്നീ രണ്ടു ആൺമക്കളുമാണ്. ഇവർ വിദ്യാർത്ഥികളാണ്.

മാമ്മന്റെ മൂത്തമകൾ മേരി (ലാലി)യെ വെള്ളിക്കുളങ്ങര പ്ലാക്കൂട്ടത്തിൽ ദേവസ്സ്യ, മറിയാമ്മ ദമ്പതികളുടെ മകൻ ഡോ. പി.ഡി.ജോസഫ് വിവാഹം ചെയ്ത് പാലക്കാട് കരിമ്പയിൽ താമസിക്കുന്നു. ഡോ. പി.ഡി.ജോസഫ് നേത്രരോഗ വിദഗ്ധനാണ്. മാമ്മന്റെ ഇളയപുത്രി അന്നമ്മ(മോളി)യെ ഈരാറ്റുപേട്ട പുളിക്കൽ പി.എം.തോമസ്, മേരി ദമ്പതിളുടെ മകൻ അഡ്വ. ജോർജ്ജ് പുളിക്കൻ (വക്കച്ചൻ) വിവാഹം ചെയ്ത് അരുവിത്തുറയിൽ താമസിക്കുന്നു. മാമ്മൻ 1991 ഒക്ടോബർ 30നു വാഹനാപകടത്തിൽ മരിച്ചു. ഇരുമ്പകച്ചോല പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

ജോസഫ് (കുഞ്ഞേപ്പ്)

ഈപ്പന്റെ രണ്ടാമത്തെ പുത്രൻ ജോസഫ് (കുഞ്ഞേപ്പ്) പാലപ്പള്ളി ഇടവക കൂട്ടിയാനിയിൽ ദേവസ്യായുടെ മകൾ രാജമ്മയെ

വിവാഹം ചെയ്ത് കാഞ്ഞിരപ്പുഴയിൽ താമസിക്കുന്നു. ഇവർക്ക് ജോസഫ് (സണ്ണി), സെബാസ്റ്റ്യൻ (സിബി), മാത്യു (ജെമ്മി) എന്നീ മൂന്നു പുത്രന്മാരും വിമല, എമിലി എന്നീ രണ്ടു പുത്രിമാരുമാണ് മക്കൾ.

കുഞ്ഞേപ്പി(ജോസഫ്)ന്റെ മൂത്തപുത്രൻ സണ്ണി (ജോസഫ്) എരുമേലി ഇരുപ്പക്കാട്ട് ഇ.പി.ഫിലിപ്പിന്റെ മകൾ മറിയമ്മയെ വിവാഹം ചെയ്ത് കാഞ്ഞിരപ്പുഴയിലുള്ള പിതൃഗൃഹത്തിൽ താമസിക്കുന്നു. സണ്ണിക്ക് കെവിൻ എന്ന ആൺകുട്ടിയും ഐറിൻ, മെറിൻ എന്ന രണ്ടു പെൺകുട്ടികളുമാണ് മക്കൾ. മൂന്നുപേരും വിദ്യാർഥികളാണ്. സണ്ണി ഇരുമ്പകച്ചോലയിൽ പ്രവർത്തിക്കുന്ന ഗ്രീൻവാലി ഓയിൽസിന്റെ മാനേജിംഗ് പാർട്ടണറാണ്.

കുഞ്ഞേപ്പിന്റെ രണ്ടാമത്തെ പുത്രൻ സിബി റാന്നി ആനത്താനം മാത്യു മകൾ പിങ്കിയെ വിവാഹം ചെയ്ത് ചങ്ങനാശ്ശേരിയിൽ താമസിക്കുന്നു. സിബി ചങ്ങനാശ്ശേരി എസ്.ബി. കോളജിൽ പഠിപ്പിക്കുന്നു. സിബിക്ക് റ്റിയ എന്ന പെൺകുട്ടിയും ജോ എന്ന ആൺകുട്ടിയുമാണ് മക്കൾ.

കുഞ്ഞേപ്പിന്റെ മൂന്നാമത്തെ പുത്രൻ ജെമ്മി കോഴിക്കോട് വാര്യം പറമ്പിൽ പരേതനായ മാത്യു മകൾ രമ്യയെ വിവാഹം ചെയ്തു. ഇരുവരും ദുബായിൽ ജോലി ചെയ്യുന്നു. ഇവർക്ക് ഇഷ എന്ന പെൺകുട്ടിയും ജോസഫ് എന്ന ആൺകുട്ടിയുമുണ്ട്. ഇഷ ഒന്നാംക്ലാസ് വിദ്യാർഥിനിയാണ്.

കുഞ്ഞേപ്പിന്റെ മൂത്തപുത്രി വിമലയെ നെടുങ്കുന്നം കാട്ടൂർ വീട്ടിൽ ജോൺ മകൻ ഫ്രാൻസീസ് (വാവച്ചൻ) വിവാഹം ചെയ്ത് നെടുങ്കുന്നത്ത് താമസിക്കുന്നു.

കുഞ്ഞേപ്പിന്റെ രണ്ടാമത്തെ പുത്രി എമിലിയെ കാഞ്ഞിരപ്പള്ളി കുരിശുംമൂട്ടിൽ ഡൊമിനിക് മകൻ സെബാസ്റ്റ്യൻ (ദേവസ്യാച്ചൻ) വിവാഹം ചെയ്ത് കാഞ്ഞിരപ്പള്ളി വെളിച്ചിയാനിയിൽ താമസിക്കുന്നു.

കുഞ്ഞേപ്പ് 1989 ഡിസംബറിൽ മരണമടഞ്ഞു. കാഞ്ഞിരപ്പുഴ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

തോമസ്സ് (തോമാച്ചൻ)

ഈപ്പന്റെ മൂന്നാമത്തെ പുത്രൻ തോമസ്സ് (തോമാച്ചൻ)

പാലപ്പിള്ളി ഇടവക കൂട്ടിയാനിയിൽ ചാക്കോച്ചൻ - റോസമ്മ മകൾ സോഫിയെ വിവാഹം ചെയ്ത് പാലായിലുള്ള പുത്തൻപുരയ്ക്കൽ തറവാട്ടിൽ താമസിച്ചു. തോമാച്ചൻ 20-03-2008ൽ മരണം പ്രാപിച്ചു. പാലാ കത്തീഡ്രൽ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. തോമാച്ചന് ഈപ്പൻ, തോമസ്, ജേക്കബ് തോമസ്, ടോം തോമസ് എന്നീ മൂന്നു പുത്രന്മാരും മഞ്ജു മേരി തോമസ്, റോഷിനി (പൊന്നി) എന്നീ രണ്ടു പെൺമക്കളുമാണ് മക്കൾ.

തോമ്മാച്ചന്റെ മൂത്തമകൻ ഈപ്പൻ തോമസ്സ് എം.ഡി.എസ് പാസായി കോട്ടയത്ത് കഞ്ഞിക്കുഴിയിൽ ദന്താശുപത്രി നടത്തുന്നു. ഈപ്പൻ ബോംബെ ലൂയിസ, കോറിയ മകൾ ഡോ. ജെന്നിഫർ ബി.ഡി.എസിനെ വിവാഹം ചെയ്തു. ഇവർക്ക് റിയ, ദിയ എന്നീ രണ്ടു പെൺമക്കളാണ്. രണ്ടുപേരും വിദ്യാർത്ഥികളാണ്. ഫോൺ: 9447157317.

തോമാച്ചന്റെ രണ്ടാമത്തെ പുത്രൻ ജേക്കബ് തോമസ് എം.സി.എ പാസായി ബോംബെ എൻ.സി.ആറിൽ ഐ.ടി.മേഖലയിൽ ജോലി ചെയ്യുന്നു. ടി ജേക്കബ് അയർക്കുന്നത്ത് കുടകശ്ശേരിൽ ജോസ്, ലില്ലിക്കുട്ടി മകൾ റാണിയെ വിവാഹം ചെയ്ത് ബോംബെയിൽ താമസിക്കുന്നു. ജേക്കബിനു നേഹ എന്ന പുത്രിയുണ്ട്. പഠിക്കുന്നു. ഫോൺ: 09619339010.

തോമാച്ചന്റെ മൂന്നാമത്തെ പുത്രൻ ടോം തോമസ് എം.എസ്സി.(ഐ.ടി) പാസായി അമേരിക്കയിൽ ന്യൂയോർക്കിൽ ജോലി ചെയ്യുന്നു. ടോം എറണാകുളം കിഴക്കേത്തലക്കൽ ഇട്ടിരാച്ചൻ - വത്സമ്മ മകൾ ലിസ ടോമിനെ വിവാഹം ചെയ്തു. ഫോൺ: 0015164247634.

തോമാച്ചന്റെ മൂത്ത പുത്രി മഞ്ജു മേരി തോമസിനെ എറണാകുളത്ത് കണ്ണികാട്ട് ജോസ് - ഡെയ്സി ദമ്പതികളുടെ മകൻ ബിജു വിവാഹം ചെയ്ത് എറണാകുളത്ത് താമസിക്കുന്നു. ഫോൺ: 0484 - 2356259.

തോമാച്ചന്റെ ഇളയ പുത്രി റോഷ്നി (പൊന്നി)യെ ഇടമറ്റം കുരുവിനാക്കുന്നേൽ മാത്തച്ചൻ - കത്രിക്കുട്ടി മകൻ മാത്തൻ വിവാഹം ചെയ്ത് ഇടമറ്റത്ത് താമസിക്കുന്നു. ഫോൺ: 09944155079.

തൊമ്മൻ (ഏഴാം തലമുറ)

ആറാം തലമുറ പുത്തൻപുരക്കൽ മത്തായിയുടെ രണ്ടാമത്തെ

പുത്രൻ തൊമ്മൻ പ്രവിത്താനം പള്ളി ഇടവക ഇലവുങ്കൽ പാപ്പന്റെ മകൾ അന്നയെ വിവാഹം ചെയ്ത് കിഴക്കേക്കര കരോട്ടുവീട്ടിൽ താമസിച്ചു. ഈ വിവാഹത്തിൽ മാത്യു എന്ന പുത്രനും റോസ, ഏലി എന്നീ രണ്ടു പുത്രിമാരും ഉണ്ടായി. അപ്പോൾ ഭാര്യ മരണമടഞ്ഞു. അതിനാൽ മുത്തോലി പള്ളി ഇടവക നാഗനൂലിൽ കുന്നുംപുറത്ത് ചാക്കോയുടെ മകൾ ഏലിയെ പുനർവിവാഹം ചെയ്തു. ഇവർക്ക് ഈപ്പൻ, ചാക്കോ, ജോർജ്ജ്, ഫ്രാൻസിസ് എന്നീ അഞ്ചു പുത്രന്മാരും ഏലിയാമ്മ എന്ന പുത്രിയും ജനിച്ചു.

തൊമ്മന്റെ ഒന്നാമത്തെ പുത്രി റോസ ഭരണങ്ങാനം മേരിഗിരി മെഡിക്കൽ മിഷനിൽ ചേർന്നു അവരാണ് സിസ്റ്റർ ആൽമ.

രണ്ടാമത്തെപുത്രി ഏലി ളാലം ക്ലാരമഠത്തിൽ ചേർന്നു സിസ്റ്റർ ബന്നറ്റ് എന്ന പേരിൽ കന്യാസ്ത്രീയായി.

മൂന്നാമത്തെ പുത്രി ഏലിയാമ്മ (കുഞ്ഞാമ്മ) ബി.എസ്സിയെ തിരുവനന്തപുരത്ത് പൂന്തുറ അൽഫോൻസ് മകൻ വിജയൻ വിവാഹം ചെയ്ത് തിരുവനന്തപുരത്ത് ആശാനഗറിൽ താമസിക്കുന്നു.

കെ.ടി.മാത്യു (കൊച്ചുമത്ത) എട്ടാം തലമുറ

ഏഴാം തലമുറ തൊമ്മന്റെ മൂത്തപുത്രൻ മാത്യു പാലാ പള്ളിയിടവക കൂട്ടിയാനിയിൽ സെബാസ്റ്റ്യന്റെ മകൾ മോളിയെ വിവാഹം ചെയ്ത് പാലായിലുള്ള കരോട്ടേവീട്ടിൽ തറവാട്ടിൽ താമസിച്ചു. പിന്നീട് മലബാറിൽ ഇരുമ്പകച്ചോലയ്ക്ക് താമസം മാറ്റി. ടി മാത്യുവിന് തോമസ്, സിബി എന്നീ രണ്ടാൺമക്കളും അന്നമ്മ, ബെറ്റി, റോസ എന്നീ മൂന്നു പെൺകുട്ടികളുമുണ്ട്.

മാത്യുവിന്റെ മൂത്തപുത്രൻ തോമസ് (തോമാച്ചൻ) കുര്യനാട് മറ്റത്തിൽ കറിയാച്ചൻ മകൾ നാൻസിയെ വിവാഹം ചെയ്ത് ഇരുമ്പകച്ചോലയിലുള്ള പിതൃഗൃഹത്തിൽ താമസിക്കുന്നു. തോമസ് ഇരുമ്പകച്ചോല ഗ്രീൻവാലി ഓയൽസിന്റെ പാർട്ട്ണറാണ്. സച്ചിൻ എന്ന പുത്രനും ഗീതു, നിയാ എന്നീ രണ്ടു പെൺമക്കളുമാണ്.

പുത്രൻ സച്ചിൻ എൻജിനീയറിംഗിനു ചെമ്പേരി വിമൽ കോളജിൽ പഠിക്കുന്നു.

തോമസിന്റെ മൂത്തപുത്രി ഗീതു കൊച്ചിൻ രാജഗിരി കോള

ജിൽനിന്നും എം.ടെക് പാസായി ഗീതുവിനെ മൂലമറ്റത്ത് വാഴചാരിക്കൽ ഔസേപ്പച്ചൻ (ജോസ് വി. ജോസഫ്) - ആലീസ് ദമ്പതികളുടെ മകൻ പ്രേം വിവാഹം ചെയ്തു. പുത്രി നിയാ പഠിക്കുന്നു.

മാത്യുവിന്റെ മൂത്തപുത്രി അന്നമ്മ (ആൻസി)യെ ഇടമറുക് കൂട്ടുങ്കൽ കുഞ്ഞപ്പൻ (ജോസഫ്)ന്റെ മകൻ ജോസഫ് സക്കറിയാസ് (കറിയാച്ചൻ) വിവാഹം ചെയ്തു ഇടമറുകിൽ താമസിക്കുന്നു.

മാത്യുവിന്റെ രണ്ടാമത്തെ പുത്രി ബെറ്റ്സിയെ കോതമംഗലത്ത് പാലത്തറ ജോണിന്റെ മകൻ മാത്യു വിവാഹം കഴിച്ച് പരീക്കണ്ണിയിൽ താമസിക്കുന്നു.

മൂന്നാമത്തെ പുത്രി റോസ (റിൻസി)യെ അങ്കമാലി മഞ്ഞപ്ര വടക്കുംചേരിയിൽ വർക്കിയുടെ മകൻ ജോസ് വിവാഹം ചെയ്ത് തവളപ്പാറയിൽ താമസിക്കുന്നു.

മാത്യുവിന്റെ ഇളയപുത്രൻ സിബി വയനാട്ടിൽ മുള്ളംകൊല്ലിയിൽ തറപ്പത്ത് ജോസിന്റെ മകൾ സിന്ധുവിനെ വിവാഹം ചെയ്ത് ബാംഗ്ളൂരിൽ താമസിക്കുന്നു. ഇരുവരും ബാംഗ്ളൂരിൽ ജോലി ചെയ്യുന്നു. സിബിക്ക് റോസിറ്റ, അനീറ്റ എന്നീ രണ്ടു പെൺമക്കളാണ്. ഇരുവരും പഠിക്കുന്നു.

ഈപ്പൻ തോമസ് (ഈപ്പച്ചൻ) - എട്ടാം തലമുറ

ഏഴാം തലമുറ തൊമ്മന്റെ രണ്ടാമത്തെ പുത്രൻ ഈപ്പൻ കാഞ്ഞിരപ്പുഴ മംഗലി ഇട്ടീരയുടെ മകൾ റോസിലിന്റിനെ വിവാഹം ചെയ്ത് കാഞ്ഞിരപ്പുഴയിൽ താമസിക്കുന്നു. ഈപ്പൻ നല്ലൊരു പ്ലാന്ററും രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിൽ സജീവമായി പ്രവർത്തിക്കുന്നവനുമാണ്. ഈപ്പന് ഒരു പെൺകുട്ടിയും മൂന്നു ആൺമക്കളുമാണ്. ദീപാ എന്ന പുത്രിയും പ്രദീപ്, പ്രശാന്ത്, പ്രതാപ് എന്നീ പുത്രന്മാരുമാണ് മക്കൾ.

പുത്രി ദീപയെ ഇരിങ്ങാലക്കുട തൈവളപ്പിൽ ലൂയിസ് മകൻ ജിജു വിവാഹം ചെയ്തു. ഇരുവരും അമേരിക്കയിൽ ഹൂസ്റ്റണിൽ ജോലി ചെയ്യുന്നു. ഇവർക്ക് ജാക്ക്, റെയ്ച്ചൽ എന്നീ രണ്ടു മക്കളുണ്ട്. ഇവർ പഠിക്കുന്നു.

ഈപ്പന്റെ മൂത്തപുത്രൻ പ്രദീപ്, വായാട്ടുപറമ്പ് കരുവൻചാൽ

അഴകത്ത് (മേവിട) തോമസുകുട്ടിയുടെ മകൾ നീതുവിനെ വിവാഹം ചെയ്ത് പാലക്കാട് താമസിക്കുന്നു. ഇവർക്ക് ഇവാൻ എന്നൊരു പുത്രനുണ്ട്.

ഈപ്പന്റെ രണ്ടാമത്തെ പുത്രൻ പ്രശാന്ത് പള്ളിക്കത്തോട് (മൂഴൂർ) മുങ്ങാമാക്കൽ പരേതനായ ജോസിന്റെ മകൾ ജിഷയെ വിവാഹം ചെയ്ത് ബാംഗ്ളൂരിൽ താമസിക്കുന്നു. പ്രശാന്തിനു മിഷേൽ, റോഷൻ എന്നീ രണ്ടു പുത്രിമാരുണ്ട്.

ഈപ്പന്റെ ഇളയ പുത്രൻ പ്രതാപ് നഴ്സിംഗ് കഴിഞ്ഞ് ഇംഗ്ലണ്ടിൽ ജോലി ചെയ്യുന്നു.

ചാക്കോ (ചാക്കോച്ചൻ)

തൊമ്മന്റെ മൂന്നാമത്തെ പുത്രൻ ചാക്കോ സുഖമില്ലാത്ത ആളായിരുന്നു. 2006 നവംബറിൽ മരണമടഞ്ഞു. ഇരുമ്പകച്ചോല പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

ജോർജ്ജ് (ജോർജ്ജുകുട്ടി)

തൊമ്മന്റെ നാലാമത്തെ പുത്രൻ ജോർജ്ജ് (ജോർജ്ജുകുട്ടി) എലിവാലി കൂന്താനത്ത് കുഞ്ഞപ്പൻ - ഏലമ്മ ദമ്പതികളുടെ മകൾ ലിസ്സമ്മയെ വിവാഹം ചെയ്ത് കാഞ്ഞിരപ്പുഴ ഇരുമ്പകച്ചോലയിൽ താമസിക്കുന്നു. ജോർജ്ജിനു മൂന്നു പെൺമക്കളാണ്. വിനീത, സംഗീത, നവിത എന്നിവരാണ് മക്കൾ.

ജോർജ്ജിന്റെ മൂത്തപുത്രി വിനീതയെ കൊല്ലം തടത്തിൽ വീട്ടിൽ പ്രഫ. ലോറൻസ് മൈക്കിളിന്റെ മകൻ മൈക്കിൾ വിവാഹം ചെയ്തു. ഇവർ ബാംഗ്ളൂരിൽ താമസിക്കുന്നു. ഇവർക്ക് ഒരു കുട്ടിയുണ്ട്.

രണ്ടാമത്തെ മകൾ സംഗീതയെ കല്ലടിക്കോട് പൂണ്ടിക്കുളത്ത് ബേബിച്ചൻ മകൻ ദീപു വിവാഹം ചെയ്തു. ഇവർ ബാംഗ്ളൂരിൽ താമസിക്കുന്നു. മൂന്നാമത്തെ പുത്രി നമിത ബി.ടെക് പഠിക്കുന്നു.

അഡ്വ. കെ.ടി.തോമസ് (ടോമി)

ഏഴാം തലമുറ തൊമ്മന്റെ അഞ്ചാമത്തെ മകൻ തോമസ് (ടോമി) വിളക്കുമാടം ചെമ്പകശ്ശേരിൽ മാത്യുവിന്റെ മകൾ ഏലി (ലാലി)യെ വിവാഹം ചെയ്ത് കാഞ്ഞിരപ്പുഴ ഇരുമ്പകച്ചോലയിൽ താമസിക്കുന്നു.

രാഖേഷ്, രഞ്ജിത് എന്നീ രണ്ടാൺമക്കളും മീരാ, താരാ എന്നീ രണ്ടു പെൺമക്കളുമാണ്. രാഖേഷ് ബി.ടെക് കഴിഞ്ഞ് ബാംഗ്ളൂരിൽ ജോലി ചെയ്യുന്നു. രഞ്ജിത് ബി.കോമിനു പഠിക്കുന്നു. പുത്രി മീരാ ആയുർവേദം ഡിഗ്രി കഴിഞ്ഞ് ഹൗസ് സർജൻസി ചെയ്യുന്നു. താര മെഡിസിനു പഠിക്കുന്നു.

ഫ്രാൻസിസ്സ് (ടോണി)

തൊമ്മന്റെ ഇളയ പുത്രനായ ഫ്രാൻസിസ്സ് (ടോണി) പാറത്തോട്ട് കുരിശുംമൂട്ടിൽ (പുളിമാക്കൽ) തോമസിന്റെ മകൾ മരിയഗോരേത്തി (ജാൻസി)യെ വിവാഹം ചെയ്തു ഇരുമ്പകച്ചോലയിലുള്ള പിതൃഗൃഹത്തിൽ താമസിക്കുന്നു. ടോണി പല സാമൂഹ്യ സംഘടനകളുടേയും തലപ്പത്ത് പ്രവർത്തിക്കുന്നു ഇരുമ്പകച്ചോല ഗ്രീൻവാലി ഓയിൽസിന്റെ പാർട്ട്ണറാണ്. ടോണിക്ക് മൂന്നു പെൺമക്കളാണ്. ലിന്റു, മിലി, നയന എന്നിവരാണ് പുത്രിമാർ.

മൂത്തപുത്രി ലിന്റു എം.ബി.എ പാസായി.ലിന്റുവിനെ മണിമല പ്ലാക്കാട്ട് സെലിൻ – പരേതനായ മാത്യു പി.ജോസഫ് മകൻ കുര്യൻ വിവാഹം ചെയ്തു. മിലിയും നയനയും വിദ്യാർത്ഥികളാണ്.

തൊമ്മൻ 1998 ജനുവരി 11നു മരണം പ്രാപിച്ചു. ഇരുമ്പകച്ചോല പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

ഔസേപ്പ് (ഔത) ഏഴാം തലമുറ – കുറുമണ്ണ്

ആറാം തലമുറ മത്തായിയുടെ മൂന്നാമത്തെ പുത്രൻ ഔസേപ്പ് (ഔത) ഭരണങ്ങാനം പള്ളിയിടവക പറമുണ്ടയിൽ കുര്യന്റെ മകൾ മറിയത്തിനെ വിവാഹം ചെയ്ത് കുറുമണ്ണ് മനയ്ക്കക്കണ്ടത്തിൽ താമസിക്കുന്നു. ഔസേപ്പിനു മാത്യു, കുര്യൻ, ജോസഫ്, തോമസ് എന്നീ നാലു പുത്രന്മാരുണ്ട്.

കെ.ജെ.മാത്യു (മാത്തപ്പൻ) – എട്ടാം തലമുറ

ഏഴാം തലമുറ ഔസേപ്പിന്റെ മൂത്തമകൻ മാത്യു (കെ.ജെ.മാത്യു എം.എ) പടിഞ്ഞാറേക്കര ശാഖയിൽപ്പെട്ട മേലുകാവിൽ തെക്കേക്കണ്ടത്തിൽ ഈപ്പന്റെ മകൾ മേരിക്കുട്ടിയെ വിവാഹം ചെയ്ത് കാഞ്ഞിരപ്പുഴ താമസിക്കുന്നു. മാത്യുവിനു ഈപ്പൻ എന്ന പുത്രനും മിനി, നിമ്മി എന്നീ രണ്ടു പുത്രിമാരുമാണ്.

പുത്രൻ ഈപ്പൻ അരുവിത്തുറ പ്ലാത്തോട്ടത്തിൽ വർക്കിയുടെ

മകൾ റീനയെ വിവാഹം ചെയ്തു. ഇരുവരും അമേരിക്കയിൽ ജോലി ചെയ്യുന്നു. ഈപ്പന് ക്രിസ്റ്റീന എന്ന പുത്രിയുണ്ട്. പഠിക്കുന്നു. മാത്യുവിന്റെ മൂത്തപുത്രി മിനിയെ ആരക്കുഴ ചേർക്കോട്ട് ഔസേപ്പച്ചന്റെ മകൻ ടോമി വിവാഹം ചെയ്ത് എറണാകുളം കളമശ്ശേരിയിൽ താമസിക്കുന്നു. ഇളയ പുത്രി നിമ്മി എം.ബി.ബി.എസ് കഴിഞ്ഞുനിൽക്കുന്നു.

കെ.ജെ.കുര്യൻ (കുര്യാച്ചൻ)

ഔസേപ്പിന്റെ രണ്ടാമത്തെ പുത്രൻ കുര്യൻ പാലാ കപ്പാട് ഇടവക ചൂരനാട്ട് ചാണ്ടിയുടെ മകൾ പെണ്ണമ്മയെ വിവാഹം ചെയ്ത് മനക്കക്കണ്ടത്തിൽ താമസിക്കുന്നു. കുര്യനു ജോസ് (ജോയിച്ചൻ) എന്ന പുത്രനും മേരി (മോളി) എന്ന പുത്രിയുമുണ്ട്.

കുര്യന്റെ പുത്രൻ ജോയിച്ചൻ തിടനാട് ഞായർകുളത്ത് ഡോ. വക്കച്ചൻ, മേഴ്സിയമ്മ മകൾ സിനോമിയെ വിവാഹം ചെയ്ത് മനക്കക്കണ്ടത്തിലുള്ള പിതൃഗൃഹത്തിൽ താമസിക്കുനനു. ജോയിച്ചന് നിന്നു ക്ലെയർ, റിന്നു മരിയ എന്നീ രണ്ടു പുത്രിമാരുണ്ട്. ഇവർ വിദ്യാർത്ഥികളാണ്. പുത്രി മോളിയെ വാകക്കാട് മണ്ണൂർ കുഞ്ഞേപ്പ്, റോസമ്മ മകൻ സാബു വിവാഹം ചെയ്തു. കുര്യൻ 19-5-2001ൽ മരിച്ചു. കുറുമണ്ണ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

റവ. ഫാ. ജോസഫ്

ഔസേപ്പിന്റെ മൂന്നാമത്തെ പുത്രൻ ജോസഫ് (റവ. ഫാ. ജോസഫ് കിഴക്കേക്കര) പാലാ രൂപതയിൽ ഇടവക വൈദികനായി 1969ൽ നവപൂജ അർപ്പിച്ചു. ഇപ്പോൾ തുടങ്ങനാട് സെന്റ് തോമസ് ഫൊറോനാപള്ളി വികാരിയായി സേവനമനുഷ്ഠിക്കുന്നു.

കെ.ജെ.തോമസ്സ് (തോമാച്ചൻ)

ഔസേപ്പിന്റെ നാലാമത്തെ പുത്രൻ തോമസ് പാലാ പള്ളിയിടവക കൂട്ടിയാനിയിൽ സെബാസ്റ്റ്യൻ, ഏലിക്കുട്ടി ദമ്പതികളുടെ മകൾ ലൂസിയെ വിവാഹം ചെയ്ത് മനയ്ക്കക്കണ്ടത്തിലുള്ള പിതൃഭവനത്തിൽ താമസിക്കുന്നു. തോമസ്സിനു ജോസ്, സിബി, മാത്യു എന്നീ മൂന്നു പുത്രന്മാരും മരിയ എന്ന പുത്രിയുമുണ്ട്.

തോമസിന്റെ മൂത്തപുത്രൻ ജോസ് അരുവിത്തുറ വാളിപ്ലാക്കൽ ജോസഫ്, ആലിസ് മകൾ സിൻസുവിനെ വിവാഹം ചെയ്തു മനക്ക

ക്കണ്ടത്തിൽ താമസിക്കുന്നു. ജോസിനു അൽഫോൻസാ എന്ന പുത്രിയും ടോം എന്ന പുത്രനുമുണ്ട്. ഇവർ കുഞ്ഞുങ്ങളാണ്.

തോമസിന്റെ രണ്ടാമത്തെ പുത്രൻ സിബി എലിവാലി മൈലാടൂർ ജോസഫ് - ട്രീസ ദമ്പതികളുടെ മകൾ സോണിയെ വിവാഹം ചെയ്ത് മനക്കക്കണ്ടത്തിൽ താമസിക്കുന്നു. സിബിക്ക് തോമസ് എന്ന പുത്രനും ടാനിയ എന്ന പുത്രിയുമുണ്ട്. തോമസ്സിന്റെ പുത്രി മരിയ എം.കോം കഴിഞ്ഞുനിൽക്കുന്നു.

കെ.എം.മാത്യു (ഏഴാം തലമുറ)

ആറാം തലമുറ പുത്തൻപുരക്കൽ മത്തായിയുടെ നാലാമത്തെ പുത്രൻ മാത്യു (കെ.എം.മാത്യു ബി.എസ്സി) കാഞ്ഞിരപ്പള്ളിൽ കരിപ്പാപ്പറമ്പിൽ ചെറിയാന്റെ മകൾ പെണ്ണമ്മ ബി.എ.യെ വിവാഹം ചെയ്ത് കാഞ്ഞിരപ്പുഴയിൽ താമസമാക്കി. കാഞ്ഞിരപ്പുഴയിലുള്ള ദി നാഷണൽ പ്ലാന്റേഷൻ കമ്പനിയുടെ മാനേജിംഗ് പാർട്ട്ണറായിരുന്നു. ടി മാത്യുവും സഹോദരന്മാരും കൂടി കാഞ്ഞിരപ്പുഴയിൽ ഒരു പള്ളിയും ഹോസ്പിറ്റലും പണിയിച്ച് പൊതുജനങ്ങൾക്കായി വിട്ടുകൊടുത്തിട്ടുണ്ട്. മാത്യു 1986 ഒക്ടോബർ 24നു മരണമടഞ്ഞു. കാഞ്ഞിരപ്പുഴ സെമിത്തേരിയിൽ സംസ്കരിച്ചു. മാത്യുവിനു മാത്യു എന്നൊരു പുത്രനും അക്കമ്മ എന്ന ഒരു പുത്രിയുമുണ്ട്.

മാത്യുവിന്റെ പുത്രൻ ഡോ. മാത്യു മാത്യു എം.ബി.ബി.എസ് തൈക്കാട്ടുശ്ശേരി അയ്യനാട് പാറായിൽ പി.കെ.ജോർജ് തരകൻ മകൾ റോസമ്മയെ വിവാഹം ചെയ്ത് കാഞ്ഞിരപ്പുഴയിലുള്ള പിതൃഭവനത്തിൽ താമസിക്കുന്നു. ടി മാത്യു നല്ല ഒരു കൃഷിക്കാരനാണ്. ആധുനിക രീതിയിൽ എല്ലാവിധ കൃഷികളും നടത്തുന്നു. മാത്യുവിന് വിവേക് ജോർജ്ജ് മാത്യു എന്ന പുത്രനും റോഷ്നി, റോസി എന്നീ രണ്ടു പുത്രിമാരുമുണ്ട്. മാത്യുവിന്റെ പുത്രൻ വിവേക് ആലപ്പുഴയിൽ അക്കരകളം തോമസിന്റെ മകൾ ടീനയെ വിവാഹം ചെയ്തു.

മാത്യുവിന്റെ മൂത്തപുത്രി റോഷ്നിയെ ചങ്ങനാശ്ശേരിൽ കോച്ചേരിൽ സെബാസ്റ്റ്യൻ മകൻ രൻജൻ വിവാഹം ചെയ്ത് മുംബൈയിൽ താമസിക്കുന്നു.

രണ്ടാമത്തെ പുത്രി റോസിയെ തമ്പലക്കാട് കതയനാട്ട് പൗലോസ് മകൻ മാത്യു വിവാഹം ചെയ്ത് ചെന്നൈയിൽ താമസി

ക്കുന്നു. കെ.എം.മാത്യുവിന്റെ പുത്രി അക്കമ്മയെ ചാലക്കുടി പരിയാരം കണ്ണംപിള്ളിൽ ലോനക്കുഞ്ഞ് മകൻ പോൾ വിവാഹം ചെയ്തു. ഇവർ കാഞ്ഞിരപ്പുഴയിൽ താമസിക്കുന്നു.

കെ.എം.വർക്കി മൂലമറ്റം (ഏഴാം തലമുറ)

തീക്കോയി ഇടയാടി തൊമ്മൻ - മറിയം മകൾ മറിയത്തെ വിവാഹം ചെയ്തു. അഞ്ചു മക്കൾ. മൂന്നു പെണ്ണും രണ്ട് ആണും. ഭാര്യ മരിക്കുകയാൽ പുനർവിവാഹം ചെയ്തു. വധു തൊടുപുഴ കലൂർ കാരക്കുന്നേൽ അന്ന മത്തായി മകൾ ത്രേസ്യാ. രണ്ടാം വിവാഹത്തിൽ മരിയ എന്ന പെൺകുട്ടി ഉണ്ട്. മരിയയെ എടയാടിയിൽ വേലത്തുശ്ശേരിയിൽ (തീക്കോയി) മാത്യു വിവാഹം ചെയ്തു. തീക്കോയിൽ താമസിക്കുന്നു.

കെ.എം.വർക്കിയുടെ മൂത്ത മകൾ മേരി വർക്കിയെ മേവിട മാളിയേക്കൽ ജോസഫ് - ത്രേസ്യാ മകൻ ജോസഫ് വിവാഹം ചെയ്ത് മേവിടയിൽ താമസിക്കുന്നു. രണ്ടാമത്തെ പുത്രി കുഞ്ഞാമ്മയെ ആരക്കുഴ മാതേക്കൽ കുര്യാക്കോസ് - അന്ന മകൻ മാത്യു വിവാഹം ചെയ്തു ആരക്കുഴയിൽ താമസിക്കുന്നു.

മൂന്നാമത്തെ പുത്രി സി. അന്നറ്റ് ഭരണങ്ങാനം മേരിഗിരി മിഷനിൽ ചേർന്നു.

മൂത്തപുത്രൻ കെ.വി.മാത്യു ഇടമറുക് ചീരാങ്കുഴി മാണി - അന്ന മകൾ റോസമ്മയെ വിവാഹം ചെയ്ത് പുരയിടത്തിന്റെ കിഴക്കുവശത്ത് പ്രത്യേക കെട്ടിടത്തിൽ താമസിച്ചിരുന്നു. ടി മാത്യു 13-3-98ൽ മരിച്ചു.

ടി മാത്യുവിന് ആറുമക്കൾ രണ്ടാണും നാലു പെണ്ണും മൂത്തമകൾ മോളി എന്നു വിളിക്കുന്ന മേരിയെ വിവാഹം കഴിച്ചില്ല. പിതൃഗൃഹത്തിൽ താമസിക്കുന്നു.

മൂത്തമകൻ ബെന്നിയെന്നു വിളിക്കുന്ന കെ.എം.ജോർജ്ജ് കുളമാവ് എ.ടി.ജോൺ -മേരി മകൾ മേഴ്സിയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിക്കുന്നു. രണ്ടു മക്കൾ. ഒരാണും ഒരു പെണ്ണും. എല്ലാവരും വിദ്യാർത്ഥികൾ 1. റോസ് മരിയ ജോർജ്ജ്, 2. മാത്യൂസ് ജോർജ്ജ്.


രണ്ടാമത്തെ മകൾ ഡോളി (അന്ന) 18.09.1989ൽ അകാല മൃത്യു പ്രാപിച്ചു. മൂന്നാമത്തെ പുത്രി റോസമ്മയെ ഉപ്പുതറ കടുന്തോട്

ജോസഫ് - മേരിക്കുട്ടി മകൻ ജോസഫ് വിവാഹം ചെയ്ത് ഉപ്പുതറയിൽ താമസിക്കുന്നു. രണ്ടാമത്തെ പുത്രൻ ബിനോയി (മാനുവൽ) 4-6-98ൽ അകാല മൃത്യു പ്രാപിച്ചു. മൂന്നാമത്തെ പുത്രി റാണി എന്നു വിളിക്കുന്ന കൊച്ചുത്രേസ്യ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് ഓഫ് സെന്റ് മേരി (എസ്.ജെ.എസ്.എം) സന്യാസ സമൂഹത്തിലെ അംഗമാണ്.


5. ഏഴാം തലമുറ വർക്കിയുടെ ഇളയ മകൻ ജോപ്പിയെന്നു വിളിക്കുന്ന കെ.വി. ജോസഫ് ഇളങ്ങുളം മുറിഞ്ഞാലക്കൽ മത്തായി അന്ന മകൾ ത്രേസ്യായെ വിവാഹം ചെയ്ത് ഇളങ്ങുളത്ത് ഭാര്യാഗൃഹത്തിൽ താമസിക്കുന്നു. ടി ജോപ്പിക്ക് നാലു മക്കൾ. രണ്ടാണും രണ്ടു പെണ്ണും. മൂത്തപുത്രൻ സാബു എന്നു വിളിക്കുന്ന ജോർജ്ജ് വാഴക്കുളം പുന്നക്കപ്പടവിൽ (നടുക്കര) ജോൺ - അന്നക്കുട്ടി മകൾ ലൗലിയെ വിവാഹം ചെയ്ത് മൂലമറ്റത്ത് താമസിക്കുന്നു. ടി സാബുവിന് നാലു കുട്ടികൾ എല്ലാവരും വിദ്യാർത്ഥികൾ.

1. ടെസ്സ 2. ആൻ 3. ജോസഫ് 4. ജോൺസ്. രണ്ടാമത്തെ പുത്രൻ സണ്ണിയെന്നു വിളിക്കുന്ന ജോസഫ് മണിയഞ്ചിറ സ്കറിയാ ലൂസി മകൾ റെറ്റിയെ വിവാഹം ചെയ്ത് ഇളങ്ങുളത്ത് പിതാവിന്റെ കൂടെ താമസിക്കുന്നു. മൂന്നു കുട്ടികൾ. ജോപ്പി, റാണി, റൂണി (വിദ്യാർഥികൾ). മൂത്തപുത്രി മേരിയെ പയപ്പാർ ഓടക്കൽ മൈക്കിൾ - തെയ്യാമ്മ മകൻ ജോയി വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി സോണിയ എന്നു വിളിക്കുന്ന ത്രേസ്യായെ ചെരുതോട്ടത്തിൽ (കിഴക്കൻ മറ്റം) ത്രേസ്യാ - ആന്റണി മകൻ കറിയാച്ചൻ വിവാഹം ചെയ്ത് കിഴക്കൻ മറ്റത്തിൽ താമസിക്കുന്നു.

പീടികയിൽ പാവനസ്മരണയ്ക്ക്



പീടികയിൽ ഇട്ടി ഐപ്പ് ഇട്ടി ഐപ്പ് ഭാര്യ ത്രേസ്സ്യാ (ചാച്ചി)



ഇട്ടി ഐപ്പ് ഭാര്യ ഏലി



കുട്ടിയമ്മ തോമസ്



പീടികയിൽ ഇട്ടി ഐപ്പ് ഭാര്യ പരേതയായ ത്രേസ്സ്യാമ്മ



പീടികയിൽ തോമസ് കെ. ഐ. യും കുടുംബാംഗങ്ങളും




സാജു തോമസും കുടുംബവും (ബോംബെ)




സിബി തോമസും കുടുംബവും



പരേതരായ കെ. ഐ. തൊമ്മൻ ഭാര്യ അന്നമ്മ



കെ. റ്റി. ജോസഫ്, ഭാര്യ സാലമ്മ, മീര, രോഹിത



ആൻലി ഭർത്താവ് ജോൺസ്, ജെറി



സിത്താര ഭർത്താവ് സിറിൽ, ക്ലിൻസ്

190




കെ.റ്റി. തോമസ് ഭാര്യ പെണ്ണമ്മ




കെ.റ്റി.തോമസിന്റെ മകൾ ജെസ്സി ഭർത്താവ് സണ്ണി മറ്റും
മക്കൾ കെവിൻ, നോവിയ, റോണിയ

191





പരേതരായ കെ.ഐ.ജോൺ ഭാര്യ മറിയാമ്മ





പരേതരായ ജോസഫ് ജോൺ ഭാര്യ ചിന്നമ്മ



അജേഷ്




തോമസ് ജോണും കുടുംബവും






പരേതനായ ജോർജ്ജ് ഭാര്യ ലില്ലി, മക്കൾ ജോബി, ജോമിൻ










പരേതരായ കിഴക്കേക്കര പീടികയിൽ കെ.ഐ. വർക്കി ഭാര്യ മേരി




പരേതനായ
ജോസഫ് ജോർജ്ജ്



പീടികയിൽ ജോർജ്ജ് ജോസഫ്, റോസമ്മ ജോസഫ്



കിഴക്കേക്കര പീടികയിൽ കെ.ഐ. വർക്കി മകൻ
ഇമ്മാനുവേൽ (മാണിച്ചൻ) ഭാര്യ ലൈസ, അനു



പീടികയിൽ കുടുംബം

പീടികയിൽ ഇട്ടി ഐപ്പ് (നാലാം തലമുറ)

കിഴക്കേക്കര കരോട്ടേവീട്ടിൽ ഇട്ടിയയ്പിന്റെ ദ്വിതീയപുത്രൻ ഇട്ടിയയ്പ് കാണിയേക്കാട്ടുകരയിൽ പാലാപ്പള്ളി ഇടവക കുടുമ്പുകാട്ടിൽ ചന്തിരക്കാരന്റെ മകൾ മറിയത്തിനെ വിവാഹം കഴിച്ച് വടക്കെക്കെടുമ്പൻ പുരിയിടത്തിൽ ഇരിക്കുന്ന പീടികയിൽ താമസിച്ചു. പിതാവായ മൂന്നാം തലമുറ കിഴക്കേക്കര കരോട്ടേവീട്ടിൽ ഇട്ടിയയ്പ് 1029-ാമാണ്ട് ധനുമാസത്തിൽ മരിച്ച് പാലാ വലിയപള്ളിയിൽ സംസ്കരിക്കപ്പെട്ടു.

പീടികയിൽ ഇട്ടിയയ്പ് കച്ചവടം നടത്തുന്ന കാലത്ത് തിരുവിതാംകൂറിലെ ദിവാൻ പേഷ്ക്കാർ മുതലായ പ്രധാന ഉദ്യോഗസ്ഥന്മാർ മീനച്ചിൽ സന്ദർശിക്കാൻ വരുമ്പോൾ പരിചരണത്തിനായും മറ്റും മേലുകാവിലുള്ള മലയരയന്മാരെ വളരെയധികം പീഡിപ്പിച്ചിരുന്നു. അവർ ടീ. ഇട്ടിയയ്പിന്റെ പക്കൽ പരാതിപ്പെട്ടതിന്റെ ഫലമായി അദ്ദേഹം കോട്ടയത്തുനിന്നും പള്ളത്തുസായ്പിനെ വരുത്തുകയും സായ്പ് മേലുകാവിൽ ഒരു ചർച്ചുമിഷൻ പള്ളി സ്ഥാപിച്ച് അവരെ സി.എം.എസ്സിൽ ചേർത്ത് ഉദ്ധരിക്കുകയും ചെയ്തു. ഈ വിവരം മേലൂകാവുപള്ളിയിൽ ഒരു പ്രമാണരേഖയായി സൂക്ഷിച്ചിട്ടുണ്ട്. നാലാം തലമുറക്കാരനും കടുമ്പുകാട്ടിൽനിന്നു വിവാഹം ചെയ്തയാളുമായ ഇട്ടിയയ്പ് 1052-ാമാണ്ടു മരണം പ്രാപിച്ചു. നാലാം തലമുറ പീടികയിൽ ഇട്ടിയയ്പിനു ഇട്ടിയയ്പ്, ചാക്കോ, തൊമ്മൻ എന്നു മൂന്നു പുത്രന്മാരുണ്ടായി. ചാക്കോ അവിവാഹിതനായിരുന്നു; കാലാന്തരത്തിൽ സർപ്പദംശമേറ്റു മരിച്ചു.

പീടികയിൽ തറവാട്

പീടികയിൽ ഇട്ടി ഐപ്പ് (അഞ്ചാം തലമുറ)

പീടികയിൽ ഇട്ടി ഐപ്പിന്റെ മകൻ പീടികയിൽ ഇട്ടി ഐയ്പ് ചങ്ങനാശേരി താലൂക്കിൽ കാർത്തികപ്പള്ളി കുടുംബമായ വെട്ടിത്തുരുത്തേൽ കണ്ണുവൈദ്യന്റെ മകൾ ഏലിയെ വിവാഹം ചെയ്തു. പിതൃഗൃഹത്തിൽ താമസിച്ചു. ടി. ഇട്ടി ഐപ്പിനു യൗസേപ്പ്, ഇട്ടി ഐപ്പ് എന്നു രണ്ടു പുത്രന്മാരും മറിയം, അച്ചാമ്മ, ഏലി, ത്രേസ്യാ എന്നു

നാലു പുത്രിമാരുമുണ്ടായി. ഒന്നാമത്തെ പുത്രി മറിയത്തിനെ ഭരണങ്ങാനം പള്ളിയിടവക 'ആക്കിമാപ്പിള'യായ മാറാമറ്റത്തിൽ ഔസേപ്പു വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി അച്ചാമ്മയെ വാഴക്കുളം കരയിൽ ചൊള്ളാമഠത്തിൽ വിവാഹം ചെയ്തയച്ചു. ഒരു കൊല്ലം കഴിഞ്ഞ് സന്താനമില്ലാതെ വിധവയായിത്തീരുകയും പിതൃഗൃഹത്തിൽ താമസിച്ച് 1957- ഫെ. 22-ാം തീയതി മരിച്ച് ഇളംതോട്ടംപള്ളിയുടെ ശവക്കോട്ടയിൽ സംസ്കരിക്കപ്പെടുകയും ചെയ്തു മൂന്നാമത്തെ പുത്രി ഏലിയെ കുറവിലങ്ങാടുപള്ളിയിടവക പകലോമറ്റം കുടുംബമായ കോട്ടയിൽ ആലപ്പാട്ടു വിവാഹം ചെയ്തയച്ചു. നാലാമത്തെ പുത്രി ത്രേസ്യയെ പടിഞ്ഞാറേക്കര ശാഖയിൽപ്പെട്ട മേടയ്ക്കൽ ഇട്ടിയവിരാ വിവാഹം ചെയ്തു.

റവ. ഫാ. ഔസേപ്പ് കത്തനാർ (ആറാം തലമുറ)

അഞ്ചാം തലമുറ ഇട്ടി ഐപ്പിന്റെ പുത്രൻ ഔസേപ്പിനെ (റവ. ഫാ. ജോസഫ്) തിരുവല്ലായിൽ കോവൂർ കുടുംബക്കാരുമായുള്ള ബന്ധത്താൽ അവർ 'നൈനാൻ' എന്നും സംബോധന ചെയ്തിരുന്നു. ടി. ഔസേപ്പ് നാലാം തലമുറ കരോട്ടേവീട്ടിൽ വർക്കിയുടെ തൃതീയപുത്രൻ യോഹന്നാനുമൊന്നിച്ച് ളാലം പുത്തൻപ്പള്ളിയിടവക കണിയാരാകത്തു പെ.ബ.മാണിമല്പാന്റെ കൂടെ മേലൂസ് മെത്രാപ്പോലീത്തായുടെ കീഴിൽ വൈദിക പഠനം തുടങ്ങി. പെ.ബ.ഏലിയാമേലൂസു മെത്രാനോടു (ബാബേൽ പാത്രിയർക്കീസിന്റെ കീഴിൽ) പട്ടവും സ്വീകരിച്ചു. കൊല്ലവർഷം 1053-ാമാണ്ട് വൃശ്ചികമാസം 8-ാം തീയതി ആണ് ഇളംതോട്ടംപള്ളി സ്ഥാപനം. മേലൂസു മല്പാനായ കണിയാരാകത്തു മാണി മല്പാന്റെ പ്രേരണയാൽ നാലാം തലമുറ കരോട്ടേവീട്ടിൽ വർക്കിയുടെ പരിശ്രമഫലമായി സ്ഥാപിച്ചതാണിത്. ഇടമറ്റത്തു തൊണ്ടനാട്ട് അന്തോനിയച്ചനാണ് മാർ അബ്ദിശോ മെത്രാപ്പോലീത്താ ആയത്. അദ്ദേഹം 1069-ാമാണ്ടിടയ്ക്ക് തൃശ്ശിവപേരൂർവച്ച് ചരമം പ്രാപിച്ചു. പീടികയിൽ ഔസേപ്പു ശെമ്മാശ്ശനും കരോട്ടേവീട്ടിൽ യോഹന്നാൻ ശെമ്മാശ്ശനും മാർ അബ്ദീശോ മെത്രാപ്പോലീത്തായിൽ നിന്നും പട്ടം സ്വീകരിച്ചു കുർബാന ചൊല്ലുകയുണ്ടായി. ബ. ഔസേപ്പച്ചൻ മാർ അബ്ദീശോ മെത്രാപ്പോലീത്തായുടെ മരണാനന്തരം ഇളംതോട്ടം പള്ളിയിൽ താമസിച്ച് അതിന്റെ ഭരണം നടത്തുകയും പിന്നീട് പള്ളിയും

സ്വത്തുക്കളും റോമൻ കത്തോലിക്കാസഭയ്ക്കു വിട്ടുകൊടുത്തുകൊണ്ട് ആ സഭയുമായി ഐക്യപ്പെടുകയും ചെയ്തു. ഞണ്ടുപാറ, വെട്ടിമുകൾ, നീലൂർ, കവിക്കുന്നു മുതലായ പള്ളികളിൽ വികാരിയായിരുന്നിട്ടുണ്ടദ്ദേഹം. അദ്ദേഹം 1944 മാർച്ച് മാസം 17-ാം തീയതി 79-ാമത്തെ വയസ്സിൽ നിര്യാതനായി. പാലാ വലിയ പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

ഇളംതോട്ടം പള്ളിയുടെ സ്ഥാപനം കഴിഞ്ഞ ഘട്ടത്തിലാണു, പടിഞ്ഞാറേക്കര ശാഖയിൽപ്പെട്ട വെട്ടുകാട്ടിൽ ബ. ഈപ്പച്ചന്റെ പരിശ്രമത്താൽ കവിക്കുന്നുപള്ളിയും കൊട്ടാരത്തിൽ ബ. യൗസേപ്പച്ചന്റെ പരിശ്രമത്താൽ മുണ്ടാങ്കൽപ്പള്ളിയും പണി കഴിക്കപ്പെട്ടത്.

പീടികയിൽ ഇട്ടി ഐപ്പ് (ആറാം തലമുറ)

പീടികയിൽ ഇട്ടി ഐപ്പിന്റെ ദ്വിതീയ പുത്രൻ ഇട്ടി ഐപ്പ് 'എറകോന്നി മാപ്പിള'യായ മുത്തോലി കരയിൽ നെയ്യൂരു കോയിപ്പുറത്തായ കളപ്പുരയ്ക്കൽ ഉലഹന്നന്റെ മകൾ ത്രേസ്യാ (ചാച്ചി)യെ വിവാഹം ചെയ്ത് പീടികത്തറവാട്ടിൽ താമസിച്ചു. ഇദ്ദേഹമാണു കൊ.വ. 1087-ാമാണ്ട് ചിങ്ങമാസം ഒന്നാംതീയതി എഴുതി 1088-ാമാണ്ട് ചിങ്ങമാസം ഒന്നാംതീയതി രജിസ്റ്ററാക്കിയ 'കിഴക്കേക്കര കുടുംബപരിപാലന ഉടമ്പടി'യുടെ കാരണ ഭൂതനും, 1092-ാമാണ്ട് മുതൽ നടത്തിപ്പോരുന്ന ടി കുടുംബയോഗത്തിന്റെ ജനയിതാവും കൊ.വർഷം 1106 കുംഭമാസത്തിൽ എഴുതിയ 'എറകോന്നി പുത്തൻപുര കുടുംബചരിത്ര'ത്തിന്റെ കർത്താവും അദ്ദേഹമാണ്. അതിന്റെ കൈയെഴുത്തുപ്രതിയിൽ നിന്നാണ് എറകോന്നി പുത്തൻപുര കുടുംബത്തിന്റെ ചരിത്ര ലേഖനകാലം വരെയുള്ള പൂർവ്വചരിത്രത്തെപ്പറ്റിയും അതോടനുബന്ധിച്ച സമാന്തര സംഭവങ്ങളെപ്പറ്റിയും പ്രസ്താവ യോഗ്യമായ വിധത്തിലുള്ള വിവരം ലഭിച്ചിട്ടുള്ളത്. അക്കാരണത്താൽ അനന്തര തലമുറക്കാർ അദ്ദേഹത്തോട് വളരെയധികം കടപ്പെട്ടവരാണ്. സഭാചരിത്ര സംബന്ധമായും കോടതി വ്യവഹാരസംബന്ധമായും അനന്യ സാധാരണമായ പാണ്ഡിത്യം സിദ്ധിച്ചവനും ഒരു നടനകലാനിപുണനുമായിരുന്നു അദ്ദേഹം. ഒരു നടനകലാസമിതി തന്നെ അദ്ദേഹത്തിന്റെ മാനേജ്മെന്റിൽ പ്രവർത്തിച്ചിരുന്നു. അദ്ദേഹത്തിനു ഇട്ടിയയ്പ്, തൊമ്മൻ,

ഉലഹന്നൻ, വർക്കി എന്ന നാലു പുത്രന്മാരുണ്ടായി. പ്രശസ്തനായ ആറാംതലമുറ ഇട്ടിയയ്പ് 1961 ഏപ്രിൽ 27-ാം തീയതി 88-ാമത്തെ വയസിൽ മരിച്ച് ഇളംതോട്ടംപള്ളിയുടെ ശവക്കോട്ടയിൽ സംസ്കരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഭാര്യ ത്രേസ്യാ 1955 മാർച്ച് മാസം 9-ാം തീയതി മരിച്ച് ടി.ശവക്കോട്ടയിൽ തന്നെ സംസ്കരിക്കപ്പെട്ടു.

കെ.ഐ. ഇട്ടി ഐപ്പ് (ഏഴാം തലമുറ)

ഇട്ടിയയ്പ്പിന്റെ മൂത്തപുത്രൻ ഏഴാം തലമുറ ഇട്ടിയയ്പ്പ് പാലായിൽ കുടക്കച്ചിറക്കുടുംബത്തിൽപ്പെട്ട പതുപ്പള്ളിൽ ചാക്കോയുടെ മകൾ ഏലിയെ വിവാഹംചെയ്ത് നീലൂർ കടുവാ അള്ളുപുരയിടത്തിൽ താമസമാക്കി. ടി.ഇട്ടിയയ്പ്പിനു ഇട്ടിയയ്പ്പ്, തൊമ്മൻ എന്ന രണ്ടു പുത്രന്മാരും ത്രേസ്യാ, അന്ന, മറിയം എന്ന മൂന്നു പുത്രിമാരും ജനിച്ചു. മൂത്ത പുത്രി ത്രേസ്യായെ പാലാപ്പള്ളിയിടവക 'തറയിൽ മാപ്പിള'യായ ഞാവള്ളിൽ പഴേടത്തുവീട്ടിൽനിന്നും തൊടുപുഴ മുട്ടംപള്ളിയിടവകയിൽ താമസിക്കുന്ന കുരുവിളയുടെ മകൻ വർക്കി വിവാഹം ചെയ്തു. രണ്ടാമത്തവൾ അന്ന (അച്ചാമ്മ)യെ പാലാ ഇടവക 'വയലക്കൊമ്പിൽ മാപ്പിള"യായ പുല്ലാട്ടുനിന്നും വാഴൂർ താമസിക്കുന്ന മാണിയുടെ മകൻ ജോസഫ് വിവാഹം ചെയ്തു. മൂന്നാമത്തെ പുത്രി മറിയത്തെ രാമപുരത്തു വളവനാട്ട് കുടുംബത്തിൽപ്പെട്ട കൊതമ്പനാനിയിൽ പുള്ളോലിൽ കുര്യാക്കോയുടെ മകൻ ജോസഫ് വിവാഹം ചെയ്തു.

ഇട്ടി ഐപ്പ്

മൂത്തപുത്രൻ എട്ടാം തലമുറ ഇട്ടി ഐപ്പ് കടനാട്ടിൽ പാലത്തും തല കുടുംബത്തിൽപ്പെട്ട പൂവത്തുങ്കൽ ദേവസ്യായുടെ മകൾ ത്രേസ്യായെ വിവാഹം ചെയ്ത് നീലൂർ താമസിക്കുന്നു. ത്രേസ്യാ 2010 സെപ്തംബർ 30-നു മരണം പ്രാപിച്ച് നീലൂർ പള്ളികുടുംബക്കല്ലറയിൽ സംസ്കരിച്ചു. ഇവർക്ക് സന്താനങ്ങളില്ല.

കെ.ഐ. തോമസ്

ദ്വീതിയപുത്രൻ തൊമ്മൻ ചെങ്ങളം പള്ളിയിടവക കോലടിക്കുടുംബത്തിൽപ്പെട്ട ഭഗവതിപറമ്പിൽ കുട്ടിയമ്മയെ വിവാഹം ചെയ്തു. നീലൂർ താമസിക്കുന്നു. തൊമ്മനു മാർട്ടിൻ (സാജു), ജോസഫ് (സിബി), സ്കറിയാ (സജി) എന്ന മൂന്നു പുത്രന്മാരും ഏലി (ബെറ്റി), ഷീബാ

എന്നീ രണ്ടു പുത്രിമാരും ഉണ്ടായി.

തൊമ്മന്റെ ആദ്യഭാര്യ കുട്ടിയമ്മ മരിച്ചുപോയതിനാൽ രണ്ടാമത് കാഞ്ഞിരപ്പള്ളി അഞ്ചിലിപ്പ പുൽപേൽ ജോസഫ് മകൾ ത്രേസ്യയെ വിവാഹം ചെയ്തു. ഈ വിവാഹത്തിൽ ത്രേസ്യ (ലിസ്) എന്ന ഒരു പുത്രിയുണ്ട്. ലിസ് എം.എ വിദ്യാർഥിയാണ്.

തൊമ്മന്റെ ഒന്നാമത്തെ പുത്രൻ മാർട്ടിൻ (സാജു) ചിറക്കടവ് കുന്നപ്പള്ളിൽ സാലസ്സിന്റെ മകൾ സിസ്സിയെ വിവാഹം ചെയ്തു. ഇരുവരും ബോംബെയിൽ ജോലി ചെയ്യുന്നു. ഇവർക്ക് ക്രിസ്റ്റീന, അനു (ട്രീസ) എന്നീ രണ്ടു പുത്രിമാരുണ്ട്. ഇരുവരും വിദ്യാർഥികളാണ്.

തൊമ്മന്റെ രണ്ടാമത്തെ പുത്രൻ സിബി പൂഞ്ഞാർ ചെറുവള്ളിൽ ജോസ് മകൾ ടെസിയെ വിവാഹം ചെയ്ത് നിലൂർ താമസിക്കുന്നു. ഇവർക്ക് ജോസഫ്, തോമസ് എന്നീ രണ്ടു പുത്രന്മാരുണ്ട്. ഇരുവരും പഠിക്കുന്നു.

തൊമ്മന്റെ മൂന്നാമത്തെ പുത്രൻ സ്കറിയ (സജി) അറക്കുളം മൈലാടൂർ അബ്രാഹത്തിന്റെ മകൾ റോഷനെ വിവാഹം ചെയ്തു. നീലൂർ താമസിക്കുന്നു. ഇവർക്ക് തോമസ് (ഡെനിൻ) എന്ന പുത്രനും ഡീനാ മേരി എന്ന പുത്രിയുമുണ്ട്. ഇരുവരും കുഞ്ഞുങ്ങളാണ്.

തൊമ്മന്റെ മൂത്തപുത്രി ബെറ്റി ശരീരസുഖമില്ലാതെ പിതാവിന്റെ കൂടെ താമസിക്കുന്നു. രണ്ടാമത്തെ പുത്രി ഷീബയെ അറക്കുളത്ത് കുളത്തിനാൽ ജോസഫിന്റെ മകൻ ഷിജി വിവാഹം കഴിച്ചു. ഇവർ ചാലക്കുടി ചെട്ടികുളത്ത് താമസിക്കുന്നു.

കെ.ഐ. തൊമ്മൻ (ഏഴാം തലമുറ)

പീടികയിൽ ഇട്ടി ഐപ്പിന്റെ ദ്വീതിയ പുത്രൻ തൊമ്മൻ കോട്ടയം അയർക്കുന്നം കരയിൽ "എറകോന്നി മാപ്പിള"യായ കുടകശ്ശേരിൽ പടിഞ്ഞാറേക്കര ഫിലിപ്പോസി(പോത്തൻ)ന്റെ മകൾ അന്നമ്മയെ വിവാഹം ചെയ്തു. പൊരുന്നോലിലായ പുതുമന മത്തായി പോത്തന്റെ വകയായിരുന്നതും പിതൃവിഹിതമായി കിട്ടിയതുമായ പയ്യപ്പതിക്കൽ പുരയിടത്തിൽ താമസിക്കുന്നു. അക്കാലത്തു കിഴക്കേക്കര കുടുംബത്തിൽനിന്നും സർവകലാശാലാ വിദ്യാഭ്യാസം സിദ്ധിച്ച ചുരുക്കം പേരിലൊരാളാണ് അദ്ദേഹം. കിഴതടിയൂർ സഹകരണ സംഘത്തിന്റെ ജന

യിതാവ് അദ്ദേഹമാണ്. ആ സംഘത്തിന്റെ ആദ്യത്തെ സെക്രട്ടറി അദ്ദേഹമായിരുന്നു. കിഴക്കേക്കര കുടുംബയോഗ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി ഉത്സാഹിച്ചവരിൽ പ്രമുഖനാദ്ദേഹം. തൊമ്മൻ 1983 നവംബർ മാസം 14-ാം തീയതി മരിച്ച് 15-ാം തീയതി ഇളംതോട്ടം പള്ളി സെമിത്തേരിയിലുള്ള കുടുംബകല്ലറയിൽ സംസ്കരിച്ചു. തൊമ്മന്റെ ഭാര്യ അന്നമ്മ 1984 ഡിസംബർ 21 ന് മരിച്ച് ഇളംതോട്ടപള്ളിയിലുള്ള കുടുംബകല്ലറയിൽ സംസ്കരിച്ചു. ടി. തൊമ്മന് ജോസഫ് (കുഞ്ഞ്) തോമസ് എന്ന രണ്ടു പുത്രന്മാരുണ്ട്.

കെ.റ്റി ജോസഫ് (കുഞ്ഞ്)

മൂത്തപുത്രൻ ജോസഫ് എം.എ ബിരുദധാരിയാണ്. തൊമ്മന്റെ മൂത്തപുത്രൻ ജോസഫ് (കുഞ്ഞ്) ഭരണങ്ങാനം അമ്പാറ കലയത്തിനാൽ കെ.എം. ജോസഫിന്റെ മകൾ സാലമ്മയെ വിവാഹം ചെയ്ത് പിതൃഗ്രഹമായ പയ്യപതിക്കൽ പുരയിടത്തിൽ താമസിക്കുന്നു. സാലമ്മ എം.എസ്.സി. ബിരുദധാരിണിയാണ്. ജോസഫിന് ആൻലി, സിത്താര, മീര, രോഹിത എന്നീ നാലു പുത്രിമാരുണ്ട്. മൂത്തപുത്രി ആൻലിയെ (എം.എസ്.സി.) എറണാകുളം എസ്.ആർ.എം. റോഡിൽ ഈരാറ്റുപ്പുഴ പ്രൊഫ. വർഗീസിന്റെ മകൻ ജോൺസ് എം.ബി.എ. വിവാഹം ചെയ്തു. ഇവർക്ക് ജെറി എന്ന പുത്രനുണ്ട്. ഇവർ ബഹറിനിൽ ജോലി ചെയ്യുന്നു. ജോസഫിന്റെ രണ്ടാമത്തെ പുത്രി സിത്താരയെ (എം.എസ്.സി., എം.ഫിൽ) കൂത്താട്ടുകുളം ഇഞ്ചക്കുഴിയിൽ സഖറിയായുടെ മകൻ സിറിൾ സ്കറിയ വിവാഹം ചെയ്തു. ഇവർക്ക് ക്ലിൻസ് എന്നൊരു പുത്രനുണ്ട്. ഇരുവരും ഗുജറാത്തിൽ ജോലി ചെയ്യുന്നു. ജോസഫിന്റെ മൂന്നാമത്തെ പുത്രി മീര എം.ബി.എ. കഴിഞ്ഞ് ബാംഗ്ലൂരിൽ എം.ഫിലിന് പഠിക്കുന്നു. നാലാമത്തെ പുത്രി രോഹിത കൊല്ലം റ്റി.കെ.എം. എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് സിവിൽ എഞ്ചിനീയറിംഗ് പാസ്സായി.

കെ.റ്റി. തോമസ്

തൊമ്മന്റെ രണ്ടാമത്തെ പുത്രൻ തോമസ് (തോമാച്ചൻ) ഭരണങ്ങാനത്തുനിന്നും പൂഞ്ഞാറ്റിൽ താമസിക്കുന്ന പാലമറ്റത്തിലായ ആലാനിക്കൽ അബ്രാഹത്തിന്റെ മകൾ മേരി (പെണ്ണമ്മ)യെ വിവാഹം ചെയ്തു. തൊടുപുഴ കലയന്താനിയിൽ താമസിക്കുന്നു.

തോമസിനു ജെസ്സി എന്നൊരു പുത്രി മാത്രമാണുള്ളത്. ജെസ്സിയെ ചേർപ്പുങ്കൽ മറ്റത്തിലായ മണലുങ്കൽ കൊച്ചുമറ്റത്തിൽവീട്ടിൽ കുര്യൻ - ചിന്നമ്മ ദമ്പതികളുടെ മകൻ സണ്ണി സിറിയക്ക് വിവാഹം കഴിച്ചു കലയന്താനിയിൽ താമസിക്കുന്നു. സണ്ണി എം.എ. എംബിഎ ബിരുദധാരിയാണ്. സണ്ണി വിദ്യുത് മെറ്റാലിക് ലിമിറ്റഡ് കമ്പനിയുടെ കേരള റീജിയണൽ സെയിൽസ് മാനേജരായി ജോലി ചെയ്യുന്നു. ഇവർക്ക് കെവിൻ എന്ന പുത്രനും നോവിയ, റോണിയ എന്നീ രണ്ടു പുത്രിമാരുമുണ്ട്. ഇവർ വിദ്യാർഥികളാണ്.

തോമസ് 2000 മുതൽ കുടുംബയോഗം സെക്രട്ടറിയായി വർക്ക് ചെയ്യുന്നു. 2001ൽ കുടുംബയോഗം അഡ്രസ് ബുക്ക് അച്ചടിച്ചു പുറത്തിറക്കിയത് തോമസിന്റെ അശ്രാന്ത പരിശ്രമത്താലാണ്. തൊടുപുഴ ഐഎംഎ ബ്ലഡ് ബാങ്ക് 2004ൽ തുടങ്ങുവാൻ പരിശ്രമിച്ചവരിൽ മുഖ്യ പങ്കുവഹിച്ചിട്ടുണ്ട്. ഇപ്പോഴും ബ്ലഡ് ബാങ്കിന്റെ മാനേജിംഗ് കമ്മിറ്റി മെംബറാണ്. 2000ൽ കുടുംബയോഗ കെട്ടിടത്തിന്റെ ചുറ്റുമതിൽ കെട്ടുന്നതിനും കെട്ടിടം പൊളിച്ചുമേയുന്നതിനും നന്നാക്കുന്നതിനും അശ്രാന്തപരിശ്രമം നടത്തിയിട്ടുണ്ട്. ഇപ്പോൾ കുടുംബചരിത്രം പരിഷ്കരിച്ച് പുറത്തിറക്കുന്നത് തോമസിന്റെ മേൽനോട്ടത്തിലും പരിശ്രമത്താലുമാണ്. കലയന്താനിയിൽ പല സാമൂഹ്യ സാംസ്കാരിക സംഘടനകളുടെയും മുൻപന്തിയിൽ തോമസുണ്ട്.

കെ.ഐ. ജോൺ (കുഞ്ഞിലോ)

ഇട്ടി ഐപ്പിന്റെ തൃതീയ പുത്രൻ ഉലഹന്നൻ (കുഞ്ഞിലോ) കടനാട്ടിൽ പാറേമ്മാക്കൽ കുടുംബത്തിൽപ്പെട്ട വാളിപ്ലാക്കൽ ജോസഫിന്റെ മകൾ മറിയത്തിനെ വിവാഹംചെയ്ത് വെള്ളിയാമാറ്റത്ത് പന്നിമറ്റം ഇടവകയിൽ കാരിക്കോട്ടു ചേരിക്കലിൽ താമസിക്കുകയും പിന്നീട് അവിടം വിറ്റ് ചാലക്കുടി വെള്ളിക്കുളങ്ങര താമസിച്ചു.

ഉലഹന്നനു ജോസഫ് (കൊച്ച്), തൊമ്മൻ, ഉലഹന്നൻ (ബേബി), ദേവസ്യ (ജോയി), ജോർജ് എന്നീ അഞ്ചു പുത്രന്മാരും മറിയം (മാമ്മി), അന്ന (അച്ചാമ്മ), ത്രേസ്യാ, കുട്ടിയമ്മ, പെണ്ണമ്മ, ഫിലോമിനാ (വത്സമ്മ) എന്നീ ആറു പുത്രിമാരും ജനിച്ചു. മൂത്തപുത്രി മറിയം (സിസ്റ്റർ മേരി മെലാനി) മാർത്താണ്ഡത്ത് ഡോട്ടേഴ്സ് ഓഫ് മേരി എന്ന മഠത്തിൽ ചേർന്നു കന്യാസ്ത്രീയായി. രണ്ടാമത്തെ പുത്രി അന്ന (അച്ചാമ്മ)യെ

മൈലക്കൊമ്പു പള്ളിയിടവക കീരിക്കാട്ട് വീട്ടിൽ മാണിയുടെ മകൻ മാത്യു വിവാഹം ചെയ്തു. മൂന്നാമത്തെ പുത്രി ത്രേസ്യായെ കുറവിലങ്ങാട്ടുപള്ളിയിടവക കുരിയനാട് കരയിൽ പകലോമറ്റം കുടുംബത്തിൽപ്പെട്ട മറ്റത്തിൽ ഔസേപ്പിന്റെ മകൻ മാത്യു വിവാഹം ചെയ്തു. നാലാമത്തെ പുത്രി കുട്ടിയമ്മ കൊല്ലം താലൂക്കിൽ കൊട്ടിയത്തു മഠത്തിൽ ചേർന്നു കന്യാസ്ത്രീയായി. അഞ്ചാമത്തെ പുത്രി പെണ്ണമ്മ (സിസ്റ്റർ മെർലി) മൂവാറ്റുപുഴ വാഴപ്പള്ളിമഠത്തിൽ ചേർന്നു കന്യാസ്ത്രീയായി. ആറാമത്തെ പുത്രി ഫിലോമിന (വത്സമ്മയെ) പാറക്കാട്ടേൽ വർഗീസ് അന്നമ്മ ദമ്പതികളുടെ മകൻ വിൻസന്റ് വിവാഹം ചെയ്തു.

കുഞ്ഞിലോ 1997 ജനുവരി 18നു മരിച്ചു, അമ്പനോളി പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

ഉലഹന്നാന്റെ ഭാര്യ മറിയം 1971 ജൂലൈ നാലിനു മരിച്ചു പന്നിമറ്റം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

ജോസഫ്(കൊച്ച്)

കുഞ്ഞിലോയുടെ മൂത്തപുത്രൻ ജോസഫ് (കൊച്ച്) മൈലക്കൊമ്പ് വറുങ്ങലക്കുടി ചാക്കോ - അന്നമ്മ ദമ്പതികളുടെ മകൾ അന്നക്കുട്ടിയെ വിവാഹം ചെയ്ത് മഹാരാഷ്ട്രയിൽ നാസിക്കിൽ താമസിക്കുന്നു. ഇവർക്ക് അജേഷ് എന്ന ഒരു പുത്രനുണ്ട്. അജേഷ് ബി.എസ്സി നഴ്സിംഗ് കഴിഞ്ഞ് ബാംഗ്ളൂരിൽ ജോലി ചെയ്യുന്നു. ജോസഫ് 2004 ഡിസംബറിൽ മരണം പ്രാപിച്ചു. ചാലക്കുടി അമ്പനോളി പള്ളി സെമിത്തേരിയിലുള്ള കുടുംബക്കല്ലറയിൽ മൃതദേഹം സംസ്കരിച്ചു. ജോസഫിന്റെ ഭാര്യ അന്നക്കുട്ടി 2008 മെയ് 14നു മരിച്ച് നാസിക്കിൽ സംസ്കരിച്ചു.

തോമസ് (തോമാച്ചൻ)

ഉലഹന്നാന്റെ പുത്രന്മാരിൽ രണ്ടാമൻ തോമസ് തൊടുപുഴ കല്ലാനിക്കൽ പള്ളി ഇടവക മുണ്ടയ്ക്കൽ ജോസഫിന്റെ മകൾ മേരി (ബേബിക്കുട്ടി)യെ വിവാഹം ചെയ്ത് ചാലക്കുടി വെള്ളിക്കുളങ്ങര താമസിക്കുന്നു. തോമസിനു മേരി (നൈസ്), നിമ്മി എന്ന രണ്ടു പുത്രിമാരും നൈജു എന്ന പുത്രനുമുണ്ട്. മൂത്ത പുത്രി നൈസിനെ ഇരിങ്ങാലക്കുടപുല്ലൂർ ചിറ്റിലപ്പിള്ളി കോക്കാട്ട് പൈലപ്പൻ മകൻ ജെയിൻ വിവാഹം

കഴിച്ചു. നൈസിന്റെ വിവാഹം കഴിഞ്ഞ് 37-ാം ദിവസം പെട്ടെന്നൊരു അസുഖം വന്ന് 1997 ജൂലൈ 31നു മരണം പ്രാപിച്ചു. അമ്പനോളി പള്ളിയിൽ സംസ്കരിച്ചു.

തോമസിന്റെ രണ്ടാമത്തെ പുത്രി നിമ്മിയെ കുറുപ്പന്തറ കളരിപ്പറമ്പിൽ പോൾ മകൻ സുബിൻ വിവാഹം കഴിച്ചു. ഇരുവരും വിയന്നയിൽ ജോലി ചെയ്യുന്നു. നിമ്മിക്കു ഡെയിസ് എന്ന പുത്രനുണ്ട്.

തോമസിന്റെ പുത്രൻ നൈജു ആമ്പല്ലൂർ മണ്ണംപേട്ട ചിറ്റിലപ്പള്ളി കോക്കാട്ട് റപ്പായി മകൾ ഷോഫിയെ വിവാഹംചെയ്ത് പിതാവിന്റെ കൂടെ താമസിക്കുന്നു. ഇവർക്ക് അലൻ എന്ന പുത്രനും അസിൻ എന്ന പുത്രിയുമുണ്ട്. ഇരുവരും കുഞ്ഞുങ്ങളാണ്.

ഉലഹന്നൻ (ബേബി)

കുഞ്ഞിലോയുടെ മൂന്നാമത്തെ പുത്രൻ ഉലഹന്നാൻ (ബേബി) ഏഴാച്ചേരി ചെട്ടിയാകുന്നേൽ അഗസ്റ്റിൻ, അന്നക്കുട്ടി ദമ്പതികളുടെ മകൾ ഡെയിസിയെ വിവാഹം ചെയ്ത് തിരുപ്പൂരിൽ താമസിക്കുന്നു. ബേബിയ്ക്ക് മേരി (ജിസ്സ്), ജിനു (ആനി), ട്രീസ (ചിഞ്ചു) എന്നീ മൂന്നു പുത്രിമാരാണുള്ളത്. മൂത്ത പുത്രി ജിസ്സിനെ വടക്കാഞ്ചേരി ചക്കാലക്കൽ ജോർജ്, സാറാമ്മ ദമ്പതികളുടെ മകൻ ജോർജ് (ജിത്തു) വിവാഹം കഴിച്ചു. രണ്ടാമത്തെ പുത്രി ജിനുവിനെ ഇരിട്ടിയിൽ പാറയിൽ ഏലിക്കുട്ടിയുടെ മകൻ സിദ്ധു വിവാഹം കഴിച്ചു. ജിനു റിയാദിൽ നഴ്സ് ആയി ജോലി ചെയ്യുന്നു. സിദ്ധു ഹൈദരാബാദിൽ ജോലി ചെയ്യുന്നു. ബേബിയുടെ ഇളയ മകൾ ചിഞ്ചു ബി.എസ്.സി. നഴ്സിംഗ് പഠനം കഴിഞ്ഞുനിൽക്കുന്നു.

ദേവസ്യാ (ജോയി)

കുഞ്ഞിലോയുടെ നാലാമത്തെ പുത്രൻ ദേവസ്യാ (ജോയി) തൊടുപുഴ ആലക്കോട് മാളിയേക്കൽ പൈലിക്കുട്ടി, ത്രേസ്യ ദമ്പതികളുടെ മകൾ റോസിലിയെ വിവാഹം ചെയ്തു. ഇരുവരും സ്വിറ്റ്സർലൻഡിൽ ജോലി ചെയ്യുന്നു. ഇവർക്ക് ദീപാ, ദീനാ എന്നീ രണ്ടു പുത്രിമാരും ദിനിൽ എന്ന പുത്രനുമുണ്ട്. മൂത്തപുത്രി ദീപാ നഴ്സിംഗ് ഉപരിപഠനം കഴിഞ്ഞ് സ്വിറ്റ്സർലൻഡിൽ ജോലി ചെയ്യുന്നു. പുത്രി ദീനായും പുത്രൻ ദിനിലും പഠിക്കുന്നു.

ജോർജ്ജ്

കുഞ്ചിലോയുടെ അഞ്ചാമത്തെ പുത്രൻ ജോർജ് നെന്മാറ കുറ്റിയറ ആന്റണിയുടെ മകൾ ലില്ലിയെ വിവാഹം ചെയ്ത് ചാലക്കുടി വെള്ളിക്കുളങ്ങര താമസിക്കുന്നു. ജോർജിന് ജോബി, ജോമിൻ എന്നീ രണ്ടു പുത്രന്മാരുണ്ട്. ജോർജ് 1995 ജനുവരി 14നു അസുഖം മൂലം മരിച്ചു. അമ്പനോളി പള്ളി സെമിത്തേരിയിലുള്ള കുടുംബക്കല്ലറയിൽ സംസ്കരിച്ചു. മൂത്തപുത്രൻ ജോബി ബി.എസ്.സി. നഴ്സിംഗ് പഠനം കഴിഞ്ഞ് ജോലി ചെയ്യുന്നു.

കെ.ഐ. വർക്കി (ഏഴാം തലമുറ)

ഇട്ടി ഐപ്പിന്റെ നാലാമത്തെ പുത്രൻ വർക്കി (കെ.ഐ.വർക്കി ബി.എസ്സി, ബി.എഡ്) ഭരണങ്ങാനം ഇടവക ആക്കിമാപ്പിളയായ മാറാമറ്റത്തിൽനിന്നും നെരിയങ്ങാനം കരയിൽ താമസിക്കുന്ന മാണിയുടെ മകൾ മറിയത്തിനെ വിവാഹം ചെയ്തു തറവാട്ടിൽ താമസമാക്കി. 1935-ൽ അധ്യാപകവൃത്തി ആരംഭിച്ചു. പാലാ സെന്റ് തോമസ് എൽ.പി.സ്കൂൾ, നീലൂർ സെന്റ് ജോസഫ്സ് എൽ.പി.സ്കൂൾ, അറക്കുളം സെന്റ് തോമസ് മിഡിൽ സ്കൂൾ, പാലാ സെന്റ് തോമസ് ഹൈസ്കൂൾ എന്നീ വിദ്യാലയങ്ങളിൽക്കൂടി കടന്ന് പ്രവിത്താനം സെന്റ് മൈക്കിൾ ഹൈസ്കൂളിൽ നിന്നും റിട്ടയർ ചെയ്തു. 1953-ൽ ബി.എസ്സി ബിരുദവും 1969ൽ ബി.എഡ് ബിരുദവും നേടി. 1952-57 കാലഘട്ടത്തിൽ അദ്ദേഹം പാലാ മുനിസിപ്പൽ കൗൺസിൽ അംഗമായിരുന്നു. അക്കാലത്തിൽ ആർ.വി.തോമ്മസ് റോഡ്, ഇളംതോട്ടംപള്ളി റോഡ്, പുലിമലക്കുന്നു റോഡ് മുതലായ മുനിസിപ്പൽ റോഡുകൾ പൊതുജനസഹകരണത്തോടെ വെട്ടിച്ച് വാഹനഗതാഗതയോഗ്യമാക്കുകയും പുലിമലക്കന്നു റോഡിൽ ഇലക്ട്രിസിറ്റി സർവീസ് ലൈനും വഴിവിളക്കുകളും അതത് ചുമതലക്കാർ മുഖേന ഏർപ്പെടുത്തുകയും ചെയ്തു. ടി. ഏഴാം തലമുറ പീടികയിൽ ഇട്ടി ഐപ്പ് വർക്കിയാണ് സ്വപിതാവിനാൽ ലിഖിതമായ കിഴക്കേക്കര കുടുംബചരിത്രം നവീകരിച്ച് എറകോന്നി പുത്തൻപുര കുടുംബചരിത്രത്തിന്റെ രണ്ടാംഭാഗം (കിഴക്കേക്കര ശാഖയുടെ ചരിത്രം) തയാറാക്കിയത്. അദ്ദേഹം നിർവ്വഹിച്ച സേവനം എറകോന്നി പുത്തൻപുര കുടുംബം എക്കാലവും കൃതജ്ഞതാപൂർവം സ്മരിക്കുന്നതാണ്. ടി. വർക്കിക്ക് ജോസഫ് ജോർജ്

(കുഞ്ഞൂഞ്ഞ്), മാണി (മാണിച്ചൻ) എന്ന രണ്ടു പുത്രൻമാരും ത്രേസ്യാ (ലീലാമ്മ), അന്ന (അച്ചാമ്മ), മറിയം (മോളി), ഫിലോമിനാ (ബേബിക്കുട്ടി) എന്ന നാലു പുത്രിമാരുമുണ്ട്.

കെ.ഐ വർക്കി 2010 മാർച്ച് 15-ാം തീയതി മരണം പ്രാപിച്ചു. 16-ാം തീയതി ഇളംതോട്ടം പള്ളി സെമിത്തേരിയിലുള്ള കുടുംബക്കല്ലറയിൽ സംസ്കരിച്ചു. വർക്കിയുടെ ഭാര്യ മറിയം (മേരി) 2010 ഒക്ടോബർ 16നു മരിച്ച് ഇളംതോട്ടം പള്ളി സെമിത്തേരിയിലുള്ള കുടുംബക്കല്ലറയിൽ സംസ്കരിച്ചു.

വർക്കിയുടെ മൂത്തപുത്രി ത്രേസ്യ (ലീലാമ്മ)യെ മണ്ണയ്ക്കനാട് പള്ളി ഇടവകയിൽ കൊടകനാടി കുടുംബത്തിൽപ്പെട്ട പാലയ്ക്കത്തറപ്പിൽ മത്തായിയുടെ മകൻ ജയിംസ് വിവാഹംചെയ്ത് കാഞ്ഞിരപ്പുഴ ഇരുമ്പകച്ചോല ഇടവകയിൽ താമസിക്കുന്നു.

വർക്കിയുടെ രണ്ടാമത്തെ പുത്രി അന്ന (അച്ചാമ്മ)യെ പള്ളിക്കത്തോട്ട് ആനിക്കാട് ഇടവകയിൽ മാടപ്പള്ളിമറ്റത്തിൽ ചാക്കോയുടെ മകൻ ജോസഫ് വിവാഹം ചെയ്തു. വർക്കിയുടെ മൂന്നാമത്തെ പുത്രി മേരി (മോളി)യെ വൈക്കം കൊതവറ ഇടവകയിൽ കൊമരകം കുടുംബമായ സവര്യാരു മന്ദിരത്തിൽ വർക്കിയുടെ മകൻ സേവ്യർ വിവാഹം ചെയ്തു. നാലാമത്തെ പുത്രി ഫിലോമിന (ബേബിക്കുട്ടി)യെ മാന്നാനം വില്ലൂന്നി ഇടവക തുരുത്തിമാലിയിൽ അബ്രാഹത്തിന്റെ മകൻ മാത്യു വിവാഹം ചെയ്തു. ബേബിക്കുട്ടി അട്ടപ്പാടി സ്കൂളിൽ ടീച്ചറാണ്. അട്ടപ്പാടിയിലാണ് താമസം.

ജോസഫ് (കുഞ്ഞൂഞ്ഞ്)

വർക്കിയുടെ മൂത്തമകൻ ജോസഫ് ജോർജ് (കുഞ്ഞൂഞ്ഞ്) കൈനകരി പാലമറ്റത്തിൽ ജോസഫിന്റെ മകൾ റോസമ്മയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസമാക്കി. കുഞ്ഞൂഞ്ഞിന് ജോർജ് (ജോർജുകുട്ടി) എന്ന ഒരു മകനുണ്ട്. ജോർജുകുട്ടി ഇലക്ട്രോണിക്സ് എൻജിനീയറിംഗ് കഴിഞ്ഞ് എറണാകുളത്ത് ഒരു സ്വകാര്യ കമ്പനിയിൽ ജോലി ചെയ്യുന്നു. കുഞ്ഞൂഞ്ഞ് (ജോസഫ്) 2007 ജനുവരി 31നു ഹൃദയാഘാതംമൂലം മരണം പ്രാപിച്ചു ഇളംന്തോട്ടം പള്ളി സെമിത്തേരിയിലുള്ള കുടുംബക്കല്ലറയിൽ സംസ്കരിച്ചു.

എമ്മാനുവൽ (മാണിച്ചൻ)

വർക്കിയുടെ പുത്രന്മാരിൽ രണ്ടാമനായ എമ്മാനുവൽ (മാണിച്ചൻ) മഞ്ഞപ്ര മംഗലി വീട്ടിൽ ജോസഫിന്റെ മകൾ ഏലീശ്വ (ലൈസ)യെ വിവാഹം ചെയ്തു. പിതൃവിഹിതമായി കിട്ടിയ ഇളംതോട്ടം മുത്തോലി പുരയിടത്തിൽ താമസിക്കുന്ന മാണിച്ചന് ആൻറോസ് (അനു) എന്ന പുത്രിയുണ്ട്. അനു കംപ്യൂട്ടർ എൻജിനീയറിംഗിനു വാഴക്കുളത്ത് പഠിക്കുന്നു.



പീടിക കൈതോലിൽ ആഗസ്തി തൊമ്മൻ
ഭാര്യ പരേതയായ ത്രേസ്സ്യാ



കിഴക്കേക്കര കൈതോലിൽ ജോർജുകുട്ടിയും
കുടുംബാംഗങ്ങളും

ഇടത്തുനിന്നും ഇളയമകൾ ഗ്രീഷ്മ, മൂത്തമകൾ ഗ്രീമ, ഭാര്യ ഷീജ, മകൻ ഗ്രീഷ്മ

സ്നേഹസ്മരണയ്ക്ക്

ഇട്ടി ഐപ്പ് തോമസ്

മറിയമ്മ തോമസ്

ഇട്ടി ഐപ്പ് ദേവസ്യ ഭാര്യ ഏലിക്കുട്ടി ദേവസ്യാ



ശ്രീമതി ജോളി ജോസഫ് കൊച്ചുപുരയ്ക്കൽ, ശ്രീ. ജോസഫ് കൊച്ചുപുരയ്ക്കൽ – മി.സ്റ്റു.സ്.



കിഴക്കേക്കര കൈതോലിൽ ജോണി തോമസും കുടുംബാംഗങ്ങളും



പാവന സ്മരണയ്ക്ക്

213




ബേബി സെബാസ്റ്റ്യൻ കൈതോലിൽ

പീരുമേട്



ഡോ. മാത്യു കെ. സെബാസ്റ്റ്യൻ, ഭാര്യ ലിസ്സി മാത്യു
മക്കൾ മാരിസ മാത്യു, മെലീന മാത്യു



In ever loving memory of
PROF. K.I. MATHAI




പ്രൊഫ. കെ.ഐ. മത്തായിയുടെ ഭാര്യ അച്ചാമ്മ മത്തായി
മകൻ ഷാജി, ഭാര്യ ലൈസ, മക്കൾ അരുൺ, ജെറിൻ, വിവേക്, തേജസ്



സജി കെ. മാത്യുസ്, ആലീസ് സജി, തരുൺ സജി, സോനു മരിയൻ സജി



പ്രൊഫ. കെ.ഐ. മത്തായി മകൾ ലിസി, ഭർത്താവ് ജോണി ചെട്ടിപ്പറമ്പിൽ
മക്കൾ വിജയ്, മാത്യൂസ്




സാബു ജോസഫ്, ഭാര്യ ബിൻസി, ജോഹാൻ സാബു ജോസഫ്,
ഹന്ന മരിയ ജോസഫ്




പരേതനായ ജോസഫ്
(കുഞ്ഞ്)



ആന്റണി ജോസഫ്, സിനിമോൾ ആന്റണി
നേഹ മരിയ, നികിത മരിയ





പരേതരായ കെ. ജെ. ജോസഫ് (ഔസേപ്പച്ചൻ), സാബു ജോസഫ്




കെ. യു. ചെറിയാൻ, മറിയക്കുട്ടി ചെറിയാൻ, അച്ചാമ്മ ഉണ്ണിച്ചെറിയത്




കെ. സി. സെബാസ്റ്റ്യൻ, ആൻസി നിഖിത, മേഘന



സണ്ണി ചെറിയാൻ, അനറ്റ സണ്ണി, നിഖിൽ, അഖിൽ



സജി ചെറിയാൻ, സിൻസി സജി, കെവിൻ, സ്നേഹ



ലാലി ചെറിയാൻ, ഭർത്താവ് ഡോ. സെബാസ്റ്റ്യൻ ചമ്പപ്പള്ളി
മക്കൾ അഖിൽ, നിഖിൽ



ജയിംസ് ചെറിയാൻ, അഡ്വ. ചിന്നമ്മ, സാന്ദ്ര, സ്നാ




ലൂസി ചെറിയാൻ, ടോണി ടോം, ആൻ മേരി



മേഴ്സി എബ്രഹാം, എബ്രഹാം ഫ്രാൻസീസ്, എബി എബ്രഹാം,
മീര എബ്രഹാം, മരിയ എബ്രഹാം



ലീന ചെറിയാൻ, വർഗീസ് പോൾ, മക്കൾ മറിൻ, മർലിൻ



റെജി ചെറിയാൻ, ജെഹിൻ റെജി, മെൽവിൻ, മാർട്ടിൻ



കെ. യു. ഇട്ടി ഐപ്പ് ഭാര്യ തങ്കമ്മ
മക്കൾ സാബു ഐപ്പ്, ജോളി സെബാസ്റ്റ്യൻ, ജെസ്സി സണ്ണി,
ജാൻസി വിജയൻ, ജയറാണി ഗ്ലാഡി, ജിജി ജോർജ്ജ്



Late ഇട്ടിക്കുഞ്ഞ്
S/o തൊമ്മച്ചൻ
കിഴക്കേക്കര
കൈതോലിൽ



Late മാത്യു
(ബേബി തോമസ്)
കിഴക്കേക്കര
കൈതോലിൽ

പീടികകൈതവയലിൽ

തൊമ്മൻ (അഞ്ചാം തലമുറ)

നാലാം തലമുറ പീടികയിൽ ഇട്ടി ഐപ്പിന്റെ തൃതീയപുത്രൻ തൊമ്മൻ മയിലാടൂർ മാപ്പിളയായ ഏഴാച്ചേരിൽ നെടുമ്പള്ളിൽനിന്നും വിവാഹം ചെയ്ത് തെക്കേകൈതവയൽ പുരയിടത്തിൽ താമസിച്ചു. അദ്ദേഹം ഒരു കോടതിനിയമപണ്ഡിതനും വാഗ്മിയും കോടതിയിൽ വ്യവഹരിക്കുന്ന വക്കീലുമായിരുന്നു. തൊമ്മന് ആഗസ്തി, ഇട്ടി ഐപ്പ് തൊമ്മൻ, ഉണിച്ചെറിയത് എന്നിങ്ങനെ നാലു പുത്രന്മാരും മാമ്മി, അന്ന, ഏലി, റോസ എന്ന നാലു പുത്രിമാരും ഉണ്ടായി. മൂത്ത പുത്രിയായ മാമ്മിയെ പാലാ അങ്ങാടിയി പനയ്ക്കൽ വിവാഹം ചെയ്തയച്ചു. വാർദ്ധക്യകാലത്തി പിതൃഗൃഹത്തിൽ താമസിച്ചുമരിച്ചു. രണ്ടാമത്തെ പുത്രി അന്നയെ മാറിയിടം കരയിൽ വേങ്ങപ്പള്ളിൽ തൊമ്മൻ വിവാഹം ചെയ്തു. മൂന്നാമത്തെപുത്രി ഏലി ശരീരാസ്വാസ്ഥ്യം നിമിത്തം അവിവാഹിതയായി പിതൃഗൃഹത്തിൽ താമസിച്ചു. നാലാമത്തെപുത്രി റോസയെ ഇലഞ്ഞി കരയിൽ തടത്തിൽ പാതാമ്പുഴ ഔസേപ്പു വിവാഹം ചെയ്തു.

ആഗസ്തി

അഞ്ചാംതലമുറ തൊമ്മന്റെ മൂത്തമകൻ ആഗസ്തി രണ്ടു വിവാഹം കഴിച്ചു. ആദ്യമായി പടിഞ്ഞാറേക്കര ശാഖയിൽപ്പെട്ട വെട്ടുകാട്ടിൽ ചീരാംകുഴിയിൽനിന്നും ഉണിച്ചെറിയതിന്റെ മകൾ റോസയെ വിവാഹം ചെയ്ത് ഈന്തുങ്കൽ പകുതി പുരയിടത്തിൽ താമസിച്ചു. മക്കളില്ലാതെ ഭാര്യ മരിക്കയാൽ രണ്ടാമതായി മേവിട എറകോന്നിക്കുടുംബത്തിൽപ്പെട്ട ഐക്കരനിന്നും ഏലിയെ വിവാഹം ചെയ്തു. കടബാദ്ധ്യതമൂലം ഏകസ്ഥാവരമായിരുന്ന തെക്കെഈന്തുങ്കൽ പകുതി പുരയിടം കിഴക്കേക്കര കുടുംബയോഗത്തിന് തീറെഴുതികൊടുത്ത് കുടുംബയോഗത്തിന്റെ മേൽനോട്ടത്തിൽ കടബാദ്ധ്യത തീർക്കുകയും മൂന്നുനാലുവർഷം കഴിഞ്ഞ് അവരെത്തന്നെ തിരികെ ഏല്പിക്കുകയും ചെയ്തു. ആഗസ്തിക്ക് തൊമ്മൻ എന്നൊരു പുത്രനും അച്ചാമ്മ എന്നൊരു പുത്രിയും ജനിച്ചു. ജ്വരപ്പനി പിടിപെട്ട് ഭാര്യയും പുത്രിയും മരിച്ചു.

തൊമ്മൻ

തൊമ്മൻ മാഞ്ഞൂർ കരയിൽ ചേലങ്കരികുടുംബത്തിൽപ്പെട്ട മുട്ടത്തുവീട്ടിൽ കുഞ്ഞൂഞ്ഞിന്റെ മകൾ ത്രേസ്യായെ വിവാഹം ചെയ്ത് പിതാവിന്റെ കൂടെ ഈന്തുങ്കൽ പകുതി പുരയിടത്തിൽ താമസമാക്കി. ടി. തൊമ്മന് ആഗസ്തി, ബേബി, മാത്യു, ജോർജ്ജ് എന്ന നാലു പുത്രന്മാരും ഏലി എന്നൊരു പുത്രിയും ഉണ്ടായി. പുത്രി ഏലിയെ (തങ്കമ്മ) കിഴക്കേകരശാഖയിൽപ്പെട്ട ഇളംതോട്ടത്തിൽ തൊമ്മന്റെ മകൻ മനയ്ക്കക്കണ്ടത്തിൽ താമസിക്കുന്ന മാത്യു വിവാഹം ചെയ്തു.

ആഗസ്തി (അപ്പച്ചൻ)

തൊമ്മന്റെ മൂത്തമകൻ ആഗസ്തി (അപ്പച്ചൻ) പൂഞ്ഞാർ മണിയംകുന്ന് കിടങ്ങത്താഴെ ജോസഫിന്റെ മകൾ പെണ്ണമ്മയെ വിവാഹം ചെയ്ത് തൊടുപുഴ ചിലവിൽ താമസിക്കുന്നു. ആഗസ്തിക്ക് ത്രേസ്സ്യ (ഡോൺസി) എന്ന പുത്രിയും ജസ്റ്റിൻ എന്ന പുത്രനുമുണ്ട്. പുത്രി ഡോൺസിയെ അമ്പാറ നിരപ്പേൽ കുന്നത്ത് (പുളിക്കൽ) ജോസ് ജോസഫിന്റെ മകൻ പ്രകാശ് ജോസ് വിവാഹം ചെയ്തു. ഇരുവരും ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. പുത്രൻ ജസ്റ്റിൻ നഴ്സിംഗ് പഠനം കഴിഞ്ഞ് ഗോവയിൽ ജോലി ചെയ്യുന്നു.

തോമസ് (ബേബി)

തൊമ്മന്റെ രണ്ടാമത്തെ പുത്രൻ തോമസ് (ബേബി) മേലുകാവിൽ വട്ടമറ്റത്തിൽ കുഞ്ഞൂഞ്ഞ് മകൾ ഗ്രേസ്സിയെ വിവാഹം ചെയ്ത് പന്നിമറ്റത്ത് താമസിക്കുന്നു. ബേബിക്ക് ജിമ്മി, ജിൽസൺ എന്നീ രണ്ടു പുത്രന്മാരും ധന്യ എന്ന പുത്രിയുമുണ്ട്. മൂത്ത പുത്രൻ ജിമ്മി തെക്കുംഭാഗം വട്ടക്കുന്നേൽ വർക്കി ജോർജ്ജിന്റെ മകൾ മേരി (നിസ്മി) യെ വിവാഹം ചെയ്ത് പിതൃഗൃഹത്തിൽ താമസിക്കുന്നു. പുത്രി ധന്യ നഴ്സിംഗ് കഴിഞ്ഞ് ബാംഗ്ലൂർ സെന്റ് മർത്താസ് ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു. ജിൽസൺ വിദ്യാർത്ഥിയാണ്.

മാത്യു (മാത്തുക്കുട്ടി)

തൊമ്മന്റെ മൂന്നാമത്തെ പുത്രൻ മാത്യു (മാത്തുക്കുട്ടി) കപ്പാട് പുതിയാപറമ്പിൽ തൊമ്മിക്കുഞ്ഞിന്റെ മകൾ മേരിക്കുട്ടിയെ വിവാഹം

ചെയ്ത് തൊടുപുഴ ചാലാശ്ശേരിൽ താമസിക്കുന്നു. മാത്യുവിന് തോമസ്സ് (മനു) എന്നൊരു പുത്രനുണ്ട്.

ജോർജ്ജ്

തൊമ്മന്റെ നാലാമത്തെ പുത്രൻ ജോർജ്ജ് ചീനിക്കുഴി വാളിയംപ്ലാക്കൽ മത്തായി മകൾ ലൗലിയെ വിവാഹം ചെയ്ത് പാലായിൽ പിതൃഗൃഹത്തിൽ താമസിക്കുന്നു. ജോർജ്ജിന് തോമസ്സ് (അലൻ), മാത്യു (ഷെയിൻ) എന്നീ രണ്ടു പുത്രന്മാരുണ്ട്. രണ്ടുപേരും വിദ്യാർത്ഥികളാണ്. 2010 ഒക്ടോബർ 17-ാം തീയതി തൊമ്മന്റെ ഭാര്യ ത്രേസ്യാമ്മ മരിച്ച് ഇളംതോട്ടം പള്ളി സിമിത്തേരിയിലുള്ള കുടുംബകല്ലറയിൽ സംസ്കരിച്ചു.

ഇട്ടി ഐപ്പ് (ആറാം തലമുറ)

അഞ്ചാം തലമുറ തൊമ്മന്റെ രണ്ടാമത്തെ പുത്രൻ ഇട്ടി ഐപ്പ് "തറയിൽ മാപ്പിള"യായ വായ്മറ്റത്തിൽ കുടുംബത്തിൽ ദേവസ്സ്യായുടെ മകൾ ഏലിയെ വിവാഹം ചെയ്ത് കൈതവയലിൽ കുന്നേൽപുരയിടത്തിൽ താമസിച്ചു. കുന്നേൽ ഇട്ടി ഐപ്പിന് തൊമ്മൻ, ദേവസ്യാ, ഔസേപ്പ്, മത്തായി, വർക്കി, ഇട്ടി ഐപ്പ് എന്നീ ആറു പുത്രന്മാരും മാമ്മി, മറിയം, അന്നക്കുട്ടി, ഏലി എന്ന നാലു പുത്രിമാരും ജനിച്ചു. മൂത്ത പുത്രി മാമ്മിയെ മീനച്ചിൽ കരയിൽ "വയലക്കൊമ്പിൽ മാപ്പിള" യായ പുല്ലാട്ട് വർക്കിയുടെ മകൻ തൊമ്മൻ വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി മറിയം (സിസ്റ്റർ കോലേത്തുഭായി) ആജ്മീരിൽ ഭൂദാസി ആശ്രമത്തിൽ ചേർന്ന് കന്യാസ്ത്രിയായി. മൂന്നാമത്തെ പുത്രി അന്നക്കുട്ടിയെ പൈകയിൽ കുറ്റിക്കാട്ട് വീട്ടിൽ തൊമ്മന്റെ മകൻ ജോസഫ് വിവാഹം ചെയ്തു. നാലാമത്തെ പുത്രി ഏലിക്കുട്ടിയെ പാലായിൽ പൊരുന്നോലിൽ കുടുംബത്തിൽപ്പെട്ട പുതുമന പോത്തന്റെ മകൻ മണിമല താമസം ചാക്കോ (കാക്കൂ) വിവാഹം ചെയ്തു.

തൊമ്മൻ ഇട്ടി ഐപ്പ് (ഏഴാം തലമുറ)

ഇട്ടി ഐപ്പിന്റെ മൂത്തപുത്രൻ ഏഴാം തലമുറ തൊമ്മൻ പാലാ ഇടവക കട്ടക്കയത്ത് മാത്തന്റെ മകൾ മറിയത്തിനെ വിവാഹം ചെയ്ത് അറക്കുളത്ത് താമസിച്ചു. തൊമ്മന് ഇട്ടിക്കുഞ്ഞ്, ജോർജ്ജ്, ബേബി, ജോണി എന്നീ നാലു പുത്രന്മാരും, മേരി, ലില്ലി, ഏലിയാമ്മ,

അൽഫോൻസ എന്നീ നാലു പുത്രിമാരും ജനിച്ചു. മൂത്ത പുത്രി മേരിയെ പാലാ പുത്തൻപള്ളി ഇടവകയിൽ നിന്നും അറക്കുളത്തു താമസിക്കുന്ന കുരിശുംമൂട്ടിൽ മത്തായിയുടെ മകൻ മത്തായി വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി ലില്ലി അസ്സാം മിഷനിൽ ചേർന്നു കന്യാസ്ത്രിയായു. മൂന്നാമത്തെ പുത്രി ഏലിയാമ്മ (Sr. Gaincarla) കോഴിക്കോട്ട് മഠത്തിൽ ചേർന്നു കന്യാസ്ത്രീയായി. നാലാമത്തെ പുത്രി അൽഫോൻസാ (സിസിലി)യെ തൊടുപുഴ ഒളമറ്റം പാലിയത്ത് ജോസഫിന്റെ മകൻ ജോസ് വിവാഹം കഴിച്ചു.

ഇട്ടിക്കുഞ്ഞ് (എട്ടാം തലമുറ)

തൊമ്മന്റെ മൂത്ത പുത്രൻ ഇട്ടിക്കുഞ്ഞ് വാഴക്കുളത്ത് നമ്പ്യാപറമ്പിൽ വർക്കിയുടെ മകൾ മറിയത്തെ വിവാഹം ചെയ്ത് കാഞ്ഞാർ ഞരളംപുഴയിൽ താമസിക്കുന്നു. ഇട്ടുക്കുഞ്ഞ് 1978 ഡിസംബർ മാസം 11-ാം തീയതി മരിച്ച് അറക്കുളം പഴയപള്ളി സിമിത്തേരിയിൽ സംസ്കരിച്ചു. ഇട്ടിക്കുഞ്ഞിന് ബാബു, ഷിബു, ബിജു എന്നീ മൂന്ന് പുത്രന്മാരും ജസ്സി, വിൻസി, സിൻസി എന്നീ മൂന്ന് പുത്രിമാരും ജനിച്ചു.

ഇട്ടിക്കുഞ്ഞിന്റെ മൂത്ത പുത്രൻ ബാബു ആരക്കുഴ പെങ്ങാപ്പിള്ളിൽ റാണിയെ വിവാഹം ചെയ്ത് പിതൃഗൃഹത്തിൽ താമസിക്കുന്നു. ബാബുവിന് നീനാ, നീതാ, നിമ്മിയ എന്നീ മൂന്ന് പുത്രിമാരുണ്ട്. പുത്രി നീനാ ബി.ടെക് കഴിഞ്ഞുനിൽക്കുന്നു. പുത്രി നീതാ ബാംഗ്ലൂരിൽ ബി.എസ്.സി. നഴ്സിംഗിന് പഠിക്കുന്നു. നിമ്മിയ ഒന്നാം ക്ലാസ്സിൽ പഠിക്കുന്നു.

ഇട്ടുക്കുഞ്ഞിന്റെ രണ്ടാമത്തെ പുത്രൻ ഷിബു തോപ്രാംകുടി പുളിയന്മാക്കൽ സ്കറിയായുടെ മകൾ മേഴ്സിയെ വിവാഹം ചെയ്തു. ഇരുവരും ലണ്ടനിൽ ജോലി ചെയ്യുന്നു. ഷിബുവിന് ജോവിൻ, ജിബിൻ എന്നീ രണ്ടാൺമക്കളുണ്ട്. ഇരുവരും വിദ്യാർത്ഥികളാണ്.

ഇട്ടിക്കുഞ്ഞിന്റെ മൂന്നാമത്തെ പുത്രൻ ബിജു കുടയത്തൂർ കാണ്ടാവനം വീട്ടിൽ നിന്നും ആൻസിയെ വിവാഹം ചെയ്ത് കാനഡായിൽ ജോലി ചെയ്യുന്നു. ഇവർക്ക് അൻഡ്രി എന്ന പുത്രനും അന്ന എന്ന പുത്രിയുമുണ്ട്. ഇരുവരും കുഞ്ഞുങ്ങളാണ്.

ഇട്ടിക്കുഞ്ഞിന്റെ മൂത്തപത്രി ജെസ്സിയെ പാലായിൽ പന്തപ്പള്ളിൽ വക്കച്ചൻ മകൻ അബ്രാഹം (ബേബിച്ചൻ) വിവാഹം ചെയ്തു.

രണ്ടാമത്തെ പുത്രി വിൻസിയെ നെടുങ്കുന്നം പുതിയാപറമ്പിൽ

ജോർജ്ജിന്റെ മകൻ മാത്യു വിവാഹം ചെയ്തു. ഇരുവരും അധ്യാപകരാണ്. കോഴിക്കോട് താമസിക്കുന്നു.

മൂന്നാമത്തെ പുത്രി സിൻസിയെ പാലായിൽ നിന്നും ചെറുപുഴ താമസിക്കുന്ന കിഴക്കേക്കര കൈതോലിൽ ചെറിയാൻ മകൻ സജി വിവാഹം ചെയ്തു. ഇരുവരും സിംഗപ്പൂരിൽ ജോലി ചെയ്യുന്നു.

ജോർജ്ജ്

തൊമ്മന്റെ രണ്ടാമത്തെ പുത്രൻ ജോർജ്ജ് ഇൻഡ്യൻ മിലിട്ടറി സർവ്വീസിൽ എയർഫോർസിൽ ജോലി ചെയ്തു വിരമിച്ചശേഷം ഇപ്പോൾ അമേരിക്കയിൽ ടെക്സാസിൽ ജോലി ചെയ്യുന്നു. ജോർജ്ജ് പന്നിമറ്റം നിലിയറയിൽ കുട്ടിയുടെ മകൾ ത്രേസ്യാ (പെണ്ണമ്മ) യെ വിവാഹം ചെയ്തു. പെണ്ണമ്മയും അമേരിക്കയിലാണ്. ഇവർക്ക് ബോബൻ എന്ന പുത്രനും മെർലിൻ എന്ന പുത്രിയുമുണ്ട്. ഇരുവരും അമേരിക്കയിൽ ജോലി ചെയ്യുന്നു.

ബേബി

തൊമ്മന്റെ മൂന്നാമത്തെ പുത്രൻ ബേബി കോതമംഗലത്ത് മങ്ങാട്ട് കുര്യാക്കോസിന്റെ മകൾ വത്സമ്മയെ വിവാഹം ചെയ്ത് പിതൃഗൃഹത്തിൽ താമസിക്കുന്നു. ഇവർക്ക് തൊമ്മൻ (ഷാജു) കുര്യാക്കോസ് (ഷോബി) എന്നീ രണ്ടു പുത്രന്മാരും ടെസ്ലി, ഷൈബി എന്നീ രണ്ടു പുത്രിമാരുമാണ്.

ബേബിയുടെ മൂത്ത മകൻ ഷാജു എടത്വാ മുട്ടാർ ആറുപറയിൽ സ്കറിയാച്ചൻ, തങ്കമ്മ ദമ്പതികളുടെ മകൾ സോണിയെ വിവാഹം ചെയ്ത് മറയൂരിൽ താമസിക്കുന്നു. ഷാജുവിന് സ്റ്റെല്ല, ഡെല്ല എന്നീ രണ്ടു പുത്രിമാരും അലോഷി എന്ന പുത്രനുമുണ്ട്. ഇവർ പഠിക്കുന്നു.

ബേബിയുടെ രണ്ടാമത്തെ പുത്രൻ ഷോബി മീങ്കുന്നം പാറേക്കുടിയിൽ ജോസഫ്-ഏലമ്മ മകൾ സിജിയെ വിവാഹം ചെയ്ത് പിതൃഗൃഹത്തിൽ താമസിക്കുന്നു. ഷോബിക്ക് ആൻമരിയ എന്ന പുത്രിയും ആൽവിൻ എന്ന പുത്രനുമുണ്ട്. ഇവർ പഠിക്കുന്നു.

ബേബിയുടെ മൂത്തപുത്രി ഷൈബിയെ എലിവാലി വടക്കേട്ട് ജയിംസ് വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി ടെസ്ലിയെ ചാലക്കുടി വെറ്റിലപ്പാറ പള്ളത്ത് തോമസ്സ്, മറിയക്കുട്ടി ദമ്പതികളുടെ മകൻ

റോബിൻ വിവാഹം ചെയ്തു.

ബേബി 1998 ജൂൺ 22-ന് കാർ അപകടത്തിൽ മരണമടഞ്ഞു. അറക്കുളം പഴയ പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.

ജോണി

തൊമ്മന്റെ ഇളയ പുത്രൻ ജോണി പുളിങ്കുന്ന് പ്രായിക്കളം വലിയതറയിൽ മത്തായി, മറിയക്കുട്ടി ദമ്പതികളുടെ മകൾ സിസിലി (ചേച്ചമ്മ)യെ വിവാഹം ചെയ്ത് കാഞ്ഞാറ്റിൽ താമസിക്കുന്നു. ജോണിക്ക് അനിൽ (തോമസ്സ്) മത്തായി (അനീഷ്) എന്നീ രണ്ടു പുത്രന്മാരും മറിയാമ്മ (അനുമോൾ) എന്ന പുത്രിയുമുണ്ട്.

ജോണിയുടെ മൂത്ത പുത്രൻ അനിൽ ഏഴുമുട്ടം അറക്കത്തോട്ടത്തിൽ പരേതനായ ജോസിന്റെ മകൾ മേരി (പ്രീതി) യെ വിവാഹം കഴിച്ച് കാഞ്ഞാറ്റിൽ താമസിക്കുന്നു. അനിലിന് തോമ്മസ് (ക്രിസ്റ്റോ) എന്ന പുത്രനുണ്ട്. ശിശുവാണ്.

ജോണിയുടെ രണ്ടാമത്തെ പുത്രൻ അനീഷ് വണ്ടമറ്റം പള്ളിയിടവക പന്തയ്ക്കൽ ജോസിന്റെ മകൾ ബ്രിജിറ്റ് (സൗമ്യ) നെ വിവാഹം കഴിച്ചു. ഇവർ അബുദാബിയിൽ ജോലി ചെയ്യുന്നു. പുത്രി അനുമോൾ നഴ്സിംഗ് പഠനം കഴിഞ്ഞുനിൽക്കുന്നു.

ജോണി 1988/94 വർഷം കാന്തല്ലൂർ പഞ്ചായത്ത് പ്രസിഡന്റായിരുന്നു.

ദേവസ്യാ (ഏഴാം തലമുറ)

ആറാം തലമുറ ഇട്ടി ഐപ്പിന്റെ രണ്ടാമത്തെ പുത്രൻ ദേവസ്യാ രണ്ടു വിവാഹം കഴിച്ചു. പാലായിൽ "തറയിൽ മാപ്പിള"യായ പടിഞ്ഞാറേതയ്യിൽ വർക്കിയുടെ മകൾ ഏലിയെ ആദ്യവിവാഹം ചെയ്തു അറക്കുളത്ത് താമസമാക്കി. ദേവസ്യാക്ക് ആദ്യ വിവാഹത്തിൽ ജോസ് എന്ന പുത്രനും അച്ചാമ്മ, അന്നമ്മ, പെണ്ണമ്മ, മേരി എന്നീ നാലു പുത്രിമാരും ഉണ്ടായി. ആദ്യ ഭാര്യ മരിച്ചതിനാൽ രണ്ടാമത് പൂഞ്ഞാറ്റിൽ വയലിൽ ദേവസ്യായുടെ മകൾ ഏലിയെ രണ്ടാം വിവാഹം കഴിച്ചു. രണ്ടാം വിവാഹത്തിൽ തോമസ്സ് (കുഞ്ഞ്), ബേബി, മാത്യു എന്നീ മൂന്ന് പുത്രന്മാരും ത്രേസ്സ്യാ, അൽഫോൻസാ എന്നീ രണ്ടു പുത്രിമാരും ജനിച്ചു.

ദേവസ്യായുടെ മൂത്ത പുത്രി അച്ചാമ്മയെ ഭരണങ്ങാനത്ത് കലയത്തിനാൽ കുടുംബത്തിൽപെട്ട മഠത്തിൽ പറമ്പിൽ പാപ്പച്ചൻ വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി അന്നമ്മ ആജ്മീർ മിഷ്യനിൽ ചേർന്നു കന്യാസ്ത്രീയായി.

ജോസ്

ദേവസ്യായുടെ മൂത്തപുത്രൻ ജോസ് കുരുവിനാൽ പള്ളിയിടവക മാപ്പലകയിൽ പോത്തന്റെ മകൾ അന്നമ്മയെ വിവാഹം ചെയ്ത് ആദ്യം മറയൂരും, പിന്നീട് ആ സ്ഥലം വിറ്റ് ചിത്തിരപുരം ചെങ്കുളത്ത് താമസിക്കുന്നു.

ജോസിന് ആനി, മേഴ്സി, ജിൻസി, പുഷ്പ, നീന എന്നീ അഞ്ചു പുത്രിമാരും ഷിജു എന്ന പുത്രനും ജനിച്ചു.

ഷിജു കല്ലൂർ തയ്യിൽ വീട്ടിൽ വർഗ്ഗീസ്, മേരി മകൾ സീനയെ വിവാഹം ചെയ്ത് ചിത്തിരപുരം ചെങ്കുളത്തു താമസിക്കുന്നു. ഷിജുവിന് അൽനാ എന്നൊരു പുത്രിയുണ്ട്.

ജോസിന്റെ മൂത്ത പുത്രി ആനിയെ ചെങ്കുളത്ത് കളപ്പുരക്കൽ ജോസഫ് മകൻ ബേബി വിവാഹം ചെയ്തു.

രണ്ടാമത്തെ പുത്രി മേഴ്സിയെ അറക്കുളം പ്ലാക്കൂട്ടത്തിൽ ചുമ്മാർ ദേവസ്സ്യാ മകൻജോയി വിവാഹം ചെയ്തു. മൂന്നാമത്തെ പുത്രി ജിൻസി അസുഖമായി തറവാട്ടിൽ താമസിക്കുന്നു. നാലാമത്തെ പുത്രി പുഷ്പയെ കരിങ്കുന്നം വെട്ടിക്കാട്ടിൽ ബേബിയുടെ മകൻ നോബിൾ വിവാഹം ചെയ്തു. അഞ്ചാമത്തെ പുത്രി സീനയെ കോഴിക്കോട് മണ്ണാൽ സോജൻ വിവാഹം ചെയ്തു. ജോസ് 1996 നവംബറിൽ മരിച്ച് കുത്തുപാറ പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.

തോമസ് (കുഞ്ഞ്)

ദേവസ്യായുടെ രണ്ടാമത്തെ പുത്രൻ തോമസ്സ് (കുഞ്ഞ്) കാളിയാർ താഴത്തെക്കുടിയിൽ പൗലോസ്-മർത്ത ദമ്പതികളുടെ മകൾ മേരി (പെണ്ണമ്മ)യെ വിവാഹം ചെയ്ത് മറയൂരിൽ താമസിക്കുന്നു. കുഞ്ഞിന് മാൻസൺ, മനീഷ് എന്നീ രണ്ടാൺ മക്കളാണ്. രണ്ടുപേരും ദേവികുളത്ത് അഡ്വകേറ്റ്സായി പ്രാക്ടീസ് ചെയ്യുന്നു. പുത്രൻ മാൻസൺ ബാംഗ്ലൂരിൽ നിന്നും മേരി (ഹേമ) യെ വിവാഹം ചെയ്തു. മാൻസൺ

തോമസ്സ് (ചിണ്ഡു) സെബാസ്റ്റ്യൻ എന്നീ രണ്ടാൺ മക്കളുണ്ട്. ഇവർ കുഞ്ഞുങ്ങളാണ്. രണ്ടാമൻ മനീഷ് രാജകുമാരി കുത്തനാപ്പള്ളിയിൽ ബേബിയുടെ മകൾ മെറീന (ജിനു) വിനെ വിവാഹം ചെയ്തു.

ദേവസ്യാ (ബേബി)

ദേവസ്യായുടെ മൂന്നാമത്തെ പുത്രൻ ദേവസ്യാ (ബേബി) പീരുമേട്ടിൽ ഭാരത് ഗ്യാസ് ഏജൻസി നടത്തുന്നു. പീരുമേട്ടിൽ നിന്നും മേരിയെ (ഡെബി ലത) വിവാഹം ചെയ്തു. ബേബിക്ക് സെബാസ്റ്റ്യൻ (ഡാറൺ) എന്ന ഒരാൺ കുട്ടിയുണ്ട്. വിദ്യാർത്ഥിയാണ്. ബേബി 2002 -ൽ ഹൃദയാഘാതം മൂലം മരണമടഞ്ഞു. അറക്കുളം പഴയപള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.

മാത്യു കെ. സെബാസ്റ്റ്യൻ

ദേവസ്യായുടെ നാലാമത്തെ പുത്രൻ ഡോ. മാത്യു കെ.സെബാസ്റ്റ്യൻ കോയമ്പത്തൂരിൽ താമസിക്കുന്നു. മാത്യു ചങ്ങനാശ്ശേരി പായിപ്പാട്ട് തോട്ടായിക്കടവിൽ അബ്രാഹം മേരി മകൾ ലിസ്സിയെ വിവാഹം ചെയ്തു. മാത്യുവിന് മരീസ്സാ, മെലീന എന്നീ രണ്ടു പെൺമക്കളാണ്. ഇരുവരും പഠിക്കുന്നു. മാത്യു കോയമ്പത്തൂരിൽ ഒരു കേന്ദ്ര ഗവ. ഗവേഷണ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു.

ദേവസ്യായുടെ പുത്രി ജോളിയെ ആരക്കുഴ തട്ടാരുകുന്നേൽ പൗലോസ്, മേരി ദമ്പതികളുടെ മകൻ ജേക്കബ് വിവാഹം കഴിച്ചു. മൂവാറ്റുപുഴയിൽ താമസിക്കുന്നു. ജോളി എസ്.ബി.റ്റി.യിലും ജേക്കബ് എസ്.ബി.ഐ.യിലും ജോലി ചെയ്യുന്നു. ദേവസ്യായുടെ ഇളയ പുത്രി ജാൻസിയെ വാഴക്കുളത്ത് വടകോട് മിറ്റത്താനിക്കൽ മാത്യു (ഡോയിൽ) വിവാഹം ചെയ്തു.

ദേവസ്യാ 1995 ൽ മരണം പ്രാപിച്ചു. അറക്കുളം പഴയപള്ളി സിമിത്തേരിയിൽ സംസ്ക്കരിച്ചു.

ജോസഫ് (കുഞ്ഞ്) (ഏഴാം തലമുറ)

ആറാം തലമുറ ഇട്ടി ഐപ്പിന്റെ മൂന്നാമത്തെ പുത്രൻ ജോസഫ് (കുഞ്ഞ്) രണ്ടു വിവാഹം കഴിച്ചു. പാലായിൽ തറയിൽ മാപ്പിളയായ ഞാവള്ളിൽ തീക്കുഴി വയലിൽ ചാക്കോയുടെ മകൾ അച്ചാമ്മയെ ആദ്യം വിവാഹം ചെയ്തു. പ്രസ്തുത ഭാര്യ മരിച്ചപ്പോൾ കോതനല്ലൂർ

പള്ളിയിടവക കച്ചോലികുടുംബത്തിൽപ്പെട്ട തയ്യിൽ ജോസഫിന്റെ മകൾ മേരിയെ പുനർവിവാഹം ചെയ്ത് പാലായിൽ ഞൊണ്ടിമാക്കൽ കവലയിലുള്ള വരിക്കമാക്കൽ പുരയിടം വാങ്ങി താമസിച്ചു. ആദ്യ വിവാഹത്തിൽ ചിന്നമ്മ എന്നൊരു പുത്രിയും രണ്ടാം വിവാഹത്തിൽ സാബു, ആന്റണി എന്നീ രണ്ടു പുത്രന്മാരും ജനിച്ചു. പുത്രി ചിന്നമ്മയെ മീനച്ചൽ കിഴപറയാർ കരയിൽ നിന്നും എലിക്കുളത്ത് താമസിക്കുന്നു. പൊന്നെടുത്തുകല്ലേൽ ദേവസ്യായുടെ മകൻ മത്തായി വിവാഹം ചെയ്തു.

ജോസഫ് (കുഞ്ഞ്)ന്റെ രണ്ടാം വിവാഹത്തിലെ മൂത്തപുത്രൻ സാബു കിഴപറയാർ പെരുവാച്ചിറ ജോസഫ് കുരുവിള ത്രേസ്സ്യാമ്മ ദമ്പതികളുടെ മകൾ ബെൻസിയെ വിവാഹം ചെയ്ത് കിഴതടിയൂർ കാർമ്മൽ ഹോസ്പിറ്റലിന് സമീപം താമസിക്കുന്നു. സാബു, ഇപ്പോൾ കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിൽ ജോലി നോക്കുന്നു. സാബുവിന് ജോഹൻ എന്ന പുത്രനും ഹന്ന എന്ന പുത്രിയുമുണ്ട്. ഇവർ കുഞ്ഞുങ്ങളാണ്.

ജോസഫിന്റെ രണ്ടാമത്തെ പുത്രൻ ആന്റണി (ബേബിച്ചൻ) പാലായിൽ ഇടയോടി പറമ്പിൽ ഫ്രാൻസീസ്-ചിന്നമ്മ ദമ്പതികളുടെ മകൾ സിനിയെ വിവാഹം ചെയ്ത് പിതൃഗ്രഹത്തിൽ താമസിക്കുന്നു. ആന്റണിക്ക് നേഹ, നിഖിത എന്നീ രണ്ടുപുത്രിമാരുണ്ട്. ഇവർ കുഞ്ഞുങ്ങളാണ്. ആന്റണി പാലായിൽ ട്രാവൽ ഏജൻസി നടത്തുന്നു. ഭാര്യ സിനി തിരുവനന്തപുരം സെക്രട്ടറിയേറ്റിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ടുമെന്റിൽ കമ്പ്യൂട്ടർ ഓപ്പറേറ്ററായി ജോലിനോക്കുന്നു.

കെ.ഐ. മത്തായി

ഇട്ടി ഐപ്പിന്റെ നാലാമത്തെ പുത്രൻ മത്തായി പ്രൊഫ. കെ. ഐ. മത്തായി (എം.എസ്.സി.) മണിമല കുളത്തൂർ കുടുംബത്തിൽപ്പെട്ട ചെമ്മരപ്പള്ളിൽ മാത്യുവിന്റെ മകൾ അച്ചാമ്മയെ വിവാഹം ചെയ്തു പാലായിൽ താമസമാക്കി. കെ.ഐ. മത്തായിക്ക് ജോസഫ് (ഷാജി), മാത്യു (സജി) എന്നീ രണ്ടു പുത്രന്മാരും ഏലി (ലിസ്സി), ടെസ്സി എന്നീ രണ്ടു പുത്രിമാരും ഉണ്ട്. കെ.ഐ. മത്തായി പാലാ സെന്റ് തോമസ് കോളേജിൽ പ്രൊഫസറായിരുന്നു. 1975-ൽ നിര്യാതനായി.

കെ.ഐ. മത്തായിയുടെ മൂത്ത പുത്രൻ ഷാജി കെ. മാത്യൂസ് കടുത്തുരുത്തി മുണ്ടകപ്പറമ്പിൽ എം.സി. ചെറിയാൻ, ഏലിയാമ്മ ദമ്പതികളുടെ മകൾ ലൈസയെ വിവാഹം ചെയ്ത് പാലായിൽ താമസി

ക്കുന്നു. ഷാജി സൗത്ത് ഇൻഡ്യൻ ബാങ്ക് ചേർപ്പുങ്കൽ ശാഖാ മാനേജരായി ജോലി ചെയ്യുന്നു. ഷാജിക്ക് അരുൺ, ജെറിൻ, വിവേക്, തേജസ്സ് എന്നീ നാല് ആൺമക്കളാണ്. മൂത്തമകൻ അരുൺ ഫരിദാബാദിൽ എൽ & റ്റി. കമ്പനിയിൽ എൻജിനീയറായി ജോലി ചെയ്യുന്നു. രണ്ടാമത്തെ പുത്രൻ ജെറിൻ പൂനയിൽ എം.ബി.ബി.എസ്. ന് പഠിക്കുന്നു. മൂന്നാമത്തെ പുത്രൻ വിവേകും നാലാമത്തെ പുത്രൻ തേജസ്സും പഠിക്കുന്നു.

കെ.ഐ. മത്തായിയുടെ രണ്ടാമത്തെ പുത്രൻ സജി കെ. മാത്യൂസ് കോടിക്കുളം തോട്ടുപാട്ട് പി.വി. ജോസഫ്-എലിയാമ്മ ദമ്പതികളുടെ മകൾ ആലീസിനെ വിവാഹം ചെയ്തു. സജി കോലഞ്ചേരി സിന്തൈറ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ജനറൽ മാനേജരായി ജോലി ചെയ്യുന്നു. ഭാര്യ ആലീസ് തുരുത്തിപ്പള്ളി സെന്റ് മേരീസ് സ്കൂളിൽ അദ്ധ്യാപികയായി ജോലി ചെയ്യുന്നു. ഇവർക്ക് തരുൺ എന്ന പുത്രനും സോണു എന്ന പുത്രിയുമുണ്ട്. പുത്രൻ തരുൺ കാക്കനാട്ട് രാജഗിരി എൻജിനീയറിംഗിന് പഠിക്കുന്നു. പുത്രി സോനു സ്കൂളിൽ പഠിക്കുന്നു.

കെ.ഐ. മത്തായിയുടെ മൂത്തപുത്രി ലിസ്സിയെ തൊടുപുഴ ചെട്ടിപ്പറമ്പിൽ അഗസ്റ്റിൻ, ലില്ലിക്കുട്ടി ദമ്പതികളുടെ മകൻ ജോണി വിവാഹം ചെയ്തു.

രണ്ടാമത്തെ പുത്രി ടെസ്സിയെ പാലാ മൂന്നാനി ചെമ്പകത്തിനാൽ മാത്യു റോസമ്മ ദമ്പതികളുടെ മകൻ ബോസ് വിവാഹം ചെയ്തു.

ഇട്ടി ഐപ്പിന്റെ അഞ്ചാമത്തെ പുത്രൻ വർക്കി ശരീരസുഖമില്ലാതെ ചെറുപ്പത്തിലെ മരണമടഞ്ഞു.

ഇട്ടി ഐപ്പ് (ഔസേപ്പച്ചൻ)

ഇട്ടി ഐപ്പിന്റെ ആറാമത്തെ പുത്രൻ ഇട്ടി ഐപ്പ് പാലായിൽ വടക്കൻ കുടുംബത്തിൽ ചാക്കോയുടെ മകൾ ലില്ലിക്കുട്ടിയെ വിവാഹം ചെയ്ത് പാലായിൽ താമസിക്കുന്നു. ഇട്ടി ഐപ്പിന് ജോസഫ് (സാബു) സെബാസ്റ്റ്യൻ (സിബി) എന്നീ രണ്ടു പുത്രന്മാരും അന്ന (ശുഭ), സീബാ എന്നീ രണ്ടു പുത്രിമാരുമാണ്. മൂത്തപുത്രൻ സാബു കൊരംകുത്തിമാക്കൽ കുര്യാക്കോസിന്റെ മകൾ ലൗലിയെ വിവാഹം ചെയ്തു. ഇവർക്ക് ജോസഫ്, കുര്യൻ എന്നീ രണ്ടു പുത്രന്മാരുണ്ട്. രണ്ടുപേരും പഠിക്കുന്നു. സാബു 47-ാമത്തെ വയസ്സിൽ നിര്യാതനായി.

ഔസേപ്പച്ചന്റെ രണ്ടാമത്തെ പുത്രൻ സിബി പ്രവിത്താനം തെക്കേക്കൂറ്റ് ചാക്കോ-ഫിലോ ദമ്പതികളുടെ മകൾ സുമയെ വിവാഹം ചെയ്ത് മദ്രാസിൽ താമസിക്കുന്നു. ഇവർക്ക് മേരി, ഫിലോമിനാ എന്നീ രണ്ടു പെൺമക്കളാണ്. ഇരുവരും സ്കൂൾ വിദ്യാർത്ഥികളാണ്.

ഔസേപ്പച്ചന്റെ മൂത്തപുത്രി ശുഭയെ തെക്കേക്കൂറ്റ് സെബാസ്റ്റ്യൻ, റോസമ്മ മകൻ ജോസ് വിവാഹം ചെയ്തു.

രണ്ടാമത്തെ പുത്രി സീബയെ കരിക്കിലോട്ടിൽ ദേവസ്സ്യാ, മേരി മകൻ ജോസ് വിവാഹം കഴിച്ചു. ഇരുവരും ദുബായിൽ ജോലി ചെയ്യുന്നു. ഔസേപ്പച്ചൻ നിര്യാതനായി.

തൊമ്മൻ (ആറാം തലമുറ)

പീടികകൈതവയലിൽ (അഞ്ചാം തലമുറ) തൊമ്മന്റെ തൃതീയ പുത്രൻ തൊമ്മൻ ചിറ്റാർകരയിൽ വെള്ളരിങ്ങാട്ടുമാപ്പിളയായ കാടുനിലത്ത് ഔസേപ്പിന്റെ മകൾ അന്നയെ വിവാഹം ചെയ്ത് വടക്കെക്കെടുമ്പൻ പുരയിടത്തിൽ (കുടിലിപ്പറമ്പിൽ) താമസിച്ചു. അദ്ദേഹം ആയുർവ്വേദ വൈദ്യശാസ്ത്രം പഠിച്ചിരുന്നു. അദ്ദേഹം മരിച്ചുപോയി. തൊമ്മന് ജോസഫ്, തോമസ് എന്ന രണ്ടു പുത്രന്മാരും, മാമ്മി, ത്രേസ്യാ, മറിയം, ബ്രിജീത്താ, അന്ന, അച്ചാമ്മ എന്ന ഏഴു പുത്രിമാരും ഉണ്ടായി. ഒന്നാമത്തെ പുത്രി മാമ്മിയെ അരുവിത്തുറ വലിയവീട്ടിൽപ്പെട്ട വള്ളിക്കാപ്പിൽ കറുവച്ചന്റെ മകൻ വർക്കി വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി, ത്രേസ്യായെ, പാലായിൽ "തറയിൽ മാപ്പിള" യായ ഞാവള്ളിൽ മഞ്ഞക്കുന്നേൽ ജോസഫിന്റെ മകൻ കുഞ്ഞൗസേപ്പു വിവാഹം ചെയ്തു. മൂന്നാമത്തെ മകൾ മറിയത്തിനെ ഭരണങ്ങാനത്തു കൊല്ലൻപറമ്പിൽ തൊമ്മൻ വിവാഹം ചെയ്തു. അധികകാലം കഴിയുംമുമ്പേ സന്താനമില്ലാതെ അവൾ മരിച്ചു. നാലാമത്തെ പുത്രി ബ്രിജീത്തായെ കടനാട് പള്ളിയിടവക കുന്നത്തൂർ ചാണ്ടിയുടെ മകൻ സെബാസ്റ്റ്യൻ വിവാഹം ചെയ്തു. അഞ്ചാമത്തെ പുത്രി അന്നക്കുട്ടിയെ മാന്നാനത്തു തടത്തിൽ ലൂക്കായുടെ മകൻ ജോസഫ് വിവാഹം ചെയ്തു. ആറാമത്തെ പുത്രി ഏലിക്കുട്ടിയെ ചങ്ങനാശ്ശേരിൽ കത്തീദ്രൽ പള്ളി ഇടവക ആലപ്പുറത്തുകാട്ടിൽ മത്തായിയുടെ മകൻ തോമസ് വിവാഹം ചെയ്തു. ഏഴാമത്തെ പുത്രി അച്ചാമ്മയെ മരങ്ങാട്ടുപള്ളിയിടവക താഴത്തേൽ കുര്യാക്കോസിന്റെ മകൻ വർക്കി വിവാഹം ചെയ്തു.

ജോസഫ് (കുഞ്ഞേപ്പ്)

പ്രഥമ പുത്രൻ ജോസഫ് ഉള്ളനാടു പള്ളി ഇടവക വെള്ളരിങ്ങാട്ടുകുടുംബമായ പനന്താനത്തു ജോസഫിന്റെ മകൾ ത്രേസ്യയെ വിവാഹം ചെയ്ത് ദത്തവകാശമായി ഭാര്യാഗൃഹത്തിൽ താമസിക്കുന്നു. ജോസഫിന് തോമസ്, ജോസഫ്, സെബാസ്റ്റ്യൻ എന്ന മൂന്നു പുത്രന്മാരും, റോസ, അന്നക്കുട്ടി എന്ന രണ്ടു പുത്രിമാരുമുണ്ട്. പുത്രൻ തോമസ് പേണാട്ടുകരയിൽ ഉഴുവനാൽ കുടുംബത്തിൽ ജോസഫിന്റെ മകൾ ഏലിയെ വിവാഹം ചെയ്തു. തോമസിനു ജോസഫ് എന്ന ഒരു പുത്രനും ലാലി എന്ന പുത്രിയും ജനിച്ചു.

ജോസഫിന്റെ രണ്ടാമത്തെ പുത്രൻ ജോസഫ് ബി.എസ്.സി. വീട്ടുകാര്യത്തിൽ ഏർപ്പെട്ടിരിക്കുന്നു. മൂന്നാമൻ സെബാസ്റ്റ്യൻ. ഒന്നാമത്തെ പുത്രി റോസമ്മയെ തൊടുപുഴ അഞ്ചിരിക്കരയിൽ പാണങ്കാട്ടു വീട്ടിൽ ജോസഫ് വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി അന്ന കന്യാസ്ത്രീയായി.

തോമസ്

ആറാംതലമുറ തൊമ്മന്റെ ദ്വിതീയ പുത്രൻ തോമസ് ചങ്ങനാശ്ശേരിൽ കത്തീഡ്രൽ ഇടവക കളിക്കൽ അബ്രാഹത്തിന്റെ മകൾ മേരിയെ വിവാഹം ചെയ്ത് മൈലക്കൊമ്പിൽ താമസിക്കുന്നു. തോമസിന് ജോസഫ് (ബെന്നി) എന്ന ഒരു പുത്രനും, (ഷേർലി) അന്നമ്മ, മേരി (ജാൻസി), സെലീൻ (ജോളി), എന്നീ മൂന്നു പുത്രിമാരുമുണ്ട്.

തോമസ് 2008 നവംബർ 6 ന് മരണം പ്രാപിച്ചു. മൈലക്കൊമ്പ് പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു. മൂത്ത പുത്രി അന്നമ്മ (ഷേർലി) യെ ചങ്ങനാശ്ശേരിയിൽ ചമ്പക്കുളം പുത്തൻപറമ്പിൽ പി.ജെ. ആന്റണി കത്രിക്കുട്ടി ദമ്പതികളുടെ മകൻ ജോസഫ് ആന്റണി വിവാഹം കഴിച്ചു. ഇരുവരും ചെന്നൈയിൽ താമസിക്കുന്നു. ജോസഫ് ആന്റണി ഫെഡറൽ ബാങ്ക് മാനേജരായി ജോലി നോക്കുന്നു.

രണ്ടാമത്തെ പുത്രി മേരി(ജാൻസി) യെ കരിമണ്ണൂർ അരയക്കുന്നേൽ മാത്യു, ബ്രിജിറ്റ് ദമ്പതികളുടെ മകൻ ജോളി മാത്യു വിവാഹം ചെയ്തു തൊടുപുഴ കാഞ്ഞിരമറ്റത്ത് താമസിക്കുന്നു. ജാൻസി തൊടുപുഴ താലൂക്ക് ഓഫീസിൽ ജോലി ചെയ്യുന്നു. ജോളി ഇടുക്കി കളക്ട്രേറ്റിൽ ജോലി ചെയ്യുന്നു. മൂന്നാമത്തെ പുത്രി ജോളി കോഴിക്കോട് മുക്കത്ത് പ്രാക്കുഴിയിൽ ഔസേപ്പ്, ഏലിക്കുട്ടി മകൻ മാത്യു (മാത്തുക്കുട്ടി) വിവാഹം ചെയ്ത് കോഴിക്കോട് മെഡിക്കൽ കോളേജിൽ ഹെഡ് നേഴ്സ് ആയി ജോലി ചെയ്യുന്നു. മോൻസിന്റെ മകൻ ബെന്നി വാഴക്കുളം കാര്യാമഠം, പോൾ, ത്രേസ്യാക്കുട്ടി ദമ്പതികളുടെ മകൾ ബീനയെ വിവാഹം ചെയ്ത് മൈലക്കൊമ്പിൽ താമസിക്കുന്നു. ബെന്നിക്ക് ആര്യാ എന്ന ഒരു പുത്രിയുണ്ട്. ആര്യ നേഴ്സിംഗിന് പഠിക്കുന്നു.

ഉണിച്ചെറിയത്

പീടിക കൈതവയലിൽ തൊമ്മന്റെ നാലാമത്തെ പുത്രൻ ഉണിച്ചെറിയത് രണ്ടു വിവാഹം കഴിച്ചു. ആദ്യം ഭരണങ്ങാനത്തു ഇടപ്പാടിക്കരയിൽ വാളിപ്ലാക്കൽ കണിയാംപടിക്കൽ സ്കറിയായുടെ മകൾ മറിയത്തിനെ വിവാഹം ചെയ്തു. കൈതവയലിൽ തറവാട്ടിൽ താമസമാക്കി. ആ വിവാഹത്തിൽ തൊമ്മൻ, ചെറിയാൻ, ഇട്ടിഐപ്പ് എന്ന മൂന്നു പുത്രന്മാരും, അച്ചാമ്മ എന്ന ഒരു പുത്രിയും ജനിച്ചു. ഭാര്യ മരിച്ചപ്പോൾ ഉണിച്ചെറിയത് കിഴതടിയൂർ കരയിൽ കിഴക്കേടത്തുവീട്ടിൽ നിന്ന് കിഴതടിയൂർ ചെമ്പിളായിൽ വീട്ടിൽ വിവാഹം ചെയ്തതും, വിധവയായിത്തീർന്നതുമായ റോസയെ വിവാഹം ചെയ്തു. റോസ മക്കളില്ലാതെ മരിച്ചു. ഉണിച്ചെറിയത് വാകാനിയിൽ ശാഖയിൽപ്പെട്ട നെല്ലിമല ഇട്ടി ഐപ്പിന്റെ പുരയിടം വാങ്ങി അവിടേയ്ക്കു താമസം മാറ്റി.

പുത്രി അച്ചാമ്മ ശരീരസുഖമില്ലാതെ അവിവാഹിതയായി പിതൃഗൃഹത്തിൽ താമസിക്കുന്നു. മൂത്ത പുത്രൻ തൊമ്മൻ, രാമപുരത്തു നിന്നും തൊടുപുഴ മുട്ടത്തു താമസിക്കുന്ന തറയിൽ മാപ്പിള യായ പള്ളിവാതുക്കൽ നിന്നും വിവാഹം ചെയ്തു. മക്കളില്ലാതെ തൊമ്മൻ മരിക്കയാൽ ഭാര്യ പുനർ വിവാഹം കഴിച്ചു.

കെ.യു. ചെറിയാൻ

രണ്ടാമത്തെ പുത്രൻ ചെറിയാൻ പയപ്പാർ കരയിൽ മയിലാടൂർ ചാക്കോയുടെ മകൾ മറിയത്തിനെ വിവാഹം ചെയ്തു. ചെറിയാന് റോയി, സണ്ണി, ജയിംസ്, സെബാസ്റ്റ്യൻ, സജി, റെജി എന്നിങ്ങനെ ആറുപുത്രന്മാരും, മേഴ്സി, ലാലി, ലൂസി, ലീനാ എന്നീ നാലു പുത്രിമാരുമുണ്ട്.

ചെറിയാന്റെ മൂത്തപുത്രൻ റോയി കോതമംഗലം മങ്ങാട്ട് മാത്യു, പെണ്ണമ്മ മകൾ എൽസമ്മയെ വിവാഹം ചെയ്തു റോയിക്ക് രേഖ,

റിയ എന്നീ രണ്ടു പുത്രിമാരുമുണ്ട്. പുത്രി രേഖയെ കാഞ്ഞങ്ങാട്ട് പരപ്പവാഴചാരിക്കൽ മാനുവൽ, അന്നമ്മ ദമ്പതികളുടെ മകൻ സജീവ് വി. മാനുവൽ വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി റിയ പഠിക്കുന്നു.

ചെറിയാന്റെ രണ്ടാമത്തെ പുത്രൻ സണ്ണി പാലാ വെള്ളരിങ്ങാട്ടു പ്രൊ. സണ്ണി, തങ്കമ്മ ദമ്പതികളുടെ മകൾ അനിതയെ വിവാഹം ചെയ്തു. സണ്ണി സൗത്ത് ഇന്ത്യൻ ബാങ്ക് ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. അനിതാ ബാംഗ്ലൂർ ഐ.എസ്.ആർ.ഒ യിൽ സയന്റിസ്റ്റാണ്. ഇവർക്കു അഖിൽ, നിഖിൽ, എന്നീ രണ്ടു പുത്രന്മാരുണ്ട്. ഇരുവരും പഠിക്കുന്നു.

ചെറിയാന്റെ മൂന്നാമത്തെ പുത്രൻ ജയിംസ് മലബാർ ആലക്കോട്ട് ഒറ്റത്തെ കളപ്പുര ചാക്കോ, ഏലി മകൾ അഡ്വ. ചിന്നമ്മയെ വിവാഹം ചെയ്തു. തളിപ്പറമ്പിൽ താമസിക്കുന്നു. ഇവർക്ക് സാന്ദ്ര, സാമ എന്നീ രണ്ടു പുത്രിമാരുണ്ട്. ഇരുവരും സി.എ യ്ക്ക് പഠിക്കുന്നു. ജയിംസ് ഇപ്പോൾ കണ്ണൂർ കേരളാ കോൺഗ്രസ്സ് ജില്ലാ സെക്രട്ടറിയാണ്.

ചെറിയാന്റെ നാലാമത്തെ പുത്രൻ സെബാസ്റ്റ്യൻ (ദേവസ്യാച്ചൻ) ചിറ്റാരിക്കാൽ ബീമനടി മടുക്കക്കുഴിയിൽ ജോസഫ്, ത്രേസ്യാ ദമ്പതികളുടെ മകൾ ആൻസിയെ വിവാഹം ചെയ്തു. മിന്തുള്ളി കോഴിച്ചാലിൽ താമസിക്കുന്നു. ഇവർക്കു നിഖിത, മേഘ്ന എന്നീ രണ്ടു പെൺമക്കളാണ്. നിഖിത സി.എ. ക്കു പഠിക്കുന്നു. മേഘ്ന സ്കൂളിൽ പഠിക്കുന്നു.

ചെറിയാന്റെ അഞ്ചാമത്തെ പുത്രൻ സജി കിഴക്കേക്കരയായ കൈതൊലിൽ ഇട്ടിക്കുഞ്ഞ്, മറിയക്കുട്ടി ദമ്പതികളുടെ മകൾ സിൻസിയെ വിവാഹം ചെയ്തു. ഇരുവരും സിങ്കപ്പൂരിൽ ജോലി ചെയ്യുന്നു. ഇവർക്ക് കെവിൻ എന്ന പുത്രനും സ്നേഹ എന്ന പുത്രിയുമുണ്ട്. ഇരുവരും കുഞ്ഞുങ്ങളാണ്.

ചെറിയാന്റെ ആറാമത്തെ പുത്രൻ റെജി പാലാരിവട്ടം മുളക്കൽ സെബാസ്റ്റ്യൻ, എലിസബത്ത് ദമ്പതികളുടെ മകൾ ജെനിനെ വിവാഹം ചെയ്തു. ഇരുവരും കുവൈറ്റിൽ ജോലി ചെയ്യുന്നു. ഇവർക്ക് മെൽവിൻ, മാർട്ടിൻ എന്നീ രണ്ടു കുട്ടികളുണ്ട്.

ചെറിയാന്റെ മൂത്തപുത്രി മേഴ്സിയെ മണ്ണാർക്കാട്ട് കാഞ്ഞിര

ത്തുങ്കൽ ഫ്രഞ്ചുകുട്ടി തെയ്യാമ്മ മകൻ അവിരാച്ചൻ വിവാഹം കഴിച്ചു.

ചെറിയാന്റെ രണ്ടാമത്തെ പുത്രി ലാലിയെ കരിങ്കുന്നം ചമ്പപ്പള്ളി ആഗസ്തി ഏലി മകൻ അഡ്വ. ഡോ. സെബാസ്റ്റ്യൻ ചമ്പപ്പള്ളി വിവാഹം കഴിച്ചു കാക്കനാട്ട് താമസിക്കുന്നു. അഡ്വ. സെബാസ്റ്റ്യൻ ഹൈകോർട്ടിൽ പ്രാക്ടീസ് ചെയ്യുന്നു. ലാലി എഫ്.എ. സി.റ്റിയിൽ എഞ്ചിനീയർ ആയിരുന്നു. ഇവർക്കു അഖിൽ (Akhil), നിഖിൽ (Nikhil) എന്നിങ്ങനെ രണ്ടാൺമക്കളുണ്ട്.

ചെറിയാന്റെ മൂന്നാമത്തെ പുത്രി ലൂസിയെ കുറ്റിയാടി പുരയിടത്തിൽ തോമസ്, ചിന്നമ്മ ദമ്പതികളുടെ മകൻ ടോം തോമസ് വിവാഹം കഴിച്ചു. ഇവർക്ക് ടോണി എന്ന ആൺകുട്ടിയും ആൻമേരി എന്ന പെൺകുട്ടിയുമുണ്ട്.

ചെറിയാന്റെ നാലാമത്തെ പുത്രി ലീനയെ പെരുമ്പാവൂർ വിരുന്നിനാത്ത് പൈലി, തങ്കമ്മ ദമ്പതികളുടെ മകൻ ഷാജി വിവാഹം കഴിച്ചു. ഇവർക്ക് മർലിൻ, മറിൻ, എന്നീ രണ്ടുകുട്ടികളുണ്ട്.

കെ.യു. ഇട്ടി ഐപ്പ്

മൂന്നാമത്തെ പുത്രൻ ഇട്ടി ഐപ്പ് (കെ.യു. ഇട്ടിയയ്പ്പ് ബി.എസ്.സി) ചേർപ്പുങ്കൽ കോലടിയിൽ കുടുംബത്തിൽപ്പെട്ട കാരാമയിൽ ചാക്കോയുടെ മകൾ തങ്കമ്മ ബി.എസ്.സിയെ വിവാഹം ചെയ്ത് മലബാറിൽ മണ്ണാർകാട്ടു താമസിച്ചു കൃഷി നടത്തുന്നു. ഇട്ടി ഐപ്പിനു സാബു എന്ന ഒരു പുത്രനും ജോളി, ജെസ്സി, ജാൻസി, ജിജി, ജയ എന്നീ അഞ്ചു പുത്രിമാരും ജനിച്ചു.

ഇട്ടി ഐപ്പിന്റെ മകൻ സാബു ചങ്ങനാശ്ശേരിയിൽ പാലാക്കുന്നേൽ ജോബിന്റെ മകൾ ബീമയെ വിവാഹം ചെയ്ത് പിതൃഗൃഹത്തിൽ താമസിക്കുന്നു. സാബു ഇപ്പോൾ മണ്ണാർക്കാട്ട് കല്ലടി (എം.ഇ.എസ്) കോളേജിൽ പഠിപ്പിക്കുന്നു. സാബുവിന് രണ്ടാൺമക്കളും ഒരു പെണ്ണുമാണ്. ഐപ്പ് സാബു, ജോസ് സാബു എന്നിങ്ങനെ പുത്രന്മാരും നിദിയ സാബു എന്ന പുത്രിയുമാണ്.


ഐപ്പ് സാബു എം.ഡി.എസ് ന് എറണാകുളം അമൃതാനന്ദമയി കോളേജിൽ പഠിക്കുന്നു. ഐപ്പ് സാബു തൃശൂരിൽ പെല്ലിശ്ശേരി വിൻസെന്റ് മകൾ വിനിതയെ വിവാഹം കഴിച്ചു. ഐപ്പ് സാബുവിന് കെവിൻ ഐപ്പ് എന്ന ഒരാൺകുട്ടിയുണ്ട്.

ജോബ് സാബു ഫിസിക്സിൽ മദ്രാസിൽ ചെന്നൈ യൂണിവേഴ്സിറ്റിൽ പി.എച്ച്.ഡി ചെയ്യുന്നു. നിദിയ സാബു മംഗലാപുരത്ത് സോഫ്റ്റ്വെയർ എഞ്ചിനീയർ ആയി ജോലി നോക്കുന്നു.

ഇട്ടി ഐപ്പിന്റെ മൂത്തപുത്രി ജോളി ചങ്ങനാശ്ശേരി പാലാക്കുന്നേൽ പരേതനായ സെബാസ്റ്റ്യൻ സ്കറിയ (സിബി) വിവാഹം കഴിച്ചു ബാഗ്ലൂരിൽ താമസിക്കുന്നു. രണ്ടാമത്തെ പുത്രി ജസ്സിയെ മലപ്പുറത്ത് കുഴിക്കാട്ട് ജേക്കബ്ബിന്റെ മകൻ സണ്ണി വിവാഹം ചെയ്തു അമേരിക്കയിൽ സ്ഥിരതാമസമാണ്. രണ്ടുപേരും എഞ്ചിനീയർ ആണ്.

മൂന്നാമത്തെ പുത്രി ജാൻസിയെ പാലാ അരയത്തിനാൽ ഡോ. മൈക്കിൾ മകൻ വിജയൻ വിവാഹം ചെയ്ചു. രണ്ടുപേരും ഡൽഹിയിൽ താമസിക്കുന്നു. ജാൻസി സെൻട്രൽ വാട്ടർ അതോറിട്ടിയിൽ ഡയറക്ടർ ആയി ജോലി ചെയ്യുന്നു. നാലാമത്തെ പുത്രി ജിജിയെ ചങ്ങനാശ്ശേരി വലിയപറമ്പിൽ മാത്യു മകൻ ജോർജ്ജ് മാത്യു വിവാഹം കഴിച്ച് അമേരിക്കയിൽ താമസിക്കുന്നു. ജിജി അമേരിക്കയിൽ കെമിസ്റ്റായി ജോലി ചെയ്യുന്നു. അഞ്ചാമത്തെ പുത്രി ജയയെ തൊടുപുഴ തുടിയംപ്ലാക്കൽ പ്രൊഫ. ടി.എസ്. ചാക്കോയുടെ മകൻ ഗ്ലാഡി ജേക്കബ്ബ് വിവാഹം കഴിച്ച് ബാംഗ്ലൂരിൽ താമസിക്കുന്നു. രണ്ടുപേരും ബാംഗ്ലൂരിൽ ക്രൈസ്റ്റ് കോളേജിൽ വർക്ക് ചെയ്യുന്നു.





പരേതനായ തോമസ് (കൊച്ച്) ഭാര്യ ഏലിക്കുട്ടി





പരേതനായ ജോസ് ഭാര്യ ലീലാമ്മയും കുടുംബവും



വാകയാനിയിൽ ജോയിച്ചനും കുടുംബവും



ജോസിലി വാകാനിയിൽ, ജോസ് കാരുവേലിൽ & ഫാമിലി



ഔസേപ്പ് ചെറിയാൻ, ജോഷി കെ. ജോസ്, സിസിലി ജോഷി,
സിജോ ജോഷി, ലിജോ ജോഷി അമ്മ ത്രേസ്യാമ്മ ജോസഫ്



ടോംസൺ ജോസഫ് (ഷാജി), ജിനു, വത്സമ്മ, റൂബി



റോസിലി വർഗ്ഗീസ് തുങ്ങംപറമ്പിൽ



പടിഞ്ഞാറേ വാകയാനിയിൽ അപ്പച്ചൻ , മറിയം, ബേബി, സണ്ണി, തങ്കച്ചൻ, ജോഷി, മേരി, ലീല, ജയ

ആലയ്ക്കൽ കുടുംബം

ആലയ്ക്കൽ ഇട്ടിച്ചെറിയ (നാലാം തലമുറ)

മൂന്നാം തലമുറ കിഴക്കേക്കര കരോട്ടേവീട്ടിൽ ഇട്ടിയയ്പ്പിന്റെ തൃതീയപുത്രൻ ഇട്ടിച്ചെറിയ പാലാ അങ്ങാടിയിൽ കട്ടക്കയത്തിൽ ചെറിയാൻ മുതൽ പിടിക്കാരന്റെ പുത്രിയെ വിവാഹം ചെയ്ത് ആലയ്ക്കൽ താമസിച്ചു. ഇട്ടിച്ചെറിയ കരപ്രധാനിയും പാലാ വലിയപള്ളിയിലെ ഒരു യോഗ പ്രധാനിയുമായിരുന്നു. സമീപത്തുള്ള കണ്ടങ്ങളിലെ നെല്ലുണക്കുന്നതിനായി കെട്ടിയുണ്ടാക്കിയ ആലയുണ്ടായിരുന്നതിനാലാണ് "ആലയ്ക്കൽ" എന്ന പേരുണ്ടായത്. ഇട്ടിച്ചെറിയയ്ക്ക് ചെറിയാൻ, ഇട്ടിച്ചെറിയ, മത്തായി എന്ന മൂന്നു പുത്രന്മാരും അഞ്ചു പുത്രിമാരുമുണ്ടായി. ആദ്യ പുത്രിയെ മുത്തോലി കെഴുവൻകുളത്തുകരയിൽ കയിപ്പൻപ്ലാക്കൽ വിവാഹം ചെയ്തയയ്ച്ചു. രണ്ടാമത്തെ പുത്രിയെ ആരക്കുഴകരയിൽ ഇട്ടിത്തട്ടേൽ വിവാഹം ചെയ്തു. മൂന്നാമത്തെ പുത്രിയെ വാഴക്കുളത്ത് പോളേകുന്നേൽ വിവാഹം ചെയ്തയയച്ചു. നാലാമത്തെ പുത്രിയെ പാലാകരയിൽ ഞള്ളക്കാട്ടു വിവാഹം ചെയ്തു. അഞ്ചാമത്തെ പുത്രിയെ മുത്തോലപുരം കരയിൽ പള്ളിക്കാപ്പറമ്പിൽ വിവാഹം ചെയ്തു. പ്രഥമപുത്രൻ ചെറിയാൻ ആലപ്പുഴ ചെന്നക്കാട്ടുനിന്നും വിവാഹം കഴിച്ച് വാകാനിയിൽ താമസിച്ചു. ടി. ചെറിയാൻ തൊമ്മൻ, ഇട്ടിച്ചെറിയ, വർക്കി, ഇട്ടിയയിപ്പ്, ചെറിയാൻ എന്നീ അഞ്ചു പുത്രന്മാരും ഒരു പുത്രിയും ഉണ്ടായി. പുത്രിയെ വാഴക്കുളത്ത് ചൊള്ളാമഠത്തിൽ വിവാഹം ചെയ്തു. ചെറിയാന്റെ പ്രഥമ പുത്രൻ തൊമ്മൻ പള്ളിവാതുക്കൽ കുടുംബത്തിൽ മുളയന്നൂർനിന്നും ബ്രിജീത്തായെ വിവാഹം ചെയ്ത് വാകാനി കിഴക്കേപുരയിടത്തിൽ താമസിച്ചു. തൊമ്മനു ചെറിയാൻ, ഇട്ടിച്ചെറിയ എന്ന രണ്ടു പുത്രന്മാരും മാമ്മി, കത്രി എന്ന പുത്രിമാരും ജനിച്ചു. പുത്രി മാമ്മിയെ പാലായിൽ വടക്കൻ കുടുംബത്തിൽ വെള്ളാപ്പാട്ടു പാപ്പൻ വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി കത്രിയെ ചേർപ്പുങ്കൽ കുളപ്പുറത്താഴെ തുരുത്തിക്കാവിൽ ചാക്കോ വിവാഹം ചെയ്തു.

കിഴക്കേ ആലയ്ക്കൽ വാകയാനിയിൽ

ചെറിയാൻ പാലാ വടക്കയിൽനിന്നും വിവാഹം ചെയ്തു. സന്താ

നമില്ലാതെ ഭാര്യ മരിക്കയാൽ ചിറക്കടവുകരയിൽ മണ്ണൻപ്ലാക്കൽ കുടുംബത്തിൽ ഏർത്തയിൽ മത്തായിയുടെ മകൾ അന്നയെ വിവാഹം ചെയ്തു. ചെറിയാനു തൊമ്മൻ, ഔസേപ്പ്, മത്തായി, ചാക്കോ എന്ന നാലു പുത്രന്മാരുണ്ടായി.

തൊമ്മൻ

പ്രഥമ പുത്രൻ തൊമ്മൻ പാലാ ഇടവക പടിഞ്ഞാറേക്കര ശാഖയിൽപ്പെട്ട തെക്കേക്കണ്ടത്തിൽനിന്നും മേലുകാവിൽ താമസിക്കുന്ന മത്തായിയുടെ മകൾ ഏലിയെ വിവാഹംചെയ്ത് വെള്ളിയാമറ്റത്ത് താമസിക്കുന്നു. ടി. തൊമ്മനു ചെറിയാൻ, ജയിംസ്, തോമസ് എന്ന മൂന്നു പുത്രന്മാരും അന്ന, ഏലി, മറിയം, റോസ എന്ന നാലു പുത്രിമാരും ഉണ്ട്.

ചെറിയാൻ (ജോസ്)

രണ്ടാമത്തെ പുത്രൻ കെ.സി.മാണി ബി.എസ്സി അഗ്രികൾച്ചർ പിറവത്ത് തൈക്കാട്ടിൽ ടി.ജെ.തങ്കമ്മയെ ബി.എസ്സി ബി.എഡ് വിവാഹം കഴിച്ച് ഹൈദരാബാദിൽ താമസിക്കുന്നു. മാണിക്ക് റാണി, ഉഷ, ലൈല, ശോഭ, ചെറിയാൻ, ബിന്ദു എന്ന ആറു കുട്ടികൾ ജനിച്ചു. റാണിയെ റാണിപ്പെട്ട സുധാകർ എംഎ എംഫിൽ വിവാഹം ചെയ്തു. റാണി ഇപ്പോൾ ഫിലിപ്പൈൻസിൽ ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയുടെ കൺട്രി മാനേജരായി ജോലി നോക്കുന്നു. റാണിക്ക് ശിൽപ്പ, വരുൺ എന്ന രണ്ടു കുട്ടികളുണ്ട്. രണ്ടാമത്തെ പുത്രി ഉഷയെ ബി.എസ്സി അഗ്രി, എം.ബി.എ, സിംഗാറെഡ്ഡി ജയപ്രകാശ് റെഡ്ഡി ഐ.ഐ.എം (എ.എച്ച്.ഡി.) വിവാഹം ചെയ്ത് അമേരിക്കയിൽ മിച്ചിഗൺ സ്റ്റേറ്റിൽ താമസിക്കുന്നു. ഉഷ ഡൗ കെമിക്കൽസിൽ എച്ച്.ആർ.ഡയറക്ടറായി ജോലി ചെയ്യുന്നു. ഉഷയ്ക്ക് നികിതാ, നടാശ എന്നീ രണ്ടു പുത്രിമാരുണ്ട് (പഠിക്കുന്നു). മൂന്നാമത്തെ മകൾ ലൈല ശരീരാസ്വാസ്ഥ്യംമൂലം അവിവാഹിതയായി പിതാവിനോടൊപ്പം താമസിക്കുന്നു. നാലാമത്തെ മകൾ ശോഭ അമേരിക്കയിൽ (ഹസ്റ്റൺ ടെക്സാസ്)നിന്ന് സിപിഎൽ (കോമേഴ്സ്യൽ പൈലറ്റ് ലൈസൻസ്) എടുത്ത് അമേരിക്കൻ എയർലൈൻസിൽ ജോലി ചെയ്തു. വീണ്ടും ഏവിയേഷൻ മെയിന്റനൻസ് ടെക്നോളജി (എയർഫ്രെയിം) ഫ്രം എംബസി റിഡ്ഡിൽ യൂണിവേഴ്സിറ്റി ഇൻ യുഎസ്എ പാസായി നേപ്പാളിൽ ജോലി ചെയ്തു. ഇപ്പോൾ നോർത്ത് ഈസ്റ്റേൺ ഷട്ടിൽസ് എന്ന പേരിൽ വടക്കുകിഴക്കൻ ഇന്ത്യയിൽ വിമാന സർവീസ് നടത്തുന്നു. മൂന്നു വിമാനങ്ങളുണ്ട്. 2011ലെ വിമൻ എന്റർപ്രനർ ഓഫ് ദി ഇയർ അവാർഡ് ഗവൺമെന്റ് ഓഫ് ഇന്ത്യ നൽകി. ചന്തൻ ബാനർജിയാണ് ഭർത്താവ്. ഒരു കുട്ടിയുണ്ട്. പേര് ആകാശ്. ഡാർജിലിംഗിൽ പഠിക്കുന്നു. പുത്രൻ കെ.എം.ചെറിയാൻ ബി.ഇ. എംബിഎ മുണ്ടയ്ക്കൽ മാത്യുവിന്റെ മകൾ എലിസബത്തിനെ (മിനി) വിവാഹം കഴിച്ച് ഹൈദരാബാദിൽ താമസിക്കുന്നു. മിഷേൽ, മൈക്കിൾ എന്ന രണ്ടു കുട്ടികളുണ്ട്. ചെറിയാൻ ജിഇയിൽ വൈസ് പ്രസിഡന്റ് (ഹൈദരാബാദ്) ആയി ജോലി ചെയ്യുന്നു. ആറാമത്തെ പുത്രി ബിന്ദു എംബിഎ പാസായ ശേഷം കൊഡാക് മഹീന്ദ്ര ഹൈദരാബാദ് ബ്രാഞ്ച് മാനേജർ ആയി ജോലി ചെയ്യുന്നു. ചന്ദ്രശേഖർ സി.എ, കെ.ഡബ്ല്യു.എ, കല്ല്യാണം കഴിച്ച്

ഇപ്പോൾ ബോംബെയിൽ താമസിക്കുന്നു. അവർക്ക് സജ്ജന, സ്നേഹ എന്ന രണ്ടു പെൺകുട്ടികളുണ്ട്. കുട്ടികളുണ്ടായശേഷം ബിന്ദു ജോലി നിർത്തി. ചന്ദ്രശേഖർ സിറ്റി ബാങ്കിൽ വൈസ് പ്രസിഡന്റായി ജോലി നോക്കുന്നു.

അറക്കുളം പഴയപള്ളി പണിയുന്നതിനായി ഇട്ടി ഐപ്പ് മൂന്നു ഏക്കർ സ്ഥലം ദാനമായി നൽകിയതിനു ആണ്ടുതോറും ഒരു വിശുദ്ധ കുർബാന അദ്ദേഹത്തിന്റെ പേരിൽ ചൊല്ലി വരുന്നു. കാഞ്ഞാറ്റിൽ പള്ളിവക പ്രൈമറി സ്കൂൾ തുടങ്ങുന്നതിനായി സ്ഥലം ദാനമായി നൽകി. ഇട്ടി ഐപ്പിന്റെ ഓർമ്മയ്ക്കായി സ്കൂളിന്റെ പേര് സെന്റ് ജോസഫ്സ് പ്രൈമറി സ്കൂൾ എന്ന് പേരിട്ട് പള്ളിക്കാർ അദ്ദേഹത്തെ ബഹുമാനിച്ചു. കിഴക്കേക്കര കുടുംബ പരിപാലന യോഗം തുടങ്ങുന്നതിനു ആത്മാർത്ഥമായി സഹകരിച്ചവരിൽ ഒരാളാണ് ശ്രീ ഇട്ടി ഐപ്പ്. 1911ൽ രജിസ്റ്റർ ചെയ്ത കിഴക്കേക്കര കുടുംബയോഗകമ്മിറ്റിയിൽ അദ്ദേഹം ആദ്യത്തെ താക്കോൽ പിടുത്തക്കാരൻ (കാഷ്യർ) ആയിരുന്നു. തുടർന്ന് 1927ൽ പണിത കേന്ദ്രാലയം (ഓഫീസ് ബിൽഡിംഗ്) നിർമ്മിക്കുന്നതിനും ശ്രീ ഇട്ടി ഐപ്പ് മുൻപന്തിയിലുണ്ടായിരുന്നു. 1946ൽ കാഞ്ഞാറ്റിലെ സ്ഥലം വിറ്റ് കിഴക്കമ്പലത്ത് ഇളയമകൾ മറിയാമ്മയുടെ കൂടെ താമസമാക്കി. 1974 നവംബർ 30-ാം തീയതി മരണമടഞ്ഞു.

ഇട്ടിച്ചെറിയയുടെ രണ്ടാം വിവാഹത്തിലെ മുത്തമകൾ കുട്ടിയമ്മയെ മലബാറിൽ കുടിയാന്മല പൊട്ടൻപ്ലാവിൽ താമസിക്കുന്ന കാണിയാക്കാട്ടു തൊമ്മൻ വിവാഹം ചെയ്തു. ലിസി, ലാലി, സിസിലി, മോളി, ബിന്ദു എന്ന അഞ്ചു പുത്രിമാരും റോയ്, റോജർ എന്ന രണ്ടു പുത്രന്മാരുമുണ്ടായി. എല്ലാ പെൺമക്കളുടേയും റോയിയുടേയും കല്യാണം കഴിഞ്ഞു.

രണ്ടാമത്തെ മകൾ കുഞ്ഞന്നമ്മയെ പറമുണ്ടയിൽ പാപ്പച്ചൻ വിവാഹം കഴിച്ച് മലബാറിൽ മാനന്തവാടിയിൽ താമസിക്കുന്നു. കുഞ്ഞന്നമ്മയ്ക്ക് ജോസ്, ബെന്നി എന്നീ രണ്ടാൺ മക്കളും റാണി, മോളി, ലാലി എന്ന മൂന്നു പെൺമക്കളും ജനിച്ചു. എല്ലാവരുടേയും കല്യാണം കഴിഞ്ഞു.

മൂന്നാമത്തെ മകൻ ഇട്ടി ഐപ്പ് (അപ്പച്ചൻ) മുട്ടത്തു താമസിക്കുന്ന ചൂണ്ടയാനിക്കൽ ലീലാമ്മയെ കെട്ടി മലബാറിൽ മാലോത്ത് താമസിക്കുന്നു. അപ്പച്ചന് സലിറ്റ്, അനിറ്റ് എന്ന രണ്ടു പെൺമക്കളും ചെറി

യാൻ (എബിൻ) എന്നീ ഒരാൺ കുട്ടിയുമുണ്ട്. പെൺമക്കളുടെ വിവാഹം കഴിഞ്ഞു. എബിൻ 11-ാം ക്ലാസിൽ പഠിക്കുന്നു.

നാലാമത്തെ മകൻ കുര്യൻ തൊടുപുഴ ചെറിയയിൽ താമസിക്കുന്ന കയ്യാനിക്കുന്നേൽ റോസലിനെ വിവാഹം ചെയ്ത് പുതുപ്പരിയാരത്ത് താമസിക്കുന്നു. കുര്യന്റെ മകളായ മിനിയുടെ കല്യാണവും കഴിഞ്ഞു.

ഏക മകളായ മിനിയുടെ കല്യാണവും കഴിഞ്ഞു.

അഞ്ചാമത്തെ മകൾ മേരിയെ മലബാറിൽ പുതുശ്ശേരിയിൽ താമസിക്കുന്ന കോടിക്കുളത്ത് ജോമി വിവാഹം കഴിച്ചതിൽ ജിമ്മി എന്ന മകനും ജെസ്സി ഒരു മകളുമുണ്ടായി. രണ്ടുപേരുടേയും വിവാഹം കഴിഞ്ഞു.

ആറാമത്തെ മകൾ തെയ്യാമ്മയെ പുതുശ്ശേരിയിൽ താമസിക്കുന്ന ചെട്ടിശ്ശേരിയിൽ ഫിലിപ്പ് വിവാഹം കഴിച്ചു. തെയ്യാമ്മയ്ക്ക് പ്രിയ, പ്രീത, സ്മിത, നീന എന്ന നാലു പെൺകുട്ടികളുണ്ടായി. നാലുപേരുടേയും വിവാഹം കഴിഞ്ഞു.

ഏഴാമത്തെ മകൾ റോസമ്മയെ മലബാറിൽ കുറിത്തി നെല്ലിപ്പാറയിൽ താമസിക്കുന്ന ഉപ്പൂട്ടിൽ ചാക്കോ വിവാഹം ചെയ്തു. ജിജി, ബിജു, ജോമോൻ എന്ന മൂന്നാൺമക്കളും സന്ധ്യ എന്ന ഒരു പെൺകുട്ടിയുമുണ്ട്. എല്ലാവരുടേയും കല്യാണം കഴിഞ്ഞു.

എട്ടാമത്തെ മകൻ ജോയി മലബാറിൽ മാനന്തവാടിക്കടുത്ത് പുതുശ്ശേരിയിൽ താമസിക്കുന്ന പറപ്പനയ്ക്കൽ തെയ്യാമ്മയെ കല്യാണം കഴിച്ച് പുതുശ്ശേരിയിൽ താമസമാക്കി. ജോയിക്ക് ടിന്റു എന്ന ഒരു മകളുണ്ട്. അവളുടെ കല്യാണവും കഴിഞ്ഞു.

ഒമ്പതാമത്തെ മകൾ ചിന്നമ്മയെ മലബാറിൽ മാലോത്ത് താമസമാക്കിയ വട്ടക്കുന്നേൽ തോമസ് കല്യാണം കഴിച്ചു. ചിന്നമ്മയ്ക്ക് ദീപ, ഷൈബ, ഷീബ, ശോഭ, സ്വപ്ന എന്ന അഞ്ചു പെൺകുട്ടികളുണ്ടായി. ദീപ, ഷീബ, ശോഭ എന്നിവരുടെ കല്യാണം കഴിഞ്ഞു. ഷൈബ സെന്റ് ഫ്രാൻസിസ് അസീസിയുടെ ആലുവായിൽ തൈക്കാട്ടുകരയിലുള്ള മഠത്തിൽ ചേർന്ന് കന്യാസ്ത്രീയായി. ഇപ്പോൾ ഇറ്റലിയിൽ പിസ്സയിലാണ്.

മാത്യു ഇട്ടി ഐപ്പ്

ആലക്കൽ ഇട്ടി ഐപ്പിന്റെ രണ്ടാമത്തെ പുത്രനായ മാത്യു ഭരണങ്ങാനത്ത് മീനാട്ടൂർ കുടുംബത്തിൽ ജോസഫ് മകൾ ഏലിക്കുട്ടിയെ വിവാഹം കഴിച്ച് അറക്കുളത്ത് താമസിച്ച്, കൃഷി കാര്യങ്ങൾ നോക്കി കഴിഞ്ഞുപോണു. മാത്യുവിന് ഏലിക്കുട്ടി, മേരി, ത്രേസ്യാമ്മ, അന്നമ്മ, ക്ലാരമ്മ (ശാലിനി) എന്നീ അഞ്ചു പുത്രിമാരും ജോസഫ്, തോമസ്, മാത്യു, എമ്മാനുവൽ എന്നീ നാലു പുത്രന്മാരും ജനിച്ചു. മാത്യു, 2003-ാമാണ്ട് സെപ്തംബർ 26- ാം തീയതി മരണം പ്രാപിച്ചു. തൊടുപുഴ തെനംകുന്ന് പള്ളി സെമിത്തേരിയിലുള്ള കുടുംബകല്ലറയിൽ സംസ്കരിച്ചു. ഭാര്യ ഏലിക്കുട്ടി 2005 സെപ്തംബർ മാസം എട്ടാം തീയതി മരണം പ്രാപിച്ചു. തെനംകുന്ന് പള്ളി സെമിത്തേരിയിലുള്ള കുടുംബകല്ലറയിൽ സംസ്കരിച്ചു.

മാത്യുവിന്റെ മൂത്ത മകൾ ഏലിക്കുട്ടി 16-ാം വയസ്സിൽ (1955) നോട്ടർഡാം കോൺവെന്റിൽ ചേർന്നു. സിസ്റ്റർ ആനിമ എന്ന പേരിൽ കന്യാസ്ത്രീയായി ബീഹാറിൽ സേവനമനുഷ്ഠിച്ചുവരുന്നു. ബാംഗ്ളൂർ സെന്റ് ആൻസ് സ്കൂൾ പ്രിൻസിപ്പൽ, ബീഹാറിൽ ബി.എഡ് കോളജ് പ്രിൻസിപ്പൽ, നോട്ടർഡാം കോൺവെന്റ് പ്രൊവിൻഷ്യാൾ, നോട്ടർഡാം കോൺവെന്റ് ഡെപ്യൂട്ടി മദർ ജനറാൾ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഇപ്പോൾ ബീഹാറിൽ വിശ്രമജീവിതം നയിക്കുന്നു.

രണ്ടാമത്തെ പുത്രി മേരി സിസ്റ്റർ ഒഡീൽ എന്ന പേരിൽ കോൺവെന്റ് ഓഫ് ജീസസ് ആന്റ് മേരി എന്ന മഠത്തിൽ ചേർന്ന് കന്യാസ്ത്രീയായി. നഴ്സിംഗ് പാസായ ഇവർ പിന്നീട് ഡോക്ടർ ആയും പ്രാക്ടീസ് ചെയ്തുവന്നു. ഇപ്പോൾ ഗുജറാത്തിൽ ഒരു അനാഥാലായം നടത്തിവരുന്നു.

മൂന്നാമത്തെ പുത്രി ത്രേസ്യ സിസ്റ്റർ അജയ എന്ന പേരിൽ നോട്ടർഡാം കോൺവെന്റിൽ ചേർന്നു. അമേരിക്കയിൽനിന്നും ഡിഗ്രിയും റോമിൽനിന്നു എം.ഡിയും പാസായശേഷം ബീഹാറിൽ മടങ്ങിയെത്തി സന്ദ്രാം എന്ന സ്ഥലത്ത് ഹോസ്പിറ്റൽ നടത്തിവരുന്നു.

നാലാമത്തെ പുത്രി അന്നമ്മ (ചിന്നമ്മ) റോമിൽനിന്നു എം.ഡി. പാസായശേഷം ന്യൂയോർക്കിൽനിന്നും ശിശുരോഗ വിഭാഗത്തിൽ

പോസ്റ്റ് ഗ്രേജ്വേഷൻ പീഡിയാട്രിക് നിയോമെട്രോളജിയിൽ സൂപ്പർ സ്പെഷലിസ്റ്റ് ആയ ശേഷം ന്യൂയോർക്കിൽ പ്രാക്ടീസ് ചെയ്യുന്നു. അലക്സ് വിനോഗാർഡ് പീഡിയാട്രിക് ഗാസ്ട്രോ എൻട്രോളജിസ്റ്റ് ആണ് ഭർത്താവ് ജെയിംസ് - അഡ്വക്കറ്റ്, മൈക്കിൾ - മെഡിക്കൽ സ്റ്റുഡന്റ് എന്നിവരാണ് മക്കൾ.

അഞ്ചാമത്തെപുത്രി ക്ലാരമ്മ (ശാലിനി) ഡൽഹി ആർ.കെ.കോള ജിൽനിന്നും ബി.എസ്സി ഹോണേഴ്സ് നഴ്സിംഗ് പാസായി. കരി ങ്കുന്നം തുടിയംപ്ലാക്കൽ സ്റ്റീഫൻ മകൻ സഖറിയാസ് (ബേബി) വിവാഹം കഴിച്ചു. ഇപ്പോൾ ശാലിനി തൊടുപുഴ സഹകരണ ആശു പത്രി നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പലായി ജോലി ചെയ്യുന്നു. ഗീതു - എം.എസ്സി നഴ്സിംഗ് സ്റ്റുഡന്റ്, സെന്റ് ജോൺസ് മെഡിക്കൽ കോളജ്, ബാംഗ്ളൂർ, ബിനീത എംബിബിഎസ് സ്റ്റുഡന്റ്, മെഡിക്കൽ കോളജ്, തൂത്തുകുടി എന്നിവർ മക്കളാണ്.

റവ. ഫാ. ജോസഫ്

മാത്യുവിന്റെ മൂത്തപുത്രൻ ജോസഫ് ഈശോ സഭയിൽ ചേർന്ന് വൈദികനായി. തൃശ്ശിനാപ്പള്ളിയിൽനിന്നും എം.എസ്സി ഫിസിക്സ് രണ്ടാം റാങ്കോടെ പാസായതിനുശേഷം ബീഹാറിൽ സാമൂഹ്യസേവനം നടത്തിവന്നു. സെന്റ് സേവ്യേഴ്സ് കോളജിൽ ലക്ചററായും സേവന മനുഷ്ഠിച്ചിട്ടുണ്ട്. പിന്നീട് എൽഎൽബി പാസായശേഷം പാറ്റ്ന ഹൈക്കോടതിയിലും സുപ്രീംകോർട്ടിലും പ്രാക്ടീസ് ചെയ്തുവരുന്നു.

തോമസ് (ബേബി)

രണ്ടാമത്തെ പുത്രൻ തോമസ് (ബേബി) പ്ലാശനാൽ നെട്ടൻ ഒഴു കയിൽ ജോസഫ് മകൾ മോളിയെ വിവാഹം കഴിച്ചു. ഇരുവരും ഇപ്പോൾ അമേരിക്കയിൽ ന്യൂ ജേഴ്സിയിൽ ജോലി ചെയ്തുവരുന്നു. ഇവർക്ക് മഞ്ജു, രഞ്ജു എന്നീ രണ്ടു പെൺമക്കളാണ്. മൂത്തപുത്രി മഞ്ജു വിനെ ആലക്കോട് മാളിയേക്കൽ ജോസഫ് മകൻ ജെയിംസ് വിവാഹം കഴിച്ചു. ഇരുവരും നഴ്സുമാരായി അമേരിക്കയിൽ ജോലി ചെയ്തുവ രുന്നു. ഇളയ മകൾ രഞ്ജുവിനെ തൃശൂർ ടൗണിൽ രഞ്ജീഷ് വിവാഹം കഴിച്ചു. ഇരുവരും കംപ്യൂട്ടർ എൻജിനീയേഴ്സായി അമേരിക്കയിൽ ജോലി ചെയ്യുന്നു.

മാത്യു (മാത്തച്ചൻ)

മൂന്നാമത്തെ പുത്രൻ മാത്യു കോതമംഗലം മാർ അത്താനാസി യോസ് കോളജിൽനിന്നും എൻജിനീയറിംഗിൽ ബിരുദം നേടിയ ശേഷം ഭൂട്ടാനിൽ രണ്ടുവർഷം സേവനമനുഷ്ഠിച്ചു. തുടർന്നു കേരള പിഡ ബ്ല്യുഡിയിൽ പാലക്കാട്, ഇടുക്കി എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചു. മാത്യു ബൈസൺവാലി കോഴിപ്പൂനാനിക്കൽ ചാക്കോ മകൾ ആനിയെ വിവാഹം കഴിച്ച് തൊടുപുഴ വെങ്ങല്ലൂരിൽ താമസിച്ചുവരുന്നു. 1995 ജനുവരി രണ്ടാം തീയതി ഒരു വാഹനാപകടത്തിൽ മരണമടഞ്ഞു. തൊടുപുഴ തെനംകുന്ന് പള്ളി സെമിത്തേരിയിലുള്ള കുടുംബക്കല്ലറ യിൽ സംസ്കരിച്ചു. ഇവർക്ക് മനു, ജിതു എന്നീ രണ്ടു പുത്രന്മാരാണ്. പുത്രൻ മനു ഇലക്ട്രോണിക്സ് എൻജിനീയറിംഗ് പാസായശേഷം ബാംഗ്ളൂരിൽ മക്കാഫി എന്ന കമ്പനിയിൽ ജോലി ചെയ്യുന്നു. മനു കോതമംഗലം കുറുപ്പുംപടി നെടുമ്പുറത്ത് എൻ.വി.മാത്യു മകൾ ജിൻസി (ബി.ടെക്)യെ വിവാഹം കഴിച്ച് ബാംഗ്ളൂരിൽ താമസിക്കുന്നു.

പുത്രൻ ജിത്തു കോഴിക്കോട് റീജണൽ എൻജിനീയറിംഗ് കോള ജിൽനിന്നും ബി.ടെക് പാസായശേഷം ബാംഗ്ളൂർ സിസ്കോ എന്ന കമ്പനിയിൽ ജോലി ചെയ്തുവരുന്നു. ജിത്തു ബാംഗ്ളൂർ പുൽപറമ്പിൽ ജോളി സെബാസ്റ്റ്യൻ മകൾ നീതു (ബി.ടെക്) നെ വിവാഹം കഴിച്ചു.

എമ്മാനുവൽ (മാണിച്ചൻ)

മാത്യുവിന്റെ ഇളയ പുത്രനായ എമ്മാനുവൽ (മാണിച്ചൻ) തൊടു പുഴ ന്യൂമാൻ കോളജിൽനിന്നും ബി.എസ്സിയും കോട്ടയം മെഡിക്കൽ കോളജിൽനിന്നു എംബിബിഎസും എം.എസ്. സർജറിയും പാസായ ശേഷം തൊടുപുഴ സഹകരണ ആശുപത്രിയിലും തൊടുപുഴ താലൂക്ക് ആശുപത്രിയിലും സർജനായി സേവനമനുഷ്ഠിച്ചുവരുന്നു. തൊടുപുഴ റോട്ടറി ക്ലബ് പ്രസിഡന്റ്, ഐഎംഎ തൊടുപുഴ ബ്രാഞ്ച് പ്രസിഡന്റ്, ഐഎംഎ സംസ്ഥാന വൈസ് പ്രസിഡന്റ്, ഐഎംഎ ബ്ലഡ് ബാങ്ക് സ്ഥാപക സെക്രട്ടറി, കിഴക്കേക്കര കുടുംബയോഗം പ്രസിഡന്റ് എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. എമ്മാനുവൽ വാഴക്കുളം തയ്യിൽ മത്തായി മകൾ ഡോ. സുമിയെ വിവാഹം ചെയ്തു. ഡോ. സുമി മൂവാ റ്റുപുഴ താലൂക്കാശുപത്രിയിൽ അനസ്തേഷ്യ വിഭാഗം ഡോക്ടറായി

ജോലി ചെയ്യുന്നു. ഇവർക്ക് ജിതിൻ, നവീൻ എന്നീ രണ്ടു പുത്രന്മാരാണ്. ജിതിൻ തൃക്കാക്കര എൻജിനീയറിംഗ് കോളജിൽനിന്നും ബി.ടെക് പാസായശേഷം ബാംഗ്ളൂരിൽ യാഹൂ കമ്പനിയിൽ ജോലി ചെയ്യുന്നു. ഇളയ മകൻ നവീൻ തൃക്കാക്കര മോഡൽ എൻജിനീയറിംഗ് കോളജിൽ അവസാനവർഷ വിദ്യാർഥിയാണ്.



ആറാം തലമുറ, പുലിമലക്കുന്നേൽ, തൊമ്മൻ വൈദ്യന്റെ പ്രഥമ മകൻ വർക്കിയും ഭാര്യയും




ഏഴാം തലമുറ, പുലിമലക്കുന്നേൽ (ഇളംതോട്ടം) വർക്കിയുടെ മൂത്തപുത്രൻ തൊമ്മൻ ഭാര്യ മറിയം



തൊമ്മൻ മകൻ ജോർജ്ജും (കൊച്ച്) കുടുംബവും. ഭാര്യ ബ്രിജീത്ത, മകൻ തോമസ്, ഭാര്യ ലിൻസി, മക്കൾ



ഇളംതോട്ടത്തിൽ ജോർജ്ജിന്റെ മക്കൾ. 1) മേരി 2) അന്നമ്മ 3) വൽസ 4) തോമസ്



ഇളംതോട്ടത്തിൽ റവ. ഫാ. കെ.റ്റി. ജോസഫ് & സി. ലൂസി മരിയ

കെ.റ്റി. ഇട്ടിച്ചറിയ & ഫാമിലി

പരേതരായ മത്തായി & അന്നമ്മ

കെ.റ്റി. മാത്യുവും (മത്തച്ചൻ), കുടുംബാംഗങ്ങളും




പരേതരായ വർക്കി & മറിയം



കെ.വി. തോമസ് (തോമാച്ചൻ & ഫാമിലി)



കെ.വി. ജോസഫ് (കുട്ടിച്ചൻ) & ഫാമിലി, മരിയാപുരം



പരേതരായ ഉലഹന്നൻ ഭാര്യ ക്ലാര



K.J. GEORGE & MARIAM GEORGE




JOHNEY GEORGE, KOCHURANI,
GEORGEKUTTY & MINNU



SHAJI, RANI, MARGARET & ROSE



K.J. JOSE & FAMILY




TIPSY THUDIYAMPLACKAL & FAMILY




MATEHW (BABICHAN) & FAMILY



K.C. CHERIAN, SON : JOY & FAMILY



MANUEL CHERIAN & FAMILY



TOMY CHERIAN & FAMILY

പുലിമലക്കുന്നേൽ

പാവനസ്മരണയ്ക്ക്



പരേതരായ കെ.റ്റി. മാത്യു പുലിമലക്കുന്നേൽ ഭാര്യ ഏലിക്കുട്ടി






ജോസ്, വത്സമ്മ, സൗമ്യ, സച്ചിൻ, ജിൽസ്, സാന്ദ്ര, സ്രേയ



ജോണി, സിനി, ഷെറിൻ, ജെറിൻ



വർക്കിച്ചൻ, വത്സമ്മ, സോണി, സിസി, അമൽ ജിയോ, ആൻ ഗോസ്, സുമ, സിമി



കിഴക്കേക്കര
കരോട്ടേവീട്ടിൽ കുടുംബം

കരോട്ടേവീട്ടിൽ ശാഖ (നാലാം തലമുറ)

മൂന്നാം തലമുറ കരോട്ടേവീട്ടിൽ ഇട്ടിയയ്പിന്റെ അഞ്ചാമത്തെ പുത്രൻ വർക്കി നാകനൂലിൽ കുന്നുമ്പുറത്തുനിന്നും വിവാഹംചെയ്ത് തറവാട്ടിൽ താമസിച്ചു. അദ്ദേഹത്തിനു ഇട്ടിയയ്പ്, തൊമ്മൻ, ഉലഹന്നൻ, വർക്കി എന്നിങ്ങനെ നാലു പുത്രന്മാരും, ഏലി, മറിയം എന്ന രണ്ടു പുത്രിമാരും ജനിച്ചു. ഏലിയെ പാലായിൽ പടിഞ്ഞാറെ തയ്യിലും, മറിയത്തിനെ പാലായിൽ പുതുപ്പള്ളിലും വിവാഹം ചെയ്തയച്ചു.

പ്രഥമപുത്രൻ ഇട്ടിയയ്പ് കാഞ്ഞിരപ്പള്ളിൽ കിഴക്കേത്തലയ്ക്കൽനിന്നു വിവാഹം ചെയ്തുവെങ്കിലും മക്കളില്ലാതെ മരിച്ചു. ദ്വിതീയപുത്രൻ തൊമ്മൻ (വൈദ്യൻ) അയർക്കുന്നത്ത് കുടുകുശ്ശേരിൽനിന്നും വിവാഹം ചെയ്ത് പുലിമലക്കുന്നേൽ താഴെ താമസിച്ചു. തൊമ്മന് വർക്കി, തൊമ്മൻ എന്ന രണ്ടു പുത്രന്മാരും മറിയം, അന്ന, റോസ എന്ന മൂന്നു പുത്രിമാരും ജനിച്ചു. പുത്രി മറിയത്തിനെ കിഴത്തടിയൂർ കരയിൽ ഇല്ലിമൂട്ടിൽ പാപ്പൻ വിവാഹം ചെയ്തു. കേരള സ്റ്റേറ്റ് അസംബ്ലി സെക്രട്ടറിയായിരുന്ന ശ്രീ. കെ.കുരുവിള ബി.എ, അവരുടെ ഏക പുത്രനാണ്. രണ്ടാമത്തെ പുത്രി അന്നയെ ആദ്യം മേവീടകരയിൽ മാതവപ്പള്ളിൽ വിവാഹം ചെയ്തു. ഭർത്താവ് മരിക്കയാൽ ഇലഞ്ഞിയിൽ പള്ളിക്കാപ്പറമ്പിൽ കൊറ്റനാട്ടു മാത്തനും മൂന്നാമത്തെ പുത്രി റോസയെ ഭരണങ്ങാനത്തു പ്ലാത്തോട്ടത്തിൽ മാണിയും വിവാഹം ചെയ്തു.

ഇളന്തോട്ടത്തിൽ വർക്കി (ആറാം തലമുറ)

അഞ്ചാം തലമുറ - പുലിമലക്കുന്നേൽ തൊമ്മൻ വൈദ്യന്റെ പ്രഥമപുത്രൻ വർക്കി കരൂർ പനമറ്റത്തു കൂന്താനത്ത് വർക്കിയുടെ മകൾ മറിയത്തിനെ വിവാഹം ചെയ്ത് ഇളന്തോട്ടം മീനത്തേൽ മൂലപുരയിടത്തിൽ താമസമാക്കി. അദ്ദേഹവും മറ്റു ചിലരും ചേർന്ന് ഇളപ്പുകല്ലുങ്കൽ കുറേക്കാലം കൈത്തറിത്തുണി നെയ്ത്തു നടത്തി. വർക്കിക്ക്

തൊമ്മൻ, വർക്കി, ഇട്ടിയയ്പ്, ഉലഹന്നൻ, മത്തായി, ചെറിയാൻ എന്ന ആറു പുത്രന്മാരും റോസ, മറിയം, അന്നമ്മ എന്നീ മൂന്നു പുത്രിമാരും ജനിച്ചു. പുത്രി റോസയെ പാലായിൽ തുമ്പശ്ശേരിൽ ജോസഫിന്റെ മകൻ ജോസഫും മറിയത്തിനെ പാലായിൽ മാതോത്തു അന്തോനിയുടെ മകൻ മാണിയും അന്നമ്മയെ പടിഞ്ഞാറേക്കര ശാഖയിൽപ്പെട്ട കളപ്പുരയ്ക്കൽ തൊമ്മന്റെ മകൻ ജോസഫും വിവാഹം ചെയ്തു.

തൊമ്മൻ (ഏഴാം തലമുറ)

പ്രഥമ പുത്രൻ തൊമ്മൻ പ്രവിത്താനത്ത് കാര്യാങ്കൽ അബ്രാഹത്തിന്റെ മകൾ മറിയത്തിനെ വിവാഹം ചെയ്ത് മനയ്ക്കക്കണ്ടത്തിൽ താമസിച്ചു. അദ്ദേഹത്തിനു വർക്കി, ഇട്ടിച്ചെറിയ, തൊമ്മൻ, ജോസഫ് മാത്യു, ജോൺ എന്ന ആറു പുത്രൻമാരും മറിയം എന്നൊരു പുത്രിയും ജനിച്ചു. പുത്രി മറിയം (സിസ്റ്റർ ലൂസി മരിയ) നെല്ലിയാനി ആരാധന മഠത്തിൽച്ചേർന്നു കന്യാസ്ത്രീയായി. തൊമ്മൻ 10.12.1995 ൽ 92-ാമത്തെ വയസ്സിൽ മരണമടഞ്ഞു. കുറുമണ്ണ് സെന്റ് ജോൺസ് പള്ളിയിൽ സംസ്കരിച്ചു.

ജോർജ്ജ് (എട്ടാം തലമുറ)

തൊമ്മന്റെ ഒന്നാമത്തെ പുത്രൻ ജോർജ്ജ് (കൊച്ച്) പൂവരണി ചിലമ്പിൽ ബ്രിജീത്തയെ വിവാഹം ചെയ്ത് ഇടുക്കിയിൽ താമസിച്ചു. എന്നാൽ ഇപ്പോൾ ഇടുക്കിയിലെ സ്ഥലം വിറ്റ് ഇളംതോട്ടത്തിലുള്ള തറവാട് വീട്ടിലാണ് താമസം. ഇവർക്കു തോമസ് എന്ന ഒരു പുത്രനും മേരി, അന്ന, ബ്രിജീത്ത് എന്നീ മൂന്നു പുത്രിമാരും ഉണ്ട്.

ജോർജ്ജിന്റെ പുത്രൻ തോമസ് (തോംസൺ) എഴുകുംവയൽ കല്ലുപുരയ്ക്കകത്ത് കെ.എൽ.ജോൺ, ലില്ലിക്കുട്ടി മകൾ ലിൻസിയെ വിവാഹം ചെയ്ത് ഇളംതോട്ടത്തിൽ പിതാവിന്റെ കൂടെ താമസിക്കുന്നു. ഇവർക്ക് ബ്രിജീത്ത് (ടീന), മരിയ, അലീന (ക്ലാര), ആൻമരിയ എന്നീ നാലു പുത്രിമാരുണ്ട്. പുത്രി ടീന ബാംഗ്ളൂർ ഐ.ടി.കമ്പനിയിൽ ജോലി ചെയ്യുന്നു. ബാക്കി മൂന്നു മക്കളും പഠിക്കുന്നു.

ജോർജ്ജിന്റെ (കൊച്ച്) മൂത്ത് പുത്രി മേരിയെ പടിഞ്ഞാറേ കോടിക്കുളം കാട്ടാംകോട്ടിൽ പൈലിയുടെ മകൻ ജോൺ വിവാഹം ചെയ്തു.

രണ്ടാമത്തെ പുത്രി അന്നമ്മയെ ചെങ്ങളം പുരയിടത്തിൽ കുഞ്ഞുവുത - അന്ന ദമ്പതികളുടെ മകൻ ജോസഫ് പി.ജെ. (ജോയി) വിവാഹം

ചെയ്ത് തൊടുപുഴ മഞ്ഞക്കടമ്പിൽ താമസിക്കുന്നു.

മൂന്നാമത്തെ പുത്രി ബ്രിജിറ്റ് (വത്സമ്മ) യെ ഉടുമ്പന്നൂർ കിഴക്കമ്പാടം പുലിതൂക്കിൽ തൊമ്മൻ - ഏലി ദമ്പതികളുടെ മകൻ പി.ടി.ജോസഫ് (ജോസ്) വിവാഹം ചെയ്തു.

ഇട്ടിച്ചെറിയ

തൊമ്മന്റെ രണ്ടാമത്തെ പുത്രൻ ഇട്ടിച്ചെറിയ മുട്ടുചിറ നീരാക്കൽ ചാക്കോയുടെ മകൾ മറിയമ്മയെ വിവാഹം ചെയ്ത് പാലാ ചേർപ്പുങ്കൽ താമസിക്കുന്നു. ഇട്ടിച്ചെറിയക്ക് ദീപു, അലക്സ് എന്നീ രണ്ട് ആൺമക്കളു ദിൽ, ദിനു എന്നീ രണ്ടു പുത്രിമാരുമാണ്.

ഇട്ടിച്ചെറിയയുടെ മൂത്തപുത്രൻ ദീപു മുട്ടാർകരയിൽ പറമ്പത്ത് വീട്ടിൽ ചെറിയാന്റെ മകൾ ജൂലിയെ വിവാഹം ചെയ്ത് യു.കെയിൽ ജോലി ചെയ്യുന്നു. ഇവർക്ക് ഡോൺ എന്ന ആൺകുട്ടിയുണ്ട്.

രണ്ടാമത്തെ പുത്രൻ അലക്സ് വാഴത്തോപ്പ് വട്ടയ്ക്കൽ ജോർജിന്റെ മകൾ റെജിയെ വിവാഹം ചെയ്തു. അലക്സ് എറണാകുളത്ത് മൊബൈൽ ടെക്നീഷ്യനായി ജോലി ചെയ്യുന്നു.

മൂത്ത മകൾ ദിൽനെ മൂലമറ്റത്ത് മനയാനിക്കൽ കുരുവിളയുടെ മകൻ റോയി വിവാഹം ചെയ്തു. ഇവർക്ക് രണ്ടാൺമക്കളുണ്ട്.

രണ്ടാമത്തെ മകൾ ദിനുവിനെ പുനലൂർ മുരിക്കൻവീട്ടിൽ ജോസഫ് (പ്രേം) വിവാഹം ചെയ്തു. ഇവർ രണ്ടുപേരും അബുദാബിയിൽ ജോലി ചെയ്യുന്നു. ഇവർക്ക് രണ്ടാൺമക്കളും ഒരു പുത്രിയുമുണ്ട്.

തോമസ്

തൊമ്മന്റെ മൂന്നാമത്തെ പുത്രൻ തോമസ് (കുഞ്ഞമ്മൻ) പാലാ കരൂർ ഞാവള്ളി പുത്തൻപുര ഇട്ടിയവിരാ - മറിയക്കുട്ടി ദമ്പതികളുടെ മകൾ അന്ന (കുട്ടിയമ്മ) യെ വിവാഹം ചെയ്ത് കുറുമണ്ണിലുള്ള പിതൃഗൃഹത്തിൽ താമസിക്കുന്നു. ഇവർക്ക് തോമസ് (റിന്റോ), പ്രിൻസ് (ഇട്ടിയവിര), മേരി (പ്രീന), അന്ന (പ്രിയ), അൽഫോൻസാ, റോസ (റോസിലി), ഏലി (പ്രിൻസി) എന്നീ അഞ്ചു പുത്രിമാരുണ്ട്.

മൂത്ത പുത്രി പ്രീനയെ മരങ്ങോലി കുരീക്കാട്ടുപാറ ജോർജിന്റെ മകൻ ജോസ് വിവാഹം ചെയ്തു.

രണ്ടാമത്തെ പുത്രി പ്രിയയെ പ്ലാശനാൽ ആലപ്പാട്ട് കുന്നേൽ ജോസിന്റെ മകൻ സോബിൻ വിവാഹം ചെയ്തു. പ്രിയ സൗദിയിൽ നഴ്സായി ജോലി ചെയ്യുന്നു. തോമസിന്റെ ബാക്കി മക്കൾ പഠിക്കുന്നു.

റവ. ഫാ. കെ.ടി. ജോസഫ്

തൊമ്മന്റെ നാലാമത്തെ പുത്രൻ ജോസഫ് (റവ. ഫാ. കെ.ടി.ജോസഫ്) ജബൽപൂർ മിഷ്യനിൽ ചേർന്ന് വൈദികനായി.

മാത്യു (മത്തച്ചൻ)

തൊമ്മന്റെ അഞ്ചാമത്തെ പുത്രൻ മാത്യു കിഴക്കേക്കര ശാഖയിൽപ്പെട്ട പീടിക കൈതോലിൽ തൊമ്മന്റെ മകൾ ഏലിയെ (തങ്കമ്മ) വിവാഹം ചെയ്ത് തേന്മാരിയിൽ താമസിക്കുന്നു. ഇവർക്ക് ഷൈനി, മിനി, ആൽഫിൻ എന്നീ മൂന്നു പുത്രിമാരാണുള്ളത്.

മാത്യുവിന്റെ ഒന്നാമത്തെ പുത്രി ഷൈനിയെ വണ്ടമറ്റം കരയിൽ വണ്ടനാക്കര വീട്ടിൽ ചെറിയാൻ മകൻ ജെയിംസ് വിവാഹം ചെയ്തു.

രണ്ടാമത്തെ പുത്രി മിനിയെ നാഗപ്പുഴ കുഴികണ്ണിയിൽ വീട്ടിൽ ജോസഫ് മകൻ പയസ് വിവാഹം ചെയ്തു. ഇരുവരും ഇംഗ്ലണ്ടിൽ ജോലി ചെയ്യുന്നു.

മൂന്നാമത്തെ പുത്രി ആൽഫിനെ അങ്കമാലി കുളങ്ങാട്ടിൽ വീട്ടിൽ യോഹന്നാൻ മകൻ എൽദോ വിവാഹം ചെയ്തു. ഇരുവരും ഗൾഫിൽ ജോലി ചെയ്യുന്നു.

കെ.റ്റി. ജോൺ

തൊമ്മന്റെ ആറാമത്തെ പുത്രൻ ജോൺ ബിഎസ്സി ബി.എഡ് മൂലമറ്റം വരിക്കമാക്കൽ കുര്യന്റെ മകൾ മേരിക്കുട്ടിയെ വിവാഹം ചെയ്ത് ഇടുക്കി കുതിരക്കല്ലിൽ താമസിക്കുന്നു. ജോൺ അധ്യാപകനായി റിട്ടയർ ചെയ്തു. ജോണിനു ടോണി എന്ന പുത്രനും മനു മരിയ, അനു അന്ന എന്നീ രണ്ടു പെൺമക്കളുമാണ്. പുത്രൻ ടോണി നഴ്സിംഗ് പാസായി. മനു മരിയ യുഎസ്എയിൽ ബിഎസ്സി നഴ്സിംഗിനു പഠിക്കുന്നു. അനു അന്ന ബി.എസ്സി നഴ്സിംഗ് കഴിഞ്ഞ് ബാംഗ്ളൂരിൽ ജോലി ചെയ്യുന്നു.

വർക്കി (ഏഴാം തലമുറ)

ഇളംതോട്ടത്തിൽ വർക്കിയുടെ രണ്ടാമത്തെ പുത്രൻ വർക്കി കാണിയക്കാട്ടുകരയിൽ കടുമ്പുകാട്ടിൽ വാക്യത്തനാൽ ഔതയുടെ മകൾ മറിയത്തിനെ വിവാഹം ചെയ്ത് തെക്കേ ഇളംതോട്ടം പുരയിടത്തിലുണ്ടായിരുന്ന നെയ്ത്താഫീസ് പുതുക്കി താമസിച്ചു. വർക്കിക്ക് വർഗീസ് (വക്കച്ചൻ), ജോസഫ് (കുട്ടിച്ചൻ), തോമസ് എന്നീ മൂന്നു പുത്രന്മാരും മറിയാമ്മ, അന്ന, ചിന്നമ്മ, ലീലാമ്മ എന്നീ നാലു പുത്രിമാരും ജനിച്ചു. വർക്കി 02.03.1993 ൽ 91-ാമത്തെ വയസ്സിൽ മരണമടഞ്ഞു. ഇളംതോട്ടം പള്ളിയിൽ സംസ്കരിച്ചു.

മൂത്തപുത്രി മറിയത്തിനെ ഇടമറുകിൽ ചീരാംകുഴിയിൽ മാണിയുടെ മകൻ ചെറിയാൻ വിവാഹം ചെയ്തു.

അന്നയും (സിസ്റ്റർ സ്റ്റെല്ലാ മരിയ), ചിന്നമ്മയും (സിസ്റ്റർ ട്രീസാ) ലീലാമ്മ (സിസ്റ്റർ ടെസി) യും ചങ്ങനാശേരി വാഴപ്പള്ളി ആരാധന മഠത്തിൽ ചേർന്ന് കന്യാസ്ത്രീകളായി.

വർഗീസ് (എട്ടാം തലമുറ)

വർക്കിയുടെ മൂത്ത പുത്രൻ വർഗീസ് (വക്കച്ചൻ) കോട്ടാങ്ങൽ ചുങ്കപ്പാറ പനന്തോട്ടത്തിൽ ത്രേസ്യയെ (ലില്ലിക്കുട്ടി) വിവാഹം ചെയ്ത് അരുണാപുരത്ത് താമസിക്കുന്നു. വർഗീസിനു വർഗീസ് (പ്രിൻസ്), ജയൻ വർഗീസ് എന്നീ രണ്ടു പുത്രന്മാരും ബ്രൈറ്റി എന്ന പുത്രിയുമുണ്ട്. വർഗീസ് 2009 ഒക്ടോബർ 24നു മരണമടഞ്ഞു. അരുണാപുരം പള്ളി സെമിത്തേരിയിലുള്ള കുടുംബക്കല്ലറയിൽ സംസ്കരിച്ചു.

വർഗീസിന്റെ ഒന്നാമത്തെ പുത്രൻ പ്രിൻസ് കടപ്ലാമറ്റം പന്നിക്കാട്ടേൽ വർക്കി, ക്ലാരമ്മ ദമ്പതികളുടെ മകൾ ഷാന്റിയെ വിവാഹം ചെയ്തു. ഇവർക്ക് എസ്തേർ, എലിസബത്ത് എന്നീ രണ്ടു പുത്രിമാരുണ്ട്. ഇവർ കുഞ്ഞുങ്ങളാണ്.

രണ്ടാമത്തെ പുത്രൻ ജയൻ കട്ടപ്പന തൈപ്പറമ്പിൽ ജോസ്, എൽസ ദമ്പതികളുടെ മകൾ അനുവിനെ വിവാഹം ചെയ്തു. ഇവർക്ക് എയ്ഡൻ എന്ന പുത്രനുണ്ട്. ഇരുവരും തിരുവനന്തപുരം ടെക്നോപാർക്കിൽ ജോലി ചെയ്യുന്നു.

വർഗീസിന്റെ പുത്രി ബ്രൈറ്റിയെ അമ്പാറനിരപ്പേൽ ഇലവുങ്കൽ തോമസ്- മേരി ദമ്പതികളുടെ മകൻ ജോർജ്ജ് വിവാഹം കഴിച്ചു.

ജോസഫ് (കുട്ടിച്ചൻ)

വർക്കിയുടെ രണ്ടാമത്തെ പുത്രൻ ജോസഫ് (കുട്ടിച്ചൻ) പൂവരണിയിൽ പുല്ലാട്ട് ചെറിയാന്റെ മകൾ ത്രേസ്യയെ വിവാഹം ചെയ്ത് ഇടുക്കി മരിയാപുരത്ത് താമസിക്കുന്നു. ജോസഫിനു വർക്കി (സോജൻ), ഔസേപ്പ് (ജോണി), തോമസ് (റിച്ചാർഡ്), ചെറിയാൻ (ജോമോൻ) എന്നീ നാലു പുത്രന്മാരും മറിയം, അന്ന, ത്രേസ്യ എന്നീ മൂന്നു പുത്രിമാരുമാണ്.

ജോസഫിന്റെ മൂത്തപുത്രൻ സോജൻ (വർക്കി) ഉപ്പുതോട് പ്ലാത്തോട്ടത്തിൽ പാപ്പച്ചന്റെ മകൾ സജിയെ വിവാഹം ചെയ്തു. ഇടുക്കി കരിമ്പനിൽ താമസിക്കുന്നു. ഇവർക്ക് എഡ്വിൻ എന്ന ആൺകുട്ടിയും എമിലി എന്ന പെൺകുട്ടിയുമുണ്ട്. ഇവർ പഠിക്കുന്നു. സോജൻ കരിമ്പനിൽ മുത്തൂറ്റ് ബാങ്ക് മാനേജരായി ജോലി ചെയ്യുന്നു.

രണ്ടാമത്തെ പുത്രൻ ഔസേപ്പ് (ജോണി) പെരുവന്താനത്ത് വാണിയപ്പുരക്കൽ ആനിയെ വിവാഹം ചെയ്ത് കാഞ്ഞിരപ്പള്ളിയിൽ താമസിക്കുന്നു. ആനി കാഞ്ഞിരപ്പള്ളി സ്കൂളിൽ ടീച്ചറായി ജോലി ചെയ്യുന്നു. ജോണിക്ക് ഡോൺ എന്ന പുത്രനും ഡിയാ, മേഘ എന്നീ രണ്ടു പുത്രിമാരുമാണ്. മൂന്നുപേരും പഠിക്കുന്നു.

മൂന്നാമത്തെ പുത്രൻ തോമസ് (റിച്ചാർഡ്) വെട്ടിമറ്റത്ത് മഠത്തിൽ മാത്യുവിന്റെ മകൾ ലിന്റയെ വിവാഹം ചെയ്ത് തൊടുപുഴയിൽ താമസിക്കുന്നു. റിച്ചാർഡ് സിവിൽ സപ്ലൈസിൽ ജോലി ചെയ്യുന്നു. ഭാര്യ ലിന്റാ തൊടുപുഴ ജയ്റാണി സ്കൂളിൽ അധ്യാപികയാണ്. ഇവർക്ക് ലോയിഡ്, ലിയാൻ എന്നീ രണ്ട് ആൺമക്കളുണ്ട് ഇരുവരും കൊച്ചുകുട്ടികളാണ്.

നാലാമത്തെ പുത്രൻ ചെറിയാൻ (ജോമോൻ) അവിവാഹിതനാണ്.

ജോമോൻ കരിമണ്ണൂരിൽ റബ്ബർ ബിസിനസ് ചെയ്യുന്നു. പിതാവിന്റെ കൂടെ താമസിക്കുന്നു. ജോസഫിന്റെ മൂത്തപുത്രി മറിയത്തിനെ (ലൗലി) ഉടുമ്പന്നൂർ പഴയിടത്ത് തോമസിന്റെ മകൻ ജയിംസ് വിവാഹം ചെയ്തു.

രണ്ടാമത്തെ പുത്രി അന്നയെ (ലൈസ) ഇടവെട്ടി ഞാളൂർ വർഗീസിന്റെ മകൻ ഷാജി വിവാഹം ചെയ്തു.

മൂന്നാമത്തെ പുത്രി ത്രേസ്യ (ബിജി)യെ കൊടുവേലി മഠത്തിൽ ചാക്കോയുടെ മകൻ ജോസഫ് (പ്രകാശ്) വിവാഹം ചെയ്തു.

തോമസ് (തോമാച്ചൻ)

വർക്കിയുടെ മൂന്നാമത്തെ പുത്രൻ തോമസ് (തോമാച്ചൻ) നീലൂർ തച്ചാമ്പുറത്ത് റോസ (കുട്ടിയമ്മ) യെ വിവാഹം ചെയ്തു തറവാട്ടിൽ താമസിക്കുന്നു. തോമസിനു വർക്കി (ജയിസൺ) എന്ന പുത്രനും മറിയം (ജെസി), കൊച്ചുത്രേസ്യ (ജയ) എന്നീ രണ്ടു പുത്രിമാരുമാണ്.

പുത്രൻ ജയിസൺ മേവിട അഞ്ചേരിൽ എ.സി.അബ്രാഹം - മേരിമ്മ ദമ്പതികളുടെ മകൾ ലിറ്റിയെ വിവാഹം ചെയ്തു. പിതൃഗൃഹത്തിൽ താമസിക്കുന്നു. ഇവർക്ക് എയ്മിറോസ്, അകിൽ എന്നീ രണ്ടു മക്കളാണ്. ഇവർ കുഞ്ഞുങ്ങളാണ്.

തോമസിന്റെ മൂത്തപുത്രി ജസിയെ മുതലക്കോടം കുഴിപ്പിള്ളിൽ ഔസേപ്പ് മോളി ദമ്പതികളുടെ മകൻ രാജേഷ് വിവാഹം ചെയ്തു.

രണ്ടാമത്തെ പുത്രി ജയ ഏറ്റുമാനൂരിൽ ഏറ്റുമാനൂരപ്പൻ കോളജിൽ ലക്ചററാണ്.

റവ. ഫാ. വെർണർ സി.എം.ഐ.

ഇളംതോട്ടത്തിൽ വർക്കിയുടെ മൂന്നാമത്തെ പുത്രൻ ഇട്ടി ഐപ്പ് (റവ. ഫാ. വെർണർ സിഎംഐ) 1945ൽ 32-ാമത്തെ വയസിൽ മരിച്ചു. ചെത്തിപ്പുഴ ആശ്രമദേവാലയത്തിൽ സംസ്കരിക്കപ്പെട്ടു.

ഉലഹന്നൻ (ഏഴാം തലമുറ)

ഇളംതോട്ടത്തിൽ വർക്കിയുടെ നാലാമത്തെ പുത്രൻ ഉലഹന്നൻ (കുഞ്ഞിലോ) ഇളംതോട്ടം തെക്കേക്കണ്ടത്തിൽ ഔസേപ്പിന്റെ മകൾ ക്ലാരയെ വിവാഹം ചെയ്ത് വെള്ളിയാമറ്റത്ത് താമസിച്ചു. ഉലഹന്നൻ 1995 സെപ്റ്റംബർ 30-ാം തീയതി 84-ാമത്തെ വയസ്സിൽ മരണമടഞ്ഞു. വെള്ളിയാമറ്റം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

ഉലഹന്നനു ജോർജ് (ഞൂഞ്ഞ്), ജോസ്, മാത്യു (ബേബിച്ചൻ) എന്നീ മൂന്നു പുത്രന്മാരും മേരി, ഏലി, അന്ന, റോസമ്മ എന്നീ നാലു പുത്രിമാരുമാണ്.

ഉലഹന്നന്റെ മൂത്തപുത്രി മേരിയെ കുറുമണ്ണിൽ വരിക്കമാക്കൽ

മത്തായിയുടെ മകൻ മാണി വിവാഹം ചെയ്തു.

രണ്ടാമത്തെ പുത്രി ഏലി (സിസ്റ്റർ മേരി പ്രീമാ) കരൂർ കർമ്മലീത്താ മഠത്തിൽ ചേർന്നു കന്യാസ്ത്രീയായി.

മൂന്നാമത്തെ പുത്രി അന്നയെ എലിക്കുളത്ത് പവ്വത്തുവീട്ടിൽ മാത്യുവിന്റെ മകൻ സെബാസ്റ്റ്യൻ വിവാഹം ചെയ്തു.

നാലാമത്തെ പുത്രി റോസമ്മയെ ചെപ്പുകുളം കുമ്പളാങ്കൽ ജോസഫിന്റെ മകൻ കെ.ജെ.ദേവസ്യ വിവാഹം കഴിച്ചു. ഇവർ ഇപ്പോൾ അറക്കുളത്ത് താമസിക്കുന്നു. ദേവസ്യ തിരുവനന്തപുരം ഐ.എസ്. ആർ.ഒ.യിൽ സയിന്റിസ്റ്റായിരുന്നു. ഇപ്പോൾ റിട്ടയർ ചെയ്തു.

ജോർജ്ജ് (ഞൂഞ്ഞ്)

ഉലഹന്നാന്റെ ഒന്നാമത്തെ പുത്രൻ ജോർജ് (ഞൂഞ്ഞ്) ഏഴാച്ചേരി കരിങ്ങോഴക്കൽനിന്നു ദത്തുവന്ന ഞാവള്ളിൽ ഔസേപ്പിന്റെ മകൾ മറിയത്തിനെ വിവാഹം ചെയ്ത് വെട്ടിമറ്റത്ത് താമസിക്കുന്നു. ഇവർക്ക് ജോൺ (ജോണി), മാത്യു (ഷാജി) എന്നീ രണ്ടു പുത്രന്മാരും ക്ലാരിസ് (സാലിമ്മ) എന്ന പുത്രിയുമുണ്ട്.

ജോൺ (ജോണി)

ജോർജ്ജിന്റെ ഒന്നാമത്തെ പുത്രൻ ജോൺ (ജോണി) ഭരണങ്ങാനം വാളിപ്ലാക്കൽ ജോസഫിന്റെ മകൾ കൊച്ചുറാണിയെ വിവാഹം ചെയ്ത് ഇളംദേശത്ത് താമസിക്കുന്നു. ജോണിക്ക് ജോർജുകുട്ടി എന്ന പുത്രനും മിന്നു എന്ന പുത്രിയുമുണ്ട്. ഇരുവരും പഠിക്കുന്നു. ജോണി അനുജൻ ഷാജിയുമൊത്ത് കലയന്താനിയിൽ റബ്ബർ ബിസിനസ് ചെയ്യുന്നു. കൂടാതെ പന്നിമറ്റം കെ.എ.ലാറ്റക്സ് റബ്ബർ ഫാക്ടറിക്കു തോട്ടങ്ങളിൽനിന്നും റബ്ബർപാൽ സംഭരിച്ചു നൽകുന്ന ബിസിനസുമുണ്ട്.

മാത്യു (ഷാജി)

ജോർജ്ജിന്റെ രണ്ടാമത്തെ പുത്രൻ മാത്യു (ഷാജി) മൂലമറ്റത്ത് മനയാനിക്കൽ കുരുവിള മകൾ റാണിയെ വിവാഹം ചെയ്ത് പിതൃഗൃഹത്തിൽ താമസിക്കുന്നു. ഷാജിക്ക് മാർഗരറ്റ്, റോസ് എന്നീ രണ്ടു പെൺമക്കളാണ്. ഇരുവരും പഠിക്കുന്നു.

ജോർജ്ജിന്റെ പുത്രി ക്ലാരിസ് (സാലിമ്മ) അരിക്കുഴ ചിറ്റൂരിൽ താനത്തുപറമ്പിൽ ഡൊമനിക് മകൻ മാത്യു വിവാഹം ചെയ്തു. ഇവർ ഇപ്പോൾ പൂയംകുട്ടിയിലാണ് താമസം.

ജോസഫ് (ജോസ്)

ഉലഹന്നാന്റെ രണ്ടാമത്തെ പുത്രൻ ജോസഫ് (ജോസ്) മുട്ടം വരിക്കമാക്കൽ ജോസഫിന്റെ മകൾ അന്നക്കുട്ടിയെ വിവാഹം ചെയ്ത് വെള്ളിയാമറ്റത്ത് താമസിക്കുന്നു. ജോസിന് റ്റിജോ, ജോബിൻ എന്നീ രണ്ടു പുത്രന്മാരും റ്റിപ്സി എന്ന പുത്രിയുമുണ്ട്.

ജോസിന്റെ ഒന്നാമത്തെ പുത്രൻ റ്റിജോ വടക്കാഞ്ചേരി മുണ്ടാട്ടുചുണ്ടയിൽ ജോൺസന്റെ മകൾ ഡോണയെ വിവാഹം ചെയ്തു. ഇരുവരും ആസ്ട്രേലിയയിൽ ജോലി ചെയ്യുന്നു. ഇവർക്ക് റിച്ചാർഡ് എന്നൊരു പുത്രനുണ്ട്.

ജോസിന്റെ രണ്ടാമത്തെ പുത്രൻ ജോബിൻ എലിവാലി വെള്ളരിങ്ങാട്ട് വക്കച്ചന്റെ മകൾ അനുവിനെ വിവാഹം ചെയ്ത് പുതൃഗൃഹത്തിൽ താമസിക്കുന്നു. ജോബിന് ഹന്ന എന്നൊരു പുത്രിയുണ്ട്.

ജോസിന്റെ പുത്രി റ്റിപ്സിയെ പാലാ തുടിയംപ്ലാക്കൽ മാത്യുവിന്റെ മകൻ ജസ്റ്റിൻ വിവാഹം ചെയ്തു. ഇരുവരും അമേരിക്കയിൽ ജോലി ചെയ്യുന്നു. ഇവർക്ക് മൂന്നു പുത്രിമാരുണ്ട്.

മാത്യു (ബേബിച്ചൻ)

ഉലഹന്നാന്റെ മൂന്നാമത്തെ പുത്രൻ മാത്യു (ബേബിച്ചൻ) പുവരണി കുമ്പളന്താനത്ത് ചെറിയാന്റെ മകൾ റോസമ്മയെ വിവാഹം ചെയ്ത് പിതൃഗൃഹത്തിൽ താമസിക്കുന്നു. മാത്യുവിനു ജോൺ (ജെൻസ്), ജോസ് എന്നീ രണ്ടു പുത്രന്മാരും ജിൻസി എന്ന പുത്രിയുമുണ്ട്.

പുത്രൻ ജോൺ (ജെൻസ്) പഴയന്നൂർ മുണ്ടാട്ടുചുണ്ടയിൽ ജോസ് മകൾ അനുവിനെ വിവാഹം ചെയ്തു. ജെൻസ് ഡെൻമാർക്കിലും അനു റിയാദിലും ജോലി ചെയ്യുന്നു. ജോസ് വിദ്യാർഥിയാണ്. ജിൻസി നഴ്സിംഗ് പഠനം കഴിഞ്ഞ് ജോലി ചെയ്യുന്നു.

മത്തായി

ഇളംതോട്ടത്തിൽ വർക്കിയുടെ അഞ്ചാമത്തെ പുത്രൻ മത്തായി

പാലായിൽ തുമ്പശ്ശേരിൽ വർക്കിയുടെ മകൾ അന്നയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിച്ചു. അദ്ദേഹത്തിനു സന്താനങ്ങൾ ഇല്ല. മത്തായിയും അന്നയും മരണമടഞ്ഞു. ഇളംതോട്ടം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. മത്തായി ഒരു പരോപകാര തൽപ്പരനായിരുന്നു. കുടുംബയോഗം മുൻ പ്രസിഡന്റുമാണ്. മത്തായി 7.05.1994ൽ 78-ാമത്തെ വയസ്സിൽ മരണമടഞ്ഞു.

ചെറിയാൻ

ഇളംതോട്ടത്തിൽ വർക്കിയുടെ ആറാമത്തെ പുത്രൻ ചെറിയാൻ (കുഞ്ഞ്) ഇളങ്ങുളത്ത് ചീരാംകുഴിയിൽ മാണിയുടെ മകൾ മറിയത്തിനെ വിവാഹം ചെയ്ത് വെള്ളിയാമറ്റത്ത് താമസിക്കുന്നു. ചെറിയാനു ജോർജ്, മാണി, ചെറിയാൻ (റ്റോമി), ജോസഫ് (ജോയി) എന്നീ നാലു പുത്രന്മാരും മേരി, റോസ, ത്രേസ്യ, അന്ന എന്നീ നാലു പുത്രിമാരുമുണ്ട്.

മൂത്തപുത്രി മേരിയെ മരങ്ങാട്ടുപള്ളിയിൽ തൊണ്ടിക്കൽ ചാക്കോയുടെ മകൻ കുര്യൻ വിവാഹം കഴിച്ചു.

രണ്ടാമത്തെ പുത്രി റോസയെ മരങ്ങാട്ടുപള്ളി മുഞ്ഞനാട്ട് തോമസ് വിവാഹം കഴിച്ചു. മൂന്നാമത്തെ പുത്രി ത്രേസ്യയെ (തങ്കമ്മ) വെട്ടിമറ്റത്ത് മാമ്മൂട്ടിൽ ജോൺ വിവാഹം ചെയ്തു. നാലാമത്തെ പുത്രി റോസയെ പാലായിൽ കവീക്കുന്ന് ചീരാംകുഴിയിൽ മത്തായിയുടെ മകൻ ജോസ് വിവാഹം ചെയ്തു.

ജോർജ്ജ്

ചെറിയാന്റെ മൂത്തപുത്രൻ ജോർജ് ബി.എസ്സി ബി.എഡ് വെള്ളിയാമറ്റത്ത് തടവനാൽ ജോസഫ്-മറിയക്കുട്ടി മകൾ അന്നയെ (തങ്കമ്മ) വിവാഹം ചെയ്ത് വാഴത്തോപ്പിൽ താമസിച്ചു. ജോർജ് വിദ്യാഭ്യാസവകുപ്പിൽ എ.ഇ.ഒ ആയി റിട്ടയർ ചെയ്തു. ജോർജ്ജ് 19-6-2004ൽ മരണം പ്രാപിച്ചു. വാഴത്തോപ്പ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ജോർജ്ജിനു സിറിൾരാജ് എന്നൊരു പുത്രനും സിമി എന്നൊരു പുത്രിയുമുണ്ട്.

ജോർജ്ജിന്റെ പുത്രൻ സിറിൽരാജ് കൊഴുവനാൽ തണ്ണിപ്പാറ ഔസേപ്പച്ചന്റെ മകൾ സൽമയെ വിവാഹംചെയ്ത് പിതൃഗൃഹത്തിൽ താമസിക്കുന്നു. സിറിളിനു ജോർജ്ജുകുട്ടി എന്നൊരു പുത്രനും അൻസ്

എന്ന പുത്രിയുമുണ്ട്. ഇരുവരും പഠിക്കുന്നു.

പുത്രി സിമിയെ ചങ്ങനാശേരി കുറുമ്പനാടത്ത് മുക്കാട്ടുകുന്നേൽ ജയിംസ് കുട്ടിയുടെ മകൻ ജിജോ ജയിംസ് വിവാഹം ചെയ്തു. ഇരുവരും ദുബായിൽ ജോലി ചെയ്യുന്നു.

മാനുവൽ (മാണി)

ചെറിയാന്റെ രണ്ടാമത്തെ പുത്രൻ മാനുവൽ (മാണി) പാലാ വെള്ളിയേപ്പള്ളി കഴുത്തുവീട്ടിൽ തോമസിന്റെ മകൾ ചിന്നമ്മയെ വിവാഹം ചെയ്ത് തോപ്രാംകുടിയിൽ താമസിക്കുന്നു. മാണിക്ക് ജിമ്മി, റോണി എന്നീ രണ്ടാൺമക്കളാണ്. ജിമ്മി പടമുഖം തൊട്ടിയിൽ ജേക്കബിന്റെ മകൾ സുനിതയെ വിവാഹം കഴിച്ചു പിതൃഗൃഹത്തിൽ താമസിക്കുന്നു. ജിമ്മിക്ക് മെരിൻ എന്നൊരു പുത്രിയുണ്ട്. റോണി യു.കെ.യിൽ നഴ്സായി ജോലി ചെയ്യുന്നു.

ടോമി

ചെറിയാന്റെ മൂന്നാമത്തെ പുത്രൻ ടോമി മൈലക്കൊമ്പ് അമ്മൻതുരുത്തിയിൽ വർക്കിയുടെ മകൾ ലൈലയെ വിവാഹം ചെയ്ത് തോപ്രാംകുടിയിൽ താമസിക്കുന്നു. ടോമിക്കു റ്റോണി, ജോർജ്ജ് എന്നീ രണ്ടാൺമക്കളാണ്. രണ്ടുപേരും പഠിക്കുന്നു. ടോമി 09.08.2011 ൽ നിര്യാതനായി. തോപ്രാംകുടി പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

ജോസഫ് (ജോയി)

ചെറിയാന്റെ നാലാമത്തെ പുത്രൻ ജോസഫ് (ജോയി) ഇരട്ടയാറ്റിൽ തൊട്ടിയിൽ അബ്രാഹത്തിന്റെ മകൾ സാലമ്മയെ വിവാഹം ചെയ്ത് പിതൃഗൃഹത്തിൽ താമസിക്കുന്നു. ജോയിക്ക് വിനോദ്, മനു എന്നീ രണ്ടു പുത്രന്മാരും ജോസ്സി എന്നൊരു പുത്രിയുമുണ്ട്. പുത്രി ജോസ്സിയെ കൂത്താട്ടുകുളത്ത് കിഴക്കേകോഴിപ്ലാക്കൽ ജോൺ മകൻ ലിജു വിവാഹം ചെയ്തു.

പുലിമലക്കുന്നേൽ താഴെ തൊമ്മൻ വൈദ്യൻ (ആറാം തലമുറ)

അഞ്ചാം തലമുറ പുലിമലക്കുന്നേൽത്താഴെ തൊമ്മൻ വൈദ്യന്റെ

രണ്ടാമത്തെ പുത്രൻ തൊമമ്മൻ. പുതുമന അബ്രാഹത്തിന്റെ മകൾ മറിയത്തിനെ വിവാഹം ചെയ്ത് പിതൃഗൃഹത്തിൽ താമസിച്ചു. അദ്ദേഹം ആയുർവേദ ചികിത്സയിൽ വിദഗ്ധനായിരുന്നു. തൊമ്മനു തോമസ്, അബ്രാഹം, വർക്കി, ജോൺ, ജോസഫ്, മാത്യു എന്ന ആറു പുത്രന്മാരും റോസ, ഏലി, മറിയം, അന്ന, മറിയം, ത്രേസ്യ എന്ന ആറു പുത്രിമാരും ജനിച്ചു.

പുത്രി റോസയെ പ്രവിത്താനം ഇടവക കുഴിഞ്ഞാലിൽ ചെറിയതിന്റെ മകൻ ഇസഹാക്ക് വിവാഹം ചെയ്തു. പുത്രി ഏലി (സിസ്റ്റർ റജീനാ) പാലാ ക്ലാരമഠത്തിലും മൂന്നാമത്തെ പുത്രി മറിയം (സിസ്റ്റർ സ്റ്റൻസിലിസിയാ എഫ്.സി.സി.) വെളിച്ചിയാനി ക്ലാരമഠത്തിലും പുത്രി അന്ന വിശാഖപട്ടണം മിഷ്യനിലും അഞ്ചാമത്തെ പുത്രി മറിയവും ആറാമത്തെ പുത്രി ത്രേസ്യായും മലബാറിൽ ക്ലാരമഠത്തിലും ചേർന്നു കന്യാസ്ത്രീകളായി.

കെ.റ്റി. തോമസ് (ഏഴാം തലമുറ)

പ്രഥമപുത്രൻ കെ.റ്റി. തോമസ് ബി.എസ്സി കരൂർ കൂന്താനത്ത് ഔസേപ്പിന്റെ മകൾ ഏലിയെ വിവാഹം ചെയ്തു. അദ്ദേഹം പാലാ സെന്റ് തോമസ് സ്കൂളിൽ അധ്യാപകനായും കുറുമണ്ണ് മിഡിൽ സ്കൂൾ ഹെഡ്മാസ്റ്ററായും ജോലി നോക്കിയിരുന്നു. ശ്രീ. കെ.സി.സെബാസ്റ്റ്യൻ കഴിഞ്ഞാൽ കിഴക്കേക്കര കുടുംബത്തിലെ അടുത്ത ബിരുദധാരിയാണ് തോമ്മസ്. അദ്ദേഹം 1947ൽ മരിച്ച് ഇളംതോട്ടം പള്ളി സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു. അദ്ദേഹത്തിനു തോമസ്, ജോസഫ് എന്നീ രണ്ടു പുത്രന്മാർ ജനിച്ചു.

കെ.ടി. തോമസ് (എട്ടാം തലമുറ)

തൊമ്മന്റെ മൂത്തപുത്രൻ കെ.ടി.തോമസ് ബി.എസ്സി എം.ബി.ബി.എസ്, എം.ആർ.സി.പി. സൈക്ക - ലണ്ടനിൽ ഡോക്ടറായി ജോലി ചെയ്യുന്നു. തോമസ് ഇലഞ്ഞിയിൽനിന്നും തിരുവനന്തപുരത്ത് താമസിക്കുന്ന തോട്ടത്തിൽ പീറ്ററിന്റെ മകൾ മോളി ബി.എസ്സിയെ വിവാഹം ചെയ്തു. ഇവർക്ക് മറിയം (റ്റിംസി), എലിസബത്ത് (ലിംസി), ബ്രിജീറ്റ് (സാൻഫി) എന്നീ മൂന്നു പുത്രിമാരാണുള്ളത്. മക്കൾ മൂന്നുപേരും വിവാഹിതരായി ലണ്ടനിൽ താമസിക്കുന്നു.

കെ.ടി. ജോസഫ്

തോമസിന്റെ രണ്ടാമത്തെ പുത്രൻ കെ.ടി.ജോസഫ് തിടനാട് വെള്ളൂകുന്നേൽ ജോസഫ്, മറിയക്കുട്ടി ദമ്പതികളുടെ മകൾ മേരിമ്മയെ വിവാഹം ചെയ്ത് പിതൃഗൃഹമായ പുലിമനക്കുന്നേൽ തറവാട്ടിൽ താമസിക്കുന്നു. ജോസഫിനു മേരി (സീനു) എന്ന പുത്രിയും തോമസ് (നെബു) എന്ന പുത്രനുമുണ്ട്. പുത്രി സീനുവിനെ ഇരിങ്ങാലക്കുട പയ്യപ്പള്ളി കൊളുവൻ പ്രഫ. പി.ജെ.ഉമ്മൻ, സലോമി ദമ്പതികളുടെ മകൻ ഹോർമീസ് (ഉറുമീസ്) വിവാഹം ചെയ്തു. ഇരുവരും ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു.

പുത്രൻ നെബു പൈക കോഴികൊത്തിക്കൽ ജോയിസ്, ഗ്രേസിക്കുട്ടി മകൾ തെരേസ(കുക്കു)വിനെ വിവാഹം ചെയ്ത് ബാംഗ്ളൂരിൽ താമസിക്കുന്നു.

അബ്രാഹം (ഇട്ടിക്കുഞ്ഞു)

പുലിമനക്കുന്നേൽ തൊമ്മന്റെ രണ്ടാമത്തെ പുത്രൻ അബ്രാഹം (ഇട്ടിക്കുഞ്ഞ്) പ്രവിത്താനത്ത് അയ്പൻപറമ്പിൽ കുന്നേൽ ഇട്ടിയവിരയുടെ മകൾ ത്രേസ്യയെ വിവാഹം ചെയ്തു. മക്കളില്ലാതെ ഭാര്യ മരിച്ചു. അതിനാൽ മുത്തോലിൽ മാധവപ്പള്ളിൽ വർക്കിയുടെ മകൾ ത്രേസ്യായെ പുനർ വിവാഹം ചെയ്ത് കുറുമണ്ണ് മനക്കക്കണ്ടത്തിൽ താമസിച്ചു. ഇവർക്ക് തൊമ്മൻ, വർക്കി, ജോസ്, ജോൺ എന്നീ പുത്രന്മാരും മേരി, ത്രേസ്യ, റോസ എന്നീ മൂന്നു പുത്രിമാരും ജനിച്ചു. പുത്രി മേരി പാലാ കണ്ണാടിയുറുമ്പ് ക്ലാര മഠത്തിലും രണ്ടാമത്തെ പുത്രി ത്രേസ്യ ഭരണങ്ങാനം മേരിഗിരി മെഡിക്കൽ മിഷനിലും മൂന്നാമത്തെ പുത്രി റോസ പാലാ ക്ലാരമഠത്തിലും ചേർന്ന് കന്യാസ്ത്രീകളായി. ഇതിൽ ത്രേസ്യായും റോസയും മരണമടഞ്ഞു.

തോമസ് (എട്ടാം തലമുറ)

ഇട്ടിക്കുഞ്ഞിന്റെ മൂത്ത പുത്രൻ തോമസ് പ്രവിത്താനത്തുനിന്നും ഇടമറുകിൽ താമസിക്കുന്ന കൂട്ടുങ്കൽ ചിന്നമ്മയെ വിവാഹം കഴിച്ച് തേന്മാരിയിൽ താമസിക്കുന്നു. തോമസിന് അഞ്ച് പുത്രിമാരും ഒരു പുത്രനുമുണ്ട്.

മൂത്തപുത്രി മേരിയെ കലയന്താനിയിൽ വരിക്കമാക്കൽ അബ്രാ

ഹത്തിന്റെ മകൻ ജയിംസ് വിവാഹം കഴിച്ചു.

രണ്ടാമത്തെ പുത്രി ഗ്രേസ്സിയെ ഇടമറുകിൽ വാളിപ്ലാക്കൽ മാത്യുവിന്റെ മകൻ ജോസഫ് വിവാഹം ചെയ്തു. മൂന്നാമത്തെ പുത്രി സാലി (സിസ്റ്റർ സിസിലിയ) ബാംഗ്ളൂരിൽ ക്ലൂണി കോൺവെന്റിൽ ചേർന്നു കന്യാസ്ത്രീയായി ബാംഗ്ളൂരിൽ സേവനം ചെയ്യുന്നു. നാലാമത്തെ പുത്രി ഫിലോമിനയെ കാഞ്ഞിരപ്പള്ളി പന്തിരുവേലിൽ സണ്ണി വിവാഹം ചെയ്തു. അഞ്ചാമത്തെ പുത്രി വത്സമ്മയെ ഇളംദേശത്ത് പള്ളിക്ക്യമാലിൽ നിക്കളാവോസിന്റെ മകൻ ലൂയിസ് വിവാഹം ചെയ്തു. ഇരുവരും ബഹറിനിൽ താമസിക്കുന്നു.

പുത്രൻ നോബിൾ കോതമംഗലം കുരിശുംമൂട്ടിൽ മാത്യുവിന്റെ മകൾ റീനയെ വിവാഹം ചെയ്തു. ഇരുവരും ആസ്ത്രേലിയയിൽ ജോലി ചെയ്യുന്നു. ഇവർക്ക് തോമസ്, മാത്യു എന്ന രണ്ടു പുത്രന്മാരും റോസ്മോൾ എന്ന പുത്രിയുമുണ്ട്. ഇവർ വിദ്യാർഥികളാണ്.

കെ.ഐ. ജോർജ് (വർക്കിച്ചൻ)

ഇട്ടിക്കുഞ്ഞിന്റെ രണ്ടാമത്തെ പുത്രൻ കെ.ഐ.ജോർജ് (വർക്കിച്ചൻ) പ്രവിത്താനത്ത് കുഴിഞ്ഞാലിൽ കുരുവിളയുടെ മകൾ വത്സയെ വിവാഹം ചെയ്ത് തേന്മാരിയിൽ താമസിക്കുന്നു. ജോർജ്ജിനു സുമ സിമി എന്നീ രണ്ടു പുത്രിമാരും സോണി എന്ന പുത്രനുമുണ്ട്.

വർക്കിച്ചന്റെ മൂത്തപുത്രി സുമയെ മരിയാപുരത്ത് മുണ്ടക്കൽ ജോൺ - ഏലിക്കുട്ടി ദമ്പതികളുടെ മകൻ ക്ലമന്റ് (തങ്കച്ചൻ) വിവാഹം കഴിച്ച് ഉടുമ്പന്നൂരിൽ താമസിക്കുന്നു.

രണ്ടാമത്തെ പുത്രി സിമിയെ മൂവാറ്റുപുഴ പച്ചയിൽ മാത്യുവിന്റെ മകൻ സാബു വിവാഹം ചെയ്ത് മൂവാറ്റുപുഴയിൽ താമസിക്കുന്നു.

പുത്രൻ സോണി പൂവരണി പന്തലാനിക്കൽ തൊമ്മച്ചൻ, ലീലാമ്മ ദമ്പതികളുടെ മകൾ സിസ്സിയെ വിവാഹം ചെയ്ത് പിതൃഗൃഹത്തിൽ താമസിക്കുന്നു. സോണിക്ക് അമൽ ജിയോ സോണി എന്ന പുത്രനും ആൻ റോസ് എന്ന പുത്രിയുമുണ്ട്. ഇവർ വിദ്യാർഥികളാണ്.

ജോസ്

ഇട്ടിക്കുഞ്ഞിന്റെ മൂന്നാമത്തെ പുത്രൻ ജോസ് പന്നിമറ്റത്ത് മുണ്ടക്കൽ സെബാസ്റ്റ്യന്റെ മകൾ വത്സമ്മയെ വിവാഹം ചെയ്ത് വണ്ടമറ്റത്ത് താമസിക്കുന്നു. ഇവർക്ക് സച്ചിൻ എന്ന പുത്രനും സൗമ്യ എന്ന പുത്രിയുമുണ്ട്. പുത്രി സൗമ്യയെ പൈക ആനിത്തോട്ടത്തിൽ കുര്യൻ ത്രേസ്യ മകൻ മാത്യു സിറിയക് വിവാഹം ചെയ്തു. പുത്രൻ സച്ചിൻ കോതമംഗലം പെരുമ്പനാനിക്കൽ ജോസ്-എമിലി മകൾ ജിൽസിനെ വിവാഹം ചെയ്ത് പിതൃഗ്രഹത്തിൽ താമസിച്ച് എറണാകുളത്ത് ജോലി ചെയ്യുന്നു.

ജോൺ

അബ്രാഹ(ഇട്ടിക്കുഞ്ഞ്)ത്തിന്റെ നാലാമത്തെ പുത്രൻ ജോൺ തൃശൂർ പുറവൻതുരുത്തിൽ സ്കറിയായുടെ മകൾ സിനിയെ വിവാഹം ചെയ്ത് കടപ്ലാമറ്റം ഇടവകയിൽ നെല്ലിക്കുന്നിൽ താമസിക്കുന്നു. ഇവർക്ക് ജെറിൻ എന്ന പുത്രനും ഷെറിൻ എന്ന പുത്രിയുമുണ്ട്. പുത്രി ഷെറിൻ നഴ്സായി അഹമ്മദാബാദിൽ ജോലി ചെയ്യുന്നു. ജെറിൻ വിദ്യാർഥിയാണ്.

തൊമ്മന്റെ തൃതീയപുത്രൻ വർക്കി (റവ. ഫാസിസ്തൂസ്) സി.എം.ഐ. വൈദികനായിരുന്നു ഇപ്പോൾ ഇല്ല.

കെ.ടി.ജോൺ (കുഞ്ഞിലോ)

തൊമ്മന്റെ നാലാമത്തെ പുത്രൻ ജോൺ (കുഞ്ഞിലോ) പ്രവിത്താനത്ത് കാഞ്ഞിരത്തിങ്കൽ ചുമ്മാരുടെ മകൾ ത്രേസ്യയെ വിവാഹം ചെയ്ത് വെട്ടിമറ്റത്ത് താമസിക്കയും പന്നീട് വെട്ടിമറ്റത്തെ സ്ഥലം വിറ്റ് പാലായിൽ താമസിക്കവേ മരണം പ്രാപിച്ചു. ജോണിനു തൊമ്മൻ എന്നൊരു പുത്രനും മറിയം, ഏലി, അന്ന, റോസ, ത്രേസ്യ എന്നീ അഞ്ചു പുത്രിമാരുമുണ്ട്. മൂത്തപുത്രി മറിയത്തിനെ കിഴതടിയൂർ പൊരുന്നോലിൽ സ്കറിയായുടെ മകൻ ജോസഫ് സ്കറിയ ബി.എസ്സി ബി.എഡ് വിവാഹം ചെയ്തു.

രണ്ടാമത്തെ പുത്രി ഏലി ആരക്കുഴ കർമ്മലീത്താ മഠത്തിലും മൂന്നാമത്തെ പുത്രി അന്നക്കുട്ടിയെ എരുമേലി മൂന്നുകണ്ടത്തിൽ ബേബിച്ചൻ വിവാഹം ചെയ്തു. ഇരുവരും ഇപ്പോൾ കാനഡയിൽ ജോലി ചെയ്യുന്നു. നാലാമത്തെ പുത്രി റോസ മലബാറിൽ ക്ലാരമഠത്തിൽ ചേർന്ന് കന്യാസ്ത്രീയായി. അഞ്ചാമത്തെ പുത്രി ത്രേസ്യയെ നരിയങ്ങാനം മാങ്കൂട്ടത്തിൽ വർക്കി മകൻ ടോമി വിവാഹം ചെയ്ത് പാലായിൽ താമസിക്കുന്നു. പുത്രൻ സുഖമില്ലാത്ത ആളായിരുന്നു. ഇപ്പോൾ ഇല്ല.

കെ.ടി.ജോസഫ്

തൊമ്മന്റെ അഞ്ചാമത്തെ പുത്രൻ ജോസഫ് വൈദികവൃത്തി ഉപേക്ഷിച്ച് ചേർപ്പുങ്കൽ പറകോട്ടിയിൽ ജോസഫ് - ഏലിക്കുട്ടി ദമ്പതികളുടെ മകൾ മേരിയെ വിവാഹം ചെയ്ത് ഇരിട്ടിയടുത്ത് ആനപ്പാറയിൽ താമസിക്കുന്നു. ഇദ്ദേഹം 2002 ഫെബ്രുവരിയിൽ മരണം പ്രാപിച്ചു. മണിക്കടവ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

ജോസഫിനു ജിസ്, സൗമ്യ എന്നീ രണ്ടു പുത്രിമാരും മാനുവൽ (ജോബി) എന്ന പുത്രനുമുണ്ട്. പുത്രിമാർ രണ്ടുപേരും മഠത്തിൽ ചേർന്ന് കന്യാസ്ത്രീകളായി. പുത്രൻ ജോബിൻ മണിക്കടവ് മൂലക്കാട്ടിൽ കുര്യൻ, ആലീസ് മകൾ സോണാ (എൽസി)യെ വിവാഹം ചെയ്ത് പിതൃഗൃഹത്തിൽ താമസിക്കുന്നു. ജോബിക്ക് ഏയ്ഞ്ചൽ, എവിസ (അൽഫോൻസാ) എന്നീ രണ്ടു കുട്ടികളുണ്ട്. ഇരുവരും കുഞ്ഞുങ്ങളാണ്.

കെ.ടി.മാത്യു

തൊമ്മന്റെ ആറാമത്തെ പുത്രൻ മാത്യു പ്രവിത്താനത്ത് തെക്കേൽ സ്കറിയയായുടെ മകൾ ഏലിക്കുട്ടിയെ വിവാഹം ചെയ്തു. മാത്യുവിന് തോമസ് (കൊച്ച്), സ്കറിയ (ജോയി), ജയിംസ് (ബേബി) എന്നീ മൂന്നു പുത്രന്മാരും മേരി, അന്ന എന്നീ രണ്ടു പുത്രിമാരുമുണ്ട്. മൂത്തപുത്രി മേരിയെ പൈക നന്തികാട്ടുകണ്ടത്തിൽ എൻ.എ. വർഗീസ്, ത്രേസ്യാമ്മ ദമ്പതികളുടെ മകൻ എൻ.വി.വർഗീസ് വിവാഹം ചെയ്തു. മേരിക്കുട്ടിക്ക് നാലു പുത്രിമാരും മൂന്നു പുത്രന്മാരുമാണ്.

മാത്യുവിന്റെ രണ്ടാമത്തെ പുത്രി അന്ന (ലൈല)യെ കാക്കൂർ മീമ്പള്ളിക്കാവിൽ എം.ജെ.ആഗസ്തി എലിസബത്ത് മകൻ ടോമി (കൃഷി) വിവാഹം ചെയ്തു. ലൈലയുടെ മൂത്തപുത്രൻ ജസ്റ്റിൻ ടോം എം.ബി.എ, അസിസ്റ്റന്റ് മാനേജർ റിലേഷൻഷിപ്പ് ഇന്ത്യ ബുഷ് സെക്യൂരിറ്റീസ് ഇ.കെ.എം. വർക്ക് ചെയ്യുന്നു. രണ്ടാമത്തെ പുത്രൻ മാത്യൂസ് ബി.എസ്.എ സ്റ്റുഡന്റ് ആണ്. മൂന്നാമത്തെ പുത്രൻ ടോംസ് ബി.ടെക് സ്റ്റുഡന്റ് ആണ്. നാലാമൻ ജോസൻ എട്ടാം ക്ലാസിൽ പഠിക്കുന്നു.

കെ.എം. തോമസ് (കൊച്ച്)


മാത്യുവിന്റെ മൂത്തപുത്രൻ കെ.എം.തോമസ് (കൊച്ച്) എരുമേലി



മേരി വർക്കി, മകൻ കുഞ്ഞുമോൻ & ഫാമിലി
കരോട്ടേവീട്ടിൽ



കെ.വി. ജോണും കുടുംബവും കരോട്ടേവീട്ടിൽ



ഉറുമ്പേനിരപ്പേൽ (നിധീരിക്കൽ) ഒ.വി.ദേവസ്യ, കാതറൈൻ മകൾ മോളിയെ വിവാഹംചെയ്ത് ഇളംതോട്ടത്തിൽ താമസിക്കുന്നു. തോമസിനു സാജോ ബോബി എന്നീ രണ്ടു പുത്രന്മാരും ഡോ. സാനി തോമസ് എന്ന പുത്രിയുമുണ്ട്. മൂത്തപുത്രൻ സാജോ ഐ.ടി. എൻജിനീയറായി ബാംഗ്ളൂരിൽ ജോലി ചെയ്യുന്നു. രണ്ടാമത്തെ പുത്രൻ ബോബി എം.എസ്സിക്ക് പഠിക്കുന്നു. പുത്രി സാനിയെ തൊടുപുഴ പാലമറ്റം പി.ജെ.ജോർജ്, ഏലിക്കുട്ടി മകൻ രാജേഷ് സ്റ്റേറ്റ് ടാക്സ് ഓഫീസർ വിവാഹം ചെയ്തു. സാനി വെറ്ററിനറി സർജനാണ്.

മാത്യുവിന്റെ രണ്ടാമത്തെ പുത്രൻ സ്കറിയാ (ജോയി) പാലാ കടപ്പാട്ടൂർ മാടപ്പാട്ട് എം.കെ.ജോസഫ്, ത്രേസ്യ ദമ്പതികളുടെ മകൾ റോസ്സിയെ വിവാഹം ചെയ്തു ചൂണ്ടച്ചേരിയിൽ താമസിക്കുന്നു. ജോയിക്ക് മാത്യു, ജോസ് എന്നീ രണ്ടു പുത്രന്മാരാണ്. മൂത്തമകൻ മാത്യു കെ.ജെ. നീലൂർ മുല്ലപ്പള്ളി മാത്യു, ഏലിക്കുട്ടി മകൾ ബിൻസിയെ വിവാഹം ചെയ്തു.

ജെയിംസ് (ബേബി)

മാത്യുവിന്റെ മൂന്നാമത്തെ പുത്രൻ ജെയിംസ് കോഴിമല കെ.സി. ജോസ്-ഏലിയാമ്മ ദമ്പതികളുടെ മകൾ സൂസമ്മയെ വിവാഹം ചെയ്ത് പിതൃഗ്രഹത്തിൽ താമസിക്കുന്നു. ജെയിംസിന് മാത്യു ബി.എച്ച്.എം., എഡ്വേർഡ് (സെമിനാരി), ടോം ജെയിംസ് ബി.കോം. എന്നീ മൂന്ന് പുത്രന്മാരുണ്ട്.

കരോട്ടെവീട്ടിൽ വർക്കിയുടെ മൂന്നാമത്തെ പുത്രൻ ഉലഹന്നാൻ (റവ. ഫാ. ജോൺ) ഇളംതോട്ടം ആസ്ഥാനമായിരുന്ന കൽദായ സുറിയാനിസഭയിലെ മെത്രാപ്പോലീത്തയുടെ പക്കൽനിന്നാണ് പട്ടമേറ്റത്. പിന്നീട് റോമൻ കത്തോലിക്കാസഭയിലേക്ക് തിരിച്ചുപോന്നു. ഇദ്ദേഹം കിഴക്കേക്കരപീടികയിൽ ബഹു. യൗസേപ്പച്ചന്റെ സഹപാഠിയായിരുന്നു. ഇദ്ദേഹം ഇളംതോട്ടം, മുത്തോലി, കോട്ടാങ്ങൽ മുതലായ പള്ളികളിൽ അസി. വികാരിയായിരുന്നിട്ടുണ്ട്. അദ്ദേഹം മരണമടഞ്ഞു പാലാ കത്തീഡ്രൽ പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

കരോട്ടെവീട്ടിൽ ശാഖ

വർക്കിയുടെ നാലാമത്തെ പുത്രൻ വർക്കി (തലമുടിക്കാരൻ) പടിഞ്ഞാറെക്കര ശാഖയായ തെരുവിൽനിന്നും വിവാഹം ചെയ്ത് തറവാ

ട്ടിൽ താമസിച്ചു. വർക്കിക്ക് വർക്കി എന്നൊരു പുത്രനും ഒരു പുത്രിയു മുണ്ടായി. പുത്രിയെ മീനച്ചിൽ പുല്ലാട്ട് വിവാഹം ചെയ്തയച്ചു. പുത്രൻ വർക്കി ഭരണങ്ങാനം പ്ലാത്തോട്ടത്തിൽ റവ. ഫാ. കുരുവിളയുടെ സഹോ ദരി ഏലിയെ വിവാഹം ചെയ്ത് തറവാട്ടിൽ താമസിച്ചു. പിന്നീട് പാലാ യിലുള്ള തറവാടും വസ്തുക്കളും വിറ്റ് വെള്ളിയാമറ്റത്ത് പുരയിടങ്ങൾ വാങ്ങി താമസമാക്കി. വർക്കിക്ക് വർക്കി (കുഞ്ഞു), മാണി, ജോസഫ് (പാപ്പച്ചൻ), തൊമ്മൻ, ഉലഹന്നാൻ (കുഞ്ഞിലോ) എന്ന അഞ്ചു പുത്ര ന്മാരും ഏലി, മറിയം, റോസ, ത്രേസ്യ, അന്ന, ക്ലാര എന്നീ ആറു പുത്രി മാരുമുണ്ടായി.

വർക്കി വർക്കി (ഏഴാം തലമുറ)

ഒന്നാമത്തെ പുത്രൻ വർക്കി (കുഞ്ഞ്) മീനച്ചിൽ തൊടുക യിൽപ്പെട്ട മൂലയിൽ വർക്കിയുടെ മകൾ മറിയത്തിനെ വിവാഹം ചെയ്ത് ഹൈറേഞ്ചിൽ പെരിഞ്ചാംകുട്ടിയിൽ താമസിച്ചു. വർക്കിക്ക് ജോർജ്ജ് (കൊച്ച്) സ്കറിയ, ഔസേപ്പ് എന്നീ മൂന്നു പുത്രന്മാരും ഏലി, അന്ന, ത്രേസ്യ, മറിയം എന്നീ പുത്രിമാരും ജനിച്ചു. വർക്കി 1988 ജൂൺ 20നു മരണം പ്രാപിച്ച് പെരിഞ്ചാംകുട്ടി പള്ളി സെമിത്തേരിയിൽ സംസ്ക രിച്ചു.

വർക്കിയുടെ മൂത്തപുത്രൻ ജോർജ് (കൊച്ച്) പാറത്തോട് കുള ങ്ങരവീട്ടിൽ ചാക്കോയുടെ മകൾ മേരിയ വിവാഹം ചെയ്ത് ഹൈറേ ഞ്ചിൽ പെരിഞ്ചാംകുട്ടിയിൽ താമസിക്കുന്നു. ജോർജ്ജ് 2009 ഒക്ടോ ബർ അഞ്ചാം തീയതി മരണം പ്രാപിച്ചു. പെരിഞ്ചാംകുട്ടി പള്ളി സെമി ത്തേരിയിൽ സംസ്കരിച്ചു. ജോർജ്ജിനു മജൂ, ചാക്കോ (ജയിമി), ജോസഫ് (ജോമി) എന്നീ മൂന്നു പുത്രന്മാരും മറിയം (മിനി), ത്രേസ്യാ (ലിയ) എന്നീ രണ്ടു പെൺമക്കളുമാണ്.

ജോർജ്ജിന്റെ മൂത്തപുത്രൻ മജൂ ബെഥേൽ കൊല്ലക്കൊമ്പിൽ മാത്യു മകൾ മേരി (രജനി)യെ വിവാഹം ചെയ്ത് പിതൃഗൃഹത്തിൽ താമസിക്കുന്നു. മജൂവിന് വർക്കി (ഐവിൻ) എന്നൊരു ആൺകുട്ടി യുണ്ട്.

ജോർജ്ജിന്റെ രണ്ടാമത്തെ പുത്രൻ ചാക്കോ (ജയിമി) വെള്ളാ രംകുന്ന് നരിവള്ളിയിൽ ചാക്കോ മകൾ മഞ്ജുവിനെ വിവാഹം ചെയ്ത് പിതൃഗൃഹത്തിൽ താമസിക്കുന്നു. ജോർജ്ജിന്റെ മൂന്നാമത്തെ പുത്രൻ ജോസഫ് (ജോമി) എക്സ്റേ വെൽഡിംഗ് കോഴ്സ് പാസായി സ്വന്ത

മായി ബിസിനസ് ചെയ്യുന്നു. അവിവാഹിതനാണ്. ജോർജ്ജിന്റെ മൂത്ത പുത്രി മറിയം (മിനി)യെ വെള്ളത്തൂവൽ പള്ളിപ്പറമ്പിൽ വർഗീസിന്റെ മകൻ പോൾ വിവാഹം കഴിച്ചു. രണ്ടാമത്തെ പുത്രി ത്രേസ്യ (ലിയ)യെ കല്ലാർകുട്ടി നെടുംപീടികയിൽ ജോർജ്ജിന്റെ മകൻ ബിബിൻ വിവാഹം ചെയ്തു.

വർക്കിയുടെ രണ്ടാമത്തെ പുത്രൻ സ്കറിയ (സക്കറിയാസ് കെ.വർക്കി) ഉടുമ്പന്നൂർ തോട്ടുങ്കൽ ആൻസിയെ വിവാഹം ചെയ്ത് അമേരിക്കയിൽ ജോർജിയയിൽ താമസിക്കുന്നു. സ്കറിയയ്ക്ക് നിക്കി, നാറ്റ്ലി, നിസ്സി എന്നീ മൂന്നു പെൺമക്കളാണ്. മൂന്നുപേരും പഠിക്കുന്നു.

വർക്കിയുടെ മൂന്നാമത്തെ പുത്രൻ ഔസേപ്പ് (കുഞ്ഞുമോൻ) പാറത്തോട് വള്ളോംപുരയിടം വർക്കിയുടെ മകൾ തങ്കമ്മയെ വിവാഹം ചെയ്ത് പിതൃഗൃഹത്തിൽ താമസിക്കുന്നു. കുഞ്ഞുമോന് ഒരാണും ഒരു പെണ്ണും ആണ് മക്കൾ. പുത്രൻ ജോബിനും പുത്രി ആൽബിയുമാണ്. രണ്ടുപേരും പഠിക്കുന്നു.

വർക്കിയുടെ മൂത്തപുത്രി ആലിസ് (ഏലി)യെ കോതമംഗലം കോട്ടപ്പടി മാങ്കൊഴിയിൽ ദേവസി വിവാഹം ചെയ്തു. രണ്ടുപേരും അമേ രിക്കയിലാണ്. ദേവസി മരിച്ചുപോയി. രണ്ടാമത്തെ പുത്രി അന്ന (ലില്ലി)യെ വെള്ളിക്കുളങ്ങര പ്ലാക്കൂട്ടത്തിൽ തോമസ് (കുഞ്ഞ്) വിവാ ഹംചെയ്തു. വർക്കിയുടെ മൂന്നാമത്തെ പുത്രി റോസമ്മയെ മേരികുളം പുളിക്കമണ്ഡപത്തിൽ (നക്കോലയിൽ) ചാക്കോ വിവാഹം ചെയ്തു. നാലാമത്തെ പുത്രി മേരിയെ കമ്പളിക്കണ്ടം വരകുകാലാപറമ്പിൽ തങ്ക ച്ചൻ വിവാഹം ചെയ്തു. അഞ്ചാമത്തെ പുത്രി ത്രേസ്യ(ഗ്രേസി)യെ സേനാപതിയിൽ ശൗര്യാംമാക്കൽ സെബാസ്റ്റ്യൻ (കൊച്ച്) വിവാഹം ചെയ്തു.

മാണി വർക്കി

കരോട്ടേവീട്ടിൽ വർക്കിയുടെ രണ്ടാമത്തെ പുത്രൻ മാണി അറ ക്കുളത്ത് മഞ്ഞക്കുന്നേൽ ചാക്കോയുടെ മകൾ അന്നയെ വിവാഹം ചെയ്ത് പന്നിമറ്റത്ത് താമസിക്കുന്നു. മാണിക്ക് ജോർജ്, ചാക്കോ, ജോസഫ് (ജോസ്) എന്നീ മൂന്നു പുത്രന്മാരും ഏലി (എമിലി) എന്നൊരു പുത്രിയുമുണ്ട്.

ജോർജ് (ഞൂഞ്ഞ്)

മാണിയുടെ മൂത്തപുത്രൻ ജോർജ് (ഞൂഞ്ഞ്) മുതലക്കോടത്ത് ചെമ്പരത്തിക്കൽ വർക്കിയുടെ മകൾ ലൂസിയെ വിവാഹം ചെയ്ത് പന്നിമറ്റത്ത് താമസിച്ചു. ജോർജ്ജിനു രണ്ടാൺമക്കളും ഒരു പെൺകുട്ടിയുമുണ്ടായി. എന്നാൽ പെൺകുട്ടി (അന്ന) ആറുവയസായപ്പോൾ മരിച്ചു. മൂത്തപുത്രൻ മാണി (മനു) രണ്ടാമത്തെ പുത്രൻ ആന്റണിയും പിതൃഗൃഹത്തിൽ താമസിക്കുന്നു. മനു അക്ഷയ സെന്റർ നടത്തുന്നു. ജോർജ്ജ് 2005ൽ 56-ാമത്തെ വയസിൽ രോഗം വന്ന് മരണമടഞ്ഞു. പന്നിമറ്റം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

ചാക്കോ (ജയിംസ്)

മാണിയുടെ രണ്ടാമത്തെ പുത്രൻ ചാക്കോ കൊടുവേലിൽ എലിവാലുങ്കൽ കുര്യാച്ചന്റെ മകൾ റൂബിയെ വിവാഹം ചെയ്ത് വെട്ടിമറ്റത്ത് താമസിക്കുനനു. ഇവർക്ക് മാണി (മെൽബിൻ) എന്ന പുത്രനും അന്ന (മിക്കി) എന്ന പുത്രിയുമുണ്ട്. രണ്ടുപേരും എൻജിനീയറിംഗിനു പഠിക്കുന്നു.

ജോസ്

മാണിയുടെ മൂന്നാമത്തെ പുത്രൻ ജോസ് വെള്ളരിക്കുണ്ട് മണിയംമാക്കൽ മാത്യുവിന്റെ മകൾ എലിസബത്ത് (മോളി)യെ വിവാഹം ചെയ്ത് പിതൃഗൃഹത്തിൽ താമസിക്കുന്നു. ജോസിനു മാനുവൽ (നിഖിൽ) എന്ന പുത്രനുണ്ട്. നിഖിൽ മലബാർ പേർത്തല്ലി ഇളംകുറ്റിക്കാട്ടിൽ ജോസഫ്-അന്നമ്മ ദമ്പതികളുടെ മകൾ അനിതയെ വിവാഹം ചെയ്തു. മാണിയുടെ പുത്രി ഏലി (എമിലി) എറണാകുളം കലൂരിൽ ഇന്റർനാഷണൽ മെഡിക്കൽ അസോസിയേഷൻ മഠത്തിൽ ചേർന്ന് കന്യാസ്ത്രീയായി.

ജോസഫ് വർക്കി

വർക്കിയുടെ മൂന്നാമത്തെ പുത്രൻ ജോസഫ് (പാപ്പച്ചൻ) കരൂർ ഞാവള്ളിൽ പനമറ്റത്തിൽ വർക്കിയുടെ മകൾ ബ്രിജീത്തയെ വിവാഹം ചെയ്ത് വെള്ളിയാമറ്റത്ത് താമസിക്കുന്നു. ജോസഫിനു ജോസ്, ജോർജ്, തോമസ്, ജോണി, ജിൻസ്, ബിൻസ് എന്നീ ആറു പുത്രന്മാരും ടെസി, മേഴ്സി, ജിനി എന്നീ മൂന്നു പുത്രിമാരും ഉണ്ട്.

മൂത്തപുത്രൻ ജോസ് ചിലവ് കച്ചിറമറ്റത്തിൽ ആഗസ്തി, മറിയം

മകൾ ലില്ലിയെ വിവാഹം ചെയ്ത് മുരിക്കാശേരിയിൽ താമസിക്കുന്നു. ജോസിനു നീതു എന്ന പുത്രിയും ലിജോ, ഉണ്ണി എന്നീ രണ്ടു പുത്രന്മാരും ഉണ്ട്. ഇവർ പഠിക്കുന്നു.

രണ്ടാമൻ ജോർജ്ജ് മേലുകാവ് വട്ടമറ്റത്തിൽ തോമസ്, മറിയാമ്മ ദമ്പതികളുടെ മകൾ ജസ്സിയെ വിവാഹം ചെയ്ത് വെള്ളിയാമറ്റത്ത് താമസിക്കുന്നു. ജോർജ്ജിനു ബിൽബി, മെൽബി എന്ന രണ്ടു പുത്രിമാരും ജെബിൻ എന്ന പുത്രനുമുണ്ട്. ഇവർ പഠിക്കുന്നു.

മൂന്നാമത്തെ പുത്രൻ തോമസ്, നാഗപ്പുഴ വട്ടക്കുന്നേൽ ആഗസ്തി ത്രേസ്യാ ദമ്പതികളുടെ മകൾ ജാൻസിയെ വിവാഹം ചെയ്ത് പന്നിമറ്റത്ത് താമസിക്കുന്നു. തോമസിനു അഖിൽ, നിഖിൽ എന്ന രണ്ടു പുത്രന്മാരും ആൻമരിയ എന്ന പുത്രിയുമുണ്ട്. മൂവരും പഠിക്കുന്നു.

നാലാമത്തെ പുത്രൻ ജോണി പൂവരണി പുതിയിടത്ത് അവിരാച്ചൻ, മോളി ദമ്പതികളുടെ മകൾ മിനിയെ വിവാഹം ചെയ്ത് നാളിയാനിയിൽ താമസിക്കുന്നു. ഇവർക്ക് സോണിയാ എന്ന പുത്രിയും ടോണി എന്ന പുത്രനുമുണ്ട്. ഇവർ പഠിക്കുന്നു. അഞ്ചാമത്തെ പുത്രൻ ജിൻസും ആറാമത്തെ പുത്രൻ ബിൻസും അവിവാഹിതരാണ്.

ജോസഫിന്റെ മൂത്തപുത്രി ടെസിയെ മുഹമ്മദ കുറ്റേൽ ജോൺ, അന്ന ദമ്പതികളുടെ മകൻ ജോയി വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി മേഴ്സിയെ കരിമണ്ണൂർ അടപ്പൂർ മത്തൻ, ത്രേസ്യാമ്മ ദമ്പതികളുടെ മകൻ കുര്യാച്ചൻ വിവാഹം ചെയ്തു. മൂന്നാമത്തെ പുത്രി ജിനിയെ വടക്കൻചേരി ഒറ്റത്തെങ്ങുങ്കൽ ഔസേപ്പച്ചന്റെ മകൻ ഷാജി വിവാഹം ചെയ്തു.

തോമസ് വർക്കി

വർക്കിയുടെ നാലാമത്തെ പുത്രൻ തൊമ്മൻ (കുഞ്ഞമ്മൻ) നീലൂർ പുത്തേട്ട് മാത്യു ഏലി ദമ്പതികളുടെ മകൾ ത്രേസ്യയെ വിവാഹംചെയ്ത് വെള്ളിയാമറ്റത്ത് പിതൃഗൃഹത്തിൽ താമസിക്കുന്നു. തൊമ്മനു മൂന്നു ആൺമക്കളും ഒരു പെണ്ണുമുണ്ട്. ജോർജ്, മാത്യു, ജോബി എന്നീ മൂന്ന് പുത്രന്മാരും ആൻസി എന്ന പുത്രിയുമാണ്. മൂത്തപുത്രൻ ജോർജ് വാഴക്കുളം തുരുത്തിപ്പള്ളിൽ വർക്കി മറിയം ദമ്പതികളുടെ മകൾ ആൻസിനെ വിവാഹം ചെയ്ത് വെള്ളിയാമറ്റത്തു താമ

സിക്കുന്നു. ജോർജ്ജിനു എബി, ജിത്തു എന്നീ രണ്ടു പുത്രന്മാരാണ് മക്കൾ ഇവർ വിദ്യാർഥികളാണ്. രണ്ടാമത്തെ പുത്രൻ മാത്യു മീന്മുട്ടി തെക്കേൽ ജോസഫ് ത്രേസ്യ ദമ്പതികളുടെ മകൾ ഗ്രേസിയെ വിവാഹം ചെയ്തു. ഇവർക്ക് അമൽ, അജിത് എന്നീ രണ്ടു പുത്രന്മാരാണ്. ഇവർ കുഞ്ഞുങ്ങളാണ് മൂന്നാമത്തെ പുത്രൻ ജോബി കല്ലാനിക്കൽ കുറ്റിപ്പാലക്കൽ ജോർജ് തങ്കമ്മ ദമ്പതികളുടെ മകൾ സിമിയെ വിവാഹം ചെയ്ത് കല്ലാനിക്കൽ താമസിക്കുന്നു. ഇവർക്ക് എറോണാ മരിയ എന്ന പുത്രിയുണ്ട്. മകൾ ആൻസിയെ ഇളംദേശത്ത് ആലക്കൽ മൈക്കിൾ മറിയം ദമ്പതികളുടെ മകൻ സണ്ണി (തോമസ്) വിവാഹം ചെയ്തു.


ഉലഹന്നാൻ വർക്കി

കരോട്ടെവീട്ടിൽ വർക്കിയുടെ അഞ്ചാമത്തെ പുത്രൻ ഉലഹന്നൻ (കുഞ്ഞിലോ) തൊടുപുഴ ചിലവ് കരയിൽ പെരുമ്പള്ളിത്താനത്ത് ജോസഫിന്റെ മകൾ റോസിയെ വിവാഹം ചെയ്തു വെള്ളിയാമറ്റത്ത് താമസിക്കുന്നു. ഉലഹന്നന് സിബി എന്നൊരു പുത്രനും ഏലി (ജസി), ബിൻസി എന്നീ രണ്ടു പുത്രിമാരുമാണ്. പുത്രൻ സിബി മുട്ടത്ത് കൂട്ടുങ്കൽ ജോസിന്റെ മകൾ ലിറ്റിയെ വിവാഹം ചെയ്ത് പിതാവിന്റെ കൂടെ വെള്ളിയാമറ്റത്ത് താമസിക്കുന്നു. സിബിക്കു റോസ, ബ്രിജീറ്റ് എന്നീ രണ്ടു പുത്രിമാരുണ്ട്. ഇരുവരും കൊച്ചുകുട്ടികളാണ്. പുത്രിമാരായ റോസയും ബ്രിജീറ്റും ആരാധനാമഠത്തിൽ ചേർന്നു കന്യാസ്ത്രീകളായി.

കരോട്ടേവീട്ടിൽ വർക്കിയുടെ മൂത്തപുത്രി ഏലിയെ അറക്കുളത്ത് കൊട്ടാരത്തിൽ തൊമ്മൻ മകൻ ജോസഫ് വിവാഹം കഴിച്ചു. ഇരുവരും മരിച്ചുപോയി. രണ്ടാമത്തെ പുത്രി മറിയത്തിനെ മുത്തോലിൽ ആൻഡ്രോത്ത് തോമസ് വിവാഹം കഴിച്ചു. ഇരുവരും മരിച്ചുപോയി. മൂന്നാമത്തെ പുത്രി റോസ ചെറുപ്പത്തിലെ മരിച്ചു. നാലാമത്തെ പുത്രി ത്രേസ്യ കാഞ്ഞിരപ്പള്ളിൽ ആരാധനാമഠത്തിൽ ചേർന്നു കന്യാസ്ത്രീയായി മരിച്ചുപോയി. അഞ്ചാമത്തെ പുത്രി അന്നമ്മയെ മൈലക്കൊമ്പ് അമന്തുരുത്തിൽ ഔസേപ്പിന്റെ മകൻ വർഗീസ് വിവാഹം കഴിച്ചു. ആറാമത്തെ പുത്രി ക്ലാരയെ വാഴക്കുളത്ത് മിറ്റത്താനിക്കൽ തോമസിന്റെ മകൻ മാത്യു വിവാഹം ചെയ്തു ഇരുവരും മരണമടഞ്ഞു.

താഴത്തേവീട്ടിൽ


സ്നേഹസ്മരണയ്ക്ക്



T.C. CHERIAN (APPACHI)




ROSAMMA CHERIAN




REV. FR. JOSEPH CHERIAN SDB

സ്നേഹസ്മരണയ്ക്ക്




K.C. SEBASTIAN



THRESSIAMMA



ബേ. കെ.കുര്യ. വയ്ക്കൽ പാലിയത്ത്



കെ.കുര്യ. ആയിരുപ്പിൽ



ബേ. കെ.കുര്യ. മാത്യു നിരവത്ത്


സ്നേഹസ്മരണയ്ക്ക്



താഴത്തേവീട്ടിൽ

താഴത്തേവീട്ടിൽ ശാഖയുടെ വംശാലി

തൊമ്മൻ പണിക്കർ



ആമുഖം

എറകോന്നി ഇട്ടിച്ചെറിയ മുതൽ കിഴക്കേക്കര താഴത്തുവീട്ടിൽ ചെറിയാൻ കുര്യൻവരെയുള്ള കുടുംബചരിത്രത്തിന്റെ രത്നച്ചുരുക്കം.

മേവിട വെട്ടിക്കാട്ട് പുരയിടത്തിൽതാമസിച്ചിരുന്ന എറകോന്നി ഇട്ടിച്ചെറിയായുടെ ഇളയമകൻ തൊമ്മൻ കിഴതടിയൂർ വന്ന് പുത്തൻപുര നായയർ വക സ്ഥലത്ത് വീടുവച്ച് താമസിച്ചു. ആ വീട് കിഴക്കേക്കര എന്ന പേരിൽ അറിയപ്പെട്ടു. തൊമ്മൻ പണിക്കർക്ക് മൂന്ന് ആൺമക്കൾ ജനിച്ചു. മൂത്തമകൻ ഇട്ടിച്ചെറിയ ഒറ്റപ്ലാക്കൽ കുടുംബത്തിന്റെയും, രണ്ടാമത്തെ മകൻ കൊച്ച് ഇട്ടിയേപ്പ് കിഴക്കേക്കര കുടുംബത്തിന്റെയും, മൂന്നാമത്തെ മകൻ കൊച്ച് മത്തായി പടിഞ്ഞാറേക്കര കുടുംബത്തിന്റെയും സ്ഥാപകപിതാമഹന്മാരായി അറിയപ്പെടുന്നു.

കിഴക്കേക്കര കുടുംബനാഥനായിരുന്ന കൊച്ചിട്ടിയേപ്പിന് മൂന്ന് ആൺമക്കൾ ജനിച്ചു - തൊമ്മൻ, ഇട്ടിച്ചെറിയ, ഐപ്പ്.

മൂത്തമകൻ തൊമ്മൻ കിഴക്കേക്കര തറവാട് വീടിന് കരോട്ടുഭാഗത്ത് വീടുവച്ച് കിഴക്കേക്കര കരോട്ടേവീട്ടിൽ താമസിച്ചു. ഇട്ടിച്ചെറിയ കിഴക്കേക്കര താഴത്തെവീട്ടിൽതന്നെ താമസിച്ചു. ഐപ്പ് കോതമംഗലത്തുനിന്ന് വിവാഹം ചെയ്ത് ദത്തവകാശിയായി അവിടെ താമസിച്ച് സന്താനങ്ങളില്ലാതെ മരിച്ചു.

കിഴക്കേക്കര തറവാട്ടിൽ താമസിച്ച ഇട്ടിച്ചെറിയായ്ക്ക് മൂന്ന് പുത്രിമാർ മാത്രം ജനിച്ചു. മൂത്തപുത്രിയെ തിരുവല്ലായിൽ കോവൂർ വിവാഹം ചെയ്തയച്ചു. രണ്ടാമത്തെ പുത്രിയെ പുളിങ്കുന്ന് കൊടുപാടത്തിൽ പോത്തൻ വിവാഹം ചെയ്ത് കിഴക്കേക്കര താഴത്തേവീട്ടിൽ ദത്തവകാശിയായി താമസിച്ചു. മൂന്നാമത്തെ പുത്രിയെ പോത്തന്റെ സഹോദരൻ വിവാഹം ചെയ്ത് സന്താനങ്ങളില്ലാതെ മരിച്ചു. കിഴക്കേക്കര തറവാട്ടിൽ താമസിച്ച പോത്തന് രണ്ട് പുത്രിമാർ ജനിച്ചുകഴിഞ്ഞപ്പോൾ ഭാര്യ മരിച്ചു. പോത്തൻ പുളിങ്കുന്നിന് തിരികെപ്പോയി പുനർവിവാഹം ചെയ്ത് താമസിച്ചു.

പോത്തന്റെ രണ്ട് പുത്രിമാരിൽ മൂത്ത പുത്രിയെ മുട്ടുചിറ നിലപ്പന വീട്ടിൽ വിവാഹം ചെയ്തയച്ചു.

രണ്ടാമത്തെ പുത്രിയെ കാപ്പിൽ തേനംമാക്കൽ ചെറിയാൻ കുര്യൻ വിവാഹം ചെയ്ത് ദത്തവകാശിയായി കിഴക്കേക്കര താഴത്തെ

വീട്ടിൽ താമസിച്ചു. ഇദ്ദേഹത്തിന് നാല് പുത്രന്മാരും മൂന്ന് പുത്രിമാരും ജനിച്ചു. ദേവസ്യാ, ഉണ്ണിച്ചെറിയത്, പോത്തൻ, ഇട്ടിച്ചെറിയത്.

ഈ നാല് പുത്രന്മാരുടെ പിൻമുറക്കാരുടെ വംശചരിത്രമാണ് താഴെ കൊടുത്തിരിക്കുന്നത്. ഇവരിൽ ഇട്ടിച്ചെറിയ മണ്ണാറമറ്റത്തിൽ ദത്തുപോയി. പോത്തൻ സന്താനങ്ങളില്ലാതെ മരിച്ചു.

കിഴക്കേക്കര താഴത്തുവീട്ടിൽ ചെറിയാൻ സ്കറിയായുടെ വംശാവലി

സ്കറിയായുടെ മക്കൾ: ആൺമക്കൾ 7, പെൺമക്കൾ 4.

പെണ്ണ് (അക്കമ്മ)

സ്കറിയായുടെ മൂത്തമകൾ

ഞാവള്ളിൽ പനമറ്റത്തിൽ ചാണ്ടി മകൻ വർക്കി (വക്കച്ചൻ) പെണ്ണിനെ (അക്കമ്മ) വിവാഹം ചെയ്ത് കരൂർ പനമറ്റത്തിൽ താമസിച്ചു. ആൺമക്കൾ 5, പെൺമക്കൾ 4. വക്കച്ചൻ 21.2.1981 ലും പെണ്ണ് 16.09.1989 ലും നിര്യാതരായി.

I അന്നക്കുട്ടി

ഭർത്താവ് : മാത്യു, മുണ്ടത്താനത്ത്, വലവൂർ

ആൺമക്കൾ -5, പെൺമക്കൾ -1

മാത്യു 9.7.1997 ലും അന്നക്കുട്ടി 23.2.2006 ലും നിര്യാതനായി.

അക്കമ്മ

ഭർത്താവ് : ജോസ് പുത്തൻപുരയ്ക്കൽ, ആപ്പാഞ്ചിറ കൂത്താട്ടുകുളം

ബേബി-ബിസിനസ് (വലവൂർ താമസം)

ഭാര്യ : ജെസി (അധ്യാപിക)

ജോർജ്ജ് : രാജസ്ഥാനിൽ കുടുംബസഹിതം താമസിക്കുന്നു.

മാത്യു : മധ്യപ്രദേശിൽ കുടുംബസഹിതം താമസിക്കുന്നു.

കുട്ടിച്ചൻ : വലവൂർ മുണ്ടത്താനത്ത് തറവാട്ട് വീട്ടിൽ താമസിക്കുന്നു.

ടോമി : ഗൾഫിൽ ജോലി ചെയ്യുന്നു. അങ്കമാലിയിൽ നിന്ന് വിവാഹം ചെയ്തു.

II ഏലിക്കുട്ടി

ഭർത്താവ് : കുര്യൻ ജോസഫ് (കൊച്ച്)

ഞാവള്ളിൽ മഞ്ഞക്കുന്നേൽ പ്രവിത്താനത്ത് താമസിച്ചു. കൊച്ച് 22.7.2008 ൽ മരിച്ചു. ആൺമക്കൾ -1, പെൺമക്കൾ 1

